# സന്യാസം
## ആഴവും അർത്ഥവും

സിസ്റ്റർ ഡോ. ആർദ്ര എസ്. ഐ. സി.



# സന്യാസം
# ആഴവും അർഥവും

**Sanyasam : Azhavum Arthavum**
(Malayalam)
by
**Sr. Dr. Ardra SIC**

Cover design : Sri. C.C. Thomas
First Published : September 2009
St. Mary's Press, Trivandrum
Price Rs. 100/-
Published by Bethany Sisters
Thiruvananthapuram Province
Nalanchira, Thiruvananthapuram 695 015

## മുഖവുര

"നീ ആര്? എന്തിനായി ഇവിടെ വന്നിരിക്കുന്നു?" ഒരു വ്യക്തിയുടെ വ്യക്തിത്വത്തെയും ദൗത്യത്തെയും കുറിച്ചുള്ള അടിസ്ഥാനചോദ്യമാണിത്. ഒരു സന്യാസിനി നിരന്തരം സ്വയം ചോദിച്ചുകൊണ്ടേയിരിക്കേണ്ട ചോദ്യം. ഈ ചോദ്യത്തിനുള്ള ഉത്തരത്തിലാണ് ഒരാളുടെ സന്യാസജീവിതത്തിന്റെ ആഴവും അർത്ഥവും വെളിപ്പെടുന്നത്. വി. ബർണാദ് എല്ലാ ദിവസവും തന്നോടു തന്നെ ചോദിച്ചിരുന്നു - ബർണാദ്, ബർണാദ് നീ എന്തിനിവിടെ വന്നു? എന്ന്. താൻ ആരാണെന്നും ഒരു സന്യാസാശ്രമത്തിൽ തന്റെ ദൗത്യമെന്തെന്നും സ്വയം അനുസ്മരിപ്പിച്ച് ജീവിതത്തിന്റെ തീവ്രത കെട്ടു പോകാതെ സൂക്ഷിക്കുക എന്നതായിരുന്നു ചോദ്യത്തിന്റെ ഉദ്ദേശ്യം. ഇന്നത്തെ സമൂഹവും ഈ ചോദ്യം ചോദിക്കുന്നു ഓരോ സന്യസ്തയോടും. ശരിയായ ആത്മാവബോധത്തിൽ നിന്നുരുത്തിരിയുന്ന ദൗത്യബോധമുള്ള ഒരു ജീവിതമാണ് ഉത്തരമായി സമൂഹം ആഗ്രഹിക്കുന്നത്. ഞാൻ ആര് എന്നും എന്റെ ദൗത്യമെന്തെന്നും സദാ സ്മരിക്കുകയും ആ സ്മരണ ജീവിതത്തിന്റെ ഗതിയെ പവിത്രമാക്കാൻ അനുവദിക്കുകയും ചെയ്യുക എന്നത് എന്നത്തേക്കാളേറെ ഇന്നിന്റെ ഒരാവശ്യമായിരിക്കുന്നു.

മലങ്കര ആരാധനാക്രമത്തിലെ സന്യാസിനികളുടെ വ്രതവാഗ്ദാനശുശ്രൂഷയുടെ ദൈവശാസ്ത്രപരവും ആരാധനാക്രമപരവുമായ ആന്തരികാർത്ഥങ്ങളുടെ ധ്യാനത്തിലൂടെയാണ് ഈ ചോദ്യങ്ങൾക്കുത്തരം കണ്ടെത്താൻ ശ്രമിക്കുന്നത്. ആദിമനൂറ്റാണ്ടുമുതൽതന്നെ സന്യാസജീവിതത്തിലേക്കു പ്രവേശിക്കുന്നതിന് ഒരു പ്രത്യേക ശുശ്രൂഷാക്രമം നിലനിന്നിരുന്നു. 5-ാം നൂറ്റാണ്ടുമുതൽ വ്രതവാഗ്ദാനത്തിന് ഒരു നിശ്ചിതമായ ക്രമം ഉപയോഗിച്ചിരുന്നു എങ്കിലും 10-ാം നൂറ്റാണ്ടിലാണ് ഇവ നമുക്കു ലഭ്യമായത്.

മലങ്കര കത്തോലിക്കാസഭയിലും സന്യാസിനികളുടെ സന്യാസജീവിതപ്രവേശനമായ വ്രതവാഗ്ദാനത്തിന് ഒരു നിയതമായ ശുശ്രൂഷാക്രമമുണ്ട്. ഈ ശുശ്രൂഷകളുടെ ആന്തരികാർത്ഥവും ആഴവും ഗ്രഹി

ക്കാൻ ഇവയിൽ സ്വാധീനം ചെലുത്തിയ സാഹിത്യകൃതികളും അവയിലെ ചിന്താധാരകളും, പാരമ്പര്യങ്ങളും, ആചാരങ്ങളും മനസിലാക്കിയിരിക്കണം. മലങ്കരകത്തോലിക്കാസഭയിലെ വ്രതവാഗ്ദാനശുശ്രൂഷയുടെ ചരിത്രപരവും ആരാധനാക്രമപരവും ദൈവശാസ്ത്രപരവും യോഗാത്മകവുമായ തലങ്ങൾ വിശകലനം ചെയ്തു പഠിച്ച് അതിന്റെ അർത്ഥഭംഗിയും ദൈവശാസ്ത്ര വീക്ഷണവും മനസ്സിലാക്കാനുള്ള ഒരു പരിശ്രമമാണ് ഈ പുസ്തകത്തിലൂടെ നടത്തുന്നത്.

കൃതജ്ഞതയോടെ ഓർക്കേണ്ട പലരുണ്ട് ഈ പുസ്തകത്തിന്റെ രൂപീകരണത്തിനു പിന്നിൽ. നീണ്ടകാലത്തെ പഠനത്തിന്റെയും അന്വേഷണത്തിന്റെയും ഫലമാണീ പുസ്തകം. പഠനത്തിനായി എനിക്ക് അവസരം നല്കി അയച്ച അന്നത്തെ മദർ പ്രൊവിൻഷ്യൽ ബഹു. മദർ റഹ്മാസിനോടും മദർ ജനറൽ മദർ ഫിലോമിനയോടും ഉള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. ഈ പുസ്തകത്തിന് അവതാരിക എഴുതിത്തന്നത് മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയാണ്. അഭിവന്ദ്യ പിതാവിന്റെ സ്നേഹത്തിനും പ്രോത്സാഹനത്തിനും കൃതജ്ഞത രേഖപ്പെടുത്തുന്നു. ആശംസകൾ എഴുതിത്തന്ന് അനുഗ്രഹിച്ച ബഥനിയുടെ സുപ്പീരിയർ ജനറൽ മദർ ബഞ്ചമിൻ, ഡോ. ജോർജ് ഓണക്കൂർ എന്നിവരോടും, ഈ പുസ്തകം വായിച്ച് തിരുത്തലുകളും നിർദ്ദേശങ്ങളും നല്കിയ ബഹു. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി അച്ചനോടും ഹൃദയപൂർവം നന്ദി അറിയിക്കുന്നു. ഈ പുസ്തകം ഈ രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്നതിന് സർവശ്രദ്ധയും നല്കിയ എന്റെ ശിഷ്യ കൂടിയായ സിസ്റ്റർ ഉന്നതയെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിനു വേണ്ടി പ്രവർത്തിച്ച സെന്റ് മേരീസ് പ്രസ്സിന്റെ മാനേജർ ബഹു. വർഗ്ഗീസ് കാലായിൽ അച്ചനും, മറ്റ് സഹോദരങ്ങൾക്കും, പ്രാർഥനകൊണ്ടും പ്രോത്സാഹനംകൊണ്ടും പിന്തുണ നൽകുന്ന ബഥനിയിലെ പ്രിയ സിസ്റ്റേഴ്സ് ഓരോരുത്തർക്കും സ്നേഹവും നന്ദിയും രേഖപ്പെടുത്തുന്നു.

അനന്തമായ കൃപകൾ നല്കി വഴി നടത്തുന്ന നല്ല ദൈവത്തിനു മുമ്പിൽ ശിരസുനമിക്കുന്നു.

**സിസ്റ്റർ ആർദ്ര**

## അവതാരിക

മലങ്കരസഭയിലെ സന്യാസത്തെപ്പറ്റി റവ. ഡോ. സിസ്റ്റർ ആർദ്ര എസ്.ഐ.സി.യുടെ ദീർഘനാളത്തെ ഗവേഷണത്തിന്റെയും ധ്യാനാത്മകപഠനത്തിന്റെയും സദ്ഫലമാണ് അഞ്ച് അദ്ധ്യായങ്ങളുള്ള മനോഹരമായ ഈ ഗ്രന്ഥം. ഈ അന്വേഷണാത്മക പഠനം സന്യാസവ്രതവാഗ്ദാനശുശ്രൂഷാക്രമത്തിന്റെ സ്രോതസ്സുകളായ വി.ഗ്രന്ഥം, പിതാക്കന്മാരുടെ രചനകൾ മുതലായവയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. വ്രതവാഗ്ദാന ശുശ്രൂഷകളും വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. വ്രതവാഗ്ദാനശുശ്രൂഷയിലെ യോഗാത്മകതയെപ്പറ്റിയുള്ള അന്വേഷണം അതീവ ഹൃദ്യമായിട്ടുണ്ട്. ആരാധനക്രമപരവും ദൈവശാസ്ത്രപരവുമായ വ്യാഖ്യാനത്തിലൂടെ സന്യാസത്തിലെ ഉടമ്പടി ബന്ധവും സഭാധികാരികളോടും വിശ്വാസസമൂഹത്തോടുമുള്ള ബന്ധവും ചർച്ച ചെയ്യുന്നു. വ്രതവാഗ്ദാനം രക്തസാക്ഷിത്വത്തിലേക്കുള്ള വിളിയാണെന്നോർമ്മിപ്പിക്കുന്നതോടൊപ്പം സാക്ഷ്യജീവിതത്തിന്റെ പ്രാധാന്യവും ഊന്നിപ്പറയുന്നു. മലങ്കര ക്രമമനുസരിച്ചുള്ള സന്യാസവ്രതവാഗ്ദാന ശുശ്രൂഷയിലെ കർമ്മങ്ങളുടെയും പ്രാർത്ഥനകളുടെയും ദൈവശാസ്ത്രപരമായ അർത്ഥം തേടുന്ന ഈ പഠനം സമ്പന്നമായ ഈ ശുശ്രൂഷയുടെ ആത്മീയമായ ആഴം വ്യക്തമാക്കുന്നതാണ്.

മലങ്കരസന്യാസത്തെപ്പറ്റി പഠിക്കുന്നവർക്ക് വിലപ്പെട്ട ഒരു ഗ്രന്ഥമാണിത്. സന്യാസപരിശീലനം തേടുന്നവർക്ക് കൂടുതൽ ഒരുക്കത്തോടെ സന്യാസവ്രതവാഗ്ദാനത്തിനണയുവാൻ ഈ ഗ്രന്ഥം സഹായമാകും. സന്യാസവ്രതജീവിതത്തിന്റെ ശുശ്രൂഷ വെളിപ്പെടുത്തുന്ന ഈ ഗ്രന്ഥം നമ്മുടെ ഇളംതലമുറയ്ക്ക് പരിചയപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. സന്യാസത്തെ കൂടുതൽ ഗൗരവമായെടുക്കാൻ ഈ പഠനം പ്രേരണമാകും. സന്യാസവ്രതം ജീവിക്കുവാനും നമ്മുടെ സന്യാസത്തെപ്പറ്റി ആഴത്തിൽ പഠിക്കുവാനും സഹായകമായ ഈ ഗ്രന്ഥത്തിനു പ്രചുരപ്രചാരം നേരുന്നു. മലങ്കര കത്തോലിക്കാസഭാ ജീവിതത്തെക്കുറിച്ചും ഈ സഭയിലെ സന്യാസജീവിതത്തെക്കുറിച്ചും അറിവും ദർശനവുമുള്ള ഒരു സന്യാസിനി എന്ന നിലയിൽ സന്യാസജീവിതത്തെപ്പറ്റി ഗൗരവപൂർണ്ണമായ പഠനം നടത്തി സഭയുടെ നന്മയ്ക്കായി ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുന്ന റവ.ഡോ. സിസ്റ്റർ ആർദ്രയ്ക്ക് എല്ലാ അഭിനന്ദനങ്ങളും നേരുന്നു.

**+ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ**
മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്

## ആശംസ

സന്യാസവ്രതവാഗ്ദാനശുശ്രൂഷയുടെ സ്രോതസ്സുകളും ദൈവശാസ്ത്രപരവും ആരാധനാക്രമപരവുമായ അർത്ഥവും വിശകലനം ചെയ്യുകയാണീ പുസ്തകം. ഇന്നത്തെ സാഹചര്യത്തിൽ ഏറെ പ്രസക്തിയുണ്ട് ഈ പുസ്തകത്തിന്റെ പ്രമേയത്തിന്. ബഥനി സന്യാസിനീ സമൂഹത്തെ സംബന്ധിച്ചിടത്തോളം വ്രതവാഗ്ദാനശുശ്രൂഷയെക്കുറിച്ച് വിശദമായ ഗവേഷണ ശേഷം രചിക്കപ്പെടുന്ന ആദ്യ പുസ്തകമാണിത് എന്നതും പ്രശംസാർഹമാണ്. വി. ഗ്രന്ഥവും സഭാ പിതാക്കന്മാരുടെ ചിന്തകളും പ്രാചീനസുറിയാനി സാഹിത്യകൃതികളുടെ സ്വാധീനവും ആരാധനാക്രമത്തിലെ മറ്റു ശുശ്രൂഷകളുടെ സ്വാധീനവും എടുത്തുകാട്ടി വ്രതവാഗ്ദാനശുശ്രൂഷയുടെ ആധികാരികതയും ഗൗരവും എടുത്തുകാട്ടുന്നു. ധ്യാനാത്മകമായ ഒരു അവബോധത്തിലേക്കു നയിക്കും വിധമാണ് ദൈവശാസ്ത്രപരവും ആരാധനാക്രമപരവുമായ അർത്ഥതലങ്ങൾ വിവരിക്കുന്നത്. വ്രതവാഗ്ദാനശുശ്രൂഷകളിലൂടെ ദൈവാനുഭവത്തിന്റെ ആഴവും ആധികാരികവുമായ ഒരു തലത്തിലേക്കു കടക്കാൻ ഈ പുസ്തകം സഹായിക്കുമെന്നതിൽ സംശയമില്ല.

മദർ ആർദ്രയുടെ ഏറെനാളത്തെ പഠനഫലമാണ് ഈ പുസ്തകം. വ്രതവാഗ്ദാനശുശ്രൂഷയെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനും അത് എല്ലാവർക്കും പ്രയോജനപ്രദമാകുംവിധം പ്രസിദ്ധീകരിക്കുന്നതിനും മദർ ആർദ്ര കാട്ടിയ താത്പര്യം ശ്ലാഘനീയമാണ്. മാതൃഭാഷയിൽ വ്രതവാഗ്ദാനത്തെക്കുറിച്ചുള്ള ലളിതവും ആഴമാർന്നതുമായ ഈ പഠനം വ്രതവാഗ്ദാനം ചെയ്തുകഴിഞ്ഞവർക്കും വ്രതവാഗ്ദാനം ചെയ്യാൻ ഒരുങ്ങുന്നവർക്കും സഹായകമാണ്. കൂടുതൽ അറിയുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ ജീവിതം കൂടുതൽ അർത്ഥവത്തും ഊർജസ്വലവുമാകും. സമർപ്പണത്തിന്റെ അർത്ഥമറിഞ്ഞു ജീവിക്കുന്ന സമൂഹാംഗങ്ങളെയാണ് ഇന്നു സഭയ്ക്കും സമൂഹത്തിനും ആവശ്യം. വ്രതബദ്ധ ജീവിതത്തിന്റെ പൊരുളറിഞ്ഞ് അതിന്റെ പൂർണമനോഹാരിതയിൽ ജീവിക്കാൻ ശ്രമിക്കുന്ന ഒരു കൂട്ടം നല്ല സന്യാസിനികളെ വളർത്തിയെടുക്കുന്ന പ്രക്രിയയിൽ ഈ പുസ്തകം സവിശേഷമായ സ്ഥാനം വഹിക്കുമെന്നതിൽ സന്തോഷമുണ്ട്. മദർ ആർദ്രയ്ക്ക് എല്ലാവിധ നന്മകളും നേരുകയും സമൂഹത്തിന്റെ പേരിലുള്ള കൃതജ്ഞത അർപ്പിക്കുകയും ചെയ്യുന്നു.

**മദർ ബഞ്ചമിൻ എസ്.ഐ.സി.**
മദർ ജനറൽ

## ആശംസ

ക്രൈസ്തവ ജീവിതത്തിൽ പൊതുവെയും സമർപ്പിതജീവിതത്തിൽ പ്രത്യേകിച്ചും പ്രതിസന്ധികൾ ഏറിവരുന്ന കാലഘട്ടമാണിത്. സഭയ്ക്ക് അകത്തു നിന്നും പുറത്തു നിന്നും ഉത്ഭവിക്കുന്ന പല കാരണങ്ങൾ പ്രതിസന്ധിക്കു പിന്നിൽ പ്രവർത്തിക്കുന്നുണ്ടെന്നു കണ്ടെത്താനാകും. ഈ പ്രതിസന്ധികൾ സന്യാസജീവിതത്തിന്റെ പ്രസക്തിയെന്തെന്ന ചോദ്യത്തിലേക്ക് പലരേയും എത്തിക്കുന്നുണ്ട്. "ഇന്നും സന്യാസമോ?" എന്നു ചോദിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രതിസന്ധിക്ക് എന്താണൊരു പ്രതിവിധി? കാരണങ്ങളോരോന്നും വിശദമായ വിശകലനത്തിനു വിധേയമാക്കി നിവാരണം നിർദ്ദേശിക്കുക എളുപ്പമല്ല. അങ്ങനെ നിവാരണ മാർഗങ്ങൾ കണ്ടെത്തിയാലും അതു പ്രശ്നപരിഹാരമാകുന്നില്ല. കാരണം ഇതുവരെ പ്രത്യക്ഷപ്പെടാത്ത പുതിയ പ്രതിസന്ധികൾ ഉത്ഭവിച്ചുകൊണ്ടിരിക്കുന്നു. എല്ലാ പ്രതിസന്ധികൾക്കും ഉറവിടമായ പ്രധാനപ്രതിസന്ധി സന്യാസി/ സന്യാസിനിയുടെ ആത്മാവബോധത്തിൽ വന്നുപോയ വിടവുകളാണ്. ഞാൻ ആരെന്ന ചോദ്യമാണ് സന്യാസി/ സന്യാസിനി ആദ്യം ചോദിക്കേണ്ടത്. ആ ചോദ്യത്തിനാണ് ആദ്യം ഉത്തരം കണ്ടെത്തേണ്ടത്. ഈ ചോദ്യത്തെയും ഉത്തരത്തെയും ആശ്രയിച്ചാണ് പ്രതിസന്ധികൾക്ക് നിറവാർന്ന മാർഗനിർദ്ദേശം നൽകാൻ സാധിക്കുന്നത്. "ഞാൻ ആരാണ്?" സന്യാസിനി ചോദിക്കേണ്ട അസ്തിത്വപരമായ ഈ ചോദ്യത്തിനുള്ള മറുപടിയാണ് ഈ ഗ്രന്ഥം.

ഗ്രന്ഥകർത്രിയായ മദർ ആർദ്ര എസ്.ഐ.സി വളരെക്കാലത്തെ ഗവേഷണത്തിലൂടെ കണ്ടെത്തിയ ഉത്തരമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ആരാണൊരു വ്രതസ്ഥ, ഒരു സന്യാസിനി? ഉത്തരം തേടി പുതിയ നിയമത്തിലൂടെയും പുതിയനിയമകാലത്തെ അപ്രമാണിക ഗ്രന്ഥങ്ങളിലൂടെയും പൗരസ്ത്യ ക്രൈസ്തവ സാഹിത്യ രചനകളിലൂടെയും സഭാപിതാക്കന്മാരുടെ കൃതികളിലൂടെയുമൊക്കെ സഞ്ച

രിച്ച് പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിന്റെ തനതായ അംശങ്ങളിലെത്തി, മലങ്കരകത്തോലിക്കാസഭയുടെ ആരാധനാക്രമത്തിൽ വന്നെത്തിയ ദീർഘദീർഘമായ ഗവേഷണ ഫലമാണീ പുസ്തകം. മലങ്കര ആരാധനാക്രമത്തിൽ വ്രതവാഗ്ദാന ശുശ്രൂഷയിൽ ഉപയോഗിക്കുന്ന പ്രാർഥനകളിലും വായനകളിലും ഗാനങ്ങളിലും കൂടെ പ്രത്യക്ഷമാകുന്ന വ്രതസ്ഥയുടെ ചിത്രം- അതിൽ നോക്കിയാണ് "ഞാനാരെന്ന" ചോദ്യത്തിന് കന്യക മറുപടി കണ്ടെത്തേണ്ടത്. ആ മറുപടി അതിമനോഹരമാണ്, സമ്യക്കാണ്. എന്താണാ മറുപടി? "ഞാൻ കർത്താവിന്റെ മണവാട്ടിയാണ്". "മണവാട്ടിയായിരിക്കുന്നതിലാണ് എന്റെ ജീവിതത്തിന്റെ അർഥവും ആഴവും". ഈ ഉത്തരം കണ്ടെത്താൻ വായനക്കാരെ ക്ഷണിക്കുന്നതോടൊപ്പം ഗ്രന്ഥകർത്രിക്ക് അഭിനന്ദനങ്ങളർപ്പിക്കുകയും ഗ്രന്ഥത്തിന് പ്രചുരപ്രചാരം നേരുകയും ചെയ്യുന്നു. മലയാളത്തിൽ ആദ്യമായാണ് ഇത്തരമൊരു സംരംഭത്തിന് ആരെങ്കിലും മുതിരുന്നതെന്ന സത്യം ഗ്രന്ഥകർത്രിയുടെ ഈ പരിശ്രമത്തെ കൂടുതൽ അഭിനന്ദനാർഹമാക്കുന്നു. മലങ്കര ആരാധനാക്രമത്തിലേക്കൊരു വാതായനം തുറന്നിടുന്നുവെന്ന കാരണത്താൽ ഈ ഗ്രന്ഥം ആരാധനാക്രമ പണ്ഡിതർക്കും വിജ്ഞാനപ്രദമാണ്. ഈ ഗ്രന്ഥം അനേകർക്ക് ആത്മദർശനത്തിനിടയാക്കട്ടെ എന്ന് ആശംസിക്കുന്നു.

**ഡോ. ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി**
സെന്റ് മേരീസ് മലങ്കര സെമിനാരി

തിരുവനന്തപുരം
7-8-2009.

## സന്യാസത്തിന്റെ മൗലിക ഭംഗികൾ

'കന്യക' എന്ന പദം ഭാഷയിൽ ഏറ്റവും സുന്ദരമാണ്; ജീവിതാവസ്ഥയിൽ ഏറെ ആകർഷകവുമാണ്. സ്വജീവിതത്തെ വ്രതവാഗ്ദാനം വഴി ദൈവത്തിന് പൂർണ്ണമായി അർപ്പിച്ചുകൊണ്ട് അവൾ വരിക്കുന്ന സന്യാസം വിസ്മയകരമായ ദൈവസമ്പാദനത്തിന്റെ അടയാളമാണ്; സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രകാശപൂർണ്ണതയാണ്. മലങ്കര സഭയിൽ സ്ത്രീ സന്യാസമെന്ന ആശയം ആവിഷ്ക്കരിക്കുകയും പ്രതിസന്ധികൾ തരണം ചെയ്തത് പ്രായോഗികമാക്കുകയും ചെയ്ത് ആർഷജ്ഞാനിയായ മാർ ഈവാനിയോസ് തിരുമേനിയുടെ ക്രാന്തദർശിത്വം. ധിഷണാപരമായ ഈ ഔന്നിത്യം അനന്യമാണ്; ദൈവിക നിയോഗത്തിന്റെ വെളിപ്പെടുത്തലാണ്.

വ്രതവാഗ്ദാനം നിമിത്തം കന്യക ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ടവളായിത്തീരുന്നു. സന്യാസിനിയുടെ ജീവിതം പിന്നീട് അവൾക്കുള്ളതല്ല; മനുഷ്യസമൂഹത്തിനു സമർപ്പിതമാണ്. സ്നേഹ നിർഭരമായ സേവനത്തിലൂടെ ഭൂമിയിൽ അവൾ ദൈവഹിതം നിറവേറ്റുന്നു; മറ്റൊരർത്ഥത്തിൽ പുതിയ പറുദീസ സൃഷ്ടിക്കുന്നു; അനന്തമായ കരുണകൊണ്ട് മനുഷ്യസമൂഹത്തെ വീണ്ടെടുത്ത യേശു ക്രിസ്തുവിന്റെ രക്ഷാകര ദൗത്യത്തിൽ പങ്കാളിയാകുന്നു. ഈ സഹധർമ്മത്തിന്റെ രഹസ്യമാണ് 'ക്രിസ്തുവിന്റെ മണവാട്ടി' എന്ന ആശയത്തെ മനോഹരമാക്കുന്നത്.

"നീ ആര്? എന്തിന് ഇവിടെ വന്നു" എന്ന ചോദ്യത്തിനാണ് വ്രതവാഗ്ദാനത്തിന് ഒരുങ്ങിയെത്തുന്ന കന്യക ഉത്തരം നൽകേണ്ടത്. എല്ലാവരും ജീവിതത്തിൽ നിത്യം ആവർത്തിക്കേണ്ടതും മറുപടി തേടേണ്ടതുമായ സമസ്യയാണിത്. ജീവിതഗതിയെ അർത്ഥപൂർണ്ണവും സേവന നിർഭരവുമാക്കുന്ന ദൈവാനുഭവത്തിന്റെ കരുത്തും ദിശാബോധവും ഇതുവഴി ഉൾക്കൊള്ളാനാവും. അടിസ്ഥാനപരമായ ഈ ആത്മീയതയുടെ സവിശേഷപഠനത്തിനും വ്യാഖ്യാനത്തിനും ജീവിത സാക്ഷ്യത്തിനും സമർത്ഥമായി ഇടപെടുന്ന ഒരു വൈജ്ഞാനിക ഗ്രന്ഥത്തിന്റെ ദീപ്തി പ്രസരമാണ് ഈ ഗവേഷണ പ്രബന്ധത്തിൽ എനിക്ക് അനുഭവപ്പെട്ടത്.

മലങ്കരസഭയിൽ സ്ത്രീ സന്യാസത്തിന്റെ സ്രഷ്ടാവായ മാർ ഈവാനിയോസ് തിരുമേനി വിഭാവനം ചെയ്ത സമർപ്പിതജീവിതത്തിന്റെ

ചൈതന്യം സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രത്യക്ഷീഭവിക്കുന്നതിൽ നാമെല്ലാം അഭിമാനഭരിതരാണ്. പ്രത്യേകിച്ചും വിദ്യാഭ്യാസ മേഖലയെ അത് നിത്യം ഭാസുരമാക്കികൊണ്ടിരിക്കുന്നു. വ്യക്തിജീവിതത്തിൽ സംശുദ്ധി പുലർത്തുന്ന ഒരു പുതിയ തലമുറയുടെ സൃഷ്ടിക്ക് ബഥനി സന്യാസിനീ സമൂഹം നൽകുന്ന പരിശീലനം അങ്ങേയറ്റം വിലപ്പെട്ടതാണ്. കന്യകയുടെ സന്യാസസമർപ്പണം ആത്മശുദ്ധീകരണത്തിനു മാത്രമല്ല, മനുഷ്യസമൂഹത്തിന്റെ മുഴുവൻ ഉത്കർഷത്തിനു വേണ്ടിയാണ് എന്ന തത്ത്വം അർത്ഥത്തിലും ആഴത്തിലും എങ്ങനെ നിറവേറുന്നു എന്നാണ് ഈ ഗ്രന്ഥം അടയാളപ്പെടുത്തുന്നത്.

വായനയും പഠനവും ഗവേഷണവും വഴി പുതിയ അറിവുകൾ തേടുകയും സംവേദനക്ഷമതയാർന്ന ഭാഷയിൽ ആവിഷ്കരിക്കുകയും ചെയ്യുന്ന റവ. സിസ്റ്റർ ആർദ്രയുടെ ഗ്രന്ഥം ഹൃദയംഗമമാണ്. എനിക്ക് പ്രത്യേക സ്നേഹവും വ്യക്തിപരമായ കടപ്പാടുമുള്ള ബഥനി സന്യാസിനീ സമൂഹാംഗമാണ് റവ. സിസ്റ്റർ ആർദ്ര. ഇപ്പോൾ സമൂഹത്തിന്റെ തിരുവനന്തപുരം പ്രോവിൻസിന്റെ സുപ്പീരിയറായി സേവനമനുഷ്ഠിക്കുന്നു. പ്രിയപ്പെട്ട സിസ്റ്റർ ആർദ്രയുടെ ജ്ഞാനതൃഷ്ണയും കർമ്മോത്സാഹവും ആകർഷകമായി അനുഭവപ്പെട്ടിട്ടുണ്ട്. അവരിൽ നിന്ന് ഇങ്ങനെ വിശിഷ്ടമായ ഒരു പഠനഗ്രന്ഥം ലഭ്യമായതിൽ ഞാനും അഭിമാനംകൊള്ളുന്നു.

നമ്മുടെ വൈദികരും സന്യാസിനികളും ധാരാളമായി വിദേശ സർവകലാശാലകളിൽ പഠനം നടത്തുന്നുണ്ട്. പക്ഷേ അവരുടെ നിയോഗങ്ങൾ എങ്ങനെ പൂർത്തീകരിച്ചുവെന്നതിന്റെ സാക്ഷ്യമായി എന്തെങ്കിലും ഉത്പാദിപ്പിക്കുന്നത് വളരെ വിരളമാണ്. അതിൽനിന്നു വ്യത്യസ്തമായി വ്യക്തമായ ഒരുപഠനവിഷയം കണ്ടെത്തുകയും അതിന്റെ സൂക്ഷ്മമായ വിശകലനം നിർവ്വഹിക്കുകയുമാണ് സിസ്റ്റർ ആർദ്ര ചെയ്തിരിക്കുന്നത്. തന്റെ ഗവേഷണ പ്രബന്ധം പ്രസിദ്ധപ്പെടുത്താൻ സിസ്റ്റർ ആർദ്രയ്ക്കു ധൈര്യം ലഭിക്കുന്നതും അതുകൊണ്ടാണ്. ഇംഗ്ലീഷിൽ തയ്യാറാക്കിയ പ്രബന്ധം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി കൂടുതൽ ശ്രദ്ധേയമാക്കാൻ നടത്തുന്ന ആത്മവിശ്വാസപൂർണ്ണമായ ഉദ്യമത്തെയും തുറന്ന മനസ്സോടെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. വിജ്ഞാനപഥത്തിലെ ഈ നക്ഷത്രശോഭയെ നമുക്ക് സ്വാഗതം ചെയ്യാം. ആശംസകൾ നേരാം.

ഡോ. ജോർജ്ജ് ഓണക്കൂർ

'സുദർശന'
നാലാഞ്ചിറ
തിരുവനന്തപുരം 695 015
സെപ്തംബർ 6, 2009

## ഉള്ളടക്കം


**അദ്ധ്യായം ഒന്ന്**

അന്ത്യോക്യൻ വ്രതവാഗ്ദാന ശുശ്രൂഷാക്രമത്തിന്റെ ഉറവിടങ്ങൾ

**അദ്ധ്യായം രണ്ട്**

പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലെ സന്യാസവ്രതവാഗ്ദാനം

**അദ്ധ്യായം മൂന്ന്**

വ്രതവാഗ്ദാനശുശ്രൂഷയിലെ യോഗാത്മക പ്രമേയങ്ങൾ

**അദ്ധ്യായം നാല്**

സന്യാസവ്രതവാഗ്ദാനം: ആരാധനാക്രമപരവും
ദൈവശാസ്ത്രപരവുമായ ഒരു വ്യാഖ്യാനം

**അദ്ധ്യായം അഞ്ച്**

സന്യാസിനികളുടെ വ്രതവാഗ്ദാനം (മലങ്കരക്രമം)

ക്രിസ്തുവിനെ 'ദൈവത്തിന്റെ ഏകജാതൻ' എന്ന് വിശേഷിപ്പിക്കാനുപയോഗിക്കുന്ന സുറിയാനി പദമാണ് ഈഹിദായ. ഈ പദമാണ് സന്യാസി എന്ന അർഥത്തിലും ഉപയോഗിക്കുന്നത്. സന്യാസത്തിൽ ഈ പദത്തിന് അവിവാഹിതൻ, ഏകാഗ്രൻ, ഏകജാതനോട് ഐക്യപ്പെട്ടവൻ എന്നൊക്കെയാണർഥം.

സന്യാസവ്രതവാഗ്ദാനത്തെ മാമ്മോദീസായിലെ വാഗ്ദാനത്തിന്റെ നവീകരണവവും ദൃഢീകരണവുമായാണ് 2-ാം വത്തിക്കാൻ സുന്നഹദോസ് കാണുന്നത്. പ്രതിഷ്ഠ എന്നാൽ ഒരു സ്ഥലത്തെയോ വ്യക്തിയോ ദൈവത്തിനുവേണ്ടി പ്രത്യേകമായ ചില അനുഷ്ഠാന വിധികളിലൂടെ മാറ്റിനിർത്തുക എന്നതാണ്. പ്രതിഷ്ഠയും വ്രതവാഗ്ദാനവും സന്യാസജീവിതത്തിന്റെ രണ്ടു പ്രധാനഘടകങ്ങളാണ്. പരിശുദ്ധാത്മാവിലൂടെ ദൈവം ചെയ്യുന്ന പ്രവൃത്തിയാണ് പ്രതിഷ്ഠ. അതായത് ദൈവം ഒരാളെ തനിക്കായി വേർതിരിക്കുന്ന അവസ്ഥ. ദൈവത്തിന്റെ ഈ പ്രവൃത്തിക്ക് കന്യക നല്കുന്ന പ്രത്യുത്തരമാണ് വ്രതവാഗ്ദാനം. അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതങ്ങൾ പാലിച്ചുകൊണ്ട് സമ്പൂർണ്ണമായി ദൈവത്തിന്റേതു മാത്രമായിരുന്നുകൊള്ളാമെന്നുള്ള വാക്കുനല്കലാണ് വ്രതവാഗ്ദാനം. ദൈവവുമായി ഒന്നാകുവാനുള്ള മാർഗമാണ് വ്രതത്രയം. നിഷേധാത്മകമായ മൂന്നു പ്രഖ്യാപനങ്ങളല്ല വ്രതവാഗ്ദാനത്തിൽ നടക്കുന്നത്.

അനുസരണത്തിലൂടെ കന്യക ഇതര സ്വരങ്ങൾ അവഗണിച്ച് ദൈവവചനത്തിലൂടെയുള്ള ദൈവസ്വരത്തിന് മാത്രം ചെവികൊടുത്ത് ജീവിച്ച് തന്റെ ഇച്ഛയെ ദൈവത്തിന്റെ ഇച്ഛയോട് ഒന്നാക്കി തീർക്കുന്നു. ബ്രഹ്മചര്യ വ്രതത്തിലൂടെ വിശുദ്ധിയുടെ ജീവിതം നയിച്ചുകൊണ്ട് മനസ്സും ഹൃദയവും പരിപൂർണ്ണമായി സ്നേഹസ്രോതസ്സായ ദൈവത്തിന് സമർപ്പിക്കുകയും, വിശുദ്ധിയോടും വെടിപ്പോടും കൂടി ജീവിക്കുന്നതിനുള്ള ഉത്തരവാദിത്വം സ്വയം സ്വീകരിക്കുകയും ചെയ്യുന്നു. ദാരിദ്ര്യവ്രതത്തിലൂടെ കന്യക യഥാർഥ നിധിയായ ദൈവത്തെ അവകാശമാക്കുന്നു. ഒരു മനുഷ്യവ്യക്തിയുടെ സർവശക്തികളും ദൈവവുമായുള്ള ഐക്യം പ്രാപിക്കുന്നതിനായി സമർപിക്കുന്നതാണ് വ്രതവാഗ്ദാനം.

### വ്രതവാഗ്ദാന ശുശ്രൂഷാക്രമത്തിന്റെ സ്രോതസ്സുകൾ

മലങ്കരസഭയിൽ നിലവിലിരിക്കുന്ന വ്രതവാഗ്ദാനക്രമം പുരാതനമായ പല സ്രോതസ്സുകളെയും അവലംബമാക്കി രൂപീകരിച്ചിട്ടുള്ളതാണ്. വി. ഗ്രന്ഥം, സന്യാസത്തെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ ചിന്തകൾ, ആരാധനാക്രമത്തിലെ ചില ശുശ്രൂഷകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് വ്രതവാഗ്ദാനക്രമം രൂപപ്പെടുത്തിയിട്ടുള്ളത്.





### വി. ഗ്രന്ഥം

പ്രഥമവും പ്രധാനവുമായ സ്രോതസ്സ് വി.ഗ്രന്ഥമാണ്. അബ്രഹാം, ഇസ്സഹാക്ക്, ഏശയ്യ, ജറമിയാ, ശാമുവൽ മുതലായവരെ സന്യാസ ജീവിതത്തിന്റെ ഉദാത്ത മാതൃകകളായി വ്രതവാഗ്ദാനശുശ്രൂഷയിൽ അവതരിപ്പിക്കുന്നു. പഴയനിയമത്തിലെ ഈ കഥാപാത്രങ്ങളുടെ ഉടമ്പടി വാഗ്ദാനം സന്യാസവ്രതവാഗ്ദാനത്തിന്റെ അനുകരണീയ മാതൃകയാണ്. തങ്ങളെതന്നെ സമ്പൂർണമായി ദൈവത്തിനു സമർപ്പിച്ച് അവിടുത്തേക്കുവേണ്ടിമാത്രം ജീവിച്ച ഈ വ്യക്തികളുടെ മാതൃക വ്രതവാഗ്ദാനം ചെയ്യുന്ന കന്യകയ്ക്കു കാട്ടിക്കൊടുക്കുന്നതിനായി വി. ഗ്രന്ഥത്തിൽ നിന്നുള്ള വായനകൾ വ്രതവാഗ്ദാനശുശ്രൂഷയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

വ്രതവാഗ്ദാനത്തിനു മുമ്പുള്ള സ്വീകരണ ശുശ്രൂഷയിൽ വി. മത്തായി എഴുതിയ സുവിശേഷത്തിൽ നിന്നുള്ള നാല് വായനകളുണ്ട്. (മത്താ. 7: 13/14; 24:27; 6:19-21; 5/48) വ്രതവാഗ്ദാനശുശ്രൂഷയിൽ ആകെ ഏഴ് വായനകളാണ് ഉള്ളത്. പഴയനിയമത്തിൽ നിന്ന് നാലും പുതിയനിയമത്തിൽ നിന്ന് മൂന്നും. (ഉല്പത്തി 12:1-10; സംഖ്യ 6:1-9.; നിയമാവർത്തനം 13: 15-19 ; ഏശയ്യ 19: 1-25; 1 പത്രോസ് 1: 13 - 21; കൊളൊ. 3: 5 -17; മത്തായി 25:1-13) ഇവയ്ക്കു പുറമെ മൂന്ന് സങ്കീർത്തനങ്ങൾ (സങ്കീ. 51; 63; 135) മറിയത്തിന്റെ സ്തോത്രഗീതം (ലൂക്കാ.1: 45-55) മലയിലെ പ്രസംഗം. (മത്താ. 5 3/12) എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.

### സുറിയാനി സാഹിത്യ ഉറവിടങ്ങൾ

പുരാതന അപ്പോക്രിഫൽ രചനകളാണ് മറ്റ് ഉറവിടങ്ങൾ. സോളമന്റെ ഗീതങ്ങൾ, യൂദാതോമ്മയുടെ നടപടി, അഫ്രഹാത്ത്, അപ്രേം, സാറുഗിലെ യാക്കോബ് മുതലായ പിതാക്കന്മാരുടെ രചനകൾ, മോശബർ കേഫായുടെ മതപ്രസംഗങ്ങൾ മുതലായവയുടെ സ്വാധീനം മലങ്കര വ്രതവാഗ്ദാനശുശ്രൂഷാക്രമത്തിൽ കാണാവുന്നതാണ്.

### സോളമന്റെ ഗീതങ്ങൾ

ഏകദേശം എ.ഡി. 100 - ൽ എഴുതപ്പെട്ട ക്രിസ്തീയ ഗീതങ്ങളാണ്

ഇവ. മാമോദീസാ വഴി ക്രിസ്തുവും ആത്മാവും തമ്മിലുളവാകുന്ന ആഴമാർന്ന ബന്ധമാണ് ഇതിലെ പ്രതിപാദ്യവിഷയം. ക്രിസ്തുവും മനുഷ്യാത്മാവും തമ്മിലുള്ള ആത്മീയ വിവാഹമാണ് മാമ്മോദീസ. സമരം ചെയ്ത് വിജയം വരിക്കേണ്ട ഒരു യുദ്ധമായും ക്രിസ്തീയ ജീവിതത്തെ ഈ കൃതി ചിത്രീകരിക്കുന്നു. നേരിട്ട് സന്യാസത്തെക്കുറിച്ച് ഈ കൃതി പരാമർശിക്കുന്നില്ലെങ്കിലും മാമോദീസ സന്യാസ സമർപ്പണത്തിന്റെ അടിത്തറയാകയാൽ മാമോദീസായെക്കുറിച്ച് ഈ കൃതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സന്യാസ സമർപ്പണത്തെക്കുറിച്ചും അർത്ഥവത്താണ്.

**യൂദാതോമ്മായുടെ നടപടി**

മൂന്നാം നൂറ്റാണ്ടിൽ തോമ്മാശ്ലീഹായുടെ പേരിൽ എഴുതപ്പെട്ട അപ്പോക്രിഫൽ കൃതിയാണ് 'യൂദാതോമ്മായുടെ നടപടി'. ആദ്യകാല സുറിയാനിക്രിസ്ത്യാനികളുടെ താപസജീവിതത്തെക്കുറിച്ചുള്ള വിവരണം ഈ കൃതി നല്കുന്നു. വിവാഹജീവിതത്തെക്കാൾ ശ്രേഷ്ഠമായ കന്യാത്വജീവിതമാണ് ഈ കൃതിയുടെ കേന്ദ്ര ആശയം. മറ്റെല്ലാം ഉപേക്ഷിച്ച് ജീവിതം ദൈവത്തിന് മാത്രമായി സമർപ്പിച്ച സ്ത്രീകളുടെ ദൃഷ്ടാന്തം നല്കികൊണ്ട് ഈ കൃതി സുറിയാനി വനിതകൾക്കു കന്യാത്വജീവിതം നയിക്കുന്നതിനുള്ള പ്രചോദനം നൽകുന്നു. പഴയമനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയമനുഷ്യനെ ധരിക്കുക എന്ന ആശയത്തിനും ഈ കൃതി ഊന്നൽ നല്കുന്നു. മാമോദീസായിലാണ് പഴയ മനുഷ്യനെ ഉപേക്ഷിച്ച് പുതിയ മനുഷ്യനെ ധരിക്കുന്നത്. കന്യക ക്രിസ്തുവിന്റെ മണവാട്ടിയാണ്. ക്രിസ്തുവിന്റെ മണവാട്ടിയാകുന്നതിനുവേണ്ടിയാണ് കന്യക ഈ ലോകത്തിലെ വൈവാഹികജീവിതം ഉപേക്ഷിക്കുന്നത്. ക്രിസ്തുവുമായുള്ള വിവാഹം കന്യകയെ അനശ്വരമായ മണവറയ്ക്ക് അർഹയാക്കുന്നു. അനശ്വരമായ ഈ മണവറ നേടുന്നതിനായി കന്യക ഈ ലോകത്തിലെ മണവറയും വിവാഹവും ഉപേക്ഷിക്കുന്നു എന്നീ ആശയങ്ങൾ ഈ കൃതിയിൽ കാണുന്നു.

**അഫ്രാഹാത്ത്**

അഫ്രാഹാത്ത് ക്രിസ്തുവർഷം 335 - 345 -ൽ എഴുതിയ പ്രബന്ധങ്ങളിൽ നിന്ന് താപസജീവിതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്തകൾ നമുക്കു ലഭിക്കുന്നു. അഫ്രാഹാത്ത് പേർഷ്യൻ സന്യാസി എന്നുകൂടി അറിയപ്പെടുന്ന, സുറിയാനി പാരമ്പര്യത്തിലെ ഒന്നാമത്തെ സഭാപിതാവാണ്.





അഫ്രാഹാത്തിന്റെ പ്രബന്ധങ്ങളിൽ ആറാമത്തെ പ്രബന്ധത്തിലാണ് കന്യകമാരും ഉടമ്പടിയുടെ മക്കളുമായ സ്ത്രീപുരുഷന്മാരെക്കുറിച്ചുള്ള വിവരണം. അവരുടെ ജീവിതരീതി എങ്ങനെയാണെന്ന് വിശദീകരിക്കുന്നില്ലെങ്കിലും ഈ ജീവിതരീതിയെ പ്രശംസിച്ചെഴുതിയിരിക്കുന്നു. വ്രതവാഗ്ദാനം ചെയ്ത കന്യകയും ക്രിസ്തുവും തമ്മിലുള്ള ബന്ധം വിവാഹബന്ധം പോലെയാണെന്ന് അഫ്രഹാത്തും അഭിപ്രായപ്പെടുന്നു. ക്രിസ്തുവുമായി വിവാഹനിശ്ചയം ചെയ്യപ്പെട്ടവരാണ് വ്രതവാഗ്ദാനം ചെയ്ത കന്യകമാർ. 'സന്യാസമാകുന്ന നുകം' എന്ന പരാമർശവും അഫ്രാഹാത്തിന്റെ രചനകളിൽ കാണുന്നു.

വ്രതവാഗ്ദാനശുശ്രൂഷയുടെ പ്രാരംഭ പ്രാർഥനയിലും ആഹ്വാനങ്ങളിലും അനുഗ്രഹത്തിനായുള്ള യാചനകളിലും അഫ്രാഹാത്തിന്റെ വീക്ഷണങ്ങളുടെ സ്വാധീനം വ്യക്തമാണ്. ദൈവത്തിന്റെ മഹത്വത്തിന് സമീപസ്ഥരായിക്കാനുള്ള മാർഗ്ഗമായി സന്യാസജീവിതത്തെ ചിത്രീകരിക്കുന്നു. ക്രിസ്തുതന്നെ അവരെ ആനന്ദിപ്പിക്കട്ടെയെന്ന് സന്യാസമാകുന്ന നുകം സ്വീകരിക്കുന്ന കന്യകകൾക്കുവേണ്ടി സഭ പ്രാർഥിക്കുന്നു. ഈ പ്രാർഥനകളിൽ വ്രതബദ്ധജീവിതം ദൈവവുമായുള്ള ഉടമ്പടിയായും ക്രിസ്തുവുമായുള്ള വിവാഹനിശ്ചയമായും ചിത്രീകരിക്കുന്നു. ബുദ്ധിയുള്ള കന്യകമാർക്ക് സുവിശേഷം വാഗ്ദാനം ചെയ്യുന്ന നിത്യസൗഭാഗ്യത്തിന് അവർ അർഹരാകും എന്ന ആശയം ഈ കൃതിയിൽ വ്യക്തമാണ്.[1] (മത്താ: 25:1-10).

**നിസ്സിബിസിലെ വി. അപ്രേം**

'പരിശുദ്ധാത്മാവിന്റെ വീണ', 'സുറിയാനിക്കാരുടെ പ്രവാചകൻ' എന്നൊക്കെ അറിയപ്പെടുന്ന വി. അപ്രേം നാലാം നൂറ്റാണ്ടിലെ സുപ്രധാന ദൈവശാസ്ത്രജ്ഞനാണ്. 'കന്യാത്വഗീതങ്ങ'ളെന്ന കൃതിയിൽ പ്രതിഷ്ഠിതരായ ഉടമ്പടിയുടെ മക്കളെക്കുറിച്ച് വി. അപ്രേം പറയുന്നു. വ്രതവാഗ്ദാനം ചെയ്ത കന്യകകൾ ക്രിസ്തുവിന്റെ മണവാട്ടികളാണ്, ജീവിക്കുന്നവനുമായി വിവാഹനിശ്ചയം ചെയ്യപ്പെട്ടവരാണ് (കന്യാത്വഗീതങ്ങൾ 24/5). ഒരിക്കലും അസ്തമിക്കാത്ത ആനന്ദത്തിന്റെ നിത്യമണവറയ്ക്കായി ഇഹത്തിലെ മണവറ വേണ്ട എന്നു വച്ചവരാണ് ഇവർ. അപ്രേമിന്റെ കൃതികളിൽ കന്യകകൾ എന്നു പറഞ്ഞിരിക്കുന്നത് മാമോദീസായിൽ പ്രത്യേക വാഗ്ദാനം ചെയ്ത് കന്യകയായി ജീവിക്കാൻ തീരുമാനമെടുക്കുന്ന കന്യകകളെയാണ്. വിവാഹത്തിലെ ചാരി

ത്ര്യത്തെക്കാൾ കന്യത്വത്തെ വിലമതിക്കുന്ന അപ്രേം, കന്യകകൾ ഏറ്റം ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നതിലൂടെ കന്യത്വം ജീവിക്കണമെന്ന പുതിയ വീക്ഷണം കൂടി നല്കുന്നു.[2]

വ്രതവാഗ്ദാനശുശ്രൂഷയിലെ പ്രാർഥനകളിലും പ്രസ്താവനകളിലും അപ്രേമിന്റെ ദർശനങ്ങളുടെ സ്വാധീനം പ്രകടമാണ്. വ്രതവാഗ്ദാനം ക്രിസ്തുവുമായുള്ള വിവാഹനിശ്ചയമാണെന്നും, കന്യക വിശ്വസ്തയായി ക്രിസ്തുവിനെ അനുഗമിക്കണമെന്നും ആന്തരിക വിശുദ്ധി കന്യകയുടെ സമ്പത്തായിരിക്കണം എന്നുമുള്ള വി.അപ്രേമിന്റെ ചിന്തകൾ വ്രതവാഗ്ദാനശുശ്രൂഷയിൽ കാണുന്നു. വ്രതവാഗ്ദാനക്രമത്തിലെ പ്രാർഥനകളിൽ മറ്റെല്ലാ ലൗകികധനവും വെടിഞ്ഞ് യഥാർഥ നിധിയായ ക്രിസ്തുവിനെ തെരഞ്ഞെടുത്തതിൽ കന്യകയെ പ്രശംസിക്കുന്ന ഭാഗങ്ങളുണ്ട്. "ലോകത്തിന് ഒട്ടും സമ്പാദിക്കാൻ കഴിയാത്ത നിക്ഷേപങ്ങൾക്ക് അവൾ അവകാശിനിയായി തീരുന്നു (വ്രതവാഗ്ദാനം, പേജ് 17 ). വ്രതവാഗ്ദാനം ചെയ്ത കന്യകകളോട്, തങ്ങളുടെ ജീവിതം സുവിശേഷത്തിന്റെ ശുശ്രൂഷയ്ക്കായി സമർപ്പിക്കാൻ അപ്രേം ആഹ്വാനം ചെയ്യുന്നു.

### സാറൂഗിലെ യാക്കോബ്

എ.ഡി. 451-ൽ ജനിച്ച യാക്കോബിന്റെ ലേഖനങ്ങളും താപസ്സജീവിതത്തെക്കുറിച്ചുള്ള വീക്ഷണം നല്കുന്നു. ലോത്തിന്റെ ദൃഷ്ടാന്തം എടുത്തുകാട്ടിക്കൊണ്ട് പരിത്യാഗത്തെക്കുറിച്ച് യാക്കോബ് സംസാരിക്കുന്നു. ലോത്തിന്റെ ഭാര്യ ലൗകീകവസ്തുക്കളോട് ആസക്തി പുലർത്തിയിരുന്നതിനാൽ അവഗണിക്കപ്പെട്ടവളായി. പിന്തിരിഞ്ഞുനോക്കാതെവേണം ഒരാൾ ക്രിസ്തുവിനെ പിഞ്ചെല്ലേണ്ടത്. അനുഗമനം കുരിശിലേക്കാണ് നയിക്കുന്നത്. മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ് എങ്കിലും പാപംനിമിത്തമുള്ള വീഴ്ചക്കുശേഷം ദൈവിക രക്ഷ അവന് ആവശ്യമായിരിക്കുന്നു. ആയതിനാൽ ബാഹ്യമായ താപസ്സക്രിയകൾക്കല്ല ആന്തരിക മനുഷ്യന്റെ വളർച്ചയ്ക്കാണ് പ്രാധാന്യം. ആന്തരികമനുഷ്യൻ ദൈവഛായയിൽ വളരുക എന്നതാണ് പ്രധാനകാര്യം. താപസക്രിയകൾ അതിനു സഹായിക്കുന്നു എന്നുമാത്രം.

മണവറ എന്ന ആശയത്തെക്കുറിച്ച് പറയാൻ 'മനോഹരമായ മണവറ' എന്ന വിശേഷണമാണ് അദ്ദേഹം ഉപയോഗിക്കുന്നത്. വ്രതവാ





ഗ്ദാനശുശ്രൂഷയിലെ സെദറയിലും മറ്റ് പ്രാർഥനകളിലും മാർ യാക്കോബിന്റെ ഈ ആശയങ്ങളുടെ സ്വാധീനം തെളിഞ്ഞു കാണാം.

### പ്സ്യൂഡോ ഡയനീഷ്യസ്

അരിയോപഗസിലെ ഡയനീഷ്യസ് എന്ന് സ്വയം വിശേഷിപ്പിക്കുന്ന 5, 6 നൂറ്റാണ്ടിലെ ഒരു യഹൂദ ക്രൈസ്തവ ലേഖകന്റെ "Ecclesiastical Hierarchy" എന്ന പുസ്തകത്തിന്റെ 6-ാം അദ്ധ്യായത്തിൽ സന്യാസവ്രതവാഗ്ദാനത്തിന്റെ വ്യക്തമായ ഒരു ഘടന കാണുന്നുണ്ട്.[3] താഴെ പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഘടനയാണ് ഡയനീഷ്യസ് നല്കുന്നത്.

- അൾത്താരയുടെ മുമ്പിലേക്ക് വൈദികന്റെ ക്ഷണം.
- ഭൗതീക സമ്പത്ത്, തിന്മകൾ, ഭാവനകൾ ഇവയുടെ പരിത്യാഗത്തെക്കുറിച്ച് അർഥിനിയെ ചോദ്യം ചെയ്യൽ.
- പൂർണ്ണതയുടെ ജീവിതാന്തസ്സിനെക്കുറിച്ചുള്ള പ്രബോധനം.
- വ്രതവാഗ്ദാനം
- കുരിശടയാളം കൊണ്ട് അർഥിനിയെ മുദ്രകുത്തൽ.
- മുടിച്ഛേദനം
- പരി. ത്രിത്വത്തോടുള്ള അപേക്ഷ
- ലൗകിക വേഷം മാറ്റി സന്യാസവേഷം ധരിപ്പിക്കൽ.
- സമൂഹാംഗങ്ങളുടെ അഭിവാദനം
- വി. കുർബാനാനുഭവം.

സീറോ അന്ത്യോക്യൻ സഭകളിൽ നിലവിലിരിക്കുന്ന വ്രതവാഗ്ദാനശുശ്രൂഷയുടെ ഘടന ഇതിനെ അടിസ്ഥാനമാക്കിയുള്ളതാണ്. ആഘോഷിക്കപ്പെടേണ്ട ഒരു രഹസ്യമായി വ്രതവാഗ്ദാനത്തെ കാണുന്നു എന്നതാണ് ഡയനീഷ്യസിന്റെ പ്രത്യേകത. കൂദാശാസ്വഭാവമുള്ള ഒരു കർമ്മമാണിതെന്നും ഡയനീഷ്യസ് അഭിപ്രായപ്പെടുന്നു.

### മോശെ ബർ കേഫായുടെ മതപ്രസംഗം

ക്രിസ്തുവർഷം 813 നും 909 നും മദ്ധ്യേ ജീവിച്ചിരുന്ന സുറിയാനി പിതാക്കന്മാർക്കിടയിലെ ഭാഷാവിദഗ്ധനായ മോശെ ബർ കേഫ പഴയനിയമത്തിനും സുവിശേഷങ്ങൾക്കും വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾക്കും വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. വൈദികരുടെ

പട്ടാഭിഷേകം സന്യാസികളുടെ മുടിഛേദനം (പട്ടം വെട്ടൽ) മുതലായ സഭാത്മക വിഷയങ്ങളെക്കുറിച്ച് പ്രസംഗങ്ങളും രചിച്ചിട്ടുണ്ട്. Pontificale Syrorum Occidentalium id est Antiochiae - ൽ കാണുന്ന സന്യാസികളുടെ വസ്ത്രം ധരിപ്പിക്കലിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രസംഗം ഫ്രാൻസിസ് ആചാര്യ മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്.[4] ദൈവം നൽകിയിരിക്കുന്ന വാഗ്ദാനങ്ങളിൽ സന്യാസികൾക്കുണ്ടായിരിക്കേണ്ട വിശ്വാസം, സന്യാസികൾ നേരിടേണ്ടതായ പരിത്യാഗവും ക്ലേശങ്ങളും, സാത്താന്റെ അദൃശ്യപോരാട്ടത്തെ എതിർക്കാനും ലോകത്തിന്റെ പ്രലോഭനങ്ങൾ ചെറുക്കാനും പ്രാർഥന, ഉപവാസം, ജാഗരണം മുതലായ ആയുധങ്ങൾ ധരിക്കേണ്ടതിന്റെ ആവശ്യകത, വിധി, സുകൃതങ്ങൾ മുതലായവയെക്കുറിച്ചുള്ള ആഹ്വാനങ്ങൾ എന്നിവ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം. സന്യാസസിദ്ധിയെക്കുറിച്ചും വിവിധഘട്ടങ്ങളായുള്ള അതിന്റെ പുരോഗതിയെക്കുറിച്ചും അദ്ദേഹം സംസാരിക്കുന്നു. സന്യാസാന്തസ്സ്, ആശ്രമം, സന്യാസവസ്ത്രങ്ങളുടെ അർഥം തുടങ്ങിയ പല കാര്യങ്ങളെക്കുറിച്ചും വ്യക്തമായ വിശദീകരണം അദ്ദേഹം നല്കുന്നു. നമ്മുടെ വ്രതവാഗ്ദാനശുശ്രൂഷയിൽ മോശെ ബർ കേഫായുടെ ചിന്താധാരയുടെ സമ്പുഷ്ടമായ സ്വാധീനം കാണാവുന്നതാണ്.

**ആദിമ ആരാധനാ ശുശ്രൂഷകളും സന്യാസ വ്രതവാഗ്ദാനവും**

ആരാധനാക്രമത്തിലെ ചില ശുശ്രൂഷകളും സന്യാസവ്രതവാഗ്ദാനക്രമത്തിന്റെ രൂപീകരണത്തിൽ പങ്കു വഹിച്ചിട്ടുണ്ട്. സന്യാസവ്രതവാഗ്ദാനശുശ്രൂഷയിൽ സ്വാധീനം ചെലുത്തിയിട്ടുള്ള ശുശ്രൂഷകളാണ് മാമോദീസാക്രമം, ഡീക്കന്മാരുടെ അഭിഷേകം, ജീവൽതുറമുഖപ്രാപ്തി എന്നിവ.

**മാമോദീസായുടെ ആരാധനക്രമവും വ്രതവാഗ്ദാനശുശ്രൂഷയും**

പാശ്ചാത്യ സുറിയാനി സഭയിലെ വ്രതവാഗ്ദാനശുശ്രൂഷയ്ക്ക് മാമോദീസായുടെ ശുശ്രൂഷയുമായി അഭേദ്യ ബന്ധമുണ്ട്. യോഗാത്മകതയാണ് ഏറ്റവും ആദ്യം പ്രതിപാദിക്കപ്പെടേണ്ട സാമ്യം. മാമോദീസായിൽ അർഥിയെ ക്രിസ്തീയജീവിതത്തിലേക്ക് പ്രവേശിപ്പിക്കുന്നത് ദൈവത്തിന്റെ പ്രവൃത്തിയാണ്. അതുപോലെ സന്യാസാർഥിയെ സന്യാസജീവിതത്തിലേക്ക് പ്രവേശിപ്പിക്കുന്നത് ദൈവത്തിന്റെ പ്രവൃത്തിയാണ്. സന്യാസജീവിതം രണ്ടാം മാമോദീസായാണ്. മാമ്മോദീസാ സ്വീകരിക്കുന്ന വ്യക്തി ക്രിസ്തുവിന്റെ ജീവിതം, മരണം, ഉത്ഥാനം മുതലായ പെസഹാരഹസ്യങ്ങളിൽ പങ്കുചേരുന്നതുപോലെ വ്രതവാഗ്ദാനം





ചെയ്ത കന്യകയും ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിൽ പങ്കുചേരുന്നു. മതപരമായ രൂപീകരണം, പിശാചിനെ ഒഴിപ്പിക്കൽ, പാപം ത്യജിക്കൽ, ക്രിസ്തുവിലുള്ള വിശ്വാസ പ്രഖ്യാപനം, സഭാപഠനങ്ങളോടുള്ള കൂറുപ്രഖ്യാപിക്കൽ, ദൈവത്തിന്റെ മകൾ എന്ന നിലയിലുള്ള പുതിയ ജനനം, ക്രിസ്തുവുമായുള്ള സാധർമ്യത്തിലുള്ള വളർച്ച എന്നിവയാണ് മാമോദീസയുടെ പ്രധാനഘടകങ്ങൾ. ക്രിസ്തുവിനെ അനുകരിക്കുക എന്ന വെല്ലുവിളിയാണ് മാമോദീസ സ്വീകരിക്കുന്ന വ്യക്തിയേറ്റെടുക്കുന്നത്.

വ്രതവാഗ്ദാനശുശ്രൂഷയിലും ഇതേ ഘടകങ്ങൾ തന്നെയാണുള്ളത്. പരി. ത്രിത്വത്തിന്റെ നാമത്തിൽ കുരിശുകൊണ്ടുള്ള മുദ്രകുത്തൽ, വിശ്വാസപ്രഖ്യാപനം, പുതിയ പേര് നല്കൽ, സന്യാസവസ്ത്രം ധരിപ്പിക്കൽ, സമൂഹത്തിലേക്ക് സ്വീകരിക്കൽ തുടങ്ങിയ കർമങ്ങൾ മാമ്മോദീസായിലെ കർമങ്ങൾക്കു സമമാണ്. പരി. ത്രിത്വത്തിന്റെ നാമത്തിൽ കന്യകയെ മുദ്രകുത്തുന്നത് പരിശുദ്ധനായവനുവേണ്ടി അവളെ വേർതിരിക്കാനാണ്. പരമ്പരാഗതമായ പ്രമേയങ്ങളുടെ കാര്യത്തിൽ വി. കുർബാനയും വ്രതവാഗ്ദാനശുശ്രൂഷയും തമ്മിൽ സാമ്യമുണ്ട്. വി. കുർബാന ഉടമ്പടി ബന്ധമാണ്. അതുപോലെ, വ്രതവാഗ്ദാനവും ദൈവവുമായുള്ള കന്യകയുടെ ഉടമ്പടിയാണ്. ഉടമ്പടി ബന്ധത്തിലേയ്ക്കാണ് കന്യക പ്രവേശിക്കുന്നത് എന്ന് വ്രതവാഗ്ദാനത്തിന് തൊട്ടുമുമ്പ് നല്കുന്ന ഉപദേശത്തിൽ കാർമ്മികൻ അർഥിനിയെ ഓർമ്മിപ്പിക്കുന്നു. ദൈവവുമായും സമൂഹവുമായുള്ള ഉടമ്പടി ബന്ധത്തിലേക്കുള്ള അർഥിനിയുടെ ഈ പ്രവേശനം ക്രിസ്തുവിലൂടെയുള്ള പുതിയ ഉടമ്പടിയുമായി ബന്ധമുള്ളതാണ്. ക്രിസ്തുവിന്റെ രക്തത്തിലൂടെയുള്ള പുതിയ ഉടമ്പടിയിലൂടെ ക്രിസ്തുവിന്റെ അനുയായികൾ വ്യത്യസ്തമായ ഒരു ബന്ധത്തിലേക്ക് നയിക്കപ്പെടുന്നു. അവർ അവന്റെ സ്വന്ത ജനവും അവന്റെ രക്ഷാകരപ്രവർത്തനങ്ങളിൽ പങ്കുകാരുമാകുന്നു. ഉടമ്പടി ബന്ധത്തിലേക്ക് പ്രവേശിക്കുമ്പോൾ സമർപ്പിതയുടെ ജീവിതത്തിലും ഇതാണ് സംഭവിക്കുന്നത്. സമർപ്പിത ജീവിതം ദൈവത്തിനു സമർപ്പിക്കുന്ന ഒരു വഴിപാടാണ് എന്ന ആശയവും ഇതിനു വി. കുർബാനയുമായുള്ള ബന്ധത്തെ കാണിക്കുന്നു. വി. കുർബാനയും ഒരു വഴിപാടാണ്.

**ഡീക്കന്മാരുടെ അഭിഷേകം**

ആദിമ സഭയിൽ അഭിഷിക്തരായ സ്ത്രീകൾ ഡീക്കൻ ശുശ്രൂഷ നിർവഹിച്ചിരുന്നു. അവരുടെ അഭിഷേകകർമ്മം മെത്രാന്മാരാണ് നിർവ്വ

ഹിച്ചിരുന്നത്. ഈ ശുശ്രൂഷയ്ക്ക് പ്രധാനമായും താഴെപ്പറയുന്ന ഭാഗങ്ങളാണുള്ളത്.

- പ്രാരംഭ പ്രാർത്ഥന
- സങ്കീർത്തനം 51
- ദൈവകാരുണ്യത്താൽ അർഥിയെ സ്വീകരിക്കാനുള്ള പ്രാർത്ഥന
- പരി. ആത്മാവിനോട് ഡീക്കന്റെ മേൽ ആവസിക്കാനും അവളെ പ്രതിഷ്ഠിതയാക്കാനുമുള്ള അപേക്ഷകൾ, സങ്കീർത്തനം 150
- വി. ഗ്രന്ഥത്തിൽ നിന്നുമുള്ള വായനകൾ
- ലേഖനവായന (റോമ. 16:1,2; 25-27)
- ഹൂലോലോ (സങ്കീ. 122/1)
- സുവിശേഷം (യോഹ. 12/20-26)
- മുടിഛേദനം
- പരി. ത്രിത്വത്തിന്റെ നാമത്തിലുള്ള ആശിർവാദം.
- കൃതജ്ഞതാപ്രാർഥന
- പദവിക്കനുസൃതമായ വസ്ത്രധാരണം
- വി. കുർബാനാനുഭവം

വ്രതവാഗ്ദാനശുശ്രൂഷയുമായി നേരിട്ട് ബന്ധമില്ലെങ്കിലും ചില സാമ്യങ്ങൾ ഈ ശുശ്രൂഷകൾ തമ്മിലുണ്ട്. (ഉദാഹരണം - സ്വീകരണ പ്രാർഥന, മുടിഛേദനം)

ഇക്കാരണങ്ങളാൽ വ്രതവാഗ്ദാനശുശ്രൂഷയിൽ ശെമ്മാശാഭിഷേക ശുശ്രൂഷയുടെ സ്വാധീനം ഉണ്ടെന്ന് ന്യായമായും കരുതാം.



ആദിമ സഭയിൽ ശുശ്രൂഷ ചെയ്തിരുന്ന ഒരു സ്ത്രീ രത്നം

**ജീവൽതുറമുഖപ്രാപ്തി ശുശ്രൂഷ**

പശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ ഓശാന ഞായറാഴ്ച വൈകിട്ട് നടത്തുന്ന ശുശ്രൂഷയാണ് 'വാദെത് ദൽമീനോ' അഥവാ ജീവൽതുറമുഖപ്രാപ്തി ശുശ്രൂഷ. ക്രിസ്തു തന്റെ പീഡാനുഭവത്തി





ലൂടെ വിശ്വാസികളെ ജീവന്റെ, രക്ഷയുടെ, തുറമുഖത്തേക്ക് - പുതുജീവന്റേയും സമാധാനത്തിന്റേയും തുറമുഖത്തേയ്ക്ക്- നയിച്ചതിനെ അനുസ്മരിച്ചുകൊണ്ടുള്ളതാണ് ഈ ശുശ്രൂഷ. പ്രതീകാത്മകതയാൽ സമ്പുഷ്ടമാണിത്. ജീവൽ തുറമുഖപ്രാപ്തി ശുശ്രൂഷ യുഗാന്ത്യോന്മുഖതയെ സൂചിപ്പിക്കുകയും പ്രായശ്ചിത്തത്തിന്റെ ഭാവങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഈ ശുശ്രൂഷ ഉത്ഥാനത്തെ സൂചിപ്പിക്കുകയും മാമോദീസക്രമത്തിലെ ദൈവശാസ്ത്രവീക്ഷണങ്ങൾക്കു സമാനമായ ദൈവശാസ്ത്രവീക്ഷണങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു. പത്ത് കന്യകമാരുടെ ഉപമകളുടെ വായന ബുദ്ധിയുള്ള കന്യകമാരെ പോലെ സഭയും യുഗാന്ത്യോന്മുഖ മഹത്വത്തിലേക്ക് പ്രവേശിക്കാനായി കാത്തിരിക്കുന്നു എന്നതിനെ സൂചിപ്പിക്കുന്നു.

ഈ ശുശ്രൂഷയിലും വ്രതവാഗ്ദാനശുശ്രൂഷയിലും സമാനമായ ചില ഘടകങ്ങൾ കാണാം. വ്രതവാഗ്ദാനത്തിനായി അർഥിനിയെ സ്വീകരിക്കുന്നതിന് സമാനമായ ശുശ്രൂഷയാണ് ജീവൽതുറമുഖപ്രാപ്തി ശുശ്രൂഷയിലെ പള്ളിയിലേക്കുള്ള പ്രവേശനം. ഇതിലെ എക്ബോതന്നെയാണ് വ്രതവാഗ്ദാനശുശ്രൂഷയിലെ പ്രാരംഭ പ്രാർഥന. സെദറകളിലും, സുവിശേഷവായനകളിലും ഈ സമാനത കാണാം. ആദ്യനൂറ്റാണ്ടിലെ സുറിയാനി സാഹിത്യ സ്രോതസ്സുകളിലും ഈ സാമ്യം അവതരിപ്പിക്കുന്നുണ്ട്. ആശ്രമത്തെ ചാരിത്ര്യത്തിന്റെ തുറമുഖം എന്ന് വി. അപ്രേം വിശേഷിപ്പിക്കുന്നു.

**ആരാധനാക്രമവും ബന്ധപ്പെട്ട ഉറവിടങ്ങളും.**

വ്രതവാഗ്ദാനശുശ്രൂഷാക്രമത്തിന്റെ യഥാർഥ ഉറവിടങ്ങളെപ്പറ്റിയാണ് നമ്മൾ ഇനിയും ചിന്തിക്കുക. സന്യാസജീവിതത്തിലെ ചില ആചാരാനുഷ്ടാനങ്ങൾക്കുപയോഗിക്കുന്ന പുസ്തകങ്ങളിൽ നിന്ന് വളരെയേറെ ഘടകങ്ങൾ വ്രതവാഗ്ദാനശുശ്രൂഷാക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സന്യാസികളുടെ വസ്ത്രസ്വീകരണക്രമം**

ക്രിസ്തു വർഷം 1001-ൽ എഴുതപ്പെട്ട ഈജിപ്റ്റിലെ മാർ ഷെയ്നോയുടെ ആശ്രമത്തിൽ നിന്ന് കണ്ടെത്തിയ കൈയെഴുത്ത് പ്രതിയുടെ സുറിയാനി പരിഭാഷയായ *Takso D' tulbosho D' dairoye* എന്ന ഈ കൃതിക്ക് പ്രധാനമായും രണ്ട് ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗം പ്രാർഥനകളും വചനശുശ്രൂഷയുമാണ്. വചനശുശ്രൂഷയിൽ പഴയനി

യമത്തിൽ നിന്ന് ആറു വായനകളും പുതിയ നിയമത്തിൽ നിന്ന് മൂന്നും വായനകളാണുള്ളത്. അർഥിയുടെ നെറ്റിയിൽ മുദ്ര കുത്തൽ, മുടി ഛേദനം, സന്യാസവസ്ത്രം ധരിപ്പിക്കൽ, സമാധാനം നൽകൽ, ഉപ സംഹാരപ്രാർഥനകൾ എന്നിവയാണ് രണ്ടാം ഭാഗത്തിലുള്ളത്. 1999 -ൽ കുരിശു മലയിലെ ഫ്രാൻസിസ് ആചാര്യയാണ് ആദ്യമായി ഈ പുസ്തകം ഇംഗ്ലീഷിലേക്കു തർജമ ചെയ്തത്. റമ്പാൻ പട്ടം, റമ്പാൻ സ്ഥാനക്രമം, വ്രതാനുഷ്ടാനശുശ്രൂഷ എന്നീ പേരുകളിൽ മലയാള തർജമയും ലഭ്യമാണ്. ചില മാറ്റങ്ങൾ സാഹചര്യാധിഷ്ടിതമായി വരുത്തിയിട്ടുണ്ട് എന്നതൊഴിച്ചാൽ വ്രതവാഗ്ദാനശുശ്രൂഷാക്രമത്തിലെ ഭൂരി ഭാഗവും ഈ പുസ്തകത്തിന്റെ സ്വാധീനമുൾക്കൊള്ളുന്നതാണ്.

**സന്യാസിനികളുടെ മുടിഛേദനശുശ്രൂഷാക്രമം**

**(Takso D' Suporo D' Dayroyuto)**

ഉള്ളടക്കത്തിലും ഘടനയിലും മുകളിൽ പറഞ്ഞ പുസ്തകത്തോടു ഈ പുസ്തകത്തിനു സാമ്യമുണ്ട്. വി.ഗ്രന്ഥവായനയും, ചില പ്രാർഥ നകളും ഒഴികെ വ്രതവാഗ്ദാനശുശ്രൂഷയുടെ ബാക്കി എല്ലാ ഭാഗത്തും ഈ പുസ്തകങ്ങളുടെ സ്വാധീനം വളരെയാണ്.

**ആരാധനാക്രമം: സന്യാസിനികളുടെ വ്രതവാഗ്ദാനം**

മലങ്കരകത്തോലിക്കാ സഭയുടെ ലിറ്റർജിക്കൽ കമ്മിഷൻ 1980-ൽ പ്രസിദ്ധീകരിച്ച പുസ്തകമാണിത്. സംസ്കൃതപദമായ വ്രതം എന്ന പദത്തിന് വാഗ്ദാനം എന്നാണർഥം. വാഗ്ദാനം എന്നാൽ പ്രഖ്യാപിക്കുക, വാക്കുനൽകുക എന്നൊക്കെയാണർഥം. 1925-ൽ മാർ ഇവാനിയോസ് പിതാവ് രചിച്ച (മദർ സൈബാർ എഴുതിയ) സുറിയാനി പുസ്തകത്തിന്റെ മലയാള തർജമയാണ് 1980-ൽ പ്രസിദ്ധീകരിച്ചത്. കൈയെഴുത്തുപ്രതിയിൽ നിന്ന് രണ്ട് പ്രുമിയോനും രണ്ട് സെദറായും വിട്ടുകളഞ്ഞിട്ട് മറ്റ് രണ്ട് പ്രുമിയോൻ സെദറ ചേർത്തിട്ടുണ്ട്. കൈയെഴുത്തുപ്രതിയിൽ വി. ഗ്രന്ഥ വായനകൾ ഏവയെന്ന് വ്യക്തമല്ല. എന്നാൽ പുതിയ മലയാള പുസ്തകത്തിൽ ഏഴു വായനകൾ വ്യക്തമാക്കിയിട്ടുണ്ട്. പാഷണ്ഡതയിൽ ഉൾപ്പെട്ട പിതാക്കന്മാരെക്കുറിച്ചുള്ള പരാമർശങ്ങൾ കൈയെഴുത്തുപ്രതിയിലുള്ളത് മലയാള പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. രണ്ടായിരമാണ്ടിൽ ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് ഭാഷാന്തരം ബഹു. തൈക്കൂട്ടത്തിൽ സമുവേൽ റമ്പാൻ അച്ചൻ തയ്യാറാക്കിയിട്ടുണ്ട്.



സന്യാസം : ആഴവും അർഥവും

ഇപ്പോൾ ഉപയോഗിക്കുന്ന വ്രതവാഗ്ദാനത്തിന്റെ പുസ്തകത്തിന് അർഥിനിയെ നവശിഷ്യയായി സ്വീകരിക്കുന്നതിനുള്ള ശുശ്രൂഷ, ആദ്യ വ്രതം ചെയ്യുമ്പോഴുള്ള സ്വീകരണ ശുശ്രൂഷ, വ്രതവാഗ്ദാനം എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്. ഈ പുസ്തകത്തിലെ ദൈവശാസ്ത്ര പ്രമേയങ്ങൾ "സന്യാസികളുടെ സഭാവസ്ത്രസ്വീകരണ", "സന്യാസികളുടെ മുടിഛേദനം" മുതലായ പുസ്തകങ്ങളിലെ ദൈവശാസ്ത്ര പ്രമേയങ്ങളോട് സമാനതയുള്ളതാണ്.

അധ്യായം രണ്ട്

# പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലെ സന്യാസവ്രതവാഗ്ദാനം

ആദിമസന്യാസ സമൂഹങ്ങളിൽ നിലനിന്നിരുന്ന സന്യാസജീവിതപ്രവേശനചടങ്ങുകളിൽ നിന്നാണ് ഇന്നത്തെ രൂപത്തിൽ ക്രമീകൃതമായ ഒരു വ്രതവാഗ്ദാനക്രമം ഉളവായത്. ഈ വ്രതവാഗ്ദാനശുശ്രൂഷാക്രമത്തിന്റെ വേരുകൾ ആദിമസന്യാസസമൂഹങ്ങളുടെ സന്യാസജീവിത പ്രവേശനകർമങ്ങളിലാകയാൽ അവയെ കുറിച്ച് ഒരു ധാരണ ഉണ്ടാകേണ്ടത് ആവശ്യമാണ്.

**ആശ്രമവാസം**

ഈജിപ്തിലെ സന്യാസജീവിതത്തിന്റെ പിതാവായി അറിയപ്പെടുന്ന വി. അന്തോണിയാണ് ഈ സന്യാസരീതിയുടെ പ്രാരംഭകൻ. അദ്ദേഹം ശിഷ്യന്മാരെ സന്യാസജീവിതത്തിലേക്കു സ്വീകരിച്ചിരുന്നു, എന്നാൽ അതിനായി ഒരു പ്രത്യേക ചടങ്ങോ ശുശ്രൂഷയോ ഉണ്ടായിരുന്നതായി കാണുന്നില്ല. അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ അത്തനേഷ്യസിന്റെ വാക്കുകളിൽ നിന്ന് സന്യാസജീവിതപ്രവേശനം കൃപാവരദായകമാണെന്നും കൗദാശികഭാവമുൾക്കൊള്ളുന്ന ഒരു പ്രവർത്തിയാണെന്നും അന്നുമുതൽക്കേ മനസിലാക്കപ്പെട്ടിരുന്നു എന്നു വ്യക്തമാകുന്നു. സന്യാസജീവിതത്തെ രക്തസാക്ഷിത്വ ജീവിതമായി കണ്ടിരുന്നു. രക്തസാക്ഷിത്വം വരിക്കുന്നവർക്കു ലഭിക്കുന്ന പാപമോചനം സന്യാസം സ്വീകരിക്കുന്നവർക്കും ലഭിക്കുന്നു എന്ന വിശ്വാസവും നിലനിന്നിരുന്നു.

**പക്കോമിയുസിന്റെ കൂട്ടായ്മ**

സന്യാസസമൂഹജീവിത്തിന്റെ ഉപജ്ഞാതാവായ പക്കോമിയൂസ് ആദ്യമായി സന്യാസജീവിതനിയമം ക്രോഡീകരിക്കുകയും അർഥികളുടെ പ്രവേശനം സംബന്ധിച്ച് വ്യവസ്ഥകൾ നൽകുകയും ചെയ്തു.





സന്യാസസമൂഹത്തിൽ ചേരാനാഗ്രഹിക്കുന്ന വ്യക്തി സമൂഹത്തിലെ മുതിർന്ന അംഗത്തോട് തന്റെ ആഗ്രഹം അറിയിച്ചശേഷം ആശ്രമത്തിനു പുറത്ത് കാത്തു നിൽക്കുന്നു. ഈ സമയം അർഥിയുടെ നിയോഗശുദ്ധി, ഭൂതവർത്തമാനകാലജീവിതം, ലോകത്തെ ഉപേക്ഷിക്കുവാനുള്ള കഴിവ്, മാതാപിതാക്കളോടുള്ള വിരക്തി, ദൈവശുശ്രൂഷയ്ക്കുള്ള ഒരുക്കം മുതലായവ വിശദമായ നിരീക്ഷണത്തിനു വിധേയമാക്കുന്നു. പരിശോധനക്കുശേഷം അർഥിയെ സ്വീകരിച്ച് സന്യാസജീവിത പരിശീലനം നൽകുന്നു. പ്രാർഥനാ ചൈതന്യം, സന്യാസജീവിതനിഷ്ഠ, സമൂഹജീവിതത്തിനുള്ള അനുയോജ്യത മുതലായ ഗുണങ്ങളും അർഥിക്കുണ്ടായിരിക്കണം. അനുയോജ്യരായ അർഥികൾക്ക് ഒരു നിശ്ചിത സമയത്തെ പരിശീലനത്തിനുശേഷം സമൂഹത്തിലേക്കു സ്വീകരിക്കപ്പെട്ടതിന്റെ പ്രതീകമായി സന്യാസവസ്ത്രങ്ങൾ നൽകുന്നു. ആശ്രമജീവിതത്തിലേക്ക് ഒരു വ്യക്തിയെ സ്വീകരിച്ചിരുന്ന ഈ രീതിയിൽ നിന്നാണ് ഇന്നത്തെ സന്യാസ വ്രതവാഗ്ദാനത്തിന്റെ എല്ലാ ഘടകങ്ങളും രൂപീകൃതമായതെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

സന്യാസവ്രതവാഗ്ദാനത്തെക്കാൾ സന്യാസപരിശീലനത്തിനാണ് പക്കോമിയോസ് പ്രാധാന്യം നൽകിക്കാണുന്നത്. സന്യാസവസ്ത്രസ്വീകരണം പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുന്നതിന്റെ പ്രതീകമാകയാൽ അതു സന്യാസിയുടെ ജീവിതത്തിലെ സുപ്രധാന നിമിഷമാണ്. പക്കോമിയോസിന്റെ ചിന്തയിലും സന്യാസം ദൈവവുമായുള്ള ഉടമ്പടിയാണ്. ഉടമ്പടിജീവിതത്തിലേക്കു പ്രവേശിക്കുന്നവർ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നിവ പാലിക്കണം.

**ബസേലിയോസ്**

കപ്പദോച്ച്യൻ പിതാക്കന്മാരിൽ പ്രധാനിയും പൗരസ്ത്യസന്യാസത്തിന്റെ പിതാവുമായ വി. ബസേലിയോസാണ് സന്യാസ നിയമങ്ങൾ ക്രോഡീകരിച്ചത്. അർഥിനികളുടെ പ്രവേശനത്തിനുള്ള നിയമങ്ങൾ, ഒരു ഗുരുവിന്റെ കീഴിലുള്ള പരിശീലനഘട്ടം, വ്രതവാഗ്ദാനം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തത അദ്ദേഹത്തിന്റെ സന്യാസനിയമങ്ങളിൽ നിന്ന് ലഭിക്കുന്നു. വലിയ നിയമാവലിയും ചെറിയ നിയമാവലിയും വിശദമായ വിവരങ്ങൾ നൽകുന്നു. അർഥിക്ക് ലോകത്തെ ത്യജിക്കാനുള്ള കഴിവും ബ്രഹ്മചര്യജീവിതത്തിനുള്ള താത്പര്യവും വളരെ പ്രധാനപ്പെട്ടവയാണ്. ശരീരത്തിന്റെ അധമ വാസനകളെയും മനസ്സിന്റെ വ്യാപാരങ്ങളെയും ആത്മാവിന്റെ ആസക്തികളെയും പരിത്യജിക്കാൻ

കഴിവുള്ളവനായിരിക്കണം സന്യാസി. പരിശീലനത്തിന്റെയും വ്രത വാഗ്ദാനത്തിന്റെയും ലക്ഷ്യം പഴയമനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് ക്രിസ്തുവിൽ നവീകരിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുക എന്ന താണ്.

ജീവിതമാതൃകയും പ്രായവും പക്വതയുമുള്ള ഒരു പരിശീലകന്റെ നേതൃത്വത്തിൽ അർഥികൾ ഒരു നിശ്ചിതകാലം പരിശീലനം നേടണം. ഈ പരിശീലനകാലം കഴിയുമ്പോൾ പ്രശസ്തരായ സാക്ഷികളുടെയും സഭാധ്യക്ഷന്മാരുടെയും സാന്നിധ്യത്തിൽ അർഥികൾ വ്രതവാഗ്ദാനം ചെയ്യുന്നു. വ്രതവാഗ്ദാനത്തിന്റെ സഭാത്മകവും സാമൂഹികവുമായ മാനങ്ങൾ ബസേലിയോസിന്റെ നിയമാവലിയിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. "അവരെ ചോദ്യം ചെയ്യണം. വ്യക്തമായി പ്രഖ്യാപിക്കപ്പെട്ട അവരുടെ വ്രതവാഗ്ദാനം അംഗീകരിക്കണം"[5] എന്ന് ബസേലിയോസ് എഴുതുന്നതിൽ നിന്നും വ്രതവാഗ്ദാനം നിശ്ചിത രൂപത്തിലുള്ളതും വാക്കുകൾ ഉച്ചരിച്ചുകൊണ്ടുള്ളതുമായിരുന്നു എന്നു നിസംശയം അനുമാനിക്കാവുന്നതാണ്. സന്യാസവസ്ത്രം ധരിക്കുന്നതിനെക്കുറിച്ച് ബസേലിയോസ് ഒന്നും പറയുന്നില്ലെങ്കിലും ലളിതജീവിതത്തിന്റെ അടയാളമായി അതു ധരിക്കുന്നതിനെകുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

ബസേലിയോസിന്റെ നിയമാവലിയിൽ നിന്ന് വ്രതത്രയങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ധാരണ മനസിലാക്കാനാവും. വ്രതവാഗ്ദാനം ചെയ്യുന്നവർ ദൈവവുമായി വേർപെടുത്താനാവാത്ത ഒരു ഉടമ്പടിയിലേർപ്പെടുകയാണ് ചെയ്യുന്നത്. ഉടമ്പടിയുടെ ലംഘനം ഗൗരവമായ അപരാധമാണ്, ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ട വ്യക്തിയെ കളങ്കപ്പെടുത്തുന്ന പാപമാണ്, വസ്തുലംഘനമാണ്. കന്യകമാരുടെ സമർപ്പണത്തെക്കുറിച്ചും ബസേലിയോസ് സംസാരിക്കുന്നു. വ്രതവാഗ്ദാനം ചെയ്ത കന്യക ക്രിസ്തുവിന്റെ വധുവാകയാൽ വ്രതം ലംഘിക്കുന്നവൾ വ്യഭിചാരക്കുറ്റത്തിനു ശിക്ഷിക്കപ്പെടാൻ അർഹയാണെന്ന് ബസേലിയോസ് എഴുതുന്നു. സമർപ്പിതരായ പുരുഷന്മാർക്കും ഇതു ബാധകമാണ്.

ക്രമമായ ഒരു വ്രതവാഗ്ദാനശുശ്രൂഷ ബസേലിയോസിന്റെ കാലത്താണ് ഉണ്ടായത്.

### സുറിയാനി സന്യാസജീവിതവും വ്രതവാഗ്ദാനവും

സുറിയാനി സന്യാസത്തിന്റെ ഉത്ഭവത്തിലും വളർച്ചയിലും ഗ്രീക്ക് - കോപ്റ്റിക് സന്യാസ പാരമ്പര്യങ്ങളുടെ സ്വാധീനമുണ്ടെങ്കിലും





സുറിയാനി സന്യാസ പാരമ്പര്യത്തിന് അതിന്റേതായ തനിമയുണ്ട്. സാധാരണ ക്രൈസ്തവരിൽ നിന്നു തന്നെ കൂടുതൽ ആഴമായി ക്രിസ്തുവിനെ അനുഗമിക്കുന്ന കുറച്ചുപേർ വ്രതബദ്ധജീവിതത്തിനു തുല്യമായ ജീവിതം നയിച്ചിരുന്നു. കന്യത്വം പാലിച്ചുകൊണ്ടവർ സമൂഹമായി ജീവിച്ചിരുന്നു. ഇവർ ഉടമ്പടിയുടെ പുത്രന്മാർ/പുത്രിമാർ എന്നാണ് അറിയപ്പെട്ടിരുന്നത്.

### ഉടമ്പടി മക്കളും സന്യാസ സമൂഹങ്ങളും

'ഉയർത്തുക', 'നിർത്തുക', എന്നീ അർഥങ്ങളുള്ള "Qwm" എന്ന പദത്തിൽ നിന്നാണ് ക്യോമോ എന്ന പദമുണ്ടായത്. ക്രമേണ ഈ പദത്തിന് 'ഉടമ്പടി', 'അവസ്ഥ' എന്നൊക്കെ അർഥങ്ങളുണ്ടായി. ദൈവമനുഷ്യ ബന്ധം ഒരു ഉടമ്പടിയായി അവതരിപ്പിക്കാൻ യഹൂദർ ഉപയോഗിക്കുന്ന പദമാണിത്. വ്രതബദ്ധമായ ജീവിതം നയിക്കുന്നവരെ ഉടമ്പടിമക്കൾ എന്നു വിശേഷിപ്പിച്ചിരുന്നു. അഫ്രാഹാത്തിന്റെ ആറാം പ്രബന്ധത്തിൽ നിന്നാണ് ഇത്തരക്കാരെക്കുറിച്ച് കൂടുതൽ അറിവു നമുക്കു ലഭിക്കുന്നത്. ഉടമ്പടി മക്കൾ എന്നത് ക്രിസ്തീയ സമൂഹത്തിലെ ഒരു വിഭാഗമായിരുന്നു. സന്യസ്തരല്ലായിരുന്നു അവർ. എന്നാൽ സാധാരണ ക്രിസ്തീയജീവിതം നയിച്ചവരുമായിരുന്നില്ല. താപസജീവിതം, കന്യത്വം എന്നിവ ഇവരുടെ സവിശേഷതകളായിരുന്നു.

പ്രായപൂർത്തിയായ ശേഷം മാമ്മോദീസാ സ്വീകരിച്ചിരുന്നവർ, മാമ്മോദീസായുടെ അവസരത്തിൽ ഉടമ്പടി ബന്ധത്തിലേക്കു പ്രവേശിക്കുന്നതിനായി ഒരു പ്രത്യേക വാഗ്ദാനം ചെയ്തിരുന്നു. സങ്കീർത്തനങ്ങൾ ആലപിച്ചും ഉപവസിച്ചും പ്രാർഥിച്ചും പ്രായശ്ചിത്ത പ്രവൃത്തികൾ അനുഷ്ഠിച്ചും ലളിതമായി ജീവിച്ച ഇവർ സഭാധികാരികളുടെ അംഗീകാരത്തോടെയാണ് ഇത്തരത്തിലുള്ള ജീവിതം നയിച്ചിരുന്നത്. ക്രിസ്തുവിന്റെ ജീവിതത്തിൽനിന്നും ഉദ്ബോധനങ്ങളിൽനിന്നും വി. ഗ്രന്ഥത്തിൽ നിന്നും ലഭിച്ച പ്രചോദനമനുസരിച്ചാണ് ഇക്കൂട്ടർ ജീവിച്ചത്. മാമ്മോദീസായിൽ അവർ ക്രിസ്തുവുമായി വിവാഹനിശ്ചയം ചെയ്യുകയും അവിടുത്തെ അവരുടെ ജീവിതത്തിന്റെ മാതൃകയായി സ്വീകരിക്കുകയും ചെയ്തു. ഇങ്ങനെ മാലാഖമാരുടെ ജീവിതം ആഗ്രഹിക്കുന്നവരുടെ എണ്ണം വർദ്ധിച്ചപ്പോൾ സമൂഹങ്ങൾ രൂപീകൃതമാകുകയും നിയമാവലികൾ ആവശ്യമായി വരികയും ചെയ്തു. ഇവയ്ക്കു സഭയുടെ അംഗീകാരവും ലഭിച്ചു. അങ്ങനെ ഉടമ്പടി മക്കൾ ആദ്യം

സ്വഭവനങ്ങളിൽതന്നെ താപസജീവിതം നയിക്കുകയും ക്രമേണ സന്യാസ സമൂഹജീവിതമായി ഈ ജീവിതശൈലി വളരുകയുമാണു ണ്ടായത്.

ഏകാന്ത ജീവിതവും സമൂഹജീവിതവും സമാന്തരമായി ഉരുവാ യെന്നു പറയാം. ഏകാന്തവാസിക്ക് ശിഷ്യന്മാരുണ്ടാകാൻ തുടങ്ങിയ പ്പോൾ അവർക്കു പാർക്കാനിടവും ഭക്ഷണവും മറ്റു സൗകര്യങ്ങളും പ്രാർഥിക്കാൻ ആലയവും ഒക്കെ ആവശ്യമായി വന്നു. ഇങ്ങനെയാണ് ദയറ സമ്പ്രദായമുണ്ടായത്. അങ്ങനെ നാലാം നൂറ്റാണ്ടോടുകൂടി സുറി യാനി സഭയിൽ സന്യാസസമൂഹജീവിതം ആരംഭിച്ചു.

സന്യാസസമൂഹജീവിതം പറുദീസായിലെ ജീവിതമായും സഭയുടെ പ്രതീകമായും മനസിലാക്കപ്പെട്ടിരുന്നതിനാൽ സ്നേഹസാക്ഷ്യം നൽകേണ്ട സമൂഹമായി കരുതപ്പെട്ടു. ഒരുമിച്ചുള്ള പ്രാർഥന, ഭക്ഷണം, ജോലി എന്നിവ അവശ്യഘടകങ്ങളായിരുന്നു. പ്രായശ്ചിത്തപ്രവൃത്തി കൾക്കുള്ള വേദിയുമായിരുന്നു സമൂഹജീവിതം. ഇതരലിംഗത്തിൽപെ ട്ടവരോടുള്ള സഹവാസം തൃജിച്ചുകൊണ്ടും വസ്തുക്കൾ സ്വന്തമായി ഉപയോഗിക്കാതെ എല്ലാം പൊതുവായി കരുതിക്കൊണ്ടും സ്വേച്ഛയെ അധികാരിക്കു വിധേയമാക്കിക്കൊണ്ടും, അനുസരണത്തിലും ദാരിദ്ര്യ ത്തിലും ബ്രഹ്മചര്യത്തിലും ജീവിച്ച ദൈവത്തിന്റെ ഏകജാതനെപ്പോലെ അവരും അനുസരണവും ബ്രഹ്മചര്യവും ദാരിദ്ര്യവും പാലിച്ചുകൊണ്ട് ജീവിച്ചു.

### സന്യാസപരിശീലനം

ഇന്നത്തെപ്പോലെ ക്രമമായ ഒരു പരിശീലനപദ്ധതി സുറിയാനി സഭയിൽ അന്നുണ്ടായിരുന്നില്ല. സുറിയാനി സഭാപിതാക്കന്മാർ ഇതി നെക്കുറിച്ച് മൗനം പാലിക്കുന്നു. പരിശീലനമേ അക്കാലത്ത് ഇല്ലായി രുന്നു എന്നു കരുതുന്നതും ശരിയല്ല.

മുതിർന്നവരെന്നും കുട്ടികളെന്നും വ്യത്യാസമില്ലാതെ എല്ലാവരേയും സന്യാസഭവനങ്ങളിൽ പ്രവേശിപ്പിച്ചിരുന്നു എന്ന് തെയോഡോറെറ്റ് മുത ലായ എഴുത്തുകാർ അഭിപ്രായപ്പെടുന്നു. ജനനസമയത്തോ രോഗസ മയത്തോ കുഞ്ഞുങ്ങളെ ദൈവത്തിനു സമർപിക്കുക എന്നത് സുറി യാനി മാതാപിതാക്കളുടെ രീതിയായിരുന്നു. സുകൃതജീവിതപരിശീ ലനത്തിനായി അവരെ സഭയിലെ ഒരു മുതിർന്ന അംഗത്തെ ഏല്പി ക്കുമായിരുന്നു. ചരിത്രകാരനായ എം. വൂബസിന്റെ അഭിപ്രായത്തിൽ അർഥികൾക്ക് ക്രിസ്തീയജീവിതപരിശീലനം നൽകുക എന്നത് സന്യാ





സത്തിലെ മുതിർന്ന അംഗങ്ങളുടെ കടമയായിരുന്നു. സമൂഹജീവിത ത്തിനുള്ള പരിശീലനവും ഇതിൽ ഉൾപ്പെടുന്നു. എഴുത്തുകാരനായ ബാബായി മൂന്നു വർഷത്തെ നോവീഷ്യേറ്റ് പരിശീലനത്തെക്കുറിച്ചും വ്രതവാഗ്ദാനത്തിനു മുമ്പ് ഒരു തൗനാ സ്വന്തമാക്കുന്നതിനെക്കുറിച്ചും പറയുന്നുണ്ട്.

### മുടിഛേദനം

സുറിയാനി സഭാപാരമ്പര്യത്തിലെ പ്രധാനഘടകമാണ് സന്യാസ ത്തിലേക്കു പ്രവേശിപ്പിക്കുന്നതിനായുള്ള മുടിഛേദനാചാരം. പഴയ നിയ മത്തിൽ, ദൈവത്തിനായി തങ്ങളെതന്നെ സമർപ്പിക്കുന്നവർ, ലേവ്യർ, തലമുണ്ഡനം ചെയ്തിരുന്നു (സംഖ്യ 8,7). ഈ പഴയനിയമപാരമ്പ ര്യത്തിലധിഷ്ഠിതമായ ഒരു കർമമാണ് മുടിഛേദനാചാരം. സന്യാസം സ്വീകരിച്ചതിന്റെ പ്രതീകമായി പുരുഷന്മാരും സ്ത്രീകളും തലമു ണ്ഡനം ചെയ്തിരുന്നു.

നിഖ്യാസുന്നഹദോസും തലമുണ്ഡനം ചെയ്യാൻ സന്യസ്തരോട് ആവശ്യപ്പെടുന്നു (കാനൻ 18). സന്യാസത്തിലേക്കുള്ള പ്രവേശനസ മയം തന്നെ മുടിമുറിക്കുന്നപാരമ്പര്യമാണ് സിറിയായിൽ നിലനിന്ന ത്. ക്രിസ്തുവിനുവേണ്ടി തങ്ങളെത്തന്നെ വിഡ്ഢികളാക്കുന്നതിന്റെ പ്രതീകംകൂടിയായിരുന്നു സന്യസ്തർക്കു മുടിഛേദനകർമം. വൈദി കർക്ക് അഭിഷേകം ലഭിച്ചിരുന്നത് കൈവയ്പിലൂടെയാണ് എന്നതു പോലെ സന്യാസിക്കു സന്യാസ സിദ്ധി പകർന്നുനല്കുന്ന കർമമാണ് മുടിഛേദനം.

### സന്യാസവസ്ത്രം

ആദിമ കാലഘട്ടത്തിലെ സന്യാസവിവരണങ്ങൾ ഒന്നും സന്യാ സവസ്ത്രസ്വീകരണത്തെക്കുറിച്ച് പറയുന്നില്ല. ചില ഏകാന്ത സന്യാ സികൾ പറുദീസയിലെ ആദിമാവസ്ഥയുടെ പ്രതീകമായി നഗ്നരായി നടന്നിരുന്നു. എന്നാൽ സുറിയാനി സഭയിൽ സന്യാസസമൂഹജീവിതം ആരംഭിച്ചതോടുകൂടി സന്യാസികൾ പ്രത്യേക വസ്ത്രം ധരിക്കുന്ന രീതി നിലവിൽവന്നു. ആരാധനയുടെ സമയത്ത് വിശ്വാസികൾ നല്ല വസ്ത്രം ധരിക്കണമെന്നൊരു പാരമ്പര്യം സുറിയാനി സഭയിലുണ്ടായിരുന്നു. അതിൽനിന്നാകണം നിത്യാരാധകരായ സന്യാസികളും ലളിതവും ഉചി തവുമായ വസ്ത്രം ധരിക്കണമെന്ന ചിന്താഗതി ഉണ്ടായത്.

ലോകത്തെ തൃജിച്ചവരാണു സന്യാസികൾ എന്ന ധാരണ നൽകു ന്നതായിരുന്നു അവരുടെ വേഷം. എസ്കിമോ എന്നറിയപ്പെട്ടിരുന്ന

വേഷം സുവിശേഷദാരിദ്ര്യത്തിനിണങ്ങുന്ന വിധത്തിലുള്ളതായിരുന്നു. ലതർ കൊണ്ടുള്ള ഒരു സിൻക്റ്റർ, തലയും കഴുത്തും മൂടാനുള്ള അഗ്രം കൂർത്ത ഒരു തൊപ്പി ഒരു Chadia (നിലയങ്കി) എന്നിവയായിരുന്നു മറ്റു വസ്ത്രങ്ങൾ. ആദ്യമൊന്നും വസ്ത്രത്തിന് ഏകതാനത ഇല്ലായിരുന്ന തിനാൽ ഓരോരുത്തർ അവരവരുടെ അഭിരുചിക്കുചേർന്ന വസ്ത്രം തിരഞ്ഞെടുത്തിരുന്നു.

സുറിയാനി കന്യകകൾ തല മുതൽ പാദം വരെ മറയ്ക്കുന്ന നീണ്ട വസ്ത്രങ്ങൾ അണിഞ്ഞിരുന്നു എന്ന് തിയഡോറെറ്റ് സാക്ഷിക്കുന്നു. സന്യാസികളുടെ വസ്ത്രം പോലെതന്നെയായിരുന്നു കന്യകകളുടെയും വസ്ത്രമെങ്കിലും തലമൂടി അവർക്കുണ്ടായിരുന്നില്ല. പർദ പോലെ മുഖവും കഴുത്തും മാറും കൈകളും മറയ്ക്കുന്ന ഒരു ശിരോവസ്ത്രം കന്യകകൾക്കുണ്ടായിരുന്നു.

സമൂഹജീവിതമാരംഭിച്ച് നിയതമായ സന്യാസവേഷത്തിന്റെ ആവശ്യകത ഉണ്ടായപ്പോൾ സന്യാസികൾ സ്വീകരിക്കുന്ന പുതിയ ജീവിതത്തിന്റെ പ്രതീകമായി സന്യാസവസ്ത്രങ്ങളെ ആചാര്യന്മാർ കാണാൻ തുടങ്ങി. പ്രായശ്ചിത്തത്തിന്റെയും ലോകത്തെ ത്യജിക്കുന്നതിന്റെയും പ്രതീകമായതിനാൽ സന്യാസവസ്ത്രം കമ്പിളികൊണ്ടുണ്ടാക്കിയതും കറുത്തനിറത്തിലുള്ളതുമായിരുന്നു.

പ്സ്യൂഡോ ഡയനീഷ്യസും കാസ്സിയാനും പൂർണതയിലേയ്ക്കു യാത്ര ചെയ്യുന്നവരുടെ പ്രതീകമായി സന്യാസവസ്ത്രത്തെ കാണുന്നു. മോശെ ബർ കേഫ സന്യാസ വ്രതവാഗ്ദാനത്തെ സംബന്ധിച്ച തന്റെ പ്രസംഗത്തിൽ സന്യാസവസ്ത്രങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ഓരോന്നിന്റെയും അർഥം വിവരിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ കാലം മുതൽ സന്യാസവസ്ത്രം ധരിക്കൽ അന്ത്യോക്യൻ പാരമ്പര്യത്തിൽ വ്രതവാഗ്ദാനത്തിന്റെ പ്രധാനഘടകമായി മാറി. സന്യാസികൾക്കും സന്യാസിനികൾക്കും പ്രത്യേകം വസ്ത്രങ്ങൾ നിശ്ചയിച്ചു.

**സന്യാസ നിയമങ്ങൾ**

സന്യാസ വ്രതവാഗ്ദാനത്തിന്റെ ദൈവശാസ്ത്രവും സ്വഭാവവും വ്യാഖ്യാനവും നിയമങ്ങൾ വ്യക്തമാക്കുന്നുണ്ട്.

**യോഹന്നാൻ ബർ ഖുർസോസിന്റെ നിയമാവലി**

പതിനൊന്നു നിയമങ്ങളാണ് ടെല്ലായിലെ മെത്രാനായ യോഹന്നാൻ ബർ ഖുർസോസിന്റെ പേരിലുള്ളത്. സന്യാസം തെരഞ്ഞെടുക്കുകയും





മാലാഖമാർക്കടുത്ത നിർമലതയോടെ യേശുവിനുവേണ്ടിമാത്രം ജീവിക്കുകയുംചെയ്തുകൊള്ളാമെന്ന് വാഗ്ദാനം ചെയ്ത കന്യകകളെക്കുറിച്ചാണ് ആദ്യ നിയമം. ആ വാഗ്ദാനത്താൽ തന്നെ വിവാഹത്തിനുപരിയായ ഒരു ജീവിതം നയിക്കേണ്ടതാവശ്യമാണ്. വാഗ്ദാനത്തിന്റെ പ്രതീകമായി സന്യാസവസ്ത്രം ധരിക്കണമെന്ന് അനുശാസിക്കുന്നു. മിശിഹാ നിങ്ങളിൽ ജീവിക്കേണ്ടതിന് നിങ്ങളെതന്നെ ലോകത്തിനും അതിന്റെ ദുരാശക്കും ക്രൂശിക്കുവിൻ എന്ന് നാലാം കാനോന ആവശ്യപ്പെടുന്നു.

ഈ നിയമങ്ങൾ കന്യാത്വത്തിനും വിശുദ്ധിക്കും വലിയ പ്രാധാന്യം നൽകുന്നു.

**കന്യകകൾക്കുവേണ്ടിയുള്ള നിയമം**

5-ാം നൂറ്റാണ്ടിൽ പാശ്ചാത്യസുറിയാനി സന്യാസാശ്രമങ്ങളിൽ നിലവിലിരുന്ന ഒരു ഗണം നിയമങ്ങളാണിത്. ഇതിന്റെ കൈയെഴുത്ത് പ്രതി ബ്രിട്ടീഷ് മ്യൂസിയത്തിന്റെ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. (Add. 17216, fol. 43a). ആദ്യത്തെ മൂന്നു നിയമങ്ങൾ ആവൃതിക്കുള്ളിലെ കർക്കശമായ ജീവിതം നിഷ്കർഷിക്കുന്നതാണ്. ആത്മീയാവശ്യങ്ങൾക്കായി മാത്രമേ സന്യാസിനികൾ പുറത്തു പോകാൻ പാടുള്ളു, അതും ബന്ധപ്പെട്ട അധികാരിയുടെ അനുവാദത്തോടുകൂടിമാത്രം. 5, 6, 7 കാനോനകൾ പുരുഷസംസർഗം നിഷേധിക്കുന്നു. സ്വപിതാവിനെയോ സഹോദരനെയോ ശ്രേഷ്ഠയുടെ അനുവാദത്തോടെ കാണാം. വി. കുർബാനയ്ക്കോ ശവസംസ്കാരശുശ്രൂഷയ്ക്കോ വേണ്ടി പ്രായമുള്ള വൈദികർക്ക് സന്യാസിനികളുടെ താമസസ്ഥലത്തു പ്രവേശിക്കാം. 9-ാം കാനോന സന്യാസിനികൾ കടം വാങ്ങുന്നതും നല്കുന്നതും വിലക്കുന്നു. കാനൻ 10 നിരന്തരപ്രാർഥനയും ആത്മീയജീവിതവും ഉദ്ബോധിപ്പിക്കുന്നു.

അദ്ധ്യായം മൂന്ന്

# വ്രതവാഗ്ദാനശുശ്രൂഷയിലെ യോഗാത്മക പ്രമേയങ്ങൾ

വ്രതവാഗ്ദാനത്തിന്റെ ശുശ്രൂഷാക്രമം ആഴമാർന്ന ദൈവശാസ്ത്ര ചിന്തകളാൽ സമ്പന്നവും സമാകർഷകവുമാണ്. അത് എളുപ്പം മനസ്സിലാക്കാനാകുന്നതല്ല. വിശ്വാസത്തിന്റെ ദൃഷ്ടിയിലൂടെ മാത്രമേ ഇവ ദർശിക്കാൻ കഴിയൂ. മനസിലാക്കാൻ പ്രയാസമായവ എന്നതുകൊണ്ട് ദൈവം ഇടപെടുന്നത് വളരെ രഹസ്യമായിട്ടാണെന്നും ആ ഇടപെടൽ നിഗൂഢമാണെന്നും വിശദീകരണവിധേയമല്ല എന്നുമല്ല ഉദ്ദേശിക്കുന്നത്. മറിച്ച് വ്യക്തിയുടെ വർത്തമാനകാലജീവിതവും യുഗാന്ത്യോന്മുഖ ജീവിതവും പരസ്പരം ബന്ധിക്കുന്ന ദൈവാനുഭവമാണ് വ്രതവാഗ്ദാനശുശ്രൂഷയിലൂടെ വ്യക്തമാക്കപ്പെടുന്നത്. അത് സന്യാസിയെ/ സന്യാസിനിയെ അവർണ്യമായ ആധ്യാത്മികാനന്ദത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ സഹായിക്കുന്നു. ഈ ആനന്ദാനുഭൂതിയുടെ പ്രമേയങ്ങളാണ് ഈ അധ്യായത്തിൽ നമ്മുടെ പ്രതിപാദ്യവിഷയം. ഇതിലെ പ്രമേയങ്ങൾ ഇവയാണ്.

1. വ്രതവാഗ്ദാനം- ഒരു രഹസ്യം
2. വ്രതവാഗ്ദാനം - വിവാഹതുല്യമായ രഹസ്യാത്മകതക്കു സാക്ഷ്യം
3. വ്രതവാഗ്ദാനം ചെയ്ത കന്യക - ക്രിസ്തുവിന്റെ മണവാട്ടി.

**വ്രതവാഗ്ദാനം: ഒരു രഹസ്യം**

ആദ്യകാലം മുതൽതന്നെ വ്രതവാഗ്ദാനം ഒരു രഹസ്യമായി കരുതപ്പെട്ടിരുന്നു. ഇതിന്റെ ആഴങ്ങളിലേക്കു കടക്കുന്നതിനുമുമ്പ് രഹസ്യം എന്ന പദത്തെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് ആവശ്യമാണ്.

**രഹസ്യം** എന്ന ആശയം - സീറോ അന്തോക്യൻ പാരമ്പര്യത്തിൽ

പേർഷ്യൻ ഭാഷയിലെ "mysterion" എന്ന മൂലരൂപപദത്തിൽ നിന്നാണ് ഗ്രീക്കു പദമായ മിസ്തേരിയോൻ *mysterion*, സുറിയാനി ഭാഷയിലെ റോസോ *Rozo* എന്നീ പദങ്ങളുടെ ഉത്ഭവം. ഇവയുടെ മലയാള





രൂപമാണ് രഹസ്യം. മറഞ്ഞിരിക്കുന്നത്, രഹസ്യമായത് എന്നൊക്കെയാണ് ഈ പദങ്ങളുടെ അർഥം.

യവനപാരമ്പര്യങ്ങളിലെ നിഗൂഢമതാചാരങ്ങളുമായി ബന്ധപ്പെട്ടാണ് ഈ വാക്ക് ഉപയോഗിച്ചിരുന്നത്. ഈ മതാചാരങ്ങളിൽ പുറത്തുള്ളവർക്കു പ്രവേശനമില്ലായിരുന്നു.

ക്രിസ്തുമതത്തിൽ ഈ പദം വി.ഗ്രന്ഥത്തിന്റെ ആഴമാർന്ന അർഥത്തെ സൂചിപ്പിക്കാനാണ് ഉപയോഗിക്കപ്പെട്ടിരുന്നത്. വ്യക്തികളുടെ മതാനുഭവത്തെ സൂചിപ്പിക്കാനെന്നതിനുപരി ദൈവം ക്രിസ്തുവിലൂടെ മനുഷ്യനു ചെയ്യുന്ന പ്രവൃത്തികളെ സൂചിപ്പിക്കാനാണ് ഇന്ന് ഇത് വ്യാപകമായി ഉപയോഗിക്കപ്പെടുന്നത്. നിഗൂഢമെങ്കിലും ആരാധനയിലൂടെ സംഭവിക്കുന്ന ദൈവ-മനുഷ്യ സംഗമത്തെയാണ് ഈ പദം ധ്വനിപ്പിക്കുന്നത്.

കാണാതെപോയ കുഞ്ഞാടിനെ തേടിപ്പിടിച്ചു രക്ഷിക്കുകയും അനുതപിച്ചെത്തുന്ന ധൂർത്തപുത്രനെ ആലിംഗനം ചെയ്തു സ്വീകരിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ അവർണനീയവും അപരിമേയവുമായ സ്നേഹത്തെ പ്രതീകങ്ങളിലൂടെയും ചടങ്ങുകളിലൂടെയും പ്രത്യക്ഷമാക്കുന്നതിനാൽ വ്രതവാഗ്ദാനശുശ്രൂഷയെ ഒരു രഹസ്യമായി വ്യാഖ്യാനിക്കുന്നത് അർഥവത്താണ്. ഈ ശുശ്രൂഷയിൽ വ്രതവാഗ്ദാനം ചെയ്യുന്ന വ്യക്തിയും ശുശ്രൂഷയിൽ സംബന്ധിക്കുന്ന സമൂഹവും ഈ സ്നേഹസമ്പന്നനായ ദൈവത്തെ കണ്ട് അനുഭവിച്ചറിയുമ്പോൾ അവാച്യമായ ആത്മീയാനന്ദം നുകരുന്നു. വ്രതവാഗ്ദാനശുശ്രൂഷയുടെ ത്രിത്വാത്മക, സഭാത്മക, മനുഷ്യാത്മക വശങ്ങൾ വിശകലനം ചെയ്യുമ്പോൾ ഇതു കൂടുതൽ വ്യക്തമാകും.

വി. പക്കോമിയസിന്റെ കാലം മുതൽ വ്രതവാഗ്ദാനത്തെ കൃപാവരദായകമായ രഹസ്യമായി മനസ്സിലാക്കിയിരുന്നു. പിന്നീട് ഡയനീഷ്യസ് തന്റെ "സഭയുടെ ഹയരാർക്കി" "Ecclessial Heirarchy" എന്ന കൃതിയിൽ മാമ്മോദീസ, വി. കുർബാന, സ്ഥൈര്യലേപനം എന്നിവയോടൊപ്പം വ്രതവാഗ്ദാനത്തേയും ഉൾപ്പെടുത്തി. തിയോഡോർ ദ് സ്റ്റുഡൈറ്റിന്റെ കാലമായപ്പോൾ വ്രതവാഗ്ദാനം ഒരു കൂദാശയാണെന്ന ആശയത്തിന് സ്ഥിരപ്രതിഷ്ഠ ലഭിച്ചു. മാമ്മോദീസാ പോലുള്ള കൂദാശകളോടൊപ്പം വ്രതവാഗ്ദാനത്തേയും ഉൾപ്പെടുത്തണമെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകാൻ പാടില്ല എന്ന നിലപാടായിരുന്നു തിയഡോറിന്റേത്.

കൂദാശകളെപ്പറ്റി നിലനിന്നതും ഇന്നും നിലനിൽക്കുന്നതുമായ വിശാലവീക്ഷണത്തിന്റെ വെളിച്ചത്തിൽ സന്യാസവ്രതവാഗ്ദാനത്തെ മാമ്മോദീസായോടും മറ്റു കൂദാശകളോടുമൊപ്പം ഒരു കൂദാശയായി കണക്കാക്കുന്ന എഴുത്തുകാർ ആദ്യകാലത്തെപ്പോലെ ഇന്നുമുണ്ട്. ഈ ചിന്തക്കു പശ്ചാത്തലമായി നിൽക്കുന്നത് സന്യാസത്തിലെ പരിത്യാഗവും തീരുമാനവും ഒരു പുതുജീവിതത്തിലേക്കുള്ള പ്രവേശനവുമാണ്.

പൗരസ്ത്യ സഭകൾ, പ്രത്യേകിച്ച് സുറിയാനി സഭകൾ, രഹസ്യം എന്നതുകൊണ്ട് ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർക്കുമാത്രം ഗ്രഹിക്കാനാകുന്ന ദൈവിക ഇടപെടൽ എന്നാണ് മനസ്സിലാക്കുന്നത്. പാശ്ചാത്യ സഭ ഏഴു കൂദാശകളിൽ മാത്രം ഒതുക്കി രഹസ്യം എന്ന പദത്തെ മനസ്സിലാക്കുമ്പോൾ പൗരസ്ത്യസഭകൾക്ക് വളരെ വിശാലമായ ഒരു കാഴ്ചപ്പാടാണുള്ളത്. എന്നിരുന്നാലും വ്രതവാഗ്ദാനത്തെ ഒരു കൂദാശയായി അവതരിപ്പിക്കുന്ന പദങ്ങളോ പ്രയോഗങ്ങളോ ഒന്നും പാശ്ചാത്യ സുറിയാനി സഭയുടെ വ്രതവാഗ്ദാനത്തിന്റെ ആരാധനാക്രമത്തിൽ കാണുന്നില്ല. എന്നാൽ സഭയുടെ പ്രാർഥനകളെല്ലാം തന്നെ വ്രതവാഗ്ദാനം ഒരു രഹസ്യം എന്ന ധ്വനി നൽകുന്നുമുണ്ട്.

**ദൈവിക ഇടപെടലും വേർപെടുത്തലും**

സുവിശേഷാനുസൃത ജീവിതം, യേശുതന്നെ ജീവിച്ചതും സ്വശിഷ്യന്മാർക്ക് അവിടുന്നു നിർദ്ദേശിച്ചതുമായ ജീവിതരീതിയാണ്. ഈ ജീവിതരീതി സഭയ്ക്കു ത്രീയേകദൈവം നൽകുന്ന ദാനമാണെന്ന സഭയുടെ വിശ്വാസത്തിന് വി. ഗ്രന്ഥത്തിന്റെയും പാരമ്പര്യത്തിന്റെയും പിൻബലമുണ്ട്. ശുശ്രൂഷയിലെ പ്രാർഥനകളിൽ ദൈവമാണീ വിളിയുടെയും സന്യാസസമർപ്പണത്തിന്റെയും ഉറവിടം എന്നു വ്യക്തമാകുന്നു. പ്രാരംഭപ്രാർഥനയിൽതന്നെ ഈ ആശയമുണ്ട്. വേർതിരിക്കുക, വേർതിരിയ്ക്കൽ എന്നീ പദങ്ങൾ നാമരൂപത്തിലും ക്രിയാരൂപത്തിലും പലതവണ പ്രത്യക്ഷപ്പെടുന്നുണ്ട്. ദൈവമാണ് സമർപിതജീവിതത്തിന്റെ ഉറവിടം എന്നാണിതു സൂചിപ്പിക്കുന്നത്. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകളിൽ, "ദൈവികമായ സമർപ്പണം പരിശുദ്ധാത്മാവിനാൽ മാത്രം നിർവഹിക്കപ്പെടുന്ന ഒന്നല്ല. പിതാവും പുത്രനും പരിശുദ്ധാത്മാവും തങ്ങളുടെ പങ്കുവഹിച്ചുകൊണ്ട് സജീവമായി ഇതിൽ സന്നിഹിതരാണ്." (വി.സി.ന.21). പരിശുദ്ധത്രിത്വത്തിന്റെ ഈ ഇടപെടലിൽ ഊന്നി നിന്നുകൊണ്ടാണ് സമർപിതർ തങ്ങളുടെ പ്രത്യുത്തരം നൽകേണ്ടത്; ത്രിത്വൈകദൈവത്തിനു കൃതജ്ഞത അർപിക്കേണ്ടത്.





**പിതാവിന്റെ പങ്ക്**

പിതാവായ ദൈവമാണ്, നമ്മുടെ പിതാക്കന്മാരുടെ ദൈവവും, യേശുക്രിസ്തുവിന്റെ പിതാവും നമ്മുടെ പിതാവുമായ ദൈവമാണ്, സമർപിതജീവിതത്തിന്റെ ഉത്ഭവസ്ഥാനവും ലക്ഷ്യവും. അവിടുന്ന് തന്നെയാണ് ക്രിസ്തുവിനെ അനുഗമിക്കാൻ സ്വയം സമർപിക്കുന്നവരെ വിശുദ്ധീകരിക്കുന്നത് (വ്ര.വാ.വി.സി.ന.14). വ്രതവാഗ്ദാനശുശ്രൂഷയിൽ പിതാവായ ദൈവം അദൃശ്യനായി പ്രവർത്തിക്കുന്നു. കാർമികനും ജനവും പലപ്രാവശ്യം അവിടുത്തെ അഭിസംബോധനചെയ്തു പ്രാർഥിക്കുന്നുണ്ട്. അഭിസംബോധനയ്ക്കായി ശുശ്രൂഷാക്രമത്തിലുപയോഗിക്കുന്ന വിശേഷണങ്ങൾ അവിടുത്തെ സത്തയേയും വ്രതവാഗ്ദാനകർമത്തിലെ പങ്കിനെയും വ്യക്തമാക്കുന്നവയാണ്.

**പിതാവിനുപയോഗിക്കുന്ന വിശേഷണങ്ങൾ**

മനുഷ്യന്റെ അറിവിനു വിധേയമാകുന്ന ഒരു വസ്തുവോ വസ്തുതയോ അല്ല ദൈവം. കേവലം ചില നാമങ്ങളിലൂടെ പൂർണമായി വിശദീകരിക്കപ്പെടാനാവുന്ന ഒരു വ്യക്തിയുമല്ല അവിടുന്ന്. എങ്കിൽപോലും ചില നാമങ്ങളിലൂടെയും വിശേഷണങ്ങളിലൂടെയും അറിയപ്പെടാൻ അവിടുന്നു തിരുമനസ്സാകുന്നു. "നാം അവന്റെ നാമം ധരിക്കേണ്ടതിന് അവൻ നമ്മുടെ നാമം ധരിച്ചു. ദൈവം ഇപ്രകാരം താണത് മനുഷ്യനെ ഉയിർത്തുന്നതിനുവേണ്ടിയാണ്".[6] എന്ന് വി. അപ്രേം പറയുന്നു. ദൈവിക നാമങ്ങളോ അപദാനങ്ങളോ ഉപയോഗിക്കുന്നത് അവയിലൂടെ ദൈവത്തെ പൂർണമായി വ്യഖ്യാനിക്കുവാനോ ഗ്രഹിക്കുവാനോ കഴിയുമെന്നതിനാലല്ല. ദൈവത്തെ അറിയുവാനും അവിടുത്തെ അത്ഭുതങ്ങളാലും സ്നേഹത്താലും കീഴടക്കപ്പെടുവാനും ഒരുപാധിയെന്നതിനാലാണ് നാം അവ ഉപയോഗിക്കുന്നത്. രഹസ്യത്താലാവൃതനായ ദൈവത്തെ ദൃശ്യമായ ഉപമകളിലൂടെയും സങ്കല്പങ്ങളിലൂടെയും വിശ്വാസിക്ക് മനസ്സിലാക്കികൊടുക്കുക എന്നതാണ് ലക്ഷ്യം. വ്രതവാഗ്ദാനശുശ്രൂഷയിൽ ദൈവപിതാവിനെ അഭിസംബോധനചെയ്യുന്നത് പ്രധാനമായും ദൈവമായ കർത്താവ്, പരിശുദ്ധൻ, സർവശക്തനായ ദൈവം എന്നിങ്ങനെയാണ്.

**1. ദൈവമായ കർത്താവ്**

ഗ്രീക്കു ഭാഷയിലെ *Kyrios*, ഹീബ്രുവിലെ *Yahweh*, സുറിയാനിയിലെ Morio എന്നീ പദങ്ങൾക്കു തുല്യമാണ് മലയാളത്തിലെ കർത്താവ് എന്ന

പദം. പഴയനിയമത്തിൽ ദൈവത്തിന്റെ വ്യക്തിനാമമായി സാധാരണ ഉപയോഗിക്കുന്നത് ഈ പദമാണ്. സംസാരഭാഷയിൽ ഈ പദത്തിന് യജമാനൻ, അവകാശി, പ്രഭു എന്നൊക്കെയാണ് അർഥമെങ്കിലും മത പരമായി കൂടുതൽ ആഴമായ അർഥമുണ്ടീ പദത്തിന്.

ശുശ്രൂഷയിൽ കാർമികനും അർഥിയും 'കർത്താവേ' എന്ന് പലതവണ അഭിസംബോധനചെയ്യുന്നുണ്ട്. എന്റെ കർത്താവേ, ഞങ്ങളുടെ കർത്താവേ എന്നൊക്കെയുള്ള ഈ അഭിസംബോധനകളെല്ലാം ജനത്തിനു ദൈവത്തോടുള്ള ആഴമാർന്ന ബന്ധത്തേയും ആശ്രയത്വത്തെയുമാണ് സൂചിപ്പിക്കുന്നത്. സൃഷ്ടിയുടെയും, തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെയും, ഓരോവ്യക്തിയുടെയും മേൽ ദൈവത്തിനുള്ള അധികാരാവകാശങ്ങളും ഈ പദം വ്യക്തമാക്കുന്നു.

വ്രതവാഗ്ദാനത്തിലെ മിക്ക പ്രാർഥനയിലും ഗീതങ്ങളിലും ദൈവത്തെ ദൈവമായ കർത്താവ് എന്ന് അഭിസംബോധനചെയ്യുന്നു. പ്രാർഥനയുടെ ഉള്ളടക്കത്തിൽ നിന്നും ഈ അപദാനം പിതാവായ ദൈവത്തിനായാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് വ്യക്തമാകുന്നു. ഉദാഹരണമായി മാർ യാക്കോബിന്റെ ബോവൂസായിൽ സഭ പ്രാർഥിക്കുന്നതിപ്രകാരമാണ്. "ദൈവമായ കർത്താവേ, ഞങ്ങൾ നിന്നെ വിളിച്ചപേക്ഷിക്കുന്നു, ഞങ്ങളുടെ സഹായത്തിനു വരേണമേ, ഞങ്ങളുടെ പ്രാർഥനകൾ കേൾക്കുകയും ഞങ്ങളുടെ ആത്മാക്കളുടെമേൽ കരുണ വർഷിക്കുകയും ചെയ്യണമേ. ഓ! ദൈവമായ കർത്താവേ, ഞങ്ങളുടെ പ്രാർഥനകൾ കൈക്കൊണ്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കൃപ ചൊരിയണമെ... ജീവന്റെ നാഥനും ലോകത്തിന്റെ പിതാവുമായവനേ നിന്നെ ഞങ്ങൾ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു" (വ്രതവാഗ്ദാനം, 19).

തന്റെ കാർമികനിലൂടെ കന്യകയെ വിളിച്ച് വേർതിരിക്കുന്ന ദൈവമായാണ് പിതാവായ ദൈവത്തെ ചിത്രീകരിക്കുന്നത്. അക്കാരണത്താൽ പേരുനൽകൽ, മുടിഛേദനം മുതലായ ശുശ്രൂഷകൾ പ്രധാനമായും പിതാവിന്റെ നാമത്തിലാണ് നിർവഹിക്കപ്പെടുന്നത്. പിതാവിന്റെ നാമം പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തോട് ചേർന്നുപയോഗിക്കുന്നുണ്ടെങ്കിലും മുൻഗണനപിതാവിനാണ്.

**2. പരിശുദ്ധൻ**

സെദറയിലും മറ്റു പ്രാർഥനകളിലും പിതാവിനെ പരിശുദ്ധൻ എന്നു വിളിക്കുന്നു. പഴയനിയമത്തിൽ യഹോവയാണ് ഇസ്രായേലിന്റെ പരി





ശുദ്ധൻ (ഏശ 43:3). "ഞാൻ ദൈവമാണ്, മനുഷ്യനല്ല. നിങ്ങൾക്കിടയിലെ പരിശുദ്ധൻ" (ഹോസ 11 9) എന്നരുൾചെയ്തുകൊണ്ടാണ് യഹോവ ഹോസിയായ്ക്ക് സ്വയം വെളിപ്പെടുത്തുന്നത്.

പരിശുദ്ധൻ എന്ന പദം സുറിയാനിയിലെ (ക്ദോശ്) Qdos എന്ന ധാതുവിൽ നിന്നാണ് വരുന്നത്. "മുറിച്ചുമാറ്റുക", "വേർതിരിച്ചു വയ്ക്കുക" എന്നൊക്കെയാണ് അർഥം. പരിശുദ്ധൻ എന്ന വിശേഷണം ദൈവത്വത്തിന്റെയും അതീശത്വത്തിന്റെയും സൂചനയാണ്. ദൈവശുശ്രൂഷക്കായി വേർതിരിക്കപ്പെട്ട മനുഷ്യൻ എന്ന അർഥത്തിലും പരിശുദ്ധൻ എന്ന പദം ഉപയോഗിക്കുന്നു. വേർതിരിക്കൽ മാത്രമല്ല എല്ലാ നന്മപൂർണതയും, ജീവന്റെ സമൃദ്ധിയും, ശക്തിയും, ദൈവം മനുഷ്യനുമായി പങ്കു വയ്ക്കാനാഗ്രഹിക്കുന്ന എല്ലാമാണ് പരിശുദ്ധി എന്ന പദം ഉൾക്കൊള്ളുന്നത്.

ഇസ്രായേലിന്റെ പരിശുദ്ധനായ പിതാവായ ദൈവമാണ് പരിശുദ്ധിയുടെ ഉറവിടം എന്നതാണ് പ്രാർഥനകളുടെ അർഥം. ദൈവം സ്വഭാവത്താൽ പരിശുദ്ധനാണ്; പരിശുദ്ധിയേയും പരിശുദ്ധരായ മനുഷ്യരേയും സ്നേഹിക്കുന്നവനാണ്. തന്റെ പക്കലേക്ക് അടുത്തു വരുന്നവരെ പരിശുദ്ധരാക്കാൻ ആഗ്രഹിക്കുന്നവനുമാണവിടുന്ന്. വിശുദ്ധിയിൽ ജീവിക്കാൻ അവർക്കവൻ ആത്മജ്ഞാനവും, നേരായി ജീവിക്കാൻ കൃപയും നൽകുന്നു (വ്രതവാഗ്ദാനം, 26). അതുകൊണ്ട് വ്രതവാഗ്ദാനശുശ്രൂഷയിൽ ദൈവത്തെ പരിശുദ്ധൻ എന്നഭിസംബോധനചെയ്യുകയും കന്യകയ്ക്ക് വിശുദ്ധിയിൽ ജീവിക്കാനുള്ള കൃപയാചിക്കുകയും ചെയ്യുന്നു.[8]

**3. സർവശക്തനായ ദൈവം**

ദൈവത്തെ 'സർവശക്തൻ' എന്നു വിളിക്കുന്ന പ്രാർഥനകൾ വ്രതവാഗ്ദാനശുശ്രൂഷയിലുണ്ട്. ഈ അഭിസംബോധനയിൽ സൃഷ്ടിയിലും മനുഷ്യരക്ഷയിലും പ്രകടമാകുന്ന ദൈവത്തിന്റെ അത്ഭുതപ്രവൃത്തികളാണ് അനുസ്മരിക്കപ്പെടുന്നത് (വ്രതവാഗ്ദാനം, 26). ഇവിടെ ഈ പ്രാർഥന സർവശക്തനായ പിതാവായ ദൈവത്തോടുള്ളതാണ്. മനുഷ്യകുലത്തെ രക്ഷിക്കാൻ സ്വപുത്രനെ അയച്ചവനും നീതിയോടെ മാലാഖമാരെപ്പോലെ ജീവിക്കാൻ മനുഷ്യരോട് കല്പിക്കുന്നവനും വിശുദ്ധജീവിതം നയിക്കാൻ അർഥികളെ തിരഞ്ഞെടുത്തവനുമാണ് പിതാവ്. മനുഷ്യകുലത്തെ മാത്രമല്ല തന്നിലേക്കാകർഷിക്കപ്പെടുന്ന ഓരോ വ്യക്തിയേയും വിമോചനത്തിലേക്കും രക്ഷയിലേക്കും നയിക്കുന്ന ശക്തനായ ദൈവമായാണ് സഭ പിതാവിനെ അവതരിപ്പിക്കുന്നത്.

### പിതാവ് വ്രതവാഗ്ദാനാർഥിനിയെ തന്റെ പക്കലേക്ക് ആകർഷിക്കുന്നു

തന്റെ കൂടെയായിരിക്കണമെന്നാഗ്രഹിക്കുന്നവരെ ദൈവപിതാവ് തന്റെ പക്കലേക്ക് വലിച്ചടുപ്പിക്കുന്നു. വ്രതവാഗ്ദാന ശുശ്രൂഷയിലുട നീളം "തന്റെ വാതിൽ രാപകൽ തുറന്നിടുന്നവനും", "സ്വാഗതം ചെയ്യു ന്നവനും", "സ്വീകരിക്കുന്നവനും" ഒക്കെയായി ദൈവപിതാവിനെ നാം കാണുന്നു. തന്റെ മക്കളെ തന്നിലേക്കാകർഷിക്കുന്ന പിതാവിനെയാണ് നാം ഇവിടെ കണ്ടുമുട്ടുന്നത്. മുടിച്ഛേദനശുശ്രൂഷയിൽ അർഥിനി പ്രാർഥിക്കുന്നു. "ദൈവത്തിങ്കലേക്ക് അടുത്തുവരാൻ ഞാൻ ആഗ്ര ഹിക്കുന്നു. എന്റെ ശരണമായ കർത്താവേ, നിന്റെ നാമം എനിക്കു നല്ല താകുന്നു. നിന്റെ വിസ്മയ കാര്യങ്ങളെല്ലാം ഞാൻ അറിയിക്കും" (വ്രതവാഗ്ദാനം, 46).

"എന്റെ പിതാവ് ആകർഷിച്ചാലല്ലാതെ ആർക്കും എന്റെ അരികിൽ വരാനാവില്ല" എന്ന് വി. യോഹന്നാന്റെ സുവിശേഷത്തിൽ യേശു അരുൾ ചെയ്യുന്നു (യോഹ 6,44). തന്നിലേക്കു സകലരേയും ആകർഷി ക്കുന്നവനായിട്ടാണ് വ്രതവാഗ്ദാനശുശ്രൂഷയിൽ ദൈവപിതാവിനെ അവതരിപ്പിച്ചിരിക്കുന്നത്. ഇക്കാരണങ്ങളാൽ അർഥിനിയുടെ പ്രാർഥന സ്വഹിതപ്രകാരമുള്ളതല്ല എന്നും തന്നിലേക്കവളെ ആകർഷിക്കുന്നത് ദൈവം തന്നെയാണെന്നും നമുക്കു ഗ്രഹിക്കാം. ചുരുക്കത്തിൽ, സമർപി ത ജീവിതത്തിലേക്ക് വ്യക്തികളെ ആകർഷിക്കുന്നതിനു മുൻകൈയെ ടുക്കുന്ന പിതാവാണ് ദൈവം.

### പിതാവ് വിളിക്കപ്പെട്ടവളെ "ദൈവത്തിന്റെ അനുഗ്രഹീത"യാക്കുന്നു

വ്രതവാഗ്ദാനശുശ്രൂഷയിൽ സഭ പിതാവായ ദൈവത്തെ വിളിച്ച പേക്ഷിക്കുകയും അർഥിയുടെമേൽ സമർപിതജീവിതത്തിനുള്ള കൃപ ചൊരിയണമേ എന്നു പ്രാർഥിക്കുകയും ചെയ്യുന്നു. എല്ലാ അനുഗ്ര ഹങ്ങളുടെയും ഉറവിടമാണ് ഈ ദൈവം. സഭ ദൈവത്തിൽ നിന്ന് കൃപ സ്വീകരിച്ച് തന്റെ പുരോഹിതനിലൂടെ അർഥിയുടെമേൽ ചൊരിയുന്നു. പഴയനിയമത്തിൽ പുരോഹിതൻമാർക്ക് ഇസ്രായേൽ ജനത്തെ അനു ഗ്രഹിക്കാൻ അവകാശമുണ്ടായിരുന്നു. വി. പൗലോസ് ശ്ലീഹ എഫേ സോസുകാർക്ക് എഴുതിയ ലേഖനത്തിൽ നാം വായിക്കുന്നു.

സ്വർഗീയമായ എല്ലാ ആത്മീയവരങ്ങളാലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചവനും കർത്താവായ യേശുക്രിസ്തുവിന്റെ പിതാവുമായ





ദൈവം സ്തുതിക്കപ്പെട്ടവനാകട്ടെ. തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കുവാൻ ലോകസ്ഥാപനത്തിനു മുമ്പു തന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു. യേശുക്രി സ്തുവഴി നാം അവിടുത്തെ പുത്രരായി ദത്തെടുക്കപ്പെടണമെന്ന് അവി ടുന്ന് തന്റെ ഹിതവും ലക്ഷ്യവുമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ചു. (എഫേ 1, 3-5).

*brk* എന്ന മൂലരൂപത്തിൽ നിന്നുവരുന്ന അനുഗ്രഹം എന്ന പദത്തിന് ആരാധനയ്ക്കായി മുട്ടുമടക്കുക, ശക്തി, ജീവിതത്തെ മുന്നോട്ടു നയി ക്കുന്ന എല്ലാ കൃപകളും എന്നൊക്കെയാണ് ധ്വനി. സ്രഷ്ടാവും ജീവന്റെ ഉറവിടവുമായ ദൈവത്തിന്റെ എല്ലാ രക്ഷാകരപ്രവൃത്തികളുമാണ് അനു ഗ്രഹം എന്നതുകൊണ്ട് പ്രധാനമായി അർഥമാക്കുന്നത്. ഈ അനു ഗ്രഹം താൻ ഇച്ഛിക്കുന്നവർക്ക് ദൈവം വാക്കുകളിലൂടെയും പ്രതീകാ ത്മക കർമങ്ങളിലൂടെയും പകർന്നു നൽകുന്നു.

ഉത്പത്തി പുസ്തകത്തിൽ ദൈവം സകലചരാചരങ്ങളേയും, പ്രത്യേ കിച്ച് ആദത്തേയും ഹവ്വായേയും ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴട ക്കാൻ അനുഗ്രഹിക്കുന്നതായും നാം കാണുന്നു. എന്നാൽ അവരുടെ പാപം പ്രപഞ്ചത്തിൻമേലും മനുഷ്യവംശത്തിൻമേലും ശാപം ക്ഷണിച്ചു വരുത്തുന്നു. അബ്രഹാമിലൂടെ വീണ്ടും അനുഗ്രഹം മനുഷ്യചരിത്ര ത്തിലേക്കു കടന്നുവരുന്നു. അബ്രഹാം ദൈവികാനുഗ്രഹം വിശ്വാസ പൂർവം സ്വീകരിക്കുകയും രക്ഷ ഉദ്ഘാടനം ചെയ്യാൻ ദൈവകരങ്ങ ളിൽ ഉപകരണമാകുകയും ചെയ്തു.

ദൈവം തന്റെ അനുഗ്രഹം മനുഷ്യനുൾപ്പെടെ എല്ലാ സൃഷ്ടിക്കും നൽകുന്നു. ഇത് അവിടുത്തെ രക്ഷാകരപദ്ധതിയാണ്. സുറിയാനി യിൽ സന്യാസിയേയും ഉടമ്പടി മക്കളേയും സൂചിപ്പിക്കാൻ "റ്റൗബാനേ" എന്ന സാങ്കേതിക പദമാണുപയോഗിച്ചിരുന്നത്. അഫ്രാഹാത്തിന്റെ അഭിപ്രായത്തിൽ ക്രിസ്തുവിനെ അനുഗമിക്കുന്ന എല്ലാവരേയുമാണ് 'അനുഗ്രഹീതർ' എന്ന പദം സൂചിപ്പിക്കുന്നത് (മത്താ.5-3-11). വ്രത വാഗ്ദാനശുശ്രൂഷയിൽ ദൈവം അതിൽ സംബന്ധിക്കുന്ന സകലരേ യും, ഏറ്റം പ്രത്യേകമായി തന്റെ ഹിതപ്രകാരം താൻ വിളിച്ചു വേർതി രിച്ച സന്യാസാർഥിയേയും അനുഗ്രഹിക്കുകയും കൃപചൊരിയുകയും ചെയ്യുന്നു. അനുഗ്രഹം ഒരു ദൈവിക പ്രവൃത്തിയാണ്.

**ക്രിസ്തുവിന്റെ പങ്ക്**

"എന്നെ അനുഗമിക്കാനാഗ്രഹിക്കുന്നവൻ തന്നെതന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ. 16:24) എന്ന രുൾചെയ്ത ക്രിസ്തുവാണ് സന്യാസജീവിതത്തിന്റെ മാതൃക. കർത്താവിനെ സ്നേഹിക്കണമെന്നും സമർപിത ശുശ്രൂഷയിലൂടെ അവിടുത്തെ മഹത്വപ്പെടുത്തണമെന്നുമുള്ള നിഷ്കപടമായ ആഗ്രഹത്താൽ പ്രേരിതയായി ഈ ശിഷ്യത്വം ആഗ്രഹിക്കുകയും അതിനായി സ്വയം സമർപിക്കുകയും ചെയ്യുന്ന അർഥിനിയെ ക്രിസ്തു സ്വീകരിക്കുന്നു.

**ക്രിസ്തുവിന്റെ നാമങ്ങൾ**

സുറിയാനി ക്രിസ്ത്യാനികൾ യേശുവിന്റെ നാമവും അപദാനങ്ങളും ആരാധനയിൽ ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ഇവകൊണ്ടൊന്നും യേശുവിനെ പൂർണമായി വെളിപ്പെടുത്താനാവില്ല എങ്കിലും തോമസിന്റെ നടപടിയിൽ പറയുന്നപോലെ "നമുക്കുവേണ്ടിയാണ് അവൻ നാമം ധരിച്ചത്." വി. അപ്രേം പാടുന്നു,

> കർത്താവ്, കരുണനിറഞ്ഞ കർത്താവ് നമ്മുടെ നാമം ധരിച്ചു പ്രതീകങ്ങളിൽ തന്നെതന്നെ താഴ്ത്തി, കടുകുമണിയോളം അവൻ നമുക്ക് അവന്റെ നാമം നൽകുകയും നമ്മുടെ നാമങ്ങൾ അംഗീകരിക്കുകയും ചെയ്തു. അവന്റെ നാമം നമ്മെ വലിയവരാക്കി, നമ്മുടെ നാമം അവനെ ചെറിയവനാക്കി. നിനക്കു സ്വന്തമായവരുടെ മേൽ നിന്റെ നാമം വിരിക്കുകയും അവരുടെ നാമം സുന്ദരമാക്കുകയും ചെയ്ത നീ വാഴ്ത്തപ്പെട്ടവനാകുന്നു.[7]

വ്രതവാഗ്ദാനശുശ്രൂഷയിൽ യേശുവിനെ ആത്മാക്കളുടെ വൈദ്യനെന്നും ഇടയനെന്നും വിളിക്കുന്നു. മനുഷ്യവംശത്തോടും ഓരോ വ്യക്തിയോടുമുള്ള ദൈവത്തിന്റെ രക്ഷാകര പ്രവർത്തനം വിവരിച്ചുകൊണ്ട് നമുക്കവിടുത്തെ നാമങ്ങൾ ചർച്ചചെയ്യാവുന്നതാണ്.

**1. ദൈവികവൈദ്യൻ**

യേശുവിനെ ആത്മാവിന്റെ വൈദ്യനായി വ്രതവാഗ്ദാനശുശ്രൂഷയിൽ അഭിസംബോധനചെയ്യുന്നു. സുവിശേഷങ്ങളിൽ പല സ്ഥലത്തും യേശുവിനെആത്മാക്കളുടെ വൈദ്യനായി അവതരിപ്പിക്കുന്നു (മത്താ.2.17, ലൂക്കാ 4.23). സൗഖ്യമാക്കുന്നതിനുള്ള യേശുവിന്റെ സിദ്ധിയും സൗഖ്യദായക ശുശ്രൂഷയും കാരണമാണിത്. രണ്ടു തലത്തിലാണ് യേശു വൈദ്യനാകുന്നത്. ശാരീരികവും ആത്മീയവുമായ





സൗഖ്യം നൽകികൊണ്ട് യേശു ശാരീരിക സൗഖ്യം മാത്രം നല്കുന്ന വൈദ്യന്മാർക്ക് അതീതനായി നില്ക്കുന്നു. യേശു ശരീരത്തേയും ആത്മാവിനേയും സൗഖ്യമാക്കുന്നു. അതുകൊണ്ടാണവിടുത്തെ ദൈവിക വൈദ്യൻ എന്നുവിളിക്കുന്നത്.

സുറിയാനി സാഹിത്യത്തിൽ യേശുവിനുപയോഗിക്കുന്ന രണ്ട് പ്രധാനനാമങ്ങളാണ്-ഇഷ്ടനാമങ്ങളാണ്-വൈദ്യൻ എന്നതും ജീവൗഷധം എന്നതും. സുവിശേഷങ്ങൾക്കുപുറമേ ക്രിസ്ത്യാനികളുടെ എഡേസ്സായിലേക്കുള്ള ആഗമനത്തെക്കുറിച്ചുള്ള അദ്ദായിയുടെ ഇതിഹാസത്തിൽ നിന്നാണ് സുറിയാനി ലോകത്തിൽ ഈ നാമങ്ങൾ പ്രയോഗത്തിൽ വന്നത്. വി. അപ്രേം ഇവ പതിവായി ഉപയോഗിക്കുന്നുണ്ട്. വിശ്വാസപൂർവം തന്നെ സമീപിക്കുന്ന സകലരുടേയും ശരീരത്തേയും ആത്മാവിനേയും സൗഖ്യമാക്കുന്ന കർത്താവിന്റെ കരുണയെയാണ് അപ്രേം ഈ ഉപമകൊണ്ട് സൂചിപ്പിക്കുന്നത്. ശാസ്ത്രീയമായ മാർഗങ്ങൾ കൊണ്ടോ മരുന്നു കൊണ്ടോ അല്ല യേശു സൗഖ്യം നല്കുന്നത്. അവിടുത്തെ കരുണയും കൃപയുമാകുന്ന വചനമാണ് അവിടുത്തെ ആത്മീയ ഔഷധം. തന്റെ കരുണയും നീതിയുമാകുന്ന ഔഷധം കൊണ്ടാണ് യേശു ആത്മീയവും ശാരീരികവുമായ സൗഖ്യം നൽകുന്നത്. താഴെ കൊടുക്കുന്ന ഗീതം ആലപിച്ചുകൊണ്ട് അർഥിനി ക്രിസ്തുവാകുന്ന വൈദ്യനെസമീപിക്കുന്നു.

> "നോക്കണമെൻ ദുരിതം നാഥാ-
> പലതരദോഷം ഞാൻ ചെയ്തേൻ
> കോപിപ്പിച്ചു ശരണമെനിക്കില്ല
> വൈദ്യന്മാർ പക്കൽ ഞാൻ പോയ്
> അവരൗഷധമെല്ലാം ചെയ്തിട്ടി-
> ല്ലൊരു ഗുണവും
> എൻവ്രണമോ കഠിനം
> നൽ വൈദ്യാ നിന്നെയും നി
> ന്നൗഷധഗുണവും ഞാൻ കേട്ടു-
> നിങ്കൽ വരുന്നോൻ
> സുഖമേൽക്കും നൂനം" (വ്രതവാഗ്ദാനം, 15).

മനുഷ്യന്റെ ആന്തരിക മുറിവുകളെ സൗഖ്യമാക്കുന്ന ആത്മീയ വൈദ്യനായാണ് ഇവിടെ യേശുവിനെ അവതരിപ്പിക്കുന്നത്. ക്രിസ്തു

പാപങ്ങൾ സൗഖ്യമാക്കുന്നു, അവിടുന്നുമായുള്ള ആദ്യ കൂടികാഴ്ച തന്നെ സഖേവൂസിനു പാപത്തിൽ നിന്ന് മോചനവും മാനസാന്തരവും നൽകുന്നു(ലൂക്കാ 19, 1-10). പാപികളുടെ പ്രതീക്ഷയാണ് ക്രിസ്തു. മർക്കോസ് എഴുതിയ സുവിശേഷത്തിൽ രക്തസ്രാവക്കാരിയായ സ്ത്രീയെ യേശു സൗഖ്യമാക്കുന്നതായി കാണുന്നുണ്ടല്ലോ (മാർക്ക് 5 -25-34). യേശുവിനെ സമീപിച്ചവരെല്ലാം സൗഖ്യമാക്കപ്പെടുന്നു എന്നു കണ്ട് വിശ്വാസത്തോടെയാണവൾ വന്നത്. യേശു സാധാരണക്കാരനായ വൈദ്യനല്ലെന്നും അവനിൽ മാത്രമേ തനിക്ക് പ്രത്യാശയും രക്ഷയും കണ്ടെത്താനാകുകയുള്ളൂ എന്നുമുള്ള വിശ്വാസത്താലാണവൾ വന്നത്. യേശുവിലൂടെ മാത്രമേ പാപത്താൽ ശിഥിലമായ മനുഷ്യപ്രകൃതിക്ക് യഥാർഥ ആന്തരികതയും അതിലൂടെ മനസിനും ഹൃദയത്തിനും ശാന്തിയും കണ്ടെത്താൻ കഴിയുകയുള്ളൂ.

**2. നല്ലിടയനായ യേശു**

വ്രതവാഗ്ദാന ശുശ്രൂഷയിൽ കാണുന്ന മറ്റൊരു ശക്തമായ നാമമാണ് നല്ലിടയൻ എന്നത്. വ്രതവാഗ്ദാനശുശ്രൂഷയിൽ, സ്വീകരണശുശ്രൂഷയിൽ പ്രത്യേകിച്ചും യേശുവിനെ നല്ലിടയനായും കന്യകയെ കുഞ്ഞാടായും വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്.

ബൈബിളിലും മെസപ്പൊട്ടോമിയൻ സാഹിത്യത്തിലും ധാരാളമായി കാണുന്ന ഒരു സങ്കൽപമാണ് ഇടയസങ്കൽപം. ഇടയൻ എന്ന് തർജ്ജമ ചെയ്യാനാകുന്ന ഹീബ്രു പദം (roe'h) 160 തവണ ഹീബ്രു ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. വി.ഗ്രന്ഥത്തിൽ ദൈവത്തെയും രാജാവിനെയും ജനത്തിന്റെ ഇടയൻ എന്ന് പറയുന്നുണ്ട്. പഴയനിയമം യഹോവയെ നല്ല ഇടയനായി അവതരിപ്പിക്കുന്നു (സങ്കീ.23). ഏശയ്യ, മീഖാ, എസക്കിയേൽ എന്നീ പ്രവാചകൻമാരും ദൈവം നല്ലിടയൻ എന്ന ആശയം നൽകുന്നുണ്ട് (ഏശ 63, 11-, മീഖാ 5,2-4, എസ 34-23).

ദൈവത്തിനു പഴയനിയമജനതയോടുള്ള സ്നേഹവും കരുതലും പ്രകടമാക്കുന്ന ഏറ്റം നല്ല സങ്കല്പമാണ് ഇടയസങ്കല്പം. നല്ല ഇടയൻ എപ്പോഴും ആടുകളോട് സ്നേഹമുള്ളവനും കരുണകാട്ടുന്നവനുമാണ്. ദൈവം ജനത്തെ ആനന്ദംകൊണ്ടു നിറയ്ക്കുന്നു എന്നതിലാണ് സന്തോഷം (സങ്കീ 23). യഹോവ നല്കുന്ന മോചനം ആടുകളോട് ഇടയൻ കാട്ടുന്ന കരുതലായാണ് മനസ്സിലാക്കപ്പെടുന്നത്.

പുതിയനിയമം, പ്രത്യേകമായി വി. യോഹന്നാൻ എഴുതിയ സുവിശേഷം, ആടുകളുമായി ബന്ധപ്പെടുത്തിയും ഇടയനായും യേശുവിനെഅവതരിപ്പിക്കുന്നു (യോഹ 10,15;21,15-17). യേശുവിനെ ജീവദായക ദൗത്യത്തോടും അജപാലനദൗത്യത്തോടും ബന്ധപ്പെടുത്തി ഇടയനായും കുഞ്ഞാടായും യോഹന്നാൻ അവതരിപ്പിക്കുന്നുണ്ട്. വളരെ പ്രധാനമായി കുഞ്ഞാട് (ആമ്നോസ്), ആട്(പ്രൊബാറ്റോൺ), ഇടയൻ(പോയ്മോൻ) എന്നീ പദങ്ങളാണ് ഇതിനായി ഉപയോഗിക്കുന്നത്. ക്രിസ്തുവിനെ ഇടയനായി അവതരിപ്പിക്കുമ്പോൾ അവിടുത്തെ രക്ഷാകര പ്രവർത്തനം മാത്രമല്ല അജഗണത്തോടുള്ള ബന്ധം കൂടിയാണർഥമാക്കുന്നത്. യേശുവിനെ രക്ഷാകര ദൗത്യവുമായി ബന്ധപ്പെടുത്തി *Imro* എന്നും വിളിക്കുന്നു. അങ്ങനെ യേശുവും ജനവും തമ്മിലുള്ള അഗാധമായ ബന്ധമാണ് ഇതു സൂചിപ്പിക്കുന്നത്.

സുറിയാനി പിതാക്കൻമാർ അവരുടെ കൃതികളിലും ക്രിസ്തുവിനെ ഇടയനായി പുകഴ്ത്തുന്നുണ്ട്. വി. അപ്രേം മനുഷ്യാവതാര ഗീതങ്ങളിൽ ഇപ്രകാരം പാടുന്നു- "നമ്മുടെ പാപപരിഹാരത്തിനായി സ്വയം കുഞ്ഞാടായി തീർന്ന ഇടയനു സ്തുതി".[8] അജഗണത്തിന്റെ മുഖ്യ ഇടയനും അജഗേഹത്തിന്റെ (ദയ്റോ) വാതിലുമാണവിടുന്ന് (യോഹ 10,1). ദയറാ എന്നത് പില്ക്കാലത്ത് സന്യാസികളുടെ വാസസ്ഥലത്തിന്റെ പേരായി മാറി.

ഇടയൻ, നല്ല ഇടയൻ എന്നിവയാണ് ക്രിസ്തുവിന്റെ ജീവദായകവും അജപാലനപരവുമായ ദൗത്യത്തെ സൂചിപ്പിക്കാൻ വ്രതവാഗ്ദാനശുശ്രൂഷയിൽ ഉപയോഗിക്കുന്ന പദങ്ങൾ. വ്രതവാഗ്ദാനശുശ്രൂഷയുടെ ആരംഭത്തിൽതന്നെ തന്നെ തേടിവരാനും യഥാർഥ ആലയിലേയ്ക്കു കൊണ്ടുവരുവാനും കന്യക ക്രിസ്തുവാകുന്ന നല്ല ഇടയനോടു പ്രാർഥിക്കുന്നു. സുവിശേഷത്തിലെ, നഷ്ടപ്പെട്ട ആടിനെ അന്വേഷിക്കുന്ന ഇടയന്റെ ഉപമയുടെ വെളിച്ചത്തിലാണീ പ്രാർഥന. സ്വജീവൻ നൽകി അജത്തെ നയിക്കുകയും കാത്തുപരിപാലിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന നല്ലിടയനായാണ് യേശുവിനെ അവതരിപ്പിക്കുന്നത്. അന്ത്യോക്യൻ ആരാധനക്രമത്തിലെ കുഞ്ഞാടും ഇടയനും എന്ന പ്രതീകം യോഹന്നാന്റെതാണ്. സഭ അതു സ്വീകരിച്ച് ക്രിസ്തുവിനെ തന്റെ ദൗത്യ നിർവഹണത്തിലൂടെ ഇടയനായി തീർന്ന കുഞ്ഞാടായി അവതരിപ്പിക്കുന്നു. വ്രതവാഗ്ദാനത്തിന്റെ *Sharfe Edition* - ൽ ഇങ്ങനെ കാണുന്നു, "യഥാർഥ ഇടയനും മാർഗവും വാതിലും ആലയുമായവനെ ഞങ്ങളുടെ നഷ്ടാവസ്ഥയെ അന്വേഷിക്കണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു".[9] നല്ല ഇടയനായി മാത്രമല്ല വഴിയായും വാതി

ലായും ആലയായും ഈ പ്രാർത്ഥനയിൽ ക്രിസ്തുവിനെ നാം കാണുന്നു. രക്ഷാകര രഹസ്യത്തിൽ നല്ല ഇടയനെന്ന നിലയിലുള്ള ക്രിസ്തുവിന്റെ ദൗത്യം മുഴുവൻ വ്യക്തമാക്കുന്നതാണിത്.

**വ്രതവാഗ്ദാനശുശ്രൂഷയിൽ ക്രിസ്തു സന്നിഹിതനാണ്**

"തന്റെ രക്ഷാകരകൃത്യം തുടരാനായി ക്രിസ്തു സഭയിൽ, പ്രത്യേകിച്ച് ആരാധനാക്രമത്തിൽ സന്നിഹിതനാണ്"[10] എന്ന് കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിൽ നാം വായിക്കുന്നു. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടിയാലും അവരുടെ മദ്ധ്യേ ഞാനുണ്ടായിരിക്കും" (മത്തായി 18:20) എന്നു വാഗ്ദാനം ചെയ്ത ക്രിസ്തു വ്രതവാഗ്ദാന ശുശ്രൂഷയിൽ സന്നിഹിതനാണ്. വി. കുർബാനയിലും, വചനശുശ്രൂഷയിലും കാർമികനിലും സഭയുടെ പ്രാർഥനകളിലും ഗീതങ്ങളിലും സന്നിഹിതനാണ്. ദൈവത്തിന്റെ പിതൃമുഖം വെളിപ്പെടുത്തിക്കൊണ്ട് ക്രിസ്തു തന്റെ സാന്നിദ്ധ്യം വ്യക്തമാക്കുന്നു.

**പിതാവ് എന്ന രഹസ്യം ക്രിസ്തു വെളിവാക്കുന്നു**

വ്രതവാഗ്ദാനത്തിൽ ക്രിസ്തുവിന്റെ യഥാർഥ പങ്ക് ദൈവത്തിന്റെ പിതൃരഹസ്യം വെളിവാക്കുക എന്നതാണ്. മനുഷ്യമക്കൾക്കു അന്വേഷിച്ചു കണ്ടെത്താനോ മാലാഖമാർക്കു ഗ്രഹിക്കാനോ കഴിയാത്ത രഹസ്യമാണു ദൈവം. എന്നാൽ തന്നെ അറിയുകയും വെളിപ്പെടുത്തുകയും ചെയ്യുന്ന യേശുക്രിസ്തുവിലൂടെ അറിയപ്പെടാൻ അവിടുന്ന് തിരുമനസ്സായി. യേശുവിന്റെ രക്ഷാകരദൗത്യത്തിന്റെ പ്രഭവസ്ഥാനവും കേന്ദ്രവും പിതാവാണ്. യേശു തന്നെ ഈ ബന്ധത്തെ വ്യക്തമാക്കുന്നു. "ഞാനും പിതാവും ഒന്നാണ്" (യോഹ 10,30). "പിതാവിന്റെ ഇഷ്ടം നിറവേറ്റുകയാണ് എന്റെ ഭക്ഷണം" (യോഹ 4,34). ഒന്നായിരിക്കലിന്റെ സാക്ഷ്യം യേശുവിന്റെ അബ്ബാ അനുഭവത്തിൽ നിന്നാണ് വരുന്നത്. പിതാവിനും പുത്രനുമിടയിൽ ഭിന്നതയില്ല, അവർ രണ്ടുപേരും ഒന്നാണ്.

നഷ്ടപ്പെട്ടവരും ദൈവമില്ലാത്തവരുമായ പാപികളിലേക്കു തിരിഞ്ഞുകൊണ്ട് യേശു പിതാവിനെ വെളിപ്പെടുത്തുന്നു. വി. മത്തായി എഴുതിയ സുവിശേഷത്തിൽ നാം ഇപ്രകാരം വായിക്കുന്നു; "എല്ലാകാര്യങ്ങളും പിതാവ് എന്നെ ഏൽപിച്ചിരിക്കുന്നു. പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തുന്നുവോ അവനുമല്ലാതെ മറ്റാരും പിതാവിനെ അറിയുന്നില്ല". (മത്താ 11-27). യേശു, യേശു മാത്രമാണ് പിതാവിനെ നമുക്കു





വെളിപ്പെടുത്തുന്നത്. യേശുവിലൂടെ, യേശുവിന്റെ പ്രവർത്തനങ്ങളിലൂടെയാണ് പിതാവായ ദൈവം സകല മനുഷ്യർക്കും വെളിപ്പെടുന്നത്.

സമർപണത്തിന്റെ നടത്തിപ്പുകാരൻ മാത്രമായല്ല യേശു വ്രതവാഗ്ദാനശുശ്രൂഷയിൽ സന്നിഹിതനാകുന്നത്. തന്റെ ശുശ്രൂഷക്കായി തന്നിലേയ്ക്ക് അർഥിനിയെ ആകർഷിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന പിതാവായും കൂടിയാണ്. അർഥിനിയുടെ അപേക്ഷകളെ സ്വീകരിക്കുകയും അവളെ കരുതുകയും ശ്രദ്ധാപൂർവം ശ്രവിക്കുകയും ചെയ്യുന്ന പിതാവാണ് ക്രിസ്തു. കരുണയുടെ കവാടത്തിൽ കാത്തുനിൽക്കുകയും അർഥിനിയെ സ്വീകരിക്കുകയും ചെയ്യുന്ന പിതാവാണ അവിടുന്ന്. അവളെ പേരുചൊല്ലി വിളിക്കുകയും മുദ്രകുത്തുകയും അംഗീകരിക്കുകയും മഹത്വത്തിന്റെ വസ്ത്രം അവളെ അണിയിക്കുകയും തന്റെ ശരീരത്തിലും രക്തത്തിലും അവളെ പങ്കുകാരിയാക്കുകയും ചെയ്യുന്നത് അവിടുന്നാണ്. കൂടാതെ വചനശുശ്രൂഷയിലൂടെയും സഭയുടെ പ്രാർഥനകളിലൂടെയും ക്രിസ്തു തന്റെ അനുഗ്രഹവും കൃപയും സ്നേഹവും ദയയും ആനന്ദവും സ്ഥിരതയും പ്രത്യാശയും കന്യകയുടെമേൽ വർഷിക്കുകയും അവളും അവിടെ കൂടിയിരിക്കുന്ന സമൂഹവും ദൈവപിതാവിന്റെ സ്നേഹം അനുഭവിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

കന്യകയുടെ ദൈവാനുഭവം അവളിൽമാത്രം ഒതുങ്ങേണ്ട ഒന്നല്ല, അത് സകലരിലേക്കും പകർന്നു നൽകപ്പെടേണ്ടതാണ്. നല്ലവരുടെയും ദുഷ്ടന്മാരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന ദൈവത്തെ കന്യക തന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തണം (cf. മത്താ 5.45).

**തന്റെ മണവറരഹസ്യത്തിലേക്ക് ക്രിസ്തു അർഥിനിയെ ആനയിക്കുന്നു**

വ്രതവാഗ്ദാനശുശ്രൂഷയിൽ ക്രിസ്തു തന്റെ മണവറ രഹസ്യം അതായത് പെസഹാരഹസ്യം, അർഥിനിയ്ക്കും വിശ്വാസിസമൂഹത്തിനും വെളിപ്പെടുത്തുന്നു. കുരിശിലൂടെയുള്ള സഭയുടെ വിവാഹനിശ്ചയം ശുശ്രൂഷയുടെ കേന്ദ്ര ആശയമാണ്. ഈ രഹസ്യങ്ങൾ ക്രിസ്തു വചനശുശ്രൂഷയിലൂടെയും പ്രാർഥനകളിലൂടെയും പ്രതീകാത്മക പ്രവൃത്തികളിലൂടെയും വെളിവാക്കുന്നു. സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് യേശുവിനെ അനുഗമിക്കുക എന്ന അവിടുത്തെ

ക്ഷണം പേരുനൽകൽ, മുദ്രകുത്തൽ, മുടിഛേദനം, കുരിശുനൽകൽ എന്നീ ശുശ്രൂഷകളിലൂടെ സുവ്യക്തമാക്കുന്നു. വ്രതവാഗ്ദാനവാചകം പ്രഖ്യാപിച്ച് കുരിശടയാളത്തിൽ മുദ്രവച്ചുകൊണ്ട് കന്യക ഈ ക്ഷണത്തിന് പ്രത്യുത്തരം നൽകുന്നു. ഈ പ്രവൃത്തികളിലൂടെ ശരീരത്തിന്റെയും മനസിന്റെയും ആത്മാവിന്റെയും സമർപ്പണത്തിലൂടെ തന്നിലേക്കു രൂപാന്തരപ്പെടാനുള്ള ക്ഷണം യേശു കന്യകയ്ക്കു നൽകുകയാണുചെയ്യുന്നത്.

**പരിശുദ്ധാത്മാവിന്റെ പങ്ക്**

ആത്മാവ് എന്ന പദം ഹീബ്രുവിലെ റൂഹ *ruah* എന്ന പദത്തോടു ബന്ധപ്പെട്ടതും ശ്വാസം, വായു, കാറ്റ് എന്നൊക്കെ അർഥമുള്ളതുമാണ്. നിക്കോദിമൂസിനോടു സംസാരിക്കുമ്പോൾ തന്നിലൂടെയുള്ള പുതിയ സൃഷ്ടിയാകലിനെക്കുറിച്ചു പറയാൻ യേശു ഈ പദം ഉപയോഗിക്കുന്നു. പരി.ത്രിത്വത്തിലെ മൂന്നാമത്തെ ആളാണ് പരിശുദ്ധാത്മാവ്.

വ്രതവാഗ്ദാനശുശ്രൂഷയിൽ പരിശുദ്ധാത്മാവിന്റെ പങ്ക് പല വിധത്തിൽ പ്രകടമാകുന്നു.

**പരിശുദ്ധാത്മാവിന്റെ അപദാനങ്ങൾ**

പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുകയും അവനെക്കുറിച്ചു പ്രഖ്യാപിക്കുകയും ചെയ്യുമ്പോൾ യേശു ഉപയോഗിക്കുന്ന പേര് പാറക്ലീത്താ എന്നാണ് (യോഹ 14,16.26.15,26.16,7). "അഭിഭാഷകൻ", "പക്ഷം ചേരുന്നവൻ" എന്നൊക്കെയാണ് പാറക്ലീത്ത എന്ന പേരിന്റെ അർഥം. സത്യത്തിന്റെ ആത്മാവ് എന്നും യേശു പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുന്നു (യോഹ 16,13).

വാഗ്ദാനത്തിന്റെ ആത്മാവ് (ഗലാ 3,14. എഫേ 1,13), പുത്രസ്വീകാര്യത്തിന്റെ ആത്മാവ് (റോമ 8,15 ഗലാ 4,6), ക്രിസ്തുവിന്റെ ആത്മാവ് (റോമ 8,9), കർത്താവിന്റെ ആത്മാവ്(2കോറി 3,17), ദൈവത്തിന്റെ ആത്മാവ് (റോമ 8,9 1 കോറി 6,11.7,40) എന്നൊക്കെയാണ് വി. പൗലോസ് ശ്ലീഹാ പരിശുദ്ധാത്മാവിനെ വിശേഷിപ്പിക്കുന്നത്. മഹത്വത്തിന്റെ ആത്മാവായാണ് വി. പത്രോസ് ശ്ലീഹാ പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുന്നത് (1 പത്രോസ് 4,14).

വ്രതവാഗ്ദാനശുശ്രൂഷയിൽ "റൂഹ", "വിശുദ്ധീകരണത്തിന്റെ ആത്മാവ്", "പവിത്രീകരിക്കുന്ന ആത്മാവ്", "അറിവിന്റെയും ജ്ഞാനത്തിന്റെയും ആത്മാവ്", "ശക്തിയുടെയും ബലപ്പെടുത്തലിന്റെയും





ആത്മാവ്", "പാപപരിഹാരകൻ", "രൂപാന്തരീകരണത്തിന്റെ ആത്മാവ്", "ദൈവികപുണ്യങ്ങളുടെ ആത്മാവ്" എന്നൊക്കെയാണ് പരിശുദ്ധാത്മാവ് വിശേഷിപ്പിക്കപ്പെടുന്നത്. വ്രതവാഗ്ദാനശുശ്രൂഷയിൽ പരിശുദ്ധാത്മാവ് നിർവഹിക്കുന്ന പങ്കിനെ അടിസ്ഥാനമാക്കിയുള്ളവയാണീ നാമങ്ങൾ.

**1. ജീവൻ നൽകുന്ന ആത്മാവ്**

ദൈവികജീവനിലുള്ള നമ്മുടെ പങ്കുചേരലിന്റെ അച്ചാരമാണ് പരിശുദ്ധാത്മാവ്. ദൈവമാണ് നമ്മുടെമേൽ തന്റെ മുദ്ര പതിപ്പിച്ചതും വരാനിരിക്കുന്ന ജീവന്റെ അച്ചാരമായി നമ്മുടെ ഹൃദയങ്ങളിൽ വസിക്കാൻ പരിശുദ്ധാത്മാവിനെ നൽകിയിരിക്കുന്നതും (2 കോ 1, 22).

പരിശുദ്ധാത്മാവിന്റെ ജീവദായകദൗത്യം പ്രത്യക്ഷത്തിൽ എന്നതിനേക്കാൾ പരോക്ഷമായാണ് അവതരിപ്പിക്കുന്നത്. ശുശ്രൂഷയുടെ ആരംഭത്തിൽതന്നെ യേശു തന്നെ അനുഗമിക്കുന്നവർക്കു വാഗ്ദാനം നൽകിയ ജീവജലം (യോഹ 4,10) കന്യക യാചിക്കുന്നു.

> വി. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ നാം വായിക്കുന്നു "എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വി. ഗ്രന്ഥം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ പുറപ്പെടും (യോഹ7,37,38). തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചാണ് യേശു സംസാരിക്കുന്നതെന്ന് സുവിശേഷകൻ പറയുന്നുമുണ്ട് (യോഹ 7,38). അതുകൊണ്ട് പരിശുദ്ധാത്മാവിനെ സ്വീകരിക്കാനായി കാർമികൻ പ്രാർഥിക്കുന്നു.
>
> "ദയാലുവും കാരുണ്യവാനുമായ ദൈവമായ കർത്താവേ, സകലജഡത്തിന്റെയും ജീവനിൽ നീ പ്രീതിപ്പെടുന്നു. സകലത്തിന്മേലും ആവസിക്കുന്നവനും നിന്റെ കൃപയെ എല്ലാത്തിന്മേലും ചൊരിയുന്നവനും നീ തന്നെ. എല്ലാവരോടും കരുണയുള്ളവനും വാഴ്ത്തപ്പെട്ടവനും എല്ലാറ്റിനെയും ആശീർവദിക്കുന്നവനും നീ തന്നെയാകുന്നു. ഇപ്പോൾ കർത്താവേ, സന്യാസജീവിതമാകുന്ന നിന്റെ ആനന്ദകരമായ നുകത്തെ വഹിക്കുന്നതിനായി സന്തോഷപൂർവം തിരുമുമ്പാകെ കഴുത്തു കുനിച്ചുകൊണ്ട് നിനക്കു വിധേയരായി നിന്റെ അടുക്കൽ വന്നിട്ടുള്ള ഇവരുടെ മേൽ കരുണതോന്നി ഇവരെ ആശീർവദിക്കുകയും കാത്തുകൊള്ളുകയും ചെയ്യണമെ" (വ്രതവാഗ്ദാനം, 29).

ദയാലുവും കാരുണ്യനിധിയുമായ പരിശുദ്ധാത്മാവ് ജീവന്റെ ഉറവിടമെന്നാണ് ഈ പ്രാർഥന വ്യക്തമാക്കുന്നത്. വിശ്വാസികൾക്കു പരിശുദ്ധാത്മാവു നൽകുന്ന ദൈവിക ജീവനാണ് ഇവിടെ ജീവൻ എന്നതിന്റെ അർഥം. ജീവദായകനായ പരിശുദ്ധാത്മാവു തന്റെ ഉള്ളിൽ വസിക്കുന്നു എന്നും തന്നിൽ പ്രവർത്തിക്കുന്നു എന്നും ബോധ്യമുള്ള വ്യക്തിക്കു മാത്രമേ ശ്രേഷ്ടമായ ജീവിതം നയിക്കുന്നതിനു സാധിക്കുകയുള്ളൂ.

കാർമികൻ സന്യാസജീവിത നടപടികളെക്കുറിച്ച് നൽകുന്ന ഒരു പ്രബോധനത്തിലൂടെ കന്യകയുടെ ജീവിതത്തിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ച് കന്യകയ്ക്കു ബോധ്യം നൽകുന്നു. (വ്രത 37-39).

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് ബോധ്യപ്പെടുന്ന കന്യക പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോടു പ്രത്യക്ഷമായി പ്രത്യുത്തരിക്കുന്നു. വ്രതവാഗ്ദാനം ചെയ്തുകൊണ്ട് അവൾ പറയുന്നു. "പരിശുദ്ധാത്മാവിന്റെ കൃപാവരത്താലും വാഴ്ത്തപ്പെട്ട കന്യകമറിയാമിന്റെ സഹായത്താലും..." (വ്രതവാഗ്ദാനം, 47). അസ്തിത്വപരമായിത്തന്നെ കന്യകയ്ക്ക് ഒരു നവജന്മം അവളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവ് നൽകുന്നു എന്നാണിതിന്റെ അർഥം.

**2. വിശുദ്ധീകരണത്തിന്റെയും പവിത്രീകരണത്തിന്റെയും ആത്മാവ്**

ദൈവവിരുദ്ധമായ അവസ്ഥയിൽ നിന്ന് മാറ്റി ഒരു വ്യക്തിയെയോ വസ്തുവിനെയോ ദൈവത്തോട് അനുകൂലമാക്കുന്ന പ്രവൃത്തിയെയാണ് വിശുദ്ധീകരണം എന്നതുകൊണ്ട് ഇവിടെ സൂചിപ്പിക്കുന്നത്. ക്രിസ്തീയ വീക്ഷണത്തിൽ ഇത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. ക്രിസ്തുവിന്റെ പങ്കാളിയാകാൻ തക്കവിധം ഒരുവനെ അവന്റെ ധാർമികവും ആത്മികവുമായ അശുദ്ധികളിൽ നിന്ന് ശുദ്ധീകരിക്കുന്നത് പരിശുദ്ധാത്മാവാണ്. സോളമന്റെ ഗീതങ്ങൾ വിശുദ്ധീകരണത്തെ വസ്ത്രം മാറ്റലിനോടാണുപമിക്കുന്നത്.

"നിന്റെ ആത്മാവിനാൽ ഞാൻ പൊതിയപ്പെട്ടു അതുകൊണ്ട് ലൗകികതയാകുന്ന വസ്ത്രം ഞാൻ ഉരിഞ്ഞുകളഞ്ഞു."[11]

പരിച്ഛേദനത്തെകുറിച്ചാണിവിടെ സൂചിപ്പിക്കുന്നതെങ്കിലും ഇത് ശരീരത്തിന്റെ പരിച്ഛേദനമായല്ല ഹൃദയത്തിന്റെ പരിച്ഛേദനമായാണ് മനസിലാക്കേണ്ടത്. കാരണം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മനുഷ്യന്റെ ആത്മാവിലാണ് നടക്കുന്നത്, ശരീരത്തിൽ മാത്രമല്ല. പരിശുദ്ധാത്മാവാണ് ഒരുവന്റെ ഹൃദയത്തെ ശുദ്ധീകരിക്കുന്നതും ദൈവത്തിനും ദൈവകല്പനകൾക്കും നേരേ ഹൃദയത്തെ തുറവിയുള്ളതാക്കുന്നതും അങ്ങനെ വിമോചനത്തിന്റെ അനുഭവം നൽകുന്നതും.





മാമ്മോദീസായ്ക്കു മുമ്പ് അർഥിയെ ശാരീരികവും ആത്മികവുമായ അശുദ്ധികളിൽ നിന്ന് വിശുദ്ധീകരിയ്ക്കാനും അങ്ങനെ ദൈവത്തിന്റെ വിശുദ്ധ ആലയമാക്കിതീർക്കുന്നതിനുംവേണ്ടി കാർമികൻ പരിശുദ്ധാത്മാവിനോടു പ്രാർഥിക്കുന്നു. വ്രതവാഗ്ദാനകർമത്തിലും ഇതേ ആശയം തന്നെയാണ് ഉൾചേർന്നിരിക്കുന്നത്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഒരു പ്രാർഥന ഇങ്ങനെയാണ്-

> "ദയാലുവും കാരുണ്യവാനുമായ ദൈവമായ കർത്താവേ, സകല ജഡത്തിന്റേയും ജീവനിൽ നീ പ്രീതിപ്പെടുന്നു. സകലത്തിന്മേലും ആവസിക്കുന്നവനും നിന്റെ കൃപയെ എല്ലാറ്റിന്മേലും ചൊരിയുന്നവനും നീ തന്നെ. എല്ലാവരോടും കരുണയുള്ളവനും വാഴ്ത്തപ്പെട്ടവനും എല്ലാറ്റിനേയും ആശീർവദിക്കുന്നവനും നീ തന്നെയാകുന്നു--സകല പാപ സന്ദർഭങ്ങളെയും പരിത്യജിപ്പാൻ ഇവരെ ശക്തിപ്പെടുത്തണമെ" (വ്രതവാഗ്ദാനം, 29).

പാപം ക്രിസ്തുവിനെ തന്റെ ജീവിതത്തിൽ സ്വീകരിക്കുന്നതിൽ നിന്ന് കന്യകയെ തടയുന്നു അതിനാൽ പാപത്തിന്റെ സകല സന്ദർഭങ്ങളും ഒഴിവാക്കാനുള്ള ദൈവകൃപയ്ക്കായി ഈ പ്രാർത്ഥനയിലൂടെ യാചിക്കുന്നു.

**വ്രതവാഗ്ദാനശുശ്രൂഷ-മണവറ രഹസ്യത്തിന്റെ സാക്ഷ്യം**

ആദ്യകാലം മുതൽ തന്നെ വ്രതവാഗ്ദാനത്തെ ക്രിസ്തുവുമായുള്ള വിവാഹമായി കണ്ടിരുന്നു. അഫ്രാഹാത്തിന്റെ "6-ാം പ്രബോധനം" "കന്യത്വത്തെകുറിച്ചുള്ള വി. അപ്രേമിന്റെ ഗാനങ്ങൾ" പത്തു കന്യകമാരെകുറിച്ചുള്ള സാറൂഗിലെ വി.യാക്കൂബിന്റെ മതപ്രസംഗം എന്നിവയെല്ലാം വ്രതവാഗ്ദാനത്തിൽ കന്യകയുമായുള്ള ക്രിസ്തുവിന്റെ വിവാഹനിശ്ചയത്തെകുറിച്ചും ക്രിസ്തുവുമായുള്ള കന്യകയുടെ വിവാഹനിശ്ചയത്തെകുറിച്ചും പ്രതിപാദിക്കുന്നു. വി. അപ്രേം പാടുന്നു

"എന്റെ സഹോദരന്മാരേ നമ്മൾ ക്ഷണിക്കപ്പെട്ടിരിക്കുന്നത് ഈ സഹോദരിയുടെ വിവാഹനിശ്ചയത്തിനാണ്, കേവലമൊരു മനുഷ്യവരനുമായുള്ളതല്ല, ഈ വിവാഹനിശ്ചയം; പിന്നെയോ സകലർക്കും ജീവൻ നൽകുന്ന പുത്രനുമായുള്ളതാണ്".[12]

ആദിമസഭയിൽ ഉടമ്പടിക്കാരും കന്യകകളും സ്വയം വിശേഷിപ്പിച്ചിരുന്നത് ക്രിസ്തുവുമായി വിവാഹഉടമ്പടി ചെയ്തവർ എന്നായിരുന്നു. രക്തസാക്ഷിചരിത്രത്തിലും വധൂവര സങ്കൽപം കാണാവുന്നതാണ്. ഷാപ്പൂർ രണ്ടാമൻ ചക്രവർത്തിയാൽ പീഡിപ്പിക്കപ്പെടുകയും വിവാഹിതയാകാൻ നിർബന്ധിക്കപ്പെടുകയും ചെയ്തപ്പോൾ മാർത്താ എന്ന രക്തസാക്ഷിണി പറഞ്ഞു, "ഞാൻ ക്രിസ്തുവുമായി വിവാഹവാഗ്ദാനം ചെയ്തിരിക്കുകയാണ്. അവൻ സ്വർഗത്തിലേക്കു പോയി, മഹത്വത്തിൽ തിരികെ വരും".[13]

പഴയകാലത്തുമാത്രമല്ല, ആധുനിക കാലത്തെയും സന്യാസജീവിതത്തെകുറിച്ചുള്ള സഭാപ്രബോധനങ്ങളിലും വ്രതവാഗ്ദാനത്തെ വിവാഹനിശ്ചയമായി അവതരിപ്പിക്കുന്നുണ്ട്.

അങ്ങനെ പാശ്ചാത്യസഭയിലും പൗരസ്ത്യ സഭയിലും സന്യാസജീവിതം ക്രിസ്തുവുമായുള്ള വിവാഹഉടമ്പടിയുടെ ജീവിതമായും വ്രതവാഗ്ദാനജീവിതം ക്രിസ്തുവുമായുള്ള സഭയുടെ വിവാഹത്തിന്റെ പ്രതീകമായും മനസിലാക്കപ്പെട്ടുവരുന്നു.

വിവാഹത്തിലൂടെ ക്രൈസ്തവരായ രണ്ടു വ്യക്തികൾ തമ്മിലേർപ്പെടുന്ന സാധാരണ വിവാഹത്തേയും സഭയും ക്രിസ്തുവുമായുള്ള വിവാഹത്തിന്റെ പ്രതീകമായാണ് (എഫേ 5, 24-250) കാണുന്നത്. അതേ സമയം ഇത് ക്രിസ്തുവും ഓരോ വ്യക്തിയുമായും സ്വർഗത്തിൽ പൂർത്തിയാകുന്ന ആത്മീയ ഐക്യത്തിന്റെ മുന്നാസ്വാദനം കൂടിയാണ്. വിവാഹം ഒരു ഭൗതിക യാഥാർഥ്യമാണ്. സ്വർഗത്തിൽ വിവാഹമില്ലെന്ന് ക്രിസ്തു അരുൾ ചെയ്യുന്നു (ലൂക്ക 20,45). അതുകൊണ്ട് ഭൗമിക വിവാഹത്തിൽ പ്രതീകമായി അവതരിപ്പിക്കപ്പെടുന്ന ഒത്തുചേരൽ വ്രതവാഗ്ദാനം ചെയ്ത കന്യകയുടെ ജീവിതത്തിൽ സാക്ഷാത്കരിക്കപ്പെടുകയും അത് സ്വർഗത്തിൽ നിറവേറുകയും ചെയ്യുന്നു.

വ്രതവാഗ്ദാനശുശ്രൂഷയിലെ പ്രാർഥനകളും കർമങ്ങളും ഇതു വ്യക്തമാക്കുന്നു.

**പ്രാർഥനകൾ**

സഭയുമായുള്ള ക്രിസ്തുവിന്റെ വിവാഹത്തിൽ വ്രതവാഗ്ദാന ജീവിതത്തെയും പ്രതീകാത്മകമായി ഉൾക്കൊള്ളിച്ചിരിക്കുന്നു എന്ന് പ്രാർഥനകളും കർമങ്ങളും പരോക്ഷമായി വ്യക്തമാക്കുന്നു.





**സ്തുതികളും പ്രാരംഭപ്രാർഥനകളും**

സ്തുതികളും സ്വീകരണശുശ്രൂഷയിലെയും വ്രതവാഗ്ദാനശുശ്രൂഷയിലെയും പ്രാരംഭപ്രാർഥനകളും പ്രത്യക്ഷമായി ഈ ആശയം പ്രകടമാക്കുന്നില്ലെങ്കിലും ദൈവത്തെ പരിശുദ്ധനായും മനുഷ്യനെ വിശുദ്ധനാകാനാഗ്രഹിക്കുന്നവനായും അവ ചിത്രീകരിക്കുന്നു. വിശുദ്ധമായ ജീവിതത്തിനു വേണ്ടിയുള്ള കന്യകയുടെ ആഗ്രഹം ദൈവത്തോടും ദൈവഭവനത്തോടുമുള്ള അവളുടെ അടുത്തുവരവിൽ നിന്നും ഏകാന്ത ജീവിതത്തിനുള്ള അഭിലാഷത്തിൽ നിന്നും വ്യക്തമാണ്. ഇവിടെ പ്രാർഥനകൾ വിശുദ്ധിക്കായി ഒരാൾ ക്രിസ്തുവിനോട് അടുത്തുവരേണ്ടത് ആവശ്യമാണ് എന്ന ആശയം പ്രകടമാക്കുന്നു.

ഏകാഗ്രമായ ഹൃദയത്തോടെ ദൈവത്തോടു പ്രത്യുത്തരിക്കേണ്ടതിന് കന്യകയുടെ ഹൃദയത്തെ ഏകാഗ്രമാക്കണമെന്നു സഭ പ്രാർഥിക്കുന്നു. ദൈവവുമായുള്ള മനുഷ്യന്റെ ഐക്യത്തിന്റെ അടിസ്ഥാനം അവന്റെ ഏകാഗ്രമായ പ്രത്യുത്തരമാണ്. ക്രിസ്തുവും ആത്മാവുമായുള്ള ഈ ഐക്യത്തെയും അടുപ്പത്തെയുമാണ് ആത്മാവിന്റെ ക്രിസ്തുവുമായുള്ള വിവാഹനിശ്ചയമെന്നു സുറിയാനിസഭ പറയുന്നത്.

**സങ്കീർത്തനങ്ങൾ**

സങ്കീർത്തനങ്ങൾ, പ്രത്യേകിച്ച് ആരംഭത്തിൽ ചൊല്ലുന്ന 51-ാം സങ്കീർത്തനം വിവാഹശുശ്രൂഷയിലെന്നപോലെ വ്രതവാഗ്ദാനശുശ്രൂഷയിലും വിശുദ്ധീകരണത്തിന്റെ ആവശ്യകത എടുത്തുകാട്ടുന്നതാണ്. കന്യക തന്റെ പാപാവസ്ഥ ഏറ്റുപറയുന്നു (സങ്കീ 51, 2-6).

വെള്ളം കൊണ്ടുമാത്രമല്ല തന്റെ രക്തം കൊണ്ടുമാണ് ക്രിസ്തു തന്നെ കഴുകി വെടിപ്പാക്കുന്നതെന്നറിയുന്ന കന്യക പ്രാർഥിക്കുന്നു, "നിന്റെ രക്തത്താൽ എന്നെ രക്ഷിച്ച മണവാളാ, നിന്നെ ഞാൻ സ്തുതിക്കുന്നു".[14] ക്രിസ്തുവിന്റെ രക്തത്താൽ കന്യക വധുവായി സ്വീകരിക്കപ്പെട്ടു, ക്രിസ്തുവിന്റെ മണവാട്ടിയായ സഭയെപ്പോലെ പവിത്രയാക്കപ്പെട്ടു എന്നാണീ പ്രാർഥനയുടെ അർഥം.

സുറിയാനി പാരമ്പര്യത്തിലെ, പ്രത്യേകിച്ച് വിവാഹത്തോടു ബന്ധപ്പെട്ട, ഒരു പ്രധാനചടങ്ങാണ് വിവാഹവാഗ്ദാനത്തിനു മുമ്പുള്ള ശുദ്ധീകരണം. എല്ലാ മാലിന്യങ്ങളിൽ നിന്നും തങ്ങളെതന്നെ ശുചിയാക്കുന്നതിന്റെ ഭാഗമായി വധൂവരന്മാർ ദേഹശുദ്ധി വരുത്തുന്നു.

സന്യാസവ്രതവാഗ്ദാനത്തിലും പാപക്കറകളിൽനിന്നുള്ള ശുദ്ധീക

രണത്തിന്റെയും ജീവജലത്താൽ കഴുകപ്പെടുന്നതിന്റെയും പ്രതീകമായി അർഥികളെ സ്നാനം ചെയ്യിക്കുന്ന കർമമുണ്ട്. കാർമികൻ അർഥിനിയുടെ പാദങ്ങൾ കഴുകുന്നു.[15] ഈ കർമം മലങ്കര സന്യാസവ്രതവാഗ്ദാനശുശ്രൂഷയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല. പകരം സങ്കീർത്തനങ്ങളും പ്രാർഥനകളും അനുതാപകീർത്തനങ്ങളും വിശുദ്ധീകരണത്തിന്റെ ധ്വനി നൽകുന്നു.

അനുതാപത്തിന്റെ മസ്മൂറകൾ കന്യകയ്ക്ക് അവളുടെ ശരീരം മാത്രമല്ല അസ്തിത്വം മുഴുവൻ കഴുകുന്നതിനുള്ള കണ്ണുനീർ നൽകുന്നു. അങ്ങനെ വ്രതവാഗ്ദാനത്തിനുമുമ്പ് ക്രിസ്തു പരിശുദ്ധാത്മാവിനാൽ കന്യകയെ മുഴുവനായി കഴുകി വെടിപ്പാക്കുന്നു. മാമ്മോദീസായിലെ ക്ഷാളനത്തിനു പുറമേ അനുതാപ കീർത്തനങ്ങളിലൂടെയും പ്രാർഥനകളിലൂടെയും ക്രിസ്തു കന്യകയെ എല്ലാ പാപത്തിൽ നിന്നും വീഴ്ചകളിൽനിന്നും ശുദ്ധീകരിക്കുന്നു.

"എന്റെ കർത്താവേ! നിന്റെ വാതിൽക്കൽ മുട്ടുന്ന നിന്റെ ദാസരുടെ പ്രാർഥന നീ കേൾക്കണമെ. ഞങ്ങൾ സമർപ്പിക്കുന്നതായ അനുതാപത്തിന്റെ കണ്ണുനീരുകളെ നീ കാണേണമെ", (വ്രതവാഗ്ദാനം, 14). എന്നാണ് ഒരു പ്രാർഥന. മാമ്മോദീസായേക്കാൾ വലുതാണ് മാമ്മോദീസാക്കു ശേഷമുള്ള കണ്ണുനീർ എന്ന് വി. ജോൺ ക്ലിമാക്കസ് എഴുതുന്നു.[16] പൗരസ്ത്യരെ സംബന്ധിച്ച് അനുതാപക്കണ്ണുനീർ മാമ്മോദീസായിലെ ജലത്തിന്റെ തുടർച്ചയാണ്. അബോസാഡിന്റെ അഭിപ്രായത്തിൽ പാപിയുടെ അനുതാപ കണ്ണുനീർ മാമ്മോദീസാ ജലം പോലെ സ്വർഗത്തിലുള്ള പുതുജനനത്തിന്റെയും ക്രിസ്തുവിലുള്ള പുതിയ മാമ്മോദീസായുടെയും പ്രതീകമാണ്.[17]

കന്യകയുടെ വിശുദ്ധീകരണത്തിന്റെ കർത്താവ് പരിശുദ്ധാത്മാവാണ്. കൂടാതെ കുരിശുകൊണ്ട് മൂന്നു തവണ മുദ്രകുത്തുന്നതും വെള്ള വസ്ത്രം നൽകുന്നതും, വി. അപ്രേമിന്റെ ഭാഷയിൽ ഏശയ്യായെ വിശുദ്ധീകരിച്ച തീക്കട്ടയായ വി. കുർബാന (ഏശയ്യ 6,6) സ്വീകരിക്കുന്നതുമെല്ലാം കന്യകയുടെ വിശുദ്ധീകരണത്തെ യാഥാർഥ്യമാക്കുന്ന ഘടകങ്ങളാണ്.

**പാപപരിഹാരപ്രാർഥനകൾ**

ഹാസി എന്ന സുറിയാനി മൂലപദത്തിൽ നിന്നാണ് ഹൂസോയോ എന്ന പദമുണ്ടായത്. പാപപരിഹാരം, പാപമോചനം, പരിഹാരം





എന്നൊക്കെയാണ് പദത്തിന്റെ അർഥം. പരിഹാരക്രിയയുടെ ഭാഗമായി നടത്തുന്ന പ്രാർഥനയാണ് പാപപരിഹാര പ്രാർഥന. ഇവ പാപം നീക്കുകയും ദൈവത്തോട് നമ്മെ രമ്യപ്പെടുത്തുകയും ചെയ്യുന്നു.

വ്രതവാഗ്ദാനത്തിൽ പാപപരിഹാരപ്രാർഥന നടത്തുന്നത് വി. കുർബാനയുടെ പശ്ചാത്തലത്തിലാണ്. അങ്ങനെ പാപപരിഹാരം, ദൈവത്തിന്റെ കരുണ, നന്മചെയ്യുന്നവർക്കുള്ള പ്രതിഫലം മുതലായവ ഉൾക്കൊള്ളുന്നതാണ് പാപപരിഹാരപ്രാർഥന. കോലോ, സെദറ, എത്രോ എന്നിവയാണ് പ്രധാനമായി പാപപരിഹാരപ്രാർഥനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

അനുതാപ ശുശ്രൂഷയുടെതു പോലുള്ള പ്രുമിയോൻ, സെദറ പ്രാർഥനകളും കോലോയും ദൈവത്തിന്റെ വിശുദ്ധീകരണ പ്രവർത്തനത്തെ അനുസ്മരിക്കുകയും കന്യക വിശുദ്ധീകരിക്കപ്പെടുന്നുവെന്ന സത്യം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. ദൈവത്തോടു മാപ്പപേക്ഷിക്കുന്നതോടൊപ്പം കന്യകയെ വിശുദ്ധീകരിക്കാനും നീതികരിക്കാനും കുറ്റമറ്റവളാക്കാനും പ്രാർഥിക്കുന്നു (എഫേ1,3-4). ഒരു സെദറ ഇങ്ങനെയാണ്. "ദൈവമേ ഇവർ (കന്യകമാർ) വിശുദ്ധീകരിക്കപ്പെടുന്നതിനുവേണ്ടിയാണ് അടുത്തുവന്നിരിക്കുന്നത്. അവരുടെ പ്രവൃത്തികളിൽ അവർ കുറ്റമറ്റവരായിരിക്കാൻ കൃപചൊരിയണമെ. നിന്റെ ദാസരുടെ മേൽ നീ ചൊരിയുന്ന ദാനങ്ങളെപ്രതി പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ നിന്റെ നാമം എന്നേക്കും വാഴ്ത്തപ്പെട്ടതും മഹത്വമുള്ളതുമായിരിക്കട്ടെ".[18]

ഇപ്രകാരം വ്രതവാഗ്ദാനശുശ്രൂഷയിലെ പാപപരിഹാര പ്രാർഥനകളുടെ പ്രഥമ ലക്ഷ്യം കന്യകക്കു കൃപയാലുള്ള നവജീവൻ നല്കി ഒരു പുതിയ ജനനത്തിലേയ്ക്ക് നയിക്കുക എന്നതാകുന്നു.

**നിത്യജീവിതത്തിനായുള്ള പ്രാർഥന**

കന്യകയ്ക്കു നിത്യജീവിതം യാചിച്ചുകൊണ്ട് കാർമികൻ പ്രാർഥിക്കുന്നു. "കാരുണ്യവാനായ ദൈവമായ കർത്താവേ, എപ്പോഴും നിന്നെ മാത്രം ശ്രദ്ധിച്ച് നിന്നിൽ മാത്രം ജീവിക്കുവാൻ ഇവരെ അനുവദിക്കണമെ. ലജ്ജകൂടാതെ എല്ലായ്പ്പോഴും നിന്റെ സന്നിധിയിൽ നിൽക്കാൻ അവരെ കാത്തുകൊള്ളണമെ. നിത്യവും സ്വർഗീയവുമായ അനുഗ്രഹങ്ങൾക്ക് ഇവരെ അർഹരാക്കണമെ".[19]

ഈ പ്രാർഥന സ്വർഗസ്ഥനായ പിതാവിനോടുള്ളതാണ്. കന്യക, ദൈവസാന്നിധ്യത്തിൽ വിശ്വസ്തയായി വ്യാപരിച്ച് പുത്രന്റെയും പരി

ശുദ്ധാത്മാവിന്റെയും സ്നേഹത്തിൽ അനുഗ്രഹീതമായ നിത്യമണവറയ്ക്ക് അർഹയാകുന്നതിനായി അവളെ എല്ലാ പ്രലോഭനങ്ങളിൽനിന്നും കാത്തു രക്ഷിക്കണമെന്നു പ്രാർഥിക്കുന്നു. നിത്യഭാഗ്യം സ്വന്തമാക്കുന്നതിന് കന്യക അവളുടെ മണവാളനായ ക്രിസ്തുവിനെ എപ്പോഴും ഹൃദയത്തിൽ പേറുകയും അവനിൽ സദാ ദൃഷ്ടി ഉറപ്പിക്കുകയും അവനെ സദാ സൂക്ഷിച്ചു നോക്കി അവന്റെ മഹത്വവും സൗന്ദര്യവും ആസ്വദിക്കുകയും വേണം. മാനുഷികസ്നേഹത്തിലുള്ള സൗഹൃദം, സഹവാസം, സൗന്ദര്യാസ്വാദനം എന്നിവ മൗതികാർഥത്തിൽ ക്രിസ്തുവും കന്യകയും തമ്മിലുള്ള സ്നേഹബന്ധത്തിലും അർഥവത്താണെന്ന് സഭയുടെ പ്രാർഥനകൾ കന്യകയെ അനുസ്മരിപ്പിക്കുന്നു.

46-ാമത്തെ അർമേനിയൻ ഗീതങ്ങളിൽ ഒരു സുറിയാനി കന്യകയുടെ സമർപ്പണത്തെക്കുറിച്ച് വി. അപ്രേം പാടുന്നു

"അവൾ (ക്രിസ്തുവിന്റെ മണവാട്ടി) നിത്യഭാഗ്യവും നിത്യകിരീടവും ഒരു മേശയും നിത്യം നിലനിൽക്കുന്ന ഒരു മണവറയും വാഗ്ദാനം ചെയ്യപ്പെട്ടവളാണ്".[20]

യുഗാന്ത്യത്തിലെ ആനന്ദജീവിതത്തെയും സമർപിത ജീവിതത്തേയും കുറിച്ചു പറയാൻ മണവറ എന്ന പ്രതീകമാണ് സുറിയാനി പിതാക്കന്മാർ ഉപയോഗിക്കുന്നത്.

**ശുശ്രൂഷകൾ**

പ്രത്യേക ആരാധനാകർമങ്ങൾ ഉൾക്കൊള്ളുന്ന പല ശുശ്രൂഷകൾ ചേർന്നതാണ് വ്രതവാഗ്ദാനശുശ്രൂഷ.

**മുടിച്ഛേദനശുശ്രൂഷ**

സന്യാസത്തിലെ മുടിച്ഛേദനകർമത്തെ ദൈവശാസ്ത്രജ്ഞനായ മേയൻ ഡോർഫ് വിവാഹത്തോടു ഉപമിക്കുന്നു. മുടിച്ഛേദനകർമം മാത്രമല്ല ശുശ്രൂഷയെ ആകമാനമാണ് ഇപ്രകാരം വിവക്ഷിക്കുന്നത്. ഈ ശുശ്രൂഷകളുടെ മകുടമാണ് മുടിച്ഛേദനം. പരിത്യാഗം എന്നപോലെ മണവറയുടെ പ്രമേയവും പ്രകടമായി ഉൾക്കൊള്ളുന്നതാണ് മുടിച്ഛേദനശുശ്രൂഷ. ഉദാഹരണമായി സന്യാസിമാരുടെ പ്രതിഷ്ഠാകർമത്തിൽ കാർമികൻ ഇപ്രകാരം പ്രാർഥിക്കുന്നു

"ഒരു യുവ മണവാളനെപ്പോലെ അവൻ നിന്റെ അവർണനീയമായ മണവറയിൽ പ്രവേശിക്കട്ടെ. വിശുദ്ധിയുള്ള കന്യകമാരോടും വിശ്വാ





സമാകുന്ന എണ്ണയാൽ എരിയുന്ന ദീപങ്ങളോടും ആനന്ദത്തിന്റെയും സന്തോഷത്തിന്റെയും പെരുന്നാളിൽ അവൻ നിന്റെ സാന്നിധ്യത്തിൽ കാണപ്പെടുമാറാകട്ടെ. ഞങ്ങൾ നിനക്കും നിന്റെ ജനകനായ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും നവമായ സ്തുതിയും കൃതജ്ഞതയും എന്നേക്കും ഇടവിടാതെ കരേറ്റും".[21]

മലങ്കരയിലെ വ്രതവാഗ്ദാനക്രമത്തിൽ കന്യകകളുടെ മുടിച്ഛേദനശുശ്രൂഷയിൽ ഇങ്ങനെ കാണുന്നു.

"പിതാവും പുത്രനും പരിശുദ്ധാത്മാവുമേ, നിന്റെ മുമ്പിൽ ശിരസു കുനിച്ചു നിൽക്കുന്ന നിന്റെ കൈവേലയാകുന്ന, സ്വർഗീയ മണവാളനായ നിനക്കായി സമർപിക്കപ്പെട്ടിരിക്കുന്ന ഇവൾക്കു നിന്നിൽ നിന്നു വരുന്ന ശാന്തിയും സമാധാനവും നൽകി ഒരിക്കലും നശിച്ചു പോകാത്ത നിന്റെ ജീവന്റെ മണവറയിൽ ആനന്ദിപ്പിക്കണമെ".[22]

തന്റെ അനന്തമായ സ്നേഹത്താൽ ഇഹലോകത്തിൽ ആനന്ദവും വരാനിരിക്കുന്ന ലോകത്തിൽ നിത്യമണവറയും നല്കുന്ന മണവാളനായ ക്രിസ്തുവിനോടു കന്യക, ക്രിസ്തുവിന്റെ മണവാട്ടി, ചെയ്യുന്ന വിവാഹസമർപണമാണ് മുടിച്ഛേദനമെന്നു കാണാം.

**വസ്ത്രം ധരിപ്പിക്കലിന്റെയും കിരീടമണിയിക്കലിന്റെയും ശുശ്രൂഷകൾ**

ക്രിസ്തു തന്റെ മണവാട്ടിയെ മഹത്വവസ്ത്രമണിയിക്കുന്നതു പോലെ സഭ വ്രതവാഗ്ദാനം ചെയ്യുന്ന കന്യകയെ ക്രിസ്തുവിന്റെ പൂർണതയുള്ള മണവാട്ടിയാകുന്നതിനും അവന്റെ മഹത്വത്താൽ അവൾ ഭൂഷിതയാകുന്നതിനും വേണ്ടി പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ കൊണ്ട് അലങ്കരിക്കുകയും, സന്യാസവസ്ത്രം അണിയിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിനെ ധരിക്കുക, പുതുജീവിതം മുതലായ മാമ്മോദീസായിലെ പരമ്പരാഗതമായ പ്രമേയങ്ങളുണ്ടെങ്കിലും സന്യാസവസ്ത്രം ആശീർവദിക്കുന്ന പ്രാർഥനകളിൽ കൂടുതലായി പ്രതിധ്വനിക്കുന്നത് മണവറയുടെ ശൈലിയാണ്. അവ ക്രിസ്തു തന്റെ മണവാട്ടിയായ സഭയെ വസ്ത്രം ധരിപ്പിക്കുന്നതിനോടു സമവുമാണ്.

വസ്ത്രം വാഴ്ത്തി നൽകുമ്പോഴുള്ള പ്രാർഥനകൾ ഇതു വ്യക്തമാക്കുന്നു. നിലയങ്കി നൽകികൊണ്ടുള്ള പ്രാർഥന ഇതാണ് "ബഹുലമായ തന്റെ കൃപയാലും കരുണയാലും തന്റെ മഹത്വത്തിന്റെ പ്രഭയാൽ നിന്നെ അലങ്കരിക്കുമാറാകട്ടെ." അരക്കെട്ടു നൽകിക്കൊണ്ട് ഇങ്ങനെ

പ്രാർഥിക്കുന്നു, "സ്വർഗീയ മണവാളനായ മിശിഹാതമ്പുരാനേ, നിനക്കു പരിപൂർണമായ ശുശ്രൂഷ ചെയ്യാൻ ഇവരെ സന്നദ്ധരാക്കി ശക്തിപ്പെടുത്തണമെ". ഒപ്പീസ വാഴ്തുമ്പോഴുള്ള പ്രാർഥന "കർത്താവേ, സുകൃത നടപടികളാൽ നിന്നെ പ്രീതിപ്പെടുത്തുവാൻ തക്കവണ്ണം നിന്റെ പരിശുദ്ധ റൂഹായുടെ ശക്തിയാൽ മഹത്വത്തിന്റെ വിരി വസ്ത്രമായി ഈ ഒപ്പീസായെ ആശീർവദിക്കണമെ". കിരീടധാരണത്തിന്റെ പ്രാർഥന ഇങ്ങനെയാണ് "ക്ഷയിച്ചുപോകാത്ത സത്പ്രവർത്തികളുടെ കിരീടം ഈ ദാസികളെ ധരിപ്പിക്കണമെ". ദീദാ നല്കുമ്പോൾ പ്രാർഥിക്കുന്നു "നിന്റെ ദിവ്യസ്നേഹ സംസർഗത്തിൽ ഇവരുടെ മനസ് സദാ വ്യാപരിക്കാൻ തക്കവണ്ണം ഇവരെ ബന്ധിച്ചു കൊള്ളണമെ".[30] (വ്രതവാഗ്ദാനം, 48-50)

ഒരു രാജകീയ പരിവേഷവുമുണ്ട് ഈ വസ്ത്രമണിയിക്കലിനും കിരീടധാരണത്തിനും. സന്യാസിമാരുടെ രാജകീയതയെക്കുറിച്ച് ജോൺ ക്രിസോസ്റ്റോം ഇങ്ങനെപറയുന്നു

> "സന്യാസി, തന്റെ മനസിനെ സ്വതന്ത്രമായി കാക്കുകയും വികാരങ്ങളുടെ ശക്തി ആത്മാവിനെ കീഴടക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന രാജാവാണ്. അങ്ങനെ ഒരുവൾ / ഒരുവൻ ജനതകളെയും ഭൂമിയെയും കടലിനെയും പട്ടണങ്ങളെയും ഭരിക്കും. തന്റെ വികാരങ്ങളെ ചിന്തകൊണ്ടു നിയന്ത്രിക്കുന്നവൻ കൂടുതൽ അനായാസമായി മനുഷ്യനെയും ദൈവികനിയമത്താൽ എല്ലാ പട്ടണങ്ങളെയും ദയയോടെ ഭരിക്കുന്ന പിതാവിനെപ്പോലെയാണ്."[23]

**ദിവ്യരഹസ്യങ്ങളുടെ സ്വീകരണം**

സഭയിലൂടെയും സഭക്കുവേണ്ടിയുമുള്ള വിരുന്നാകയാൽ വ്രതവാഗ്ദാനശുശ്രൂഷയുടെ പശ്ചാത്തലത്തിൽ വി. കുർബാനസ്വീകരണം വിവാഹവിരുന്നിനു തുല്ല്യമാണ്. ക്രിസ്തുവിനാൽ ഒരുക്കപ്പെട്ട വിരുന്നും ക്രിസ്തുവിന്റെ ശരീരരക്തങ്ങളുമാണ് 'ജീവ വൃക്ഷത്തിന്റെ ഫലമായ' വി. കുർബാന. വി. അഫ്രാഹാത്തിന്റെ അഭിപ്രായത്തിൽ ദൈവഹിതം അനുവർത്തിക്കുന്നവർക്ക് വരുവാനിരിക്കുന്ന പറുദീസാനുഭവത്തിന്റെ മുന്നാസ്വദനമായി വി. കുർബാന നൽകപ്പെടുന്നു.

ഏശയ്യാ പ്രവാചകന്റെ പ്രവചനവചനം ഉദ്ധരിച്ചുകൊണ്ട് സഭ അർഥിയെയും വിശ്വാസി സമൂഹത്തേയും സൗജന്യ ദാനമായ ഈ വിരുന്നി





ലേക്കു ക്ഷണിക്കുന്നു. "ദാഹിക്കുന്നവർ ഈ ജലത്തിലേയ്ക്കു വരട്ടെ, പണമില്ലാത്തവർ പോയി പണമില്ലാതെ വാങ്ങട്ടെ, വീഞ്ഞും പാലും വിലനൽകാതെ വാങ്ങട്ടെ"[24]

ഒരുവന്റെ വിശപ്പും ദാഹവും ശമിപ്പിക്കുന്ന ഈ സൗജന്യ വിരുന്നിലേയ്ക്ക് ക്രിസ്തു കന്യകയെ ക്ഷണിക്കുന്നു. ഈ ഭക്ഷണം അവൾക്ക് ഈ നശ്വരലോകത്തിൽ ജീവനും ആനന്ദവും നൽകുകയും വരുവാനിരിക്കുന്ന ലോകത്തിൽ നിത്യജീവൻ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. യേശു അരുൾ ചെയ്യുന്നു "സ്വർഗത്തിൽ നിന്നിറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാകുന്നു. പിതാക്കൻമാർ മരുഭൂമിയിൽ മന്നാ ഭക്ഷിച്ചു എങ്കിലും അവർ മരിച്ചു. എന്നാൽ ഈ അപ്പം ഭക്ഷിക്കുന്നവൻ നിത്യമായി ജീവിക്കും (യോഹ 6,54).

വ്രതവാഗ്ദാനശുശ്രൂഷയുടെ ആരാധനാക്രമാഘോഷത്തിനു ശേഷം ക്ഷണിക്കപ്പെട്ട എല്ലാവർക്കും സ്നേഹഭോജനം നൽകുന്നു. ഇതും വ്രതവാഗ്ദാനശുശ്രൂഷയും വിവാഹശുശ്രൂഷയും തമ്മിലുള്ള സാമ്യം വ്യക്തമാക്കുന്നു.

**പ്രതീകാത്മക കർമങ്ങൾ**

പ്രതീകങ്ങൾ യാഥാർഥ്യങ്ങളല്ല, എന്നാലവ യാഥാർഥ്യങ്ങളിലേക്കുള്ള ചൂണ്ടുപലകകളാണ്. ശരീരത്തിന്റെ സ്വാഭാവിക ചലനങ്ങളാണവ എങ്കിലും സമൂഹാരാധനയിൽ അവ ക്രമമായ രീതിയിലും നിശബ്ദമായും ആരാധനയുടെയും സ്നേഹത്തിന്റെയും സന്ദേശം വിനിമയം ചെയ്യുന്നു. വിനിമയോപാധികളെന്ന നിലയിൽ അവ ദൈവസ്നേഹത്തിന്റെയും രക്ഷാകരപ്രവർത്തനത്തിന്റെയും രഹസ്യങ്ങൾ വെളിപ്പെടുത്തുന്നു.

വ്രതവാഗ്ദാനശുശ്രൂഷയിൽ ആരാധനയിൽ പൊതുവായി ഉപയോഗിക്കുന്ന പ്രതീകങ്ങളും വ്രതവാഗ്ദാനശുശ്രൂഷയിൽ മാത്രമുപയോഗിക്കുന്ന പ്രത്യേക പ്രതീകങ്ങളുമുണ്ട്. പരോക്ഷമായി ഇവയെല്ലാം മണവറ എന്ന പ്രമേയം ഉൾക്കൊള്ളുന്നു. ക്രിസ്തുവും സഭയുമായുള്ള വിവാഹത്തിന്റെ പ്രതീകങ്ങളാണിവ.

**കിഴക്കിനഭിമുഖമായി നിൽക്കുന്നത്**

യഹൂദക്രൈസ്തവ പാരമ്പര്യത്തിൽ പ്രാർഥിക്കുന്നത് സാധാരണയായി നിന്നുകൊണ്ടാണ്. ആരാധനക്കായി കൂടുമ്പോഴെല്ലാം നിന്നുകൊണ്ടു പ്രാർഥിക്കുന്നതാണ് പഴയ നിയമത്തിലും പുതിയനിയമത്തിലും കാണുന്ന രീതി (നെഹ 8,5-7 മാർക്ക് 11,25 ലൂക്കാ 18,11-13).

*Qwm* എന്ന സുറിയാനി പദം അർഥമാക്കുന്നത് മനുഷ്യന്റെ സന്തോഷത്തോടെയുള്ള നിവർന്നു നിൽപിനെയാണ്. Qwm എന്ന പദത്തിൽ നിന്നാണ് 'ഉത്ഥാനം' എന്നർഥമുള്ള ക്യംതാ എന്ന വാക്കിന്റെ ഉത്ഭവം. വീഴ്ചയിൽ നിന്നു മനുഷ്യനെ ഉദ്ധരിച്ച് എഴുന്നേൽപ്പിച്ചത് യേശുവിന്റെ ഉത്ഥാനമാണ്. വി. പൗലോസ് ശ്ലീഹായുടെ അഭിപ്രായത്തിൽ ക്രിസ്തുവിന്റെ മഹത്വമേറിയ ഉത്ഥാനം മനുഷ്യനെ എല്ലാത്തരം അടിമത്തത്തിൽ നിന്നും മോചിപ്പിക്കുകയും ദൈവസന്നിധിയിൽ നിവർന്നു നിൽക്കാൻ പ്രാപ്തനാക്കുകയും ചെയ്തു (ഗലാ 5,1 എഫേ 6,14). ശാരീരികവും ആത്മികവുമായ സ്വാതന്ത്ര്യത്തെയാണ് നില്പ് സൂചിപ്പിക്കുന്നത്.

സുറിയാനി ആരാധനാ പാരമ്പര്യത്തിൽ കിഴക്കോട്ടു നോക്കി നിന്നു പ്രാർഥിക്കുന്നതിന് വലിയ അർഥമുണ്ട്. പ്രഥമമായി ഇത് പ്രപഞ്ചത്തിന്റെ കിഴക്കു നോക്കിനിന്നു പ്രാർഥിക്കുക എന്നതിനെസൂചിപ്പിക്കുന്നു. ഇംഗ്ലീഷ് ഭാഷയിൽ കിഴക്കിനുപയോഗിക്കുന്ന പദത്തിനു സമമായി ഹീബ്രുവിലുപയോഗിക്കുന്ന *Misrah, qedem* എന്നീ പദങ്ങൾക്ക് എഴുന്നേൽക്കുക, പ്രകാശിക്കുക, മുന്നിൽ എന്നൊക്കെയാണ് അർഥം. *Anatole* എന്ന ഗ്രീക്കു പദത്തിന് നക്ഷത്രങ്ങളുടെ ഉദയം സൂര്യോദയം, പ്രഭാതം, കിഴക്കുദേശം എന്നൊക്കെയാണർഥം. അക്കാരണത്താൽ കിഴക്കോട്ടു നോക്കിനിന്നു പ്രാർഥിക്കുക എന്നാൽ കിഴക്കുദിക്കിലേക്കു നോക്കി നിന്നു പ്രാർഥിക്കുക എന്നു മാത്രമല്ല സൂര്യനെനോക്കി പ്രാർഥിക്കുക എന്നു കൂടി അർഥമുണ്ട്. കിഴക്ക് സൂര്യനോടും പ്രകാശത്തോടും ബന്ധപ്പെട്ടിരിക്കുന്നു. സുറിയാനി പാരമ്പര്യപ്രകാരം കിഴക്കും പ്രകാശവും ഒത്തുപോകുന്നു. കാരണം മദ്ന്ഹോ എന്ന പദത്തിന് സൂര്യോദയത്തിന്റെ ദിക്കെന്നും പ്രകാശമെന്നും അർഥമുണ്ട്.

സുറിയാനി ഗ്രന്ഥകാരനായ അബ്ദീശോയുടെ ചിന്തയിൽ കിഴക്കേ ദിക്ക് മനുഷ്യനെ ഈ ഭൂമിയിലെ നശ്വരതയെക്കുറിച്ചും വരാനിരിക്കുന്ന ജീവിതത്തിന്റെ അനശ്വരതയെക്കുറിച്ചും അനുസ്മരിപ്പിക്കുന്നു. കാരണം രണ്ടാം വരവിൽ ക്രിസ്തു കിഴക്കുനിന്നുമാണ് വരുന്നത്. അബ്ദീശോയുടെ അഭിപ്രായത്തിൽ മനുഷ്യന്റെ ആദിമ വാസസ്ഥലവും പാപം മൂലം നഷ്ടമായതും സുകൃതജീവിതത്തിലൂടെ തിരികെ ചെല്ലേണ്ടതുമായ പറുദീസായെക്കുറിച്ചുള്ള അനുസ്മരണയും കൂടിയാണ് കിഴക്കിനഭിമുഖമായി നിന്നുള്ള പ്രാർഥന.[25]

സുറിയാനി പാരമ്പര്യത്തിൽ കിഴക്കിനഭിമുഖമായി നിന്നു പ്രാർഥിക്കുന്നതിനു വിവിധങ്ങളായ പ്രതീകാത്മക വിശദീകരണങ്ങളുണ്ട്. പഴ





യനിയമപ്രകാരം ദൈവം ഏദൻ സൃഷ്ടിച്ചത് കിഴക്കാകയാൽ (ഉത് 2,8) കിഴക്ക് ദൈവസാന്നിധ്യത്തിന്റെയും സംസർഗത്തിന്റെയും സ്ഥാനമാണ്. വെളിപാടു പുസ്തകത്തിൽ സ്വർഗീയജറുസലെമിനെക്കുറിച്ച് പറയുമ്പോൾ അതിന്റെ മൂന്നു കവാടങ്ങൾ കിഴക്കുദിക്കിലാണെന്നു പറയുന്നു (വെളി 21,13). പറുദീസായുടെ ദിക്കാകയാലും സ്വർഗീയ ജറുസലെമിന്റെ ദിക്കാകയാലും കിഴക്കിനു വലിയ പ്രാധാന്യമുണ്ട്. ആദിമ ക്രൈസ്തവരും കിഴക്കിനെ ഉത്ഥാനത്തിന്റെ ദിക്കായും യേശുവിന്റെ രണ്ടാം വരവിന്റെ ദിക്കായും കരുതിപ്പോന്നിരുന്നു. കർത്താവു തന്നെ പറയുന്നുണ്ട് "കിഴക്കു നിന്ന് പടിഞ്ഞാറേയ്ക്കു പായുന്ന മിന്നൽ പിണർപോലെയായിരിക്കും ദൈവപുത്രന്റെ ആഗമനം" (മത്താ 24,27).

സുവിശേഷകനായ യോഹന്നാന്റെ ദൃഷ്ടിയിൽ യേശു ലോകത്തിന്റെ പ്രകാശമാണ് (യോഹ 8,12). അങ്ങനെ കിഴക്കും ക്രിസ്തുവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. കിഴക്കു ദർശനമായി നിന്നു പ്രാർഥിക്കുന്നത് മനുഷ്യനെ അവന്റെ ഉത്ഭവസ്ഥലത്തേയും ഇനി എത്തിച്ചേരേണ്ട ലക്ഷ്യസ്ഥാനത്തേയും കുറിച്ച് ഓർമിപ്പിക്കുന്നു.

വ്രതം ചെയ്യുന്ന കന്യക കിഴക്കിനഭിമുഖമായി നിൽക്കുന്നതു പ്രാർഥിക്കാൻ വേണ്ടി മാത്രമല്ല, ദേവാലയത്തിൽ പ്രവേശിക്കുന്നതിനുവേണ്ടിയും ആത്മീയോപദേശം ശ്രവിക്കുന്നതിനുവേണ്ടിയും വ്രതമെടുക്കുന്നതിനുവേണ്ടിയും മുടിച്ഛേദനത്തിനുവേണ്ടിയും അതുപോലുള്ള മറ്റു ശുശ്രൂഷകൾക്കുവേണ്ടിയും കൂടിയാണ്. ഇവയെല്ലാം അവളുടെ മണവാളനായ, നീതി സൂര്യനായ, ക്രിസ്തുവിലേക്കുള്ള അവളുടെ ഉന്മുഖതയെയാണ് സൂചിപ്പിക്കുന്നത്.

**അടഞ്ഞദേവാലയ കവാടത്തിൽ നിൽക്കുന്നത്**

സ്വീകരണശുശ്രൂഷയുടെ സമയം അടഞ്ഞ ദേവാലയവാതില്ക്കൽ കന്യക നിൽക്കുന്നത് അവളുടെ യഥാർഥ അവസ്ഥയെയും സഭയുടെ ഉള്ളിൽ പ്രവേശിക്കുവാനുള്ള ആഗ്രഹത്തെയും കാണിക്കുന്നു. കാത്തു നിൽപ്പ് അവളുടെ യാത്രയെ സൂചിപ്പിക്കുന്നു. പൂർണമായും പുറത്തുള്ളവളല്ല അവൾ, ദൈവഭവനത്തിലേക്കു പ്രയാണം ചെയ്യുന്നവളാണ്. വ്രതവാഗ്ദാനത്തിന്റെ ശുശ്രൂഷകളിൽ സഭയെ, ദൈവം വസിക്കുകയും വെളിപ്പെടുത്തുകയും സംസർഗം ചെയ്യുകയും ചെയ്യുന്ന ദൈവഭവനം എന്നു വിശേഷിപ്പിക്കുന്നുണ്ട് (ഉത്8,17, യോഹ2,16 1 തിമോ 3,25 ഹെബ്രാ 10,21 1 പത്രോ 4,11).

യാത്ര കന്യകയുടെ പരിത്യാഗത്തെ കാണിക്കുന്നു. അവൾ ആയിരിക്കുന്ന ഒരിടം വിട്ടാണ് അവൾ താനായിരിക്കേണ്ട മറ്റൊരിടത്തേക്ക് യാത്രയാകുന്നത്. ഒരിടത്തായിരിക്കാൻ ഒരാൾ ആന്തരികമായും ബാഹ്യമായും ബഹിർഗമിക്കേണ്ടതുണ്ട്. കന്യക അവളുടെ നാടും വീടും അവളെത്തന്നെയും ഉപേക്ഷിച്ചിറങ്ങി ദൈവഭവനത്തിലേക്കു വന്നിരിക്കുന്നതായി പ്രാർത്ഥനകളും സൂചിപ്പിക്കുന്നു.

വിവാഹത്തിലും വിവാഹിതയാകുന്ന പെൺകുട്ടി അവളെ വിവാഹം കഴിക്കുന്ന വ്യക്തിയുടെ ഭവനത്തിൽ പോയി താമസമാക്കുന്ന രീതിയാണുള്ളത്. പുതുവസ്ത്രങ്ങളണിഞ്ഞും ആഭരണഭൂഷിതയായും സ്വജനത്തോടും മാതാപിതാക്കളോടും സ്വഭവനത്തോടും യാത്രചൊല്ലി അവൾ ഭർതൃഗൃഹത്തിലേക്കു പോകുന്നു (ഉത് 24,59-60 തോബിത്7,14-25). അവൾക്കുസ്വന്തമായിരുന്നതും പ്രിയപ്പെട്ടതുമായ എല്ലാറ്റിനോടും വിടചൊല്ലിയാൽ മാത്രമേ ഭർതൃഗൃഹത്തിൽ പോയി അയാളോടൊപ്പം വസിക്കാൻ അവൾക്കു സാധിക്കുകയുള്ളൂ. ഭർതൃഗൃഹത്തിലേക്കുള്ള യാത്ര സ്വഗൃഹത്യാഗം ഉൾക്കൊള്ളുന്നു എന്നർത്ഥം.

സ്വീകരണശുശ്രൂഷയിൽ പരിത്യാഗത്തിന്റെ ഈ ആശയം വ്യക്തമായി കാണാം. പ്രാർത്ഥനകളിലൂടെ കന്യക അവളെത്തന്നെയും, അവളുടെ ഭൂതകാലത്തേയും ഭാവിയെയും അവളുടെ ജീവിതരീതികളെയുമെല്ലാം ദൈവത്തിനു സമർപ്പിക്കുന്നു (വ്രതവാഗ്ദാനം 12-14). മണവാളനുമായി യോജിക്കാനായി സ്വഗൃഹത്തെയും മാതാപിതാക്കളെയും ഉപേക്ഷിക്കാൻ 45-ാം സങ്കീർത്തനം കന്യകയെ ആഹ്വാനം ചെയ്യുന്നു.

നിന്നഴകരചൻ മോഹിപ്പാൻ-ഹാ-ഹാ
നിൻജനമോർക്കായ്ക പിതൃഗൃഹവും.

ദൈവാലയകവാടം അടഞ്ഞുകിടക്കുന്നതാകയാൽ അതു തുറക്കപ്പെടുന്നതുവരെ അവൾ കാത്തുനിൽക്കുന്നു. അടഞ്ഞവാതിൽ എന്നതുകൊണ്ട് മനുഷ്യന്റെ പാപാവസ്ഥയെയും ഹൃദയകാഠിന്യത്തെയുമാണ് സൂചിപ്പിക്കുന്നത് (വെളി 3,20). രക്ഷാകരവും ധാർമികവുമായ അർത്ഥവ്യാപ്തിയും ഇതിനുണ്ട്.

സംഖ്യയുടെ പുസ്തകത്തിൽ അടഞ്ഞവാതിൽ കൂടാരവാതിലായാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. അത് ദൈവ-മനുഷ്യ സമാഗമവേദിയുമാണ് (സംഖ്യ 12,5). എസക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽ അടഞ്ഞവാതിൽ ദൈവത്തിനു മാത്രം പ്രവേശിക്കാനുള്ള കവാടമാണ് (എസ 44,2-3). യോഹന്നാന്റെ സുവിശേഷത്തിൽ





ഉത്ഥിതനായ ക്രിസ്തു പ്രവേശിക്കുന്ന വാതിലാണത് (യോഹ 20,190). ക്രിസ്തുരഹസ്യം സൂക്ഷിക്കപ്പെട്ടിരിക്കുന്ന അടഞ്ഞവാതിലുള്ള ഭവനമായി കന്യകാമറിയത്തെ ചിത്രീകരിക്കാറുണ്ട് (ശ്ഹീമോ 211).

അഫ്രാഹാത്തിൽ അടഞ്ഞവാതിൽ ബാഹ്യശല്യമകന്ന മനുഷ്യഹൃദയമാണ്. ഇവയെല്ലാം കണക്കിലെടുക്കുമ്പോൾ അടഞ്ഞവാതിൽ ക്രിസ്തുവിനായി വേർതിരിക്കപ്പെട്ട ഭവനത്തിന്റെ പ്രതീകമാണ്. വ്രതവാഗ്ദാനത്തിന്റെ പശ്ചാത്തലത്തിൽ അടഞ്ഞവാതിൽ കന്യകയ്ക്കു അവളുടെ മണവാളനായ ക്രിസ്തുവിനെ കണ്ടുമുട്ടാനുള്ള വേദിയാണ്. ക്രിസ്തുവിന്റെ മണവാട്ടിയുടെ കന്യത്വജീവിതത്തിന്റെ സദൃശമാണ്.

**വാതിലിൽ മുട്ടുന്ന ക്രമം**

പ്രാർത്ഥനയും അപേക്ഷകളുമായി വാതിൽക്കൽ നിൽക്കുന്ന കന്യക ഉള്ളിലേക്കു സ്വീകരിക്കപ്പെടുന്നതിനായി വാതിലിൽ മുട്ടുന്നു. പ്രാർത്ഥനയുടെ പശ്ചാത്തലത്തിൽ യേശു പലപ്പോഴും ഉപയോഗിക്കുന്ന ഒരു സാങ്കേതിക പദമാണ് വാതിലിൽ മുട്ടുക എന്നത്. പിതാവിലേക്കുള്ള വാതിലായ (യോഹ 10,9) ക്രിസ്തുവിനോടു കൃപയാചിക്കുക എന്നും അർത്ഥമുണ്ടിതിന്.

അഫ്രാഹാത് പറയുന്നു, "സ്വർഗകവാടം നമുക്കു തുറന്നു തരപ്പെടുന്നതിനുവേണ്ടിയും നാമതിൽ പ്രവേശിപ്പിക്കപ്പെടുന്നതിനുവേണ്ടിയും നമുക്ക് മുട്ടാം" (മത്താ 7,7). വ്രതവാഗ്ദാനശുശ്രൂഷയിൽ അടഞ്ഞവാതിലിൽ മുട്ടുന്നത് സ്വർഗകവാടത്തിൽ (ക്രിസ്തുവിന്റെ മണവറവാതിലിൽ) അവനാൽ സ്വീകരിക്കപ്പെടുന്നതിനുവേണ്ടി മുട്ടുന്നതിനു തുല്യമാണ് (വ്രതവാഗ്ദാനം 13).

മണവറയുടെ വാതിലിൽ മുട്ടുക എന്നാൽ കന്യക മണവറയിൽ പ്രവേശിക്കാൻ യോഗ്യയാണ് എന്നാണർത്ഥം. ബുദ്ധിയില്ലാത്ത കന്യകമാർക്കെതിരേ വാതിൽ അടക്കപ്പെട്ടു. വാതിലിൽ മുട്ടുന്ന കന്യകമാർ ബുദ്ധിയുള്ളവരും വിവേകവതികളുമാണ് (മത്താ 25 1-13).

**ക്രൂശിതരൂപംകൊണ്ടു മുദ്രകുത്തൽ**

സന്യസ്തജീവിതം തിരഞ്ഞെടുക്കുന്ന കന്യകയെ കുരിശടയാളത്താൽ മുദ്രകുത്തുകയും ശുശ്രൂഷാവസാനത്തിൽ അവൾക്ക് ഒരു കുരിശു നല്കുകയും ചെയ്യുന്നു. ദമ്പതികളെ കുരിശടയാളത്താൽ മുദ്രകുത്തുന്ന സുറിയാനി പാരമ്പര്യത്തിൽ നിന്നാണ് ഈ രീതി വന്ന

ത് എന്ന് അനുമാനിക്കുന്നു. വിവാഹത്തിനായി ഭവനത്തിൽ നിന്നു പുറപ്പെടുന്നതിനു മുമ്പ് പിതാമഹൻമാരും മാതാപിതാക്കളും അനുഗ്രഹിക്കുന്നതിന്റെ അടയാളമായി വധൂവരന്മാരെ കുരിശുവരച്ച് ആശീർവദിക്കുന്നു.[26]

വിവാഹാശീർവാദകർമത്തിൽ ദമ്പതിമാരെ പലതവണ കുരിശുവരച്ച് ആശീർവദിക്കുന്നു. യോജിപ്പിന്റെ ചിഹ്നമായി വരൻ വധുവിനെ അണിയിക്കുന്ന താലിയിലും കുരിശിന്റെ രൂപമാണുള്ളത്. വിവാഹാശീർവാദശുശ്രൂഷകൾ അവസാനിക്കുമ്പോഴും കുരിശുവരച്ച് ആശീർവദിക്കുന്നു.

ക്രിസ്തുവിന്റെ മണവാട്ടിയായ കന്യകയ്ക്ക് ധരിക്കാനായും ഒരു കുരിശു നൽകപ്പെടുന്നു, തൗനായിലേക്കു കൊണ്ടുപോകാനും ഒരു കുരിശു നൽകപ്പെടുന്നു. ക്രിസ്തുവിനോടുള്ള വിധേയത്വത്തിന്റെയും അവന്റെ ആനന്ദകരമായ നുകം വഹിക്കുന്നതിന്റെയും അടയാളമായിട്ടാണിത്.

വിവാഹകൂദാശയിലും വ്രതവാഗ്ദാനശുശ്രൂഷയിലും കുരിശിന്റെ പ്രാധാന്യം ഏകദേശം ഒരുപോലെയാണ്.

ആത്യന്തികമായി തന്റെ ഉള്ളിൽ വസിക്കുന്ന ദിവ്യവരന്റെ സാന്നിധ്യത്തെക്കുറിച്ച് വധുവിനെ അനുസ്മരിപ്പിക്കുന്ന ചിഹ്നമാണ് കുരിശ്. അവൾക്കു പരിചയും കോട്ടയുമാണ് കുരിശ്. അവളെ അവളുടെ മണവാളനിൽ നിന്നകറ്റുന്ന ശത്രുക്കളിൽ നിന്നുള്ള രക്ഷയാണ് കുരിശ്. സ്നേഹത്തിലും വിശുദ്ധിയിലും ജീവിക്കാൻ അനുസ്മരിപ്പിക്കുന്ന അടയാളവുമാണത്.

വിവാഹത്തിലും വ്രതവാഗ്ദാനശുശ്രൂഷയിലുമുള്ള കുരിശിന്റെ പ്രാധാന്യം വിവാഹിതരായ ദമ്പതികളും വ്രതവാഗ്ദാനം ചെയ്ത കന്യകയും ഒരുപോലെ തങ്ങളുടെ നിത്യമണവാളനായ ക്രിസ്തുവിന്റെ നിയന്ത്രണത്തിനും വഴികാട്ടലിനുമായി തങ്ങളെതന്നെ സമർപിക്കുന്നു എന്നാണർഥമാക്കുന്നത്.

**വ്രതവാഗ്ദാനം ചെയ്തവരെ ഉള്ളറയിലേക്കു നയിക്കുന്നു**

ക്രിസ്തു തന്റെ മണവാട്ടിയായ സഭയെ നിത്യ മണവറയിലേക്കു നയിക്കുന്നതിന്റെ പ്രതീകമാണ് പുതുതായി വ്രതവാഗ്ദാനം ചെയ്ത കന്യകമാരെ മഠത്തിന്റെ ഉള്ളറയിലേക്കു നയിക്കുന്ന കർമം. വധൂവരന്മാരുടെ സമ്പൂർണമായ ഐക്യത്തിന്റെയും യോജിപ്പിന്റെയും പ്രതീ





കമാണ് മണവറ. വി. അപ്രേം ക്രിസ്തുവിനെത്തന്നെ മണവറയെന്നു വിളിക്കുന്നുണ്ട്. ക്രിസ്തുവുമായുള്ള മണവറയനുഭവത്തിനായി നോക്കി പാർത്തിരിക്കുന്ന സഭ പ്രാർഥിക്കുന്നു.

നാഥാ, ഞാൻ നിൻ മണവാട്ടി
നിന്നിൽ ഞാനഭയം കൊണ്ടോൾ
സത്യമണാളാ, നീതിജ്ഞാ
എന്നിൽ കനിവുണ്ടാകണമെ (കൂദാശകൾ 76)

ഇത് സൂചിപ്പിച്ചുകൊണ്ട്

പറുദൈസ തന്നെ വിശുദ്ധർ പാർപ്പിടം

പറുദൈസ തന്നെ നയവാൻമാർ ദയറ... എന്ന ഗീതം പാടിക്കൊണ്ട് സമൂഹമൊന്നായി പുതുതായി വ്രതവാഗ്ദാനം ചെയ്ത കന്യകമാരെ മഠത്തിനുള്ളിലേക്കു നയിക്കുന്നു.

45-ാം സങ്കീർത്തനത്തിൽ കന്യകയുടെ മണവറപ്രവേശനത്തെ ഇപ്രകാരം വർണിക്കുന്നു.

വർണശബളമായ അങ്കിയണിയിച്ച്
അവളെ രാജധാനിയിലേക്ക് ആനയിക്കുന്നു.
കന്യകമാരായ തോഴിമാർ അവൾക്കു അകമ്പടിസേവിക്കുന്നു.
ആഹ്ളാദഭരിതരായി അവർ രാജകൊട്ടാരത്തിൽ പ്രവേശിക്കുന്നു.
(സങ്കീ 45,14-15)

വി. അപ്രേമിന്റെ അഭിപ്രായത്തിൽ മാലാഖമാർ കന്യകയെ വസ്ത്രാലംകൃതയായും കളങ്കമില്ലാത്തവളായും നിത്യമണവറയിലേക്കാനയിക്കും.

വ്രതവാഗ്ദാനശുശ്രൂഷയിലെ പ്രദക്ഷിണത്തിന്റെ യുഗാന്ത്യോന്മുഖ പ്രാധാന്യം വ്യക്തമാക്കാൻ പര്യാപ്തമാണവ. രണ്ടാം വരവിൽ ക്രിസ്തു കന്യകമാരെ തന്റെ മണവറയിലേക്കു നയിക്കുന്നതിന്റെ പ്രതീകമാണീ പ്രദക്ഷിണം. അഫ്രാഹാത്തിന്റെ അഭിപ്രായത്തിൽ വ്രതസ്ഥർക്കും കന്യകമാർക്കും മണവറ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു.

ക്രിസ്തുവും സഭയുമായും അല്ലെങ്കിൽ ക്രിസ്തുവും ആത്മാവുമായുമുള്ള വിവാഹത്തിൽ മണവറ ആത്മീയവും അനശ്വരവുമാണ്. സ്വർഗത്തിലുള്ള ആനന്ദകരമായ വാസസ്ഥലമാണിത്, പരിശുദ്ധാത്മാവിനാൽ പ്രശോഭിക്കപ്പെടുന്ന പ്രകാശമണവറയാണത്. മുകളിൽ ക്രമീകരിക്കപ്പെട്ടതാണീ മണവറ. ദൂതന്മാർ അതിനു കാവൽക്കാരായുണ്ട്.

തന്റെ മണവാളൻ വന്ന് സ്വർഗീയജറുസലെമാകുന്ന ഈ മണവറയി ലേക്കു തന്നെ കൂട്ടിക്കൊണ്ടു പോകുന്ന ദിനം കാത്തിരിക്കുകയാണ് സഭ. അനശ്വരമണവറയെ സൂചിപ്പിക്കാൻ വിവിധങ്ങളായ പ്രതീകങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ദൈവസാന്നിധ്യ പ്രതീകമായി മോശ സീനായ് മലയിൽ പണിതുയർത്തിയ സമാഗമകൂടാരം, ദിവ്യകാരുണ്യത്തിലുള്ള ദൈവസാന്നിധ്യം, വിവാഹവിരുന്നു നടക്കുന്ന വിശുദ്ധസ്ഥലം, നിത്യ ബലിയർപ്പിക്കപ്പെടുന്ന സന്യാസഭവനങ്ങൾ ഇവയെല്ലാം സ്വർഗീയമ ണവറയുടെ പ്രതീകങ്ങളാണ്.

### വ്രതവാഗ്ദാനം ചെയ്ത കന്യക-ക്രിസ്തുവിന്റെ മണവാട്ടി

വ്രതവാഗ്ദാനത്തിലൂടെ ക്രസ്തുവുമായി ആത്മബന്ധയാകുന്ന കന്യക ക്രിസ്തുവിന്റെ മണവാട്ടിയാണ്.

ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വീക്ഷണത്തിൽ വിവാഹ മെന്ന കൂദാശയിൽ വധൂവരന്മാരുടെ യോജിപ്പിനെ ക്രിസ്തുവും സഭ യുമായുള്ള യോജിപ്പിനോടുപമിക്കുന്നതിനാലും ക്രിസ്തുവും സഭയു മായുള്ള യോജിപ്പ് വിവാഹത്തിന് അതിന്റെ മഹത്വം നൽകുന്നുവെന്ന തിനാലും വ്രതവാഗ്ദാനത്തിന്റെയും മഹത്വം ക്രിസ്തുവുമായുള്ള വ്രത വാഗ്ദാനം ചെയ്ത കന്യകയുടെ യോജിപ്പിലാണ് എന്നു പറയാവുന്ന താണ്. ഈ യാഥാർത്ഥ്യം അനുഭവവേദ്യമാകാൻ കന്യത്വം സമർപി തരെ സഹായിക്കുന്നു.

ദാമ്പത്യസ്നേഹത്തിൽ രണ്ടുപേർ മാനുഷികമായ ഒന്നുചേരലിലൂടെ ക്രിസ്തുവിലേയ്ക്ക് എത്തുമ്പോൾ സമർപിതജീവിതത്തിൽ സ്നേഹം മാനുഷികമായ മധ്യവർത്തികളുടെ ഇടപെടലില്ലാതെ നേരിട്ട് ക്രിസ്തു വിലെത്തുന്നു. ഇതൊരു സമ്പൂർണവും നിർണായകവുമായ ആത്മീയ വിവാഹമാണ്. അങ്ങനെവ്രതം ചെയ്യുകയും കന്യത്വ ജീവിതം നയി ക്കുകയും ചെയ്യുന്ന വ്യക്തികളുടെ ജീവിതത്തിലൂടെ സഭ വധു എന്ന നിലയിൽ താനും മണവാളനായ ക്രിസ്തുവും തമ്മിലുള്ള യോജിപ്പ് പ്രകടമാക്കുന്നു.

ക്രിസ്തു സഭയോടു ചെയ്ത വിവാഹവാഗ്ദാനവും സഭയുടെ വിശ്വ സ്തമായ അനുഗമിക്കലുമാണ് സഭയെ ക്രിസ്തുവിന്റെ മണവാട്ടി പദ ത്തിലേക്കുയർത്തുന്നതെന്ന് വിവാഹശുശ്രൂഷയുടെ പ്രാർഥനകൾ വ്യക്തമാക്കുന്നു. മണവാളനായ ക്രിസ്തു സഭയെ തന്റെ മണവാട്ടി യാക്കി ഉയർത്തി. അതുകൊണ്ട് സഭ ഇങ്ങനെപാടുന്നു,





സഭയാം തിരുസഭയാ-മീ-ഞാൻ
അത്യുന്നതനുടെ മണവാ-ട്ടി (കൂദാശകൾ, 42)

പഴയ ഇസ്രായേലിനെപോലെ അവിശ്വസ്തയല്ല, സഭ വിശ്വസ്ത യാണ്.

ചോരന്മാരെൻ സൗന്ദര്യം
ഭഞ്ജിപ്പാനായ് കാംക്ഷിച്ചു;
നിന്നിലെഴും പ്രേമത്താൽ
ഞാൻ വെന്നു; നേടി സ്വാതന്ത്ര്യം (കൂദാശകൾ, 76) എന്നു സഭ പറ യുന്നതിൽ നിന്ന് അവളുടെ വിശ്വസ്തത വെളിവാകുന്നു.

തന്റെ മണവാളനുമായി നിത്യ മണവറയിൽ ഒന്നായിതീരാമെന്ന പ്രതീക്ഷയിൽ സഭ അവളുടെ മണവാളനെ സമ്പൂർണ സമർപണഭാവ ത്തിൽ അനുഗമിക്കുന്നു.

മാമ്മോദീസായിലൂടെ ഓരോ ആത്മാവിനെയും വിവാഹനിശ്ചയം ചെയ്യുന്നതുപോലെ, തന്നെ അനുഗമിക്കാൻ താൻ വിളിക്കുന്നവരെ വ്രത ബദ്ധജീവിതത്തിലൂടെയും ക്രിസ്തു തനിക്കായി വിവാഹനിശ്ചയം ചെയ്യുന്നു. മാമ്മോദീസായിൽ നിത്യജീവനായി മുദ്രകുത്തപ്പെട്ടവർ സന്യാസസമർപണത്തിലൂടെ ക്രിസ്തുവുമായുള്ള ഐക്യത്തിന്റെ ജീവി തത്തിനായി മുദ്രകുത്തപ്പെടുന്നു. "ദൈവത്തിന്റെ പരിശുദ്ധമായ ആല യിൽ അവകാശിനിയായിരിക്കുവാൻ പിതാവിന്റെയും പുത്രന്റെയും ജീവ നുള്ള പരിശുദ്ധ റൂഹായുടെയും നാമത്തിൽ നിത്യജീവനായി (പേര്) മുദ്ര കുത്തപ്പെടുന്നു" (വ്രതവാഗ്ദാനം, 46).

മാർ അപ്രേമിന്റെ അഭിപ്രായത്തിൽ സന്യാസസമർപണത്തിലൂടെ ഒരു കന്യക ദൈവത്തിന്റെ മകളും ക്രിസ്തുവിന്റെ മണവാട്ടിയുമാകു ന്നു. സമർപിതയായ കന്യകയോടു താദാത്മ്യപ്പെട്ടുകൊണ്ട് അപ്രേം പാടുന്നു,

മരണമുള്ളവനായ ഒരു ഭർത്താവിനു പകരം
ജീവദാതാവിന്റെ പുത്രനുമായി
ഞാൻ വിവാഹനിശ്ചയം ചെയ്യപ്പെട്ടിരിക്കുന്നു
സന്തോഷകരമായ ദിവസങ്ങൾക്കു പകരം
നിത്യാനന്ദം ഞാനാഗ്രഹിച്ചു".[27]

ക്രിസ്തുവിന്റെ മണവാട്ടികളായ സഭയും കന്യകയായ വ്രതസ്ഥയും ക്രിസ്തുവിനോടുള്ള സ്നേഹത്താലാകൃഷ്ടരായി ദൈവരാജ്യത്തിൽ അവിടുന്നുമായി അന്തിമമായി ഐക്യപ്പെടുന്നതുവരെ അവിടുന്നു

പോകുന്നിടത്തെല്ലാം അവിടുത്തെ വിശ്വസ്തരായി അനുഗമിക്കണം. ക്രിസ്തുവുമായുള്ള ഐക്യത്തിലേക്കു തീർത്ഥാടനം ചെയ്യുന്ന കന്യകയാണ് സന്യാസസമർപ്പണം ചെയ്യുന്ന കന്യക. ഈ ആശയം വ്രതവാഗ്ദാനശുശ്രൂഷയിൽ വ്യക്തമാണ്.

**മറിയം-ക്രിസ്തുവിന്റെ മണവാട്ടി**

സുറിയാനി സഭ കന്യകാമറിയത്തിനു നൽകുന്ന അപദാനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് "ക്രിസ്തുവിന്റെ മണവാട്ടി" എന്നത്. ഈ വിശേഷണം ദൈവമാതാവെന്ന അവളുടെ പദവിയെ താഴ്ത്തുകയല്ല അവൾക്കു ക്രിസ്തുവുമായുള്ള ആഴമാർന്ന ബന്ധത്തെ കൂടുതൽ വ്യക്തമാക്കുകയാണ് ചെയ്യുന്നത്. മറിയം ക്രിസ്തുവിന്റെ മണവാട്ടിയാണ്, അതുകൊണ്ടവൾ സമ്പൂർണമായും ക്രിസ്തുവിലേയ്ക്ക് ഉന്മുഖിയാണ്. അവൾ തന്റെ ഉദരത്തിൽ മാത്രമല്ല ഹൃദയത്തിലും ക്രിസ്തുവിനെ വഹിച്ചു. മറിയത്തിന് ക്രിസ്തുവുമായുള്ള ആഴമാർന്ന ബന്ധവും ക്രിസ്തു മറിയത്തിൽ പ്രവർത്തിച്ച വലിയ കാര്യങ്ങളും ഓർത്തുകൊണ്ടാണ് സുറിയാനി പിതാക്കന്മാർ മറിയത്തെ ക്രിസ്തുവിന്റെ മണവാട്ടി എന്നു വിളിച്ചത്. അപ്രേം പാടുന്നു,

അവൾ മാത്രമാണ് നിന്റെ അമ്മ<br>
എന്നാൽ എല്ലാവരെയും പോലെ അവൾ നിന്റെ സഹോദരിയുമാണ്<br>
അവൾ നിന്റെ അമ്മയായിരുന്നു,<br>
ശുദ്ധതയുള്ള എല്ലാ ആത്മാക്കൾക്കുമൊപ്പം<br>
അവൾ നിന്റെ വധുവുമായിരുന്നു<br>
അമ്മയുടെ സൗന്ദര്യം നീ തന്നെയാണ്,<br>
നീ അവളെ എല്ലാം നൽകി അലങ്കരിച്ചു.[28]

ക്രിസ്തുവിന്റെ വിശുദ്ധികൊണ്ടും, മറിയത്തിന്റെ കന്യത്വം കൊണ്ടുമാണ് അവൾ ക്രിസ്തുവിന്റെ മണവാട്ടിയായത്. കന്യത്വത്തിൽ അവൾ ഗർഭം ധരിച്ചു, അവൻ അവളെ വിശുദ്ധീകരിക്കുകയും കന്യത്വത്തിന്റെ മഹത്വം കൊണ്ട് അലങ്കരിക്കുകയും ചെയ്തു. അങ്ങനെ കന്യത്വത്തിൽ പിറന്ന ശിശു, കന്യാശിശു, അവളെ കന്യാവധുവാക്കി.

മറിയത്തിലുള്ള ക്രിസ്തുവിന്റെ സാന്നിദ്ധ്യം അവളുടെ കന്യത്വത്തെ ഭജ്ഞിക്കുകയല്ല; കൂടുതൽ ഉറപ്പിക്കുകയാണു ചെയ്തത്. അവന്റെ ഭണ്ഡാരത്തിൽ അവളുടെ മുത്തു സംരക്ഷിക്കപ്പെട്ടു. ക്രിസ്തു അവളുടെ മേൽ കന്യത്വവും വിശുദ്ധിയും വർഷിച്ചു, വിശുദ്ധി കൊണ്ട്





അവൻ അവളെ നിറയ്ക്കുകയും പവിത്രീകരിക്കുകയും ചെയ്തു. അപ്രേമിന്റെ ഭാഷയിൽ മിറയത്തിന്റെ ശരീരത്തിൽ വന്നു വസിച്ച ക്രിസ്തു കന്യത്വം പാലിക്കുന്ന പുരുഷന്മാരിലും സ്ത്രീകളിലും വസിക്കുന്നു. അപ്രേം, ക്രിസ്തുവിനെ വാഴ്ത്തപ്പെട്ടവനെന്നു വിളിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൻ പിതാവിന്റെ മടിയിൽ നിന്നു വരികയും മറിയത്തിന്റെ മടിയിൽ ശരീരം ധരിക്കുകയും ഇപ്പോൾ കന്യത്വമുള്ള എല്ലാവരിലും വസിക്കുകയും ചെയ്യുന്നു.

കന്യത്വവും മാതൃത്വവും മറിയമെന്ന ഒരേ വ്യക്തിയിൽ സമ്മേളിക്കുന്നു. അവൾ ക്രിസ്തുവിന്റെ കന്യകയായ മണവാട്ടിയാണ്, അതേസമയം തന്നെ ക്രിസ്തുവിന്റെയും സൃഷ്ടിമുഴുവന്റെയും അമ്മയുമാണ്. ദൈവശാസ്ത്രജ്ഞനായ പി.യൂസിഫിന്റെ അഭിപ്രായത്തിൽ ക്രിസ്തുവിനെ ആത്മീയമായി ഗർഭം ധരിക്കുകയും മനുഷ്യഹൃദയങ്ങളിൽ അവിടുത്തേക്കു ജന്മമേകുകയും ചെയ്യുന്ന കന്യക ക്രിസ്തുവിന്റെ മണവാട്ടിയും അമ്മയുമാണ്.[29]

ഒരു കന്യകാവധുവിന്റെ സമ്പൂർണ ഏകാഗ്രത മറിയത്തിൽ കാണാനാകും. മറിയം അവളുടെ ശരീരവും മനസും മുഴുവൻ ദൈവത്തിനു സമർപ്പിക്കുകയും (ലൂക്കാ 1,38) ക്രിസ്തുവിൽ മാത്രം ദൃഷ്ടിപതിപ്പിക്കുകയും ചെയ്തതുവഴി കന്യകമാർക്ക് ഉത്തമ മാതൃക നൽകി. അതിനാൽ "ക്രിസ്തുവിന്റെ മണവാട്ടികളെ, മറിയത്തിന്റെ ഛായ നിങ്ങളുടെ ഹൃദയങ്ങളിൽ പതിപ്പിക്കുവിൻ എന്നു കന്യകകളെ ഉപദേശിക്കുന്നത് ന്യായയുക്തമാണ്".[30]

വ്രതവാഗ്ദാനശുശ്രൂഷയിൽ കുക്കിലിയോൻ,മറിയത്തിന്റെ സ്തോത്രഗീതം, 45-ാം സങ്കീർത്തനം എന്നിവയിലൂടെ സഭ മറിയത്തെ ക്രിസ്തുവിന്റെ മണവാട്ടിയായി ചിത്രീകരിക്കുകയും വ്രതം ചെയ്യുന്ന കന്യകമാർക്കു അനുകരിക്കുന്നതിനുള്ള മാതൃകയായി നൽകുകയും ചെയ്യുന്നു. വ്രതവാഗ്ദാനസമയം അർത്ഥിനി "പരിശുദ്ധാത്മാവിന്റെ കൃപാവരത്താലും വാഴ്ത്തപ്പെട്ട കന്യകമറിയാമിന്റെ സഹായത്താലും ദൈവത്തിനും തിരുസഭയ്ക്കും സേവനം ചെയ്തുകൊണ്ട് സ്നേഹത്തിന്റെ പൂർണതയിൽ എത്തിച്ചേരുന്നതിന് ഞാൻ എന്നെത്തന്നെ ഈ സമൂഹത്തിന് പൂർണമായി സമർപ്പിച്ചുകൊള്ളുന്നു" (വ്രതവാഗ്ദാനം, 43). എന്നു ചൊല്ലുന്നു.

ഇവിടെ നമുക്കു കാണാനാകുന്നത് പരിശുദ്ധാത്മാവിന്റെ കൃപാവരത്താലും വാഴ്ത്തപ്പെട്ട കന്യകമറിയാമിന്റെ സഹായത്താലും സ്നേഹ

ത്തിന്റെ പൂർണതയിൽ എത്തിച്ചേരാനാഗ്രഹിച്ച് ഇടുങ്ങിയ വഴിയിലൂടെ പുറപ്പെടുന്ന കന്യകയെയാണ്. നിത്യമണവറയിലാണ് അവൾ സമ്പൂർണസ്നേഹത്തിൽ എത്തിച്ചേരുന്നത്.

**തീർഥാടകയായ വധുവിന്റെ യാത്ര**

ആരാധനാക്രമത്തിൽ വ്യക്തമാകുന്നതുപോലെ വ്രതവാഗ്ദാനം ചെയ്ത കന്യക യുഗാന്ത്യത്തിൽ നിത്യമണവറയിൽ മണവാളനായ ക്രിസ്തുവിന്റെ അടുത്തു നിൽക്കേണ്ടവളാണ്. ഇങ്ങനെ നിൽക്കുന്ന തിന് ദൈവരാജ്യത്തിലേക്ക് ഒരു യാത്ര ആവശ്യമാണ്. അബ്രാഹ ത്തിന്റെ യാത്രയെക്കുറിച്ചുള്ള വി. ഗ്രന്ഥ വായനയിലൂടെ (ഉത് 12,1-10) കന്യക സമ്പൂർണ സ്നേഹത്തിന്റെയും വിശ്വാസത്തിന്റേതുമായ യാത്ര യ്ക്കായി വെല്ലുവിളിക്കപ്പെടുന്നു.

കന്യകയുടെ പ്രയാണം സ്ഥലകാലപരിമിതിക്കുള്ളിലുള്ള ഒന്നല്ല, അത് അവളുടെ ഉള്ളിൽനിന്നും അവളുടെ സ്വത്തത്തിൽ നിന്നും പുറ പ്പെട്ട് ദൈവരാജ്യത്തിലേക്കുള്ള യാത്രയാണ്. *Liber Gradum* എന്ന ഗ്രന്ഥ ത്തിന്റെ വെളിച്ചത്തിൽ ദൈവത്തിന്റെ രാജ്യത്തിലേക്കുള്ള നേരായതും ഇടുങ്ങിയതുമായ പാത തപസിന്റെ പാതയാണ്.

സുറിയാനി പാരമ്പര്യമനുസരിച്ച് ഹൃദയം കേവലം ജീവനാധാര മായ ഒരു അവയവം മാത്രമല്ല മറിച്ച് മനുഷ്യന്റെ ഉള്ളിലെ ദൈവരാ ജ്യവും നമ്മുടെ കർത്താവിന്റെ പട്ടണവും മണവറയുമാണ്. "ദൈവ രാജ്യം നിങ്ങളിൽതന്നെയുണ്ടെന്ന് ക്രിസ്തുവും അരുൾചെയ്യുന്നു" (ലൂക്കാ 17,21). മാമ്മോദീസായിലൂടെയും പരി.കുർബാനയിലൂടെയും "ക്രിസ്തു നമ്മിൽ സ്വർഗം തീർക്കുകയും നമ്മിലേക്കിറങ്ങി വന്ന് എന്നും നമ്മോടൊത്തു വസിക്കുകയും" ചെയ്യുന്നതുകൊണ്ടാണിത്. അതുകൊണ്ട് മണവാട്ടി ഹൃദയശുദ്ധിയുള്ളവളും ജാഗ്രതയുള്ളവളും, ശ്രദ്ധാലുവും തന്റെ മണവാളനെ ജീവിതത്തിന്റെ ഓരോ നിമിഷവും കണ്ടെത്താനും രാജ്യത്തിന്റെ പൂർത്തിയിൽ, പറുദീസായിൽ അവനോ ടൊത്തു നിൽക്കാൻ ഒരുക്കമുള്ളവളുമായിരിക്കണം.

ദൈവരാജ്യത്തിലേക്കുള്ള യാത്ര സൂചിപ്പിക്കുന്നത് മണവാളനിലുള്ള പതറാത്ത വിശ്വാസവും സ്നേഹവും ശരണവുമാണ്. വിവാഹശുശ്രൂ ഷയിൽ മണവാട്ടിയുടെ യാത്ര മണവാളനെ അന്വേഷിക്കുന്നതും പിൻതുടരുന്നതുമായ രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത് (കൂദാശ കൾ, 53-54). ആരാധനാക്രമ പ്രകാരം കിഴക്കിനഭിമുഖമായി നിന്നു





പ്രാർഥിക്കുന്നതും നിത്യമണവറയെ ലക്ഷ്യമാക്കിയുള്ള മണവാട്ടിയുടെ യാത്രയെ സൂചിപ്പിക്കുന്നു.

**യാത്രാഭോജനം**

അപ്രേമിന്റെ അഭിപ്രായത്തിൽ യേശുവാണ് മാർഗവും (യോഹ14,6) മാർഗത്തിന്റെ നാഥനും. വെള്ളത്തിലൂടെ കടന്നും, കരകടന്നും ക്രിസ്തു തന്റെ മണവാട്ടിയായ സഭക്ക് (ഓരോ ആത്മാവിനും) ദൈവരാജ്യത്തി ലേക്കുള്ള വഴി തുറന്നുകൊടുത്തു. ക്രിസ്തുവിന്റെ കാൽപ്പാടുകളെ പിൻതുടർന്ന് വധു തന്റെ ബലിയിലൂടെയും മരണത്തിലൂടെയും കബ റടക്കത്തിലൂടെയും ഉത്ഥാനത്തിലൂടെയും അവൾക്കായി തുറന്ന പാത യിലൂടെയുള്ള യാത്രയിലാണ്.

ദൈവവചനത്തിലൂടെ സഭ മണവാളനിലേക്കുള്ള യാത്രയിൽ വഴി ഇടുങ്ങിയതാണെന്നും വളരെ കുറച്ചുപേർ മാത്രം സഞ്ചരിക്കുന്ന പാത യാണതെന്നുമുള്ള മുന്നറിയിപ്പു മണവാട്ടിക്കു നൽകുന്നു (മത്താ7,13 -14). കടക്കാൻ പ്രയാസമുള്ളതും ഇടുങ്ങിയതുമാണെങ്കിലും ഈ പാത നിത്യതയിലേക്കുള്ള പാതയാണ്. ആദത്തിന്റെ പാപവും ബഹിഷ്ക രണവും മൂലമാണീ മാർഗം അത്യാവശ്യമായത്. അക്കാരണത്താൽ വധു വിശ്വാസത്തോടെ പുറപ്പെടേണ്ട യാത്രയാണിത്. വഴിമദ്ധ്യേ അവൾക്ക് സാത്താന്റെ തീയമ്പുകളെയും സർപങ്ങളെയും തേളുക ളെയും നേരിടേണ്ടിവരും. ഭീഷണികളിൽ നിന്നോടി അകലുകയല്ല അവൾ ചെയ്യേണ്ടത് ക്രിസ്തുവിലുള്ള വിശ്വാസത്താലും അവന്റെ കൃപ യാലും ഈ യാത്ര തന്നെ നാശത്തിലേക്കല്ല നിത്യജീവനിലേക്കാണു നയിക്കുന്നതെന്നറിഞ്ഞുകൊണ്ട് മുന്നേറുകയാണു വേണ്ടത്.

**തിൻമപ്പെട്ടവന്റെ തീയമ്പുകൾ**

ക്രിസ്തുവിന്റെ കന്യകയെ തിൻമപ്പെട്ടവന്റെ തീയമ്പുകളിൽനിന്നു കാത്തുകൊള്ളണമെന്നു പ്രാർഥിക്കുന്നു. തിന്മപ്പെട്ടവൻ എന്നതിനു ആകൽക്കറുസ എന്ന പദമാണുപയോഗിക്കുന്നത്. മനുഷ്യ ശരീര ത്തിൽ നിന്ന് പിച്ചിയെടുത്ത മാംസം ഭക്ഷിക്കുന്നവൻ എന്നാണ് പദ ത്തിന്റെ അർഥം. സാത്താന്റെ മൃഗീയത വെളിവാക്കുന്ന ഒരു പദമാ ണിത്. ഭക്ഷണത്തിലൂടെയാണ് സാത്താൻ മനുഷ്യന്റെ മേൽ തന്റെ ആധിപത്യം ഉറപ്പിച്ചതെന്ന വസ്തുത പ്രത്യേകം ഓർക്കേണ്ടതാണ്.

ദൈവത്തെ ശുശ്രൂഷിക്കാൻ പുറപ്പെടുന്നവർക്കു നേരേ സാത്താൻ അഗ്നിശരങ്ങൾ വർഷിക്കുന്നു എന്ന് പ്രാർഥനകൾ സൂചിപ്പിക്കുന്നു.

പ്രാർഥനകളിൽ സൂചിപ്പിക്കപ്പെടുന്ന അഗ്നിശരങ്ങൾ; അസൂയ, വിദ്വേഷം, ചതി, വഞ്ചന, ഭോഗാസക്തി, അത്യാഗ്രഹം എന്നിവയാണ്. അഗ്നിപോലെ ആകർഷകമാണവ. എന്നാൽ വന്നുകൊണ്ടാൽ മനുഷ്യഹൃദയത്തിൽ ആഴമുള്ള മുറിവുണ്ടാക്കുന്നവയുമാണിവ. ഇവയിൽ നിന്നെല്ലാം ദൈവ കൃപ കന്യകയെ സംരക്ഷിക്കട്ടെ എന്നു സഭ പ്രാർഥിക്കുന്നു.

**സർപ്പങ്ങളും തേളുകളും**

ആദ്യകാല സുറിയാനി ആധ്യാത്മികതയിൽ മൃഗങ്ങൾക്കു വളരെ വലിയ സ്ഥാനമുണ്ട്. മനുഷ്യസ്വഭാവവുമായി അവക്ക് പ്രതീകാത്മക സാമ്യങ്ങളുണ്ട്. ദൈവം സൃഷ്ടിച്ച എല്ലാ മൃഗങ്ങളും നല്ലവയാണെങ്കിലും ചില മൃഗങ്ങൾ പാപത്തിന്റെയും തിന്മയുടെയും പ്രതീകങ്ങളാണ്. സർപങ്ങളും തേളുകളും മനുഷ്യർക്ക് ഉപദ്രവകാരികളാകയാൽ അവയെ തിന്മയുടെ പ്രതീകങ്ങളായാണ് സന്യാസികൾ ദർശിക്കുന്നത്. സാത്താൻ മനുഷ്യനെ വശീകരിച്ചവനാണ് (ഉത് 3,1). സർപമാണ് ആദിമാതാപിതാക്കളെ പാപം ചെയ്യിച്ചവൻ. അപ്രേമിന്റെ അഭിപ്രായത്തിൽ മറിയം ഈ സർപത്തിന്റെ തല തകർത്തു. എല്ലാ തലമുറകളെയും സാത്താൻ പിന്തുടരുന്നു. ദൈവത്തിലുള്ള വിശ്വാസം നശിപ്പിച്ചുകൊണ്ട് അനേകരെ ഇന്നും അവൻ തെറ്റിൽ ഉൾപ്പെടുത്തുന്നു. എല്ലാ ആധ്യാത്മചിന്തയിലും മൃഗങ്ങൾ പ്രലോഭനത്തിന്റെയും പാപത്തിന്റെയും കാരണക്കാരായി ചിത്രീകരിക്കപ്പെടുന്നുണ്ട്. ക്രിസ്തുവിന്റെ മണവാട്ടിയായ സഭയെ നശിപ്പിക്കാൻ ശ്രമിക്കുന്ന പാഷണ്ഡതയായും സാത്താനെ കാണുന്നുണ്ട്.

വ്രതവാഗ്ദാനശുശ്രൂഷയിൽ കന്യക സന്യാസജീവിതത്തെ ഭീഷണിപ്പെടുത്തുന്ന സർപങ്ങളെയും തേളുകളെയും ചവിട്ടിമെതിക്കുമെന്ന പ്രത്യാശ സ്ഫുരിക്കുന്ന പ്രാർഥനകളുണ്ട് (വ്രതവാഗ്ദാനം, 4, 5). അനുകൂലമായ ഒരു സാഹചര്യം ലഭിക്കുന്നതുവരെ മണ്ണിനടിയിൽ ഒളിച്ചിരിക്കുകയും യാത്രികരെ പതിയിരുന്ന് ആക്രമിക്കുകയും ചെയ്യുന്നവയാണ് സർപങ്ങളും തേളുകളും.

മനുഷ്യനിലൊളിച്ചിരിക്കുന്ന തിന്മയുടെ ശക്തിയെയും ദുരാഗ്രഹങ്ങളെയും ജയിക്കുന്നതിന്റെ പ്രതീകമാണ് സർപങ്ങളെയും തേളുകളെയും ചവിട്ടിമെതിക്കുമെന്നത്.

**ദുഷ്ടമനുഷ്യർ**

മണവാളന്റെ പക്കലേക്കു പോകുന്ന കന്യകയെ അധരങ്ങളിൽ പുഞ്ചിരിയും ഹൃദയത്തിൽ വഞ്ചനയുമായി മാർഗഭ്രംശം വരുത്താൻ





ശ്രമിക്കുന്ന ദുഷ്ടമനുഷ്യരാണ് ആരാധനാക്രമത്തിൽ ദുഷ്ടജനം എന്നു പരാമർശിക്കപ്പെടുന്നത്.

തന്റെ മണവാളനെതേടിയുള്ള യാത്രയിൽ തനിക്കു നേരിടേണ്ടിവന്ന ചോരൻമാരുടെ വർണന സഭയും നൽകുന്നുണ്ട്,

“ദുർഗമ മാർഗങ്ങ-ളിലൂ-ടെ
ചോരന്മാരെ കൂസാതെ” (കൂദാശകൾ, 54)

മണവാളനുമായുള്ള കൂടികാഴ്ചക്കായി പോകുന്ന മണവാട്ടിക്ക് ഒഴിച്ചുകൂടാനാകാത്ത ചില യുദ്ധങ്ങളിൽ പങ്കുചേർന്നേ മതിയാകൂ. ഈ യുദ്ധത്തെ ആത്മീയ യുദ്ധമെന്നു സുറിയാനി സഭയും മത്സരം, മൽപ്പിടുത്തം എന്നൊക്കെ ഗ്രീക്കു പിതാക്കന്മാരും വിളിക്കുന്നു.

“സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കുവാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപന്മാർക്കും സ്വർഗീയ ഇടങ്ങളിൽ വസിക്കുന്ന തിൻമയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണ് പടവെട്ടുന്നത്” (എഫേ 6,11,12).

സമർപണജീവിതത്തിൽ കന്യകയെ കാത്തിരിക്കുന്ന ദൃശ്യവും അദൃശ്യവുമായ യുദ്ധസാഹചര്യങ്ങളെക്കുറിച്ച് വ്രതവാഗ്ദാനശുശ്രൂഷയിലെ പ്രാർഥനകൾ കന്യകയെ അനുസ്മരിപ്പിക്കുന്നു. ശത്രുക്കളോടുള്ള യുദ്ധത്തിനായി ദൈവിക ശക്തിയാൽ ധൈര്യം സംഭരിക്കാൻ സഭ കന്യകയോട് ആഹ്വാനം ചെയ്യുന്നു.

സാത്താൻ, ജഡം,ലോകം എന്നിവയോടാണ് കന്യക പോരാടേണ്ടത് (റോമ 6,8). പോരാട്ടം കിരീടം നേടുന്നതിനുവേണ്ടിയുള്ളതാണ്. പോരാട്ടത്തിനായി കന്യക ധരിക്കേണ്ട ആയുധങ്ങൾ ഏവയൊക്കെയെന്നു വ്രതവാഗ്ദാനശുശ്രൂഷയിലെ പ്രാർഥനകൾ വ്യക്തമാക്കുന്നു.

**പരിശുദ്ധാത്മ ശക്തി**

കന്യകയുടെ മേൽ പരിശുദ്ധാത്മാവിന്റെ ആവാസവും വരങ്ങളും നിറയ്ക്കുവാൻ സഭ പ്രാർഥിക്കുന്നു. *Aggen* എന്ന സുറിയാനി പദത്തിന് ആവസിക്കുക (ലൂക്ക 1,35) വസിക്കുക (യോഹ 1,14) എന്ന അർഥമാണ്. കന്യകയുടെ മേലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് *aggen* എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ഒരു വ്യക്തിയെ സംരക്ഷിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മ പ്രവർത്ത

നമാണീ പദം അർഥമാക്കുന്നതെന്നു നിനവേയിലെ ഇസഹാക്ക് അഭിപ്രായപ്പെടുന്നു. മറിയം മാത്രമാണ് പരിശുദ്ധാത്മാവിന്റെ ഈ ശക്തിക്കു പരിപൂർണമായി വിധേയയായ വ്യക്തി. വിശുദ്ധരായ മനുഷ്യരും ഈ ശക്തിക്ക് അധീനരാകാൻ വിളിക്കപ്പെട്ടവരാണ്.[31]

വിശ്വാസം, പ്രത്യാശ, സ്നേഹം, ജ്ഞാനം,വിശുദ്ധി, ധൈര്യം, ദൈവഭയം, ഭക്തി എന്നിവയും പരിശുദ്ധാത്മാവിന്റെ ദാനങ്ങളാണ്.

മലങ്കര സഭയുടെ വിവാഹശുശ്രൂഷയിൽ മന്ത്രകോടി നൽകുന്ന കർമത്തിലും പരിശുദ്ധാത്മാവിന്റെ ആവാസത്തിന്റെ സൂചനയുണ്ട്. "മഹത്വത്തിന്റെ നിലയങ്കി നീയവളെ ധരിപ്പിച്ചു" (കൂദാശകൾ, 45). വധുവിനെ മന്ത്രകോടി അണിയിക്കുന്നത് ദൈവം തന്റെ മണവാട്ടിയെ തന്റെ മഹത്വത്തിന്റെ വസ്ത്രം അണിയിക്കുന്നതിന്റെയും പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ നിറയ്ക്കുന്നതിന്റെയും പ്രതീകമാണ്.

വ്രതവാഗ്ദാനശുശ്രൂഷയിൽ ദീദാ (ശിരോവസ്ത്രം) നൽകിക്കൊണ്ട് കാർമികൻ പ്രാർഥിക്കുന്നു, "പുണ്യത്തിന്റെയും പരിപാകതയുടെയും അടക്കമൊതുക്കത്തിന്റെയും പ്രശാന്തതയുടെയും വിശുദ്ധിയുടെയും എല്ലാ സുകൃതവ്യാപാരങ്ങളുടെയും വിരിവസ്ത്രമായി നിയോഗങ്ങളുടെ പരിശുദ്ധതയ്ക്കും മാലാഖമാർക്കനുരൂപമായ ജീവിതത്തിന്റെ സൂക്ഷിപ്പിനുമായി ഈ ദീദായെ ധരിച്ചുകൊള്ളുക" (വ്രതവാഗ്ദാനം, 48). അങ്ങനെ ദീദാ നൽകലും വിവാഹശുശ്രൂഷയിലെ മന്ത്രകോടി അണിയിക്കലും സാധർമ്യമുള്ള കർമങ്ങളാണെന്നു കാണാം. ഈ രണ്ടു കർമങ്ങളും ക്രിസ്തു തന്റെ മണവാട്ടിയെ പരിശുദ്ധാത്മാവിന്റെ ശക്തിയും ദാനങ്ങളും കൊണ്ട് ആവരണം ചെയ്യുന്നു എന്നതിന്റെ പ്രതീകമാണ്.

### സുകൃതവസ്ത്രം

ശത്രുക്കളിൽ നിന്ന് കന്യകയെ സംരക്ഷിക്കുന്നതിനായി അവളെ സന്യാസസുകൃതമാകുന്ന വസ്ത്രം അണിയിക്കണമെ എന്ന് സഭ പ്രാർഥിക്കുന്നു.

സുകൃത സമ്പാദനത്തിനുള്ള ഒരുവന്റെ ആഗ്രഹം ക്രിസ്തുവിനെ ധരിക്കാനുള്ള സന്നദ്ധതയെയാണ് സൂചിപ്പിക്കുന്നത്. അക്കാരണത്താൽ തന്നെ വിശ്വാസം, സ്നേഹം,അനുസരണം, ക്ഷമ മുതലായ പുണ്യങ്ങളുടെ പരിശീലനം ക്രിസ്തുവിന്റെ ജീവനിലുള്ള പങ്കുചേരലാണ്. വ്രതവാഗ്ദാനശുശ്രൂഷയിൽ എല്ലാ പുണ്യങ്ങളുടെ പരിശീ





ലനത്തെക്കുറിച്ചും പരാമർശമുണ്ടെങ്കിലും സ്നേഹം, ഹൃദയവിശുദ്ധി, എളിമ എന്നിവയ്ക്കു കൂടുതൽ പ്രാധാന്യം നൽകപ്പെട്ടിട്ടുണ്ട്.

### സ്നേഹമെന്ന സുകൃതം

വ്രതവാഗ്ദാനം ക്രിസ്തുവിനോടുള്ള മണവാട്ടിയുടെ ഒന്നാകലായതിനാൽ സ്നേഹത്തിന് വളരെ പ്രാധാന്യമുണ്ടീ ജീവിതത്തിൽ. സ്വരക്തം ചിന്തി മണവാട്ടിയെ രക്ഷിച്ച ക്രിസ്തുവിന്റെ സ്നേഹമാണ് മണവാട്ടിക്കു മാതൃകയായി നൽകപ്പെടുന്നത്. രക്തം ചിന്തി തന്നെ വീണ്ടെടുത്ത ക്രിസ്തുവിനോടു സഭ പ്രാർഥിക്കുന്നു,

സത്യ മണാളാ നീതിജ്ഞാ
എന്നിൽ കനിവുണ്ടാകണമെ (കൂദാശകൾ, 76).

ഈ സഭയോട് ക്രിസ്തുവിന്റെ പ്രത്യുത്തരം ഇതാണ്;

സുന്ദരികളിലതിസുന്ദരി നീ - ജാതികളിൻ സുതയേ
ലോകമശേഷം പ്രഭ വീശും-പകലോനൊടുതുല്യം (കൂദാശകൾ, 64).

മണവാട്ടിയുടെ സ്നേഹം ക്രിസ്തുവിനോടു മാത്രമുള്ളതല്ല, ക്രിസ്തുവിനെപ്രതി സകലരെയും സ്നേഹിക്കാൻ കടപ്പെട്ടവളാണ് മണവാട്ടി.

### വിശ്വസ്തത

ആദത്തിന്റെയും ഹവ്വയുടെയും അവിശ്വസ്തതയും പഴയ ഇസ്രായേലിന്റെ അവിശ്വസ്തതയും അനുസ്മരിച്ചുകൊണ്ട് തന്റെ മണവാളനോട് വിശ്വസ്തയായിരിക്കാൻ പ്രാർഥനകളിലൂടെ കന്യകയെ സഭ ഓർമിപ്പിക്കുന്നു. വിവാഹശുശ്രൂഷയിലും സഭ തന്റെ കർത്താവിനോടുള്ള അവളുടെ വിശ്വസ്തതയും ആശ്രയത്വവും ഏറ്റു പറയുന്നു.

നാഥാ, ഞാൻ നിൻ മണവാട്ടി
നിന്നിൽ ഞാനഭയം കൊണ്ടോൾ
സത്യമണാളാ, നീതിജ്ഞാ
എന്നിൽ കനിവുണ്ടാകണമെ (കൂദാശകൾ, 76)

തന്റെ നിരന്തരസാന്നിധ്യം വാഗ്ദാനം ചെയ്യുന്ന ക്രിസ്തുവിനോടുള്ള വിശ്വസ്തത സഭ ഏറ്റു പറയുകയാണിവിടെ. ക്രിസ്തു സഭയോട് അരുൾ ചെയ്യുന്നു,

വിശ്വസ്ത-സഭയേ-നിന്നുള്ളിൽ
ഭയക്ലേശങ്ങൾ-ലേശം-വേ-ണ്ടാ
എന്നിൽ നീ-പതിവ്രതയായതിനാൽ

നിന്നെ-ഞാനും-കൈവിടുകയില്ല
ലോക-ത്തിന്നവസാ-ന-ത്തിൽ
പാരും-വാനുമഴി-ഞ്ഞാലും
വാഴും- നീ ആപ-ത്തെ-ന്യേ
താ-താത്മജറൂഹാസദനേ
തവപീഠം ഹാ-സജ്ജിതമല്ലോ (കൂദാശകൾ, 47, 48).

വിശ്വസ്തത എന്നാൽ ക്രിസ്തുവിലുള്ള ജീവിതമാണ്. ക്രിസ്തുവിലല്ലാത്തവനു നിലനിൽക്കാനാവില്ല (യോഹ 15,6).

വ്രതവാഗ്ദാനശുശ്രൂഷയിൽ സഭ കന്യകയോട് വിശ്വസ്തമായി കല്പനകൾ പാലിക്കാനും സമർപ്പണം വിശ്വസ്തമായി ജീവിക്കാനും ആഹ്വാനം ചെയ്യുന്നു. "കലപ്പയിൽ കൈവച്ചിട്ട് പിന്തിരിഞ്ഞു നോക്കുന്ന ഒരുവനും സ്വർഗരാജ്യത്തിന് യോഗ്യനല്ല" (ലൂക്ക9,62).

ക്രിസ്തു ആവശ്യപ്പെടുന്നത് സമ്പൂർണ വിശ്വസ്തതയാണെന്ന് കന്യക അറിയുന്നു. "എന്റെ ഏകലക്ഷ്യം എന്റെ പ്രിയ രക്ഷകനെ സ്നേഹിച്ചു മഹത്വപ്പെടുത്തുക എന്നതാണ്"[32] സ്വർഗരാജ്യത്തിലേക്കുള്ള യാത്രയിൽ കന്യകയ്ക്കാവശ്യമായ സുകൃതമാണ് വിശ്വസ്തത.

**എളിമ**

സന്യാസജീവിതത്തിന് ഏറ്റമാവശ്യമായ ഒരു പുണ്യമാണ് എളിമ. എളിമയാകുന്ന സുകൃതത്താൽ കന്യകയെ മുടി ധരിപ്പിക്കണമെന്ന് കാർമികൻ പ്രാർത്ഥിക്കുന്നു. സമർപ്പണത്തിലൂടെ കന്യക മരണത്തോളം അനുസരണം പാലിച്ച (ഫിലി 2,8) കർത്താവിന്റെ നുകത്തിന് കഴുത്തു കുനിക്കുകയാണു ചെയ്യുന്നത്. ക്രിസ്തുവിന്റെ ഈ ശൂന്യവത്ക്കരണമാണ് സഭയെ ക്രിസ്തുവിന്റെ മണവാട്ടിയായി ഉയർത്തിയത്. വ്രതവാഗ്ദാനശുശ്രൂഷയിലെ വി.ഗ്രന്ഥവായന (കൊളോ 3,12) കന്യകയെ എളിമയുടെ ആവശ്യകതയെ അനുസ്മരിപ്പിച്ചുകൊണ്ടുള്ളതാണ്. സുറിയാനി സഭാപാരമ്പര്യത്തിൽ സ്നേഹത്തിന്റെ ആധികാരികമായ പ്രകടനമാണ് ഒരാളുടെ സ്വയത്തെ സമ്പൂർണമായി അടിയറവുവയ്ക്കുന്ന എളിമ. ദൈവത്തെ മനുഷ്യന്റെ അധിനാഥനായിരിക്കാൻ അനുവദിക്കുന്ന ഒരു ആന്തരികഭാവമാണത്. കന്യക അനുകരിക്കേണ്ട ക്രിസ്തുവിന്റെ സ്വയം ശൂന്യവത്ക്കരണത്തിന്റെ മനോഭാവമാണ് എളിമ എന്നതിനാലാണ് വ്രതവാഗ്ദാനശുശ്രൂഷയിലുടനീളം കന്യകയെ 'കൃപ യാചിക്കുന്ന പാപി'യായി ചിത്രീകരിച്ചിരിക്കുന്നത്.

ബുദ്ധിയുടെയും ഹൃദയത്തിന്റെയും എളിമ സമർപ്പിതയ്ക്ക് ആവ





ശ്യമാണ്. ആദിമാതാപിതാക്കളുടെ കല്പനലംഘനത്തെ അഹങ്കാരമായാണ് അവതരിപ്പിക്കുന്നത്. എളിമയാണ് ദൈവത്തിനു വിധേയയായി അവിടുത്തെ കല്പനകൾ പാലിക്കാൻ കന്യകയെ പ്രാപ്തയാക്കുന്നത്.

**ദൈവൈക്യം**

ഈ ലോകത്തിൽ തന്നെ ക്രിസ്തുവുമായുള്ള ഐക്യത്തിനുള്ള സാധ്യത ക്രിസ്തു തന്റെ മണവാട്ടിയായ സഭക്കു നൽകിയിട്ടുണ്ട്. ഈ ഐക്യത്തിന്റെ ആനന്ദം നുകർന്നുകൊണ്ടാണ് സഭ

ഏദൻ തോട്ട വിധാതാവേ
നീയാണെൻ യുവ മണവാളൻ
സുഖകരമാം നിന്നുദ്യാന-
ക്കുളിർതെന്നൽ വീശിക്കെന്മേൽ (കൂദാശകൾ, 75).

എന്നു പാടുന്നത്. മണവാളനോടു യോജിക്കാനുള്ള സഭയുടെ അദമ്യമായ ആഗ്രഹമാണിതിൽ പ്രകടമാകുന്നത്.

**ദൈവൈക്യത്തിനുള്ള മാർഗം**

വ്രതവാഗ്ദാനത്തിലൂടെ കന്യക പ്രാപിക്കുന്ന സ്വർഗീയ ആനന്ദത്തെ പ്രകടമാക്കാൻ വൈവിധ്യമാർന്ന ഉപമകൾ വ്രതവാഗ്ദാന ശുശ്രൂഷയിലുപയോഗിക്കുന്നു. ഈ ഐക്യത്തിനുള്ള മാർഗവും 'വഴിയും സത്യവും ജീവനു'മായ ക്രിസ്തുതന്നെയാണ്.

**മാലാഖമാരുടെ ജീവിതം**

മാലാഖമാരെപ്പോലെ ജീവിക്കാനുള്ള ജീവിതമാണ് വ്രതവാഗ്ദാനജീവിതമെന്ന് ശുശ്രൂഷകൾ കന്യകയെ അനുസ്മരിപ്പിക്കുന്നു. കാർമികൻ ഓർമിപ്പിക്കുന്നു "സന്യാസ ജീവിതം മാലാഖയ്ക്കടുത്ത ജീവിതമാണ്" (വ്രതവാഗ്ദാനം, 8).

ദൈവഹിതം അനുവർത്തിക്കുന്ന ഒരു ജീവിത ശൈലിയാണ് മാലാഖമാരുടെ ജീവിതം എന്നതുകൊണ്ടർത്ഥമാക്കുന്നത്. മാലാഖ എന്ന വാക്കിനർത്ഥം ഒരു സന്ദേശവുമായി അയയ്ക്കപ്പെട്ടവൻ എന്നാണ്.

മാലാഖമാർ തീയും ആത്മാവുമാണ്; വി. കുർബാനയുടെ പ്രതീകമാണ് തീയും ആത്മാവും. ആകയാൽ സുറിയാനി പിതാക്കന്മാർ മാലാഖമാരെ കൂദാശാജീവിതത്തിന്റെ മാതൃകകളായും മനസ്സിലാക്കുന്നുണ്ട്.

ദൈവവുമായുള്ള അടുത്ത ബന്ധവും കൂട്ടായ്മയും, ജാഗരണത്തോടുകൂടിയ ശുശ്രൂഷ, വികാരങ്ങളിൽ നിന്നും ലൗകികതാത്പര്യങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യം, ജീവിത വിശുദ്ധി എന്നിവയാണ് മാലാഖമാരുടെ സ്വഭാവത്തിന്റെ സവിശേഷതകൾ.

മാലാഖമാരും കന്യകകളും ദൈവത്തിന്റെ സൃഷ്ടികളാണെങ്കിലും ഒരു അകലം ഇവർക്കിടയിലുണ്ട്. സുറിയാനി പിതാക്കന്മാരുടെ അഭിപ്രായത്തിൽ മാമ്മോദീസായാൽ ഈ അകലം ഇല്ലാതെയാക്കപ്പെടുന്നു. കന്യകയ്ക്കു തന്റെ ആന്തരിക വിശുദ്ധി പാലിച്ചുകൊണ്ട് മാലാഖയെപ്പോലെ ജീവിക്കാനാകും. വിശുദ്ധി പാലിച്ചുകൊണ്ട്, ഭൗമികശരീരത്തിൽ സ്വർഗീയസ്വഭാവം സ്വീകരിച്ച്, മാലാഖയുടെ ജീവിതം ജീവിക്കാൻ വിളിക്കപ്പെട്ടവളാണ് വ്രതവാഗ്ദാനം ചെയ്ത കന്യക.

**പ്രാർഥന**

പ്രാർഥനക്ക് വ്രതബദ്ധ ജീവിതത്തിലുള്ള പങ്കിനെക്കുറിച്ച് പ്രകടമായ നിർദ്ദേശങ്ങൾ ശുശ്രൂഷയിൽ കാണുന്നില്ലെങ്കിലും സഭയുടെ മനോഭാവം വളരെ പ്രകടമാണ്. അന്യഗ്രഹത്തിലായിരം ദിനങ്ങളേക്കാൾ ദൈവഭവനത്തിൽ ഒരു ദിവസം ആയിരിക്കുന്നതാണ് നല്ലതെന്ന് ശുശ്രൂഷയുടെ പ്രാരംഭത്തിൽ (സങ്കീ 84,10) ചൊല്ലുന്നു. "അവർ സദാ സ്ഥിരതയോടും ഹൃദയവിശുദ്ധിയോടും നിന്നെ ശുശ്രൂഷിക്കാൻ തക്കവിധം അവരെ നീ അനുഗ്രഹിക്കണമെ" (വ്രതവാഗ്ദാനം, 23, 24). എന്ന പ്രാർഥനയും ഇതേ ആശയം തന്നെ പ്രകടമാക്കുന്നതാണ്. സെദറയിൽ വീണ്ടും ഇതു തന്നെ കാണുന്നു.

പ്രാർഥനയെക്കുറിച്ച് നേരിട്ട് യാതൊന്നും പറയുന്നില്ലെങ്കിലും മുകളിൽ കണ്ട പ്രാർഥനകളിൽ നിന്ന് പ്രാർഥനയെക്കുറിച്ച് ചില ധാരണകൾ നമുക്ക് ലഭിക്കുന്നു.

വ്രതവാഗ്ദാന ശുശ്രൂഷയിൽ നിന്നും പ്രാർഥന എന്നാൽ ദൈവസാന്നിധ്യത്തിലായിരിക്കുകയാണ്. തന്റെ ഹൃദയത്തിൽ സദാ ദൈവത്തെ സ്മരിച്ചുകൊണ്ട് ജീവിക്കുന്ന മനുഷ്യൻ ഹൃദയത്തിൽ ദൈവത്തെ ശുശ്രൂഷിക്കുന്നവനാണ്. ഹൃദയത്തിന്റെ ആരാധനയാണ് പ്രാർഥന, ദൈവത്തിനു സ്വീകാര്യമായ ബലിയുമാണത്.

സ്നേഹത്തിലും വിശ്വാസത്തിലും സ്തുതിയും കൃതജ്ഞതയും ദൈവത്തിന് അർപ്പിക്കുന്നതാണ് വി. അപ്രേമിന്റെ അഭിപ്രായത്തിൽ പ്രാർഥന. അദ്ദേഹത്തെ സംബന്ധിച്ച് പ്രാർഥന നിരന്തരം നടക്കേണ്ട ഒന്നാണ്. നിരന്തരപ്രാർഥനയുടെ അടിസ്ഥാനമായി അപ്രേം കാണുന്നത് വിശ്വാസത്തെയാണ്.[33]

ദൈവവുമായുള്ള മനുഷ്യന്റെ നിരന്തരമായ കണ്ടുമുട്ടലും ദൈവത്തോടുകൂടിയായിരിക്കാനുള്ള ഒരാളിന്റെ അടിസ്ഥാനപരമായ തീരു





മാനവുമാണ് പ്രാർഥന. ജീവിതത്തിന്റെ ഓരോ നിമിഷവും ദൈവത്തോടുകൂടിയായിരിക്കുന്നവന്റെ ഹൃദയത്തിൽ ദൈവികചരായ പതിഞ്ഞിരിക്കും. അപ്രേം ഇത്തരക്കാരെ അനുഗൃഹീതർ എന്നു വിളിക്കുന്നു. ഇത്തരക്കാരുടെ ജീവിതത്തിൽ ജീവിതവും പ്രവൃത്തിയും പ്രാർഥനയും സമന്വയിക്കപ്പെടുന്നു.

ദൈവിക സംരക്ഷണത്തിലേക്കുള്ള കന്യകയുടെ ഓടിപ്പോക്കായി പ്രാർഥനയെ *Takso D' supro D'dairyutho* കാണുന്നു. കന്യക ദൈവത്തിന്റെ ചിറകിൽ അഭയം പ്രാപിക്കുന്നു. പിശാചിന്റെ പിടിയിൽ നിന്നു മോചനം നേടി ദൈവത്തിന്റെ തണലിൽ അഭയം തേടലാണ് പ്രാർഥന.[34]

**വി. കുർബാന**

ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രമാണ് വി. കുർബാന. സന്യാസ ജീവിതത്തിന്റെ കാതൽ വി. കുർബാനയാകയാൽ വി. കുർബാനയുടെ പശ്ചാത്തലത്തിലാണ് മലങ്കര സഭ വ്രതവാഗ്ദാനശുശ്രൂഷ ക്രമീകരിച്ചിരിക്കുന്നത്. ക്രിസ്തു സഭയെ തന്റെ മണവാട്ടിയായി സ്വീകരിച്ച് അവളെ തന്റെ ശരീരരക്തങ്ങൾ നല്കി സ്വന്തമാക്കി.

എന്നെ മാമ്മോദീ-സാ-യാൽ  
ആത്മികായുധമണിയി-ച്ചാൻ  
വിരലിന്മേൽ മെയ്-ര-ക്തങ്ങൾ  
മോതിരമായെൻ പേർക്കേ-കി (കൂദാശകൾ, 54)എന്ന് സഭ പാടുന്നു.

സന്യാസജീവിതം ഉടമ്പടിജീവിതമാണ് എന്ന ചിന്ത സുറിയാനി സഭാ പാരമ്പര്യത്തിലെ ഏറ്റം ഉദാത്തമായ വീക്ഷണങ്ങളിലൊന്നാണ്. ഉടമ്പടി എന്ന ആശയം വ്രതവാഗ്ദാനശുശ്രൂഷയിലാകമാനം കാണാവുന്ന ഒന്നാണ്. വ്രതവാഗ്ദാനത്തെതന്നെ ദൈവവുമായി സ്ഥാപിക്കുന്ന ഉടമ്പടിയായാണ് പറഞ്ഞിരിക്കുന്നത്.

വ്രതവാഗ്ദാനത്തിൽ വി. കുർബാനയെ മണവാളനായ ക്രിസ്തു മണവാട്ടിക്കും അതിഥികൾക്കും സൗജന്യമായി ഒരുക്കുന്ന വിരുന്നായും അവതരിപ്പിക്കുന്നു. സഭയെ പോഷിപ്പിക്കുന്ന അതേ ശരീരരക്തങ്ങൾകൊണ്ടു തന്നെയാണ് ക്രിസ്തു വ്രതവാഗ്ദാനം ചെയ്യുന്ന കന്യകയേയും പോഷിപ്പിക്കുന്നത്.

വി.കുർബാന ഒരു കാഴ്ചയർപ്പണമാണ്. വി. കുർബാനസ്വീകരണത്തിലൂടെ കന്യക ദൈവത്തിനും മറ്റുള്ളവർക്കും കാഴ്ചയായിതീരുകയാണ്.

വി. കുർബാന കന്യകയെ ക്രിസ്തുവുമായി ഒന്നിപ്പിക്കുന്നു. ക്രിസ്തു സകലരോടും സകലതിനോടും ഒന്നായവനാകയാൽ കന്യകയും സകലരോടും ഒന്നായി തീരുന്നു. അങ്ങനെ കന്യകയുടെ ജീവിതം ദൈവത്തോടും മറ്റുള്ളവരോടുമുള്ള ഐക്യത്തിന്റെ ജീവിതമായി മാറുന്നു.

**നീതിയുടെ പ്രവൃത്തികൾ**

സുറിയാനി പാരമ്പര്യപ്രകാരം ദൈവവുമായുള്ള ഐക്യത്തിന് നീതിയുടെ പ്രവർത്തികൾ ഏറ്റമാവശ്യമാണ്. വ്രതവാഗ്ദാനശുശ്രൂഷയുടെ ആരംഭത്തിൽ തന്നെ നീതിയുടെ പ്രവർത്തികളാൽ വിശുദ്ധമായ ഒരു ജീവിതം നയിക്കാൻ സഭ കന്യകയെ ഉദ്ബോധിപ്പിക്കുന്നു. നീതി, പൂർണത, വിശുദ്ധി മുതലായ പദങ്ങളാണ് നീതിക്കു തുല്ല്യമായി വ്രതവാഗ്ദാനശുശ്രൂഷയിലുപയോഗിച്ചിരിക്കുന്ന മറ്റു പദങ്ങൾ.

പ്രുമിയോൻ സെദറയിൽ ക്രിസ്തുവിനെ പ്രാർഥനകൾക്കുത്തരം നൽകുകയും പാപങ്ങൾ ക്ഷമിക്കുകയും പാപികളെ നീതീകരിക്കുകയും അനുതാപികളെ സ്വീകരിക്കുകയും ചെയ്യുന്ന നീതിമാനായി വാഴ്ത്തുന്നു (വ്രതവാഗ്ദാനം, 29). വിശ്വാസം വഴിയായും ദൈവകൃപയാലും കന്യക ഈ നീതിയിൽ പങ്കുചേരുന്നു.

നീതി അന്വേഷിക്കുന്നവൻ ദൈവത്തിനേറ്റം പ്രിയപ്പെട്ടവനാണ്. തന്റെ നീതിയുള്ള പ്രവർത്തികളാൽ ദൈവത്താൽ നീതീകരിക്കപ്പെട്ടവൻ ദൈവത്തിന്റെ പ്രീതിക്കു പാത്രമാണ്. ഇവിടെ നീതി എന്നത് കാരുണ്യപ്രവർത്തികളെയാണ് അർഥമാക്കുന്നത്.

**വ്രതവാഗ്ദാനത്തിന്റെ വൈവാഹികത**

വ്രതവാഗ്ദാനശുശ്രൂഷയിലെ ചില പ്രാർഥനകൾ പള്ളികൂദാശയിലും വിവാഹശുശ്രൂഷയിലും കാണുന്നുണ്ട്. ഉദാഹരണമായി "ഓ സ്വർഗീയ മണവാളാ, നിന്റെ തിരുരക്തത്താൽ എന്നെ രക്ഷിച്ച നിന്നെ നിന്റെ രാജ്യത്തിൽ കാണുവാനെന്നെ യോഗ്യയാക്കണമെ" എന്ന പ്രാർഥന വിവാഹാശീർവാദത്തിലെ പ്രുമിയോനിലും ഇപ്രകാരം കാണുന്നു, "പുറജാതികളുടെ സഭയെ തനിക്കു സഭയായി തെരഞ്ഞെടുക്കുകയും സകലവിധ കളങ്കങ്ങളിൽ നിന്നും അവളെ തന്റെ നിർമല രക്തത്താൽ പവിത്രീകരിക്കുകയും ചെയ്ത സ്വർഗീയ മണവാളനു സ്തുതി" (കൂദാശകൾ, 44). ഈ പ്രാർഥനകൾ തമ്മിൽ അല്പം വ്യത്യാസമുണ്ടെങ്കിലും ഉള്ളടക്കം ഒന്നുതന്നെയാണ്. രണ്ടും ക്രിസതുവിനെ





സഭയുടെയും വ്യക്തിയുടെയും സ്വർഗീയ മണവാളനെന്നു വിശേഷിപ്പിക്കുന്നു. "ഓരോ ആത്മാവിനെയും, സഭയെ മുഴുവനായും ക്രിസ്തുവിന്റെ മണവാട്ടി എന്നു പറയാം. കാരണം തന്റെ വിലയേറിയ തിരുരക്തത്താൽ അവിടുന്ന് സഭയെയും ഓരോ ആത്മാവിനെയും തന്റെ മണവാട്ടിയായി സ്വീകരിച്ചു എന്ന് സുറിയാനി പണ്ഡിതനായ സെബാസ്ത്യൻ ബ്രോക്ക് എഴുതുന്നു[35]. ഓർത്തഡോക്സ് സുറിയാനി ആരാധനാക്രമവും ക്രിസ്തുവിനെ ശുദ്ധിയുള്ള കന്യകമാർ വിവാഹനിശ്ചയം ചെയ്യപ്പെട്ടിരിക്കുന്ന മണവാളാ എന്ന് അഭിസംബോധന ചെയ്യുന്നു (സിറിയൻ ഓർത്തഡോക്സ് സർവീസ്, 34).

വ്രതവാഗ്ദാനത്തിന്റെ വൈവാഹികത (nuptial aspect) മനസിലാക്കാൻ ക്രിസ്തുവും സഭയും മണവാളനും മണവാട്ടിയുമായി ഉപമിക്കപ്പെടുന്നതെങ്ങനെയെന്നു മനസിലാക്കുന്നത് സഹായകമാണ്.

**ക്രിസ്തു മണവാളനും സഭ മണവാട്ടിയും**

വിവാഹ ഉടമ്പടിയിലധിഷ്ടിതമാണ് ക്രിസ്തുവിനു സഭയോടുള്ള ബന്ധം. ക്രിസ്തു സഭയുടെ മണവാളനാണ്, സഭ ക്രിസ്തുവിന്റെ മണവാട്ടിയും (എഫേ 5,21-30). ഈ മണവാളൻ-മണവാട്ടി ബന്ധം മണവാളനു മണവാട്ടിയോടുള്ള അചഞ്ചലസ്നേഹത്തിലും മണവാട്ടിക്ക് മണവാളനോടുള്ള വിശ്വസ്തതയിലും കൃതജ്ഞതയിലുമാണ് അടിസ്ഥാനമിട്ടിരിക്കുന്നത്.

**മണവാളനായ ക്രിസ്തു**

പഴയനിയമത്തിലെ യഹോവ-ഇസ്രായേൽ ബന്ധത്തെ മണവാളൻ-മണവാട്ടി ബന്ധമായി കാണുന്നതിന്റെ വെളിച്ചത്തിലാണ് ക്രിസ്തുവിനെ മണവാളനെന്നു വിളിക്കുന്നത് (ഏശയ്യ 54,5 62,5 ഹോസ 2, 19-20). വിവാഹ ഉടമ്പടിയായിട്ടാണ് യഹോവ-ഇസ്രായേൽ ബന്ധത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.

ക്രിസ്തുവും ശിഷ്യന്മാരും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കാനായി മണവാളൻ എന്ന വിശേഷണം യേശു തന്നെയാണുപയോഗിച്ചത് (മർക്കോ 2, 18-20). മത്തായി 9, 15 ൽ കാണാം ഈ വിശേഷണത്തിന്റെ വേരുകൾ. ഇതിനു സമാന്തരമാണ് മാർക്കോസ് 2,19 ലെയും ലൂക്കാ 5,34 ലെയും പ്രയോഗങ്ങൾ. ഉപവാസത്തെക്കുറിച്ചുള്ള ഫരിസേയരുടെ ചോദ്യം ചെയ്യലിലാണ് യേശു മണവാളൻ എന്ന വിശേഷണം ഉപയോഗിക്കുന്നത്. "മണവാളൻ കൂടെയുള്ളപ്പോൾ മണവറത്തോഴർക്ക് ഉപവസിക്കാനാകുമോ?" (ലൂക്കാ 5,34).

ബുദ്ധിയുള്ള കന്യകമാരുടെ ഉപമയിൽ മണവാളൻ എന്ന വിശേഷണം വളരെ വ്യക്തമാണ് (മത്തായി 25, 1-13). 10-ാം വാക്യം കൂടുതൽ ശ്രദ്ധേയമാണ്. "ബുദ്ധിയില്ലാത്ത കന്യകമാർ എണ്ണ വാങ്ങാൻ പോയപ്പോൾ മണവാളൻ വരികയും ഒരുങ്ങിയിരുന്ന കന്യകമാർ അവനോടൊപ്പം മണവറയിൽ പ്രവേശിക്കുകയും ചെയ്തു. സ്നാപകയോഹന്നാൻ തന്നെത്തന്നെ മണവാളത്തോഴൻ എന്നു വിശേഷിപ്പിക്കുന്നു (യോഹ 3,29).

തനിക്കേറ്റം പ്രിയപ്പെട്ടവരുമായുള്ള ബന്ധം വിവാഹബന്ധം പോലെ അത്ര ഉറ്റ ബന്ധം എന്നു കാണിക്കാനാണ് യേശു മണവാളൻ എന്ന പദം ഉപയോഗിക്കുന്നത്. സുറിയാനി പാരമ്പര്യത്തിൽ ക്രിസ്തു മണവാളൻ, സഭ മണവാട്ടി എന്ന ആശയം വളരെ സമ്പുഷ്ടമാണ്.

**ക്രിസ്തു സഭയുടെ മണവാളൻ**

സഭയുടെ മണവാളനായാണ് സുറിയാനി പാരമ്പര്യം ക്രിസ്തുവിനെ കാണുന്നത്. മാർത്തോമ്മാ സുറിയാനി സഭയുടെ വിവാഹശുശ്രൂഷയിലും ഈ ആശയം വളരെ വ്യക്തമായി കാണുന്നു. "ക്രിസ്തു സത്യമണവാളനാണ്, സഭ അവിടുത്തെ മണവാട്ടിയും. അവൻ അവളെ സ്നേഹിക്കുകയും തന്നെത്തന്നെ അവൾക്കു നൽകുകയും ചെയ്തു" ദ്രവ്യമായി സ്വരക്തം നൽകിയാണ് ക്രിസ്തു സഭയെ തന്റെ മണവാട്ടിയാക്കിയത്. ഈ പ്രവർത്തി സഭയുടെ മണവാളനെന്ന നിലയിൽ ക്രിസ്തുവിന്റെ അദമ്യ സ്നേഹത്തിന്റേയും വിശ്വസ്തതയുടെയും ത്യാഗത്തിന്റെയും പ്രവൃത്തിയാണ്. മലങ്കരസഭയുടെ ആരാധനാക്രമത്തിൽ ക്രിസ്തുവിനെ സ്വർഗീയ മണവാളനായി വിശേഷിപ്പിക്കുന്നു. ക്രിസ്തു ഈ ഭൂമിയിൽ നിന്നുള്ളവനല്ലാത്തതിനാലാണിത്.[36] തന്റെ മണവാട്ടിയായ സഭയുമായി ഒന്നായി ചേരുവാനാണ് അവൻ ഭൂമിയിലേക്കിറങ്ങി വന്നത്. ക്രിസ്തുവിന്റെ മണവറ സ്വർഗത്തിലാണ്.

**സഭ ക്രിസ്തുവിന്റെ മണവാട്ടി**

ദൈവജനത്തെ സൂചിപ്പിക്കാനും ദേവാലയ കെട്ടിടത്തെ സൂചിപ്പിക്കാനും ഈത്തോ (Idto) എന്ന പദമാണ് സുറിയാനിക്കാർ ഉപയോഗിക്കുന്നത്. കൂട്ടം എന്നും പള്ളിക്കെട്ടിടമെന്നും അർഥമുള്ള *y'd* എന്ന ഹീബ്രു മൂലപദത്തിൽ നിന്നുണ്ടായ *edah* എന്ന പദമാണ് ഹീബ്രുവിലുപയോഗിക്കുന്നത്. പഴയനിയമത്തെയും പുതിയ നിയമത്തെയും അടിസ്ഥാനമാക്കിയുള്ള മറ്റു പര്യായ രൂപങ്ങളും സുറിയാനി സഭയിൽ ഉപ





യോഗത്തിലുണ്ട്. "ദൈവജനം", "വിശ്വാസികളുടെ മാതാവ്" മുതലായവ ഉദാഹരണങ്ങളാണ്.

സുറിയാനി പദങ്ങളായ *kalto, mkirto* എന്നീ പദങ്ങളും ഉപയോഗിക്കുന്നു. *kalto* എന്ന പദം മാമ്മോദീസായിലെയും വിവാഹത്തിലെയും കിരീടധാരണത്തെ സൂചിപ്പിക്കുന്നു. *mkirto* കൊടുക്കൽ വാങ്ങലിനെ ദ്യോതിപ്പിക്കുന്ന വാക്കാണ്. വധുവിനെ അവളുടെ പിതാവിൽ നിന്നു വാങ്ങുന്നതിന്റെ സുചനയാണിവിടെ ലഭിക്കുന്നത്. വിവാഹത്തിൽ വധുവിന്റെ പിതാവോ വരനോ ആണ് വില നിശ്ചയിക്കുന്നത്. മലങ്കര സഭയുടെ യാമപ്രാർഥനകളിൽ സഭയെ ക്രിസ്തുവിന്റെ മണവാട്ടിയായി വർണിക്കുന്നു. "ഏകജാതന്റെ മണവാട്ടിയായ സഭ ഈ വ്യാഴാഴ്ച അവളുടെ സുതരെയെല്ലാം അവളുടെ വിശുദ്ധ മണവാളന് ആനന്ദത്തോടെ സ്തുതികളാലപിക്കാൻ ക്ഷണിക്കുന്നു"[37] തന്റെ മണവാളനായ ക്രിസ്തുവിൽ ആനന്ദിക്കുന്ന മണവാട്ടിയായി സഭയെ ചിത്രീകരിച്ചിരിക്കുന്നു.

**ക്രിസ്തുവുമായുള്ള സഭയുടെ വിവാഹനിശ്ചയം**

വിവാഹനിശ്ചയം എന്ന ആശയത്തിന് രണ്ടു മാനങ്ങളുണ്ട് - സഭയോടുള്ള വിവാഹനിശ്ചയവും ഓരോ ആത്മാവിനോടുമുള്ള വിവാഹനിശ്ചയവും. സഭയുമായുള്ള വിവാഹനിശ്ചയത്തിന്റെ വിവിധ ഘട്ടങ്ങൾ ക്രിസ്തുവിന്റെ ജീവിതകാലത്തു തന്നെ കാണാവുന്നതാണ്. രണ്ടു സംഭവങ്ങൾ പ്രധാനപ്പെട്ടവയാണ് - ക്രിസ്തുവിന്റെ മാമ്മോദീസായും കുരിശിൽ അവിടുത്തെ വിലാപ്പുറം കുത്തിത്തുറക്കപ്പെട്ടതും. എപ്പിഫനിയിലെ ഒരു പ്രാർഥന ഇപ്രകാരമാണ് "ഓ! സത്യവിശ്വാസികളുടെ സഭയേ നദിയിൽ നിന്നെ വിവാഹ നിശ്ചയം ചെയ്ത നിന്റെ സ്വർഗീയ മണവാളനെ സ്തുതിക്കുക"[38] അങ്ങനെ ക്രിസ്തുവിന്റെ മാമ്മോദീസാ സഭയുമായുള്ള വിവാഹനിശ്ചയത്തിന്റെ ഒരു ഘട്ടമാണ്. കാരണം ജലത്തിലൂടെയും ആത്മാവിലൂടെയുമാണ് ക്രിസ്തു സഭയെ തന്റെ മഹത്വപൂർണയായ മണവാട്ടിയാക്കിയത്.

പഴയനിയമ വിവാഹ നിശ്ചയങ്ങൾ കിണറിന്റെ കരയിലോ കുളക്കരയിലോ ആണു നടക്കുന്നത്. സുറിയാനി സഭയുടെ യാമപ്രാർഥനയിൽ ഇതു വ്യക്തമാണ്. കിണറിന്റെ കരയിൽ ഏലയാസർ റബേക്കായെ ഇസഹാക്കിനു വധുവായി തിരഞ്ഞെടുത്തു (ഉത് 24,10). കിണറിന്റെ കരയിൽ യാക്കോബ് റാഹേലിനെ വിവാഹ നിശ്ചയം ചെയ്തു (ഉത് 29,9). മോശ സിപ്പോറയെ വിവാഹനിശ്ചയം ചെയ്തതും കിണ

റിനരികിലാണ് (പുറ 2,15). അതുപോലെ സ്നാപകയോഹന്നാനിലൂടെ ജോർദ്ദാൻ നദിയിൽ ക്രിസ്തു സഭയെ വിവാഹനിശ്ചയം ചെയ്തു.

വിവാഹനിശ്ചയം എന്ന ആശയത്തിന് പിന്ബലമാകുന്ന മറ്റൊരു സംഭവം കുരിശിൽ യേശുവിന്റെ ചങ്ക് കുത്തിത്തുറക്കപ്പെട്ടതാണ്. "കുരിശിൽ ഞാൻ വരണം ചെയ്ത സുമുഖീ മംഗളമോതുന്നേൻ" (കൂദാശകൾ 56) എന്ന ഗാനഭാഗം കുരിശിൽ ചവളം ഭേദിക്കപ്പെട്ടതിലൂടെ ക്രിസ്തു സഭയെ വിവാഹനിശ്ചയം ചെയ്യുകയായിരുന്നു എന്നു കാണിക്കുന്നു. മാമ്മോദീസായിലും കുരിശിലുമാണ് ക്രിസ്തു സഭയെ വിവാഹനിശ്ചയം ചെയ്തത്.

**മണവാട്ടിയുടെ വിശുദ്ധീകരണവും പവിത്രീകരണവും**

മലങ്കര സഭയുടെ വിവാഹശുശ്രൂഷ മണവാട്ടിയുടെ വിശുദ്ധീകരണത്തിനു മുമ്പുള്ള അവസ്ഥ വിവരിക്കുന്നു. പൂഴിയും പൊടിയും കൊണ്ട് മൂടപ്പെട്ടവളും മുറിവേറ്റവളുമായിരുന്നു അവൾ (ഏശയ്യ 16,6). ചങ്ങലകളാൽ ബന്ധിതയായി തടവറയിലായിരുന്നു അവൾ. പതനത്തിനു ശേഷമുള്ള മനുഷ്യന്റെ സ്ഥിതിയും ക്രിസ്തുവിന്റെ ആഗമനത്തിനു മുമ്പുള്ള ഇസ്രായേലിന്റെ അവസ്ഥയുമാണിവിടെ വ്യക്തമാകുന്നത്. ക്രിസ്തുവിന്റെ ആഗമനം എല്ലാ മലിനതകളിൽ നിന്നും ലംഘനങ്ങളിൽ നിന്നും വധുവിനെ വിമുക്തയാക്കി. ജോർദ്ദാൻ നദീജലത്താലും കാൽവരി കുരിശിൽ ചിന്തിയ തന്റെ തിരുര്കതത്താലും അവൻ അവളെ വിശുദ്ധീകരിച്ചു.

"അവൻ ഭൗമിക സഭയുമായി വിവാഹനിശ്ചയം ചെയ്ത് സ്വയം അവൾക്കു വരനായിതീരുകയും അശുദ്ധ പിശാചുക്കളുടെ ദാസ്യത്തിൽ നിന്ന് അവളെ രക്ഷിച്ച് സർവവിധമായ കടങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നും അവൾക്കു മോചനം നൽകുകയും ചെയ്തു" (കൂദാശകൾ, 54).

ക്രിസ്തു സഭയെ നീതീകരിക്കുക മാത്രമല്ല വിശുദ്ധീകരിക്കുക കൂടി ചെയ്തു. നീതീകരണത്തിലൂടെയും വിശുദ്ധീകരണത്തിലൂടെയും തന്റെ മണവാളന് അനുയോജ്യയായിത്തീർന്നു സഭ. അക്കാരണത്താലാണ് "സോളമന്റെ ഗീതങ്ങ"ളുടെ കർത്താവ് സഭയെ ക്രിസ്തുവിനോട് യോജിക്കാനുള്ള പരിപൂർണയായ കന്യക എന്നു വിളിക്കുന്നത്.[39]

**വധുവിന്റെ അലങ്കാരവും സൗന്ദര്യവത്ക്കരണവും**

ക്രിസ്തു സഭയെ നീതീകരിക്കുകയും വിശുദ്ധീകരിക്കുകയും മാത്രമല്ല അവൾക്ക് സൗന്ദര്യവും പ്രഭയും മഹത്വവും നൽകുകയും ചെയ്തു.





"ഓ! രാജാവിന്റെ വിശുദ്ധ മണവാട്ടി, അവൻ നിന്നെ അവസാനിക്കാത്ത മഹത്വത്തിന്റെ അങ്കി ധരിപ്പിച്ചു, നിന്റെ തലയിൽ മഹത്വകിരീടം ചൂടിച്ചു. നിന്റെ സൗന്ദര്യത്തിനു തുല്യമായി മറ്റൊരു സൗന്ദര്യമില്ല എന്ന് യാമനമസ്കാരത്തിൽ നാം ചൊല്ലുന്നു. ഈ മഹത്വം ദർശിച്ചിട്ടാണ് ദാവീദ് സങ്കീർത്തനത്തിൽ ഇപ്രകാരം പാടുന്നത്:

നിന്റെ അന്തപ്പുരവനിതകളിൽ
രാജകുമാരിമാരുണ്ട്.
നിന്റെ വലതു വശത്ത് ഓഫീർസ്വർണം
അണിഞ്ഞ രാഞ്ജി നിൽക്കുന്നു (സങ്കീ 45,9).

പരിശുദ്ധാത്മാവു മുടഞ്ഞ മഹത്വവസ്ത്രം ധരിച്ചും മോതിരമണിഞ്ഞും മഹത്വത്തിൽ നിൽക്കുന്ന രാജകന്യകയെപ്പോലെയാണ് സഭ. പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന മൂന്നു കോട്ടകളാൽ ചുറ്റപ്പെട്ട ദൈവഭവനത്തിലെ റാണിയായും സുറിയാനി പിതാക്കന്മാർ സഭയെ വർണിക്കുന്നു.

"നിന്റെ വിശുദ്ധ സഭയ്ക്ക് നശിച്ചുപോകാത്തവിധം നീ അനുഗ്രഹങ്ങൾ നൽകുകയും പരിമളം കൊണ്ട് ദയവോടെ അവളെ നിറക്കുകയും ചെയ്തു. മഹത്വത്തിന്റെ നിലയങ്കി നീയവളെ ധരിപ്പിച്ചു"(കൂദാശകൾ, 45).

**സഭയുടെ വിവാഹം**

നിത്യമണവാളനായ ക്രിസ്തു സഭയെ വിവാഹം ചെയ്തു. തിരുസഭ പാടുന്നു:

സഭയാം തിരുസഭയാ-മീ- ഞാൻ
അത്യുന്നതനുടെ മണവാ-ട്ടി (കൂദാശകൾ, 52).

കുരിശിലുള്ള ക്രിസ്തുവിന്റെ മരണമാണ് സഭയുമായുള്ള വിവാഹത്തിന്റെ പവിത്രമായ സമയം. സ്വജീവൻ നൽകി ക്രിസ്തു സഭയെ സ്വന്തമാക്കി. ഈ സ്വയദാനത്തെക്കുറിച്ച് സഭ വിസ്മയം കൂറുകയും സ്വയം ചോദിക്കുകയും ചെയ്യുന്നു. "തന്റെ വിവാഹത്തിനു തന്നെത്തന്നെ വിരുന്നായി നൽകുന്ന ഏതു മണവാളനാണുള്ളത്? സ്വന്തം മണവാളന്റെ കൊലയിൽ ആനന്ദിക്കുന്ന മറ്റേതു മണവാട്ടിയാണുള്ളത്?"[40] ഈ മണവാളനോടാണ്

ഏദൻതോട്ട വിധാതാവേ
നീയാണെൻ യുവ മണവാളൻ

സുഖകരമാം നിന്നുദ്യാന-
ക്കുളിർ തെന്നൽ വീശിക്കെന്മേൽ...
സ്ലീബായാലവകാശധനം
പീഡകളാൽ മുക്തിയുമേകി
സ്വർഗേയെൻ മണവറതീർത്തു
നിന്റേതാകാൻ ക്ഷണമേകി (കൂദാശകൾ, 75, 76).

എന്നു സഭ ചൊല്ലുന്നത്. ക്രിസ്തു രണ്ടു മണവറകളാണ് മണവാട്ടിക്കായി തീർത്തിട്ടുള്ളത്- ഒന്ന് ഭൂമിയിലും മറ്റൊന്ന് സ്വർഗത്തിലും. സ്വർഗസ്ഥനായ പിതാവിനെ പ്രീതിപ്പെടുത്താനാണിത്. സ്വർഗീയ മണവറ സ്വർഗരാജ്യമാണ്-ദൈവരാജ്യമാണ്. ഭൂമിയിലെ മണവറ ക്രിസ്തു വസിക്കുന്ന അതിവിശുദ്ധ സ്ഥലമാണ്, പരിശുദ്ധ കുർബാനയാണ്.

**വധുവിന്റെ വസ്ത്രധാരണവും കിരീടധാരണവും**

ജോർദ്ദാനിൽവച്ച് അവൻ നിന്നെ മഹത്വത്തിന്റെ വസ്ത്രം ധരിപ്പിച്ചിച്ചതിനാൽ (ഏശയ്യ 61,10) നീ (സഭ) ഭാഗ്യവതിയാണ് എന്ന് ഏറ്റുപറഞ്ഞുകൊണ്ട് സഭ ക്രിസ്തു തന്നെ വസ്ത്രം ധരിപ്പിക്കുകയും കിരീടമണിയിക്കുകയും ചെയ്യുന്നു എന്ന് പ്രഖ്യാപിക്കുന്നു. ആത്മീയവും അനശ്വരവുമായ ഒരു വസ്ത്രം ക്രിസ്തു സഭയെ ധരിപ്പിക്കുന്നു. ഈ വസ്ത്രം ക്രിസ്തു തന്നെ തുന്നിയതാണ്. സ്വർണാലംകൃതമാണീ വസനം. സഭയുടെ മഹത്വമുള്ള വസ്ത്രം അവൾക്കു മണവാളനായ ക്രിസ്തുവിനോടുള്ള സാദൃശ്യത്തെയും അവന്റെ വരവിൽ സഹായിയും തുണയുമായി നിൽക്കാനുള്ള അവകാശത്തേയും സൂചിപ്പിക്കുന്നു.

പള്ളിയുടെ വിശുദ്ധീകരണത്തിന്റെ പ്രാർത്ഥനയിൽ സഭയുടെ കിരീടധാരണത്തെക്കുറിച്ചുള്ള സൂചനയുണ്ട്. "അവൻ നിന്റെ ശിരസ്സിൽ മഹത്വവും മൂല്യവുമുള്ള കിരീടം ചൂടിച്ചു" (ഏശയ്യ 62,3).

സോളമന്റെ ഗീതങ്ങും കിരീടധാരണത്തെക്കുറിച്ച് പറയുന്നു. "കർത്താവ് എന്റെ ശിരസിൽ മഹത്വപൂർണമായ കിരീടമാണ്, ഒരിക്കലും ഞാൻ അവനെക്കൂടാതെയിരിക്കില്ല (17-ാം ഗീതം). കിരീടം, സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ എന്നു വെളിപ്പെടുത്തുന്നു. രക്തസാക്ഷികളുടെ വിജയകിരീടമാണത്. ഈ ആശയങ്ങളെല്ലാം പ്രതിഫലിപ്പിക്കുന്ന പ്രാർത്ഥനയാണ് വിവാഹാശീർവാദ ശുശ്രൂഷയിലെ കിരീടധാരണപ്രാർത്ഥന."കർത്താവ് നിന്നെ നീതിയുടെ കിരീടം അണിയിക്കുകയും,





അനശ്വരതയുടെ അലങ്കാരങ്ങളാൽ വിഭൂഷിതനാക്കുകയും, ശത്രുവിന്റെ സർവശക്തിക്കുമെതിരായി അജയ്യമായ ആയുധം നിന്നെ ധരിപ്പിക്കുകയും ചെയ്യട്ടെ". (കൂദാശകൾ, 72)

**വിവാഹാതിഥികൾ**

പള്ളിയുടെ വിശുദ്ധീകരണത്തിന്റെ പ്രാർത്ഥനയും വിവാഹശുശ്രൂഷയും ക്രിസ്തുവിന്റെയും സഭയുടെയും വിവാഹത്തിനു ക്ഷണിക്കപ്പെട്ടവരെക്കുറിച്ചു പറയുന്നു. സ്വർഗീയരും ഭൗമികരുമുണ്ടതിൽ. എടുത്തു പറയേണ്ട അതിഥികൾ പുരോഹിതന്മാർ, പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, മാലാഖമാർ, വിജാതീയരും എല്ലാ ജനതകളുമാണ്.

"തന്റെ സഭയുടെ വിവാഹവിരുന്നിന് സകല വിജാതികളെയും സ്വജാതികളെയും പ്രവാചകന്മാരെയും ശ്ലീഹന്മാരെയും സകല വംശങ്ങളെയും ക്ഷണിച്ച കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു" (കൂദാശകൾ,44)

ഈ അതിഥികൾ വിരുന്നിനെത്തുമ്പോൾ സമ്മാനങ്ങളും കൊണ്ടുവരുന്നു. പുരോഹിതന്മാർ അവരുടെ അഭിഷേകത്തിന്റെ അന്തസ്സും പ്രവാചകന്മാർ അവരുടെ വെളിപാടും അപ്പസ്തോലന്മാർ അവരുടെ പ്രബോധനവും ര്കതസാക്ഷികൾ അവരുടെ ജീവരക്തവും മാലാഖമാർ അവരുടെ മഹത്വസ്തുതിയും ജനം അവരുടെ ആരാധനയും കൊണ്ടുവരുന്നു. അതിഥികൾ വിവാഹവിരുന്നിലേക്ക് സ്വീകരിച്ചാനയിക്കപ്പെടുന്നു.

**വിവാഹവിരുന്ന്**

ക്രിസ്തുവിന് സഭയുമായുള്ള വിവാഹത്തിന്റെ പശ്ചാത്തലത്തിലാണ് സുറിയാനി പിതാക്കന്മാർ വിവാഹവിരുന്നിനെക്കുറിച്ച് പറയുന്നത്. താൻ വിവാഹം ചെയ്ത വധുവിനുവേണ്ടി വിരുന്നൊരുക്കുന്നത് ക്രിസ്തു തന്നെയാണ്. "സ്വയം ഇല്ലായ്മയായിക്കൊണ്ട് ക്ഷണിക്കപ്പെട്ടവർക്ക് വിരുന്നൊരുക്കുന്ന സ്വർഗീയ മണവാളാ, നിനക്കു സ്തുതി" എന്ന് സഭ പ്രാർത്ഥിക്കുന്നു. മണവാളന്റെ ശരീരമാണ് ഭോജനം, വെള്ളം കലർത്തിയ രക്തമാണ് പാനീയം. വിളമ്പുകാരായി മാലാഖമാരും സ്വമനസ്സാ വരുന്ന മനുഷ്യരുമുണ്ട് എന്ന് വിവാഹ ശുശ്രൂഷയിലെ പ്രാർത്ഥനകൾ സൂചിപ്പിക്കുന്നു. വിരുന്നിനു പ്രവേശിക്കാൻ മാമ്മോദീസായിലെ വസ്ത്രം മലിനമാകാതെ കാത്തു സൂക്ഷിച്ചവർക്കു മാത്രമേ അർഹതയുള്ളു. അതുകൊണ്ട് വാതിൽ കാവൽക്കാരെക്കുറിച്ചും ആരാധനാക്രമത്തിൽ സൂചനയുണ്ട്.

സഭയേ, നിൻ വാതിൽ കാവൽക്കാർ നിൽപൂ
രാപകൽ ദുഷ്ടനിൽ നിന്നവർ കാത്തീടുന്നു;
അടിസ്ഥാനം ശെമഓൻ ശില്പിയതാം പൗലോസ്
(ശ്ഹീമോ, ശുബ്ഹോ, 169).

**മണവാട്ടിയുടെ മണവറ പ്രവേശനം**

ക്രിസ്തു സഭയെ മണവറയിലേക്കു നയിക്കുന്നു. മണവറയിലാണ് സഭയും ക്രിസ്തുവും തമ്മിലുള്ള വൈവാഹിക ഐക്യം സംഭവിക്കുന്നത്. ക്രിസ്തു തന്റെ മണവാട്ടിക്കായി ഒരുക്കിയ മണവറ ഉന്നതത്തിലുള്ളതും ആത്മീയവുമാണ്. സ്വർഗീയ ജറുസലെം എന്നും ഇത് വിളിക്കപ്പെടുന്നു. ഇവിടെ മണവറയുടെ യുഗന്ത്യോന്മുഖത വ്യക്തമാകുന്നു. സഭയ്ക്ക് ക്രിസ്തുവുമായുള്ള ഐക്യം അനുഭവിക്കാനായി ഒരു താത്ക്കാലിക കൂടാരം ഭൂമിയിലുണ്ട്. രണ്ടാം വരവിൽ സഭയെ നിത്യമായ ഐക്യത്തിന്റെ സ്വർഗീയ മണവറയിലേക്കു ക്രിസ്തു നയിക്കും.

**വരന്റെ അവസാനിക്കാത്ത വിശ്വസ്തത**

ക്രിസ്തുവാകുന്ന മണവാളൻ തന്റെ അചഞ്ചലമായ വിശ്വസ്തത മണവാട്ടിക്കു വാഗ്ദാനം ചെയ്യുന്നു. സഭയോടും വിശ്വസ്തയും കൃതജ്ഞതയുള്ളവളുമായിരിക്കാൻ ആഹ്വാനം ചെയ്യുന്നു. വിവാഹശുശ്രൂഷയിൽ ക്രിസ്തു സഭയോടു സംസാരിക്കുന്നു

"വിശ്വസ്ത സഭയേ, നീ പരിഭ്രമിക്കേണ്ട; നീ മനസുകൊണ്ട് കുണ്ഠിതപ്പെടുകയും വേണ്ട. നീ എന്നെ വിട്ട് വേറൊരുവനെപ്രാപിക്കാതിരുന്നതിനാൽ ഞാൻ നിനക്കു പകരം മറ്റൊരുവളോടു ചേരുകയില്ല. അവസാന കാലത്ത് ആകാശവും ഭൂമിയും അഴിഞ്ഞു പോയാലും നിനക്ക് അപകടം വരികയില്ല. കണ്ടാലും നിനക്കു സിംഹാസനമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും ഭവനം ഒരുക്കിയിരിക്കുന്നു"(കൂദാശകൾ 49). ക്രിസ്തു സഭക്കു വാഗ്ദാനം ചെയ്യുന്ന വിശ്വസ്തതയുടെ ഉടമ്പടി ഇതാണ്.

ആരാധനാക്രമം സഭയുടെ പക്ഷത്തു നിന്നും വിശ്വസ്തത ആവശ്യപ്പെടുന്നു. ക്രിസ്തുവുമായി വിവാഹനിശ്ചയം കഴിഞ്ഞ നീ മറ്റൊരുവനെ നോക്കരുത്. കാരണം ക്രിസ്തുവാകുന്നു നിന്റെ സത്യ മണവാളൻ. ക്രിസ്തു കുരിശിൽ സഭയെ തന്നോടു ചേർക്കുകയും അവികലവും അചഞ്ചലവുമായ വിശ്വസ്തതയോടെ അവളെ സംരക്ഷിക്കുകയും ചെയ്യുന്നു.





**വിശ്വസ്തയായ വധു**

പഴയ വധുവും അവിശ്വസ്തയുമായ ഇസ്രായേലിനെപ്പോലെയല്ല പുതിയ വധുവായ സഭ. അവൾ വിശ്വസ്തയാണ്. തന്റെ പ്രിയന്റെ സൗന്ദര്യത്താൽ വശീകരിക്കപ്പെട്ട സഭ എപ്പോഴും അവന്റെ സൗന്ദര്യത്തെ ധ്യാനിക്കുന്നു.

സ്നേഹത്താൽ നൃത്തം വയ്പൂ
ആഹ്ളാദിപ്പൂ നിന്നഴകിൽ (കൂദാശകൾ, 76, 77).

സഭയുടെ നവീകരണദിവസത്തെ സെദറയിൽ സഭ തന്റെ മണവാളന്റെ സ്നേഹത്തെ ധ്യാനിക്കുന്നു എന്നും അവന്റെ സ്നേഹത്തെ ഒരിക്കലും വിസ്മരിക്കാതെ എപ്പോഴും ഓർത്തുകൊണ്ട് രണ്ടാം വരവു വരെ മറ്റാരേയും മോഹിക്കാതെ അവിടുത്തെ വിശ്വസ്തയായി കാത്തിരിക്കുമെന്നും കാണുന്നു. അചഞ്ചലമായ വിശ്വാസത്തോടെ ശത്രുക്കളോടു പൊരുതിക്കൊണ്ട് ഓരോ നിമിഷവും അവൾ തന്റെ മണവാളനായി കാത്തിരിക്കുന്നു.

തന്റെ മണവാളനോടുള്ള സഭയുടെ നിരന്തരമായ അനുഗമനം, അവളുടെ ആഴമാർന്ന സ്നേഹവും വിശ്വസ്തതയും മലങ്കര ആരാധനാക്രമത്തിലെ വിവാഹശുശ്രൂഷയിൽ വ്യക്തമാണ്.

കരയും കടലും ഞാൻ ചു-റ്റി
ചൊന്നില്ലെങ്ങെന്നവനാ-രും
ഞാൻ ബത്‌ലഹേമിൽ -തേ-ടി
മിസറേമിനു പോയാനെ-ന്നാർ (കൂദാശകൾ, 54).

അന്വേഷണത്തിന്റെ പ്രതിരൂപം ഉത്തമഗീതത്തിലെ വധുവിന്റെ യാത്രയിലും കാണാവുന്നതാണ്. (ഉത്തമ 3,1). സഭ തന്റെ പ്രിയനെ ബേത്‌ലഹേമിലും ഈജിപ്തിലും ജോർദ്ദാനിലും കാനായിലെ കല്യാണവീട്ടിലും വനപ്രദേശത്തും സീയോനിലും ഒക്കെ തേടുന്നു. അവളുടെ പ്രിയൻ ക്രൂശിക്കപ്പെട്ടു എന്ന് അവളറിയുന്നു. അവന്റെ കുരിശുമരണത്തെയും പീഡാസഹനത്തെയും ഓർത്തു വിലപിക്കുന്ന സഭ ഉത്ഥിതനായ കർത്താവിനെകണ്ടുമുട്ടുന്നു.

കബറീന്നുത്ഥാനം -ചെ-യ്താൻ
കരയരുതെന്നോതി ദൂ-തൻ
പ്രിയനാദത്താൽ മോ-ദി-ച്ചേൻ
തെളിവോടെൻ വദനം മി-ന്നി

അവനെത്തഴുകിച്ചും-ബി-ച്ചേൻ
എന്നോടൻപൊടു ചൊ-ന്നേവം.[56]

അവസാനഭാഗം മറിയം മഗ്ദലനയും യേശുവും തമ്മിലുള്ള കൂടിക്കാഴ്ചയുടേതാണെങ്കിലും (യോഹ 20,10-17) മണവാട്ടിയായ സഭയുടെ യാത്രാന്ത്യത്തിന് ഏറ്റം യോജിച്ചതാണ്.

ഇവിടെ മണവാളനുവേണ്ടിയുള്ള സഭയുടെ വിശ്വസ്തമായ അന്വേഷണമാണ് ദൃശ്യമാകുന്നത്. അവനെ കണ്ടെത്താൻ അവൾ പല ദുർഘട മാർഗങ്ങളിലൂടെയും സഞ്ചരിക്കുന്നു. ഈ യാത്ര ക്രിസ്തുവിന്റെ ജനനം, പീഡാനുഭവം, മരണം, ഉത്ഥാനം മുതലായ ക്രിസ്തുരഹസ്യത്തെ സൂചിപ്പിക്കുന്നു. അവസാനം താൻ തേടിയ ആളെ സഭ കണ്ടെത്തുന്നു. ക്രിസ്തുവുമായുള്ള ഐക്യത്തിന് പെസഹാരഹസ്യങ്ങളിലൂടെയുള്ള ഒരു കടന്നുപോക്ക് അത്യാവശ്യമാണെന്ന് ഈ ഗീതത്തിലൂടെ സഭ വിശ്വാസിസമൂഹത്തെ പഠിപ്പിക്കുന്നു.

ക്രൈസ്തവ ദമ്പതിമാരുടെ ജീവിതത്തിൽ വളരെ സ്വാധീനമുള്ള ഒരു യാഥാർഥ്യമാണ് ക്രിസ്തുവും സഭയുമായുള്ള ബന്ധത്തെ മണവാളനും മണവാട്ടിയുമായുള്ള ബന്ധമായി വർണിക്കുന്നത്. അതുപോലെ വ്രതവാഗ്ദാനത്തിലൂടെ കന്യകയും ക്രിസ്തുവുമായുള്ള വിവാഹബന്ധം അവളുടെ യാത്രയിൽ അവസാനനാഴികവരെ നിലനില്ക്കുന്ന, നിലനിൽക്കേണ്ട ഒരു പ്രേരകശക്തിയാണ്.



## അദ്ധ്യായം നാല്

# സന്യാസവ്രതവാഗ്ദാനം: ആരാധനാക്രമപരവും ദൈവശാസ്ത്രപരവുമായ ഒരു വ്യാഖ്യാനം

### സന്യാസവ്രതവാഗ്ദാനം- ദൈവവുമായുള്ള ബന്ധം

സന്യാസവ്രതവാഗ്ദാനം അതിന്റെ സ്വഭാവത്താൽ തന്നെ കന്യകയെ ദൈവവുമായി ഫലവത്തായും പരിപൂർണമായും യോജിപ്പിക്കുന്നു. ഈ ദൈവ-മനുഷ്യബന്ധത്തെ നമുക്ക് ഇങ്ങനെ മനസിലാക്കാം.

### വ്രതവാഗ്ദാനം-ഒരു ഉടമ്പടി

സുറിയാനി പാരമ്പര്യത്തിൽ വ്രതവാഗ്ദാനം ദൈവവുമായുള്ള ഉടമ്പടിയാണ്. എന്നാലത് ദൈവം ഇസ്രായേലുമായി ചെയ്ത ഉടമ്പടിയുടെ ഗണത്തിൽപെടുന്നതല്ല. വ്രതവാഗ്ദാനം ഉടമ്പടിയാണെന്നു പറയുമ്പോൾ എന്താണർഥമാക്കുന്നതെന്നു നോക്കാം.

### ഉടമ്പടി

യജമാനന്മാരും ഭൃത്യരും തമ്മിലോ തുല്യശക്തികൾ തമ്മിലോ സുഹൃത്തുക്കൾ തമ്മിലോ ഏർപ്പെടുന്ന കരാറാണ് ഗ്രീക്കു ഭാഷയിൽ *diatheke* എന്നും ഹീബ്രുവിൽ *berit* എന്നും സുറിയാനിയിൽ *quomo* എന്നും അറിയപ്പെടുന്ന ഉടമ്പടി. ഏതു രൂപത്തിലായാലും ഉടമ്പടിയിൽ ഏർപ്പെടുന്നവരിൽ ഒരാൾ മുൻകൈയെടുക്കുന്നതും ഒരു ഉഭയ സമ്മതത്തിലധിഷ്ടിതവും രണ്ടു കക്ഷികളുമോ ചിലപ്പോൾ ഒരു കക്ഷി മാത്രമോ വാമൊഴിയായോ ലിഖിതരൂപത്തിലോ നടത്തുന്ന പ്രഖ്യാപനത്തോടുകൂടിയതുമാകുന്നു.

ദൈവം ഇസ്രായേലുമായി ഒരു ഉടമ്പടി ചെയ്തു അവരെ രക്ഷിക്കാനും സ്വന്തജനമായി ഉയർത്താനുമായി. മോശയോട് ദൈവം അരുൾചെയ്തത് ഇപ്രകാരമാണ്

"അതുകൊണ്ട് നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉട മ്പടി പാലിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങൾ എല്ലാ ജനതകളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും, കാരണം ഭൂമി മുഴുവൻ എന്റേതാകുന്നു" (പുറ 19,5-6)

യഹോവ സർവശക്തനും സ്നേഹസമ്പന്നനുമാകയാൽ ഇസ്രായേല്യർക്ക് യഹോവയുടെ വാഗ്ദാനം സ്വീകരിച്ചാൽ മാത്രം മതിയാകുമായിരുന്നു. ഉടമ്പടി വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്നു ഇസ്രായേൽ വാക്കു നൽകിയെങ്കിലും പലപ്പൊഴും അവരുടെ ഭാഗത്തുനിന്ന് അവിശ്വസ്തതയും വീഴ്ചയും സംഭവിച്ചതിനാൽ ഒരു പുതിയ ഉടമ്പടിയുടെ ആവശ്യം നേരിട്ടു.

പുതിയ ഉടമ്പടിയിൽ ക്രിസ്തു സഭയുമായി പൊതുവായും ഓരോ ആത്മാവുമായും ചെയ്ത ഉടമ്പടിയിൽ യഹോവയുടെ ഉടമ്പടി പൂർത്തിയാക്കപ്പെട്ടു. പുതിയ ഉടമ്പടി പ്രഖ്യാപിക്കപ്പെട്ടതോ ശിലയിൽ എഴുതിയതോ അല്ല, മനുഷ്യഹൃദയങ്ങളിലെഴുതിയതാണ്. നിയമപരമായ ഒരു കരാറെന്നതിലുപരി ഇത് കക്ഷികൾ തമ്മിലുള്ള ആഴമായ ഒരു ആന്തരികവ്യക്തി ബന്ധമാണ്.

സുറിയാനി പാരമ്പര്യത്തിൽ ഉടമ്പടി എന്നാൽ ദൈവം മനുഷ്യനുമായി, സഭയുമായി, ഓരോ വ്യക്തിയുമായി ഏർപ്പെടുന്ന സ്നേഹബന്ധമാണ്. ദൈവം മനുഷ്യനുമായി ചെയ്ത ഉടമ്പടി വേർപെടുത്താനാവാത്ത ഒരു ആത്മബന്ധമാണ്.

**വ്രതവാഗ്ദാനശുശ്രൂഷയിൽ കാണുന്ന ഉടമ്പടി ഘടകങ്ങൾ**

വ്രതവാഗ്ദാനശുശ്രൂഷയിലും കാണാം ഉടമ്പടിയുടെ ഘടകങ്ങൾ. അവ ദൈവത്തിന്റെ മുൻകൈയെടുക്കൽ, വാഗ്ദാനങ്ങൾ, ഉടമ്പടിയിലേർപ്പെടുന്ന വ്യക്തികളും ദൈവവും തമ്മിലുള്ള ബന്ധം, വാചികമായോ പ്രതീകാത്മകമായോ ഉടമ്പടി ഉറപ്പിക്കൽ എന്നിവയാണ്.

**ദൈവസ്നേഹത്തിന്റെ മുൻകൈയെടുക്കൽ**

ദൈവത്തിന്റെ അനന്തകരുണയുടെ ഔദാര്യപൂർവകമായ മുൻകൈയെടുക്കലാണ് ഉടമ്പടി. വ്രതവാഗ്ദാനശുശ്രൂഷയുടെ ആരംഭത്തിൽ അബ്രഹാമുമായുള്ള ദൈവത്തിന്റെ ഉടമ്പടിയെക്കുറിച്ചുള്ള വായന ഈ തലത്തെ സൂചിപ്പിക്കുന്നതിനായുള്ളതാണ് (ഉത് 12 1-2).

കന്യകയെ ദൈവത്തിനായി വേർതിരിച്ചുകൊണ്ടുള്ള ഈ വായന ദൈവത്തിന്റെ മുൻകൈയെടുക്കൽ വ്യക്തമാക്കുന്നു. പാപവഴികളിൽ





നിന്ന് കന്യകയെ ദൈവം വിളിച്ച് വിശുദ്ധിയുടെ വഴികളിലേക്കു ക്ഷണിക്കുന്നു എന്നത് സന്യാസത്തിലെ ഏറ്റം പ്രധാനസംഗതിയാണ്. വ്രതവാഗ്ദാനശുശ്രൂഷയുടെ ആരംഭത്തിൽ തന്നെ അർഥിനി പാടുന്നു...

നാഥാ നിൻ കതകിൽ മുട്ടി കൃപയാചിക്കും
പഴകിയ പാപിയിവൻ
തെറ്റുകളേറ്റു പറഞ്ഞിനിമേൽ ജീവിപ്പാനായ്
നിൻകൃപയേകണമെ (വ്രതവാഗ്ദാനം, 13).

പാപവഴി ത്യജിച്ച് വിശുദ്ധിയിൽ ചരിക്കാനുള്ള തീരുമാനം അർഥിനിയുടേതാണെങ്കിലും ദൈവമാണ് മുൻകൈയെടുക്കുന്നത്. കാരണം പിതാവ് ആകർഷിച്ചാലല്ലാതെ ആർക്കും എന്റെ പക്കലേക്കു വരാനാകില്ല (യോഹ. 6, 44) എന്ന് ക്രിസ്തുനാഥൻ അരുൾചെയ്തിട്ടുണ്ട്.

കുരിശാകുന്ന മോതിരം കന്യകയെ അണിയിക്കുന്നത് ദൈവം മുൻകൈയെടുക്കുന്നു എന്നതിന്റെ മറ്റൊരു പ്രതീകമാണ്. കന്യക കുരിശു സ്വീകരിക്കുന്നത് അവൾ ദൈവത്തിന്റെ ക്ഷണം സ്വീകരിക്കുന്നു എന്നതിന്റെ പ്രതീകമായാണ്.

**വാഗ്ദാനങ്ങൾ**

വാഗ്ദാനങ്ങൾ പരസ്പരസ്വീകരണത്തിന്റെ അടയാളമാണ്. യഹോവ ഇസ്രായേലിനോടു വാഗ്ദാനം ചെയ്തു,

"ഞാൻ കർത്താവാകുന്നു. ഈജിപ്തുകാർ ചുമത്തിയ ഭാരം നീക്കി നിങ്ങളെ ഞാൻ മോചിപ്പിക്കും. നിങ്ങളുടെ അടിമത്തത്തിൽ നിന്ന് നിങ്ങളെ സ്വതന്ത്രരാക്കും. കൈ ഉയർത്തി അവരെ കഠിനമായി ശിക്ഷിച്ച് നിങ്ങളെ വീണ്ടെടുക്കും" (പുറ 6,6-8).

തുടർന്നുള്ള ഉടമ്പടികളിലും ഇതുതന്നെയാണ് വാഗ്ദാനത്തിന്റെ ഉള്ളടക്കം.

അടിമത്തത്തിൽ നിന്നുള്ള മോചനം, പുതിയ നാട്, പുതുജീവൻ എന്നിവയാണ് ഉടമ്പടിയിലേർപ്പെടുന്നവർക്കെല്ലാം യഹോവ വാഗ്ദാനം ചെയ്യുന്നത്. വ്രതവാഗ്ദാനത്തിലും ഇത് യാഥാർത്ഥ്യമാണ്. ശുശ്രൂഷയുടെ ആരംഭത്തിൽ അഷ്ടസൗഭാഗ്യങ്ങൾ വായിച്ചുകൊണ്ട് സഭ അർഥിനിയോട് ലോകത്തോടു വിരക്തി പാലിക്കാനും വിനീതയും ലാളിത്യമുള്ളവളുമായിരിക്കാനും അങ്ങനെ ജീവന്റെ രാജ്യത്തിന് അവകാശിനിയാകാനും ആഹ്വാനം ചെയ്യുന്നു. ദൈവത്തിന്റെ ആലയത്തിന്

എന്നും അവകാശിനിയാകാൻ അവളെ കാർമികൻ പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ മുദ്രകുത്തുന്നു.

"ദൈവത്തിന്റെ പരിശുദ്ധമായ ആലയിൽ അവകാശിനിയായിരിക്കുവാൻ പിതാവിന്റെയും, പുത്രന്റെയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും നാമത്തിൽ നിത്യജീവന്നായി (പേര്) മുദ്രകുത്തപ്പെടുന്നു" (വ്രതവാഗ്ദാനം, 46).

ഈ മുദ്രകുത്തൽ വഴിയായി സന്യാസാർഥി ഒരു പുതിയ അവസ്ഥയിലാകുന്നു. ഇനി അവൾ "അന്യയോ പരദേശിയോ അല്ല വിശുദ്ധരുടെ സഹപൗരയും ദൈവഭവനത്തിലെ അംഗവുമാണ്" (എഫേ.2,19).

**വ്യവസ്ഥകളോടുകൂടിയ പുതിയ ബന്ധം**

യഹോവയും ഇസ്രായേലും തമ്മിലുള്ള ഉടമ്പടി ബന്ധം ചില വ്യവസ്ഥകളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇസ്രായേലും യഹോവയും തമ്മിലുള്ള ബന്ധം പൂർണമാകുന്നതിനായി ഇസ്രായേൽ ചില വ്യവസ്ഥകൾ പാലിക്കുകയും വിശ്വസ്തത പുലർത്തുകയും വേണമായിരുന്നു (പുറ19, 5-6)

ഈ വ്യവസ്ഥകൾ പത്തു കൽപനകളിൽ കൂടുതൽ വ്യക്തമാകുന്നു.

ഇസ്രായേലിനോടു മാത്രമല്ല എല്ലാ ജനത്തിനും ദൈവം, ഉടമ്പടിക്കുള്ള സാധ്യത നൽകുന്നതിനാൽ പഴയ ഉടമ്പടിയിൽ മാത്രമല്ല, എക്കാലത്തും ഈ വ്യവസ്ഥകൾ പ്രസക്തമാണ്.

ദൈവവും സന്യാസിനിയും തമ്മിലുള്ള ഐക്യത്തിന്റെ സവിശേഷതകൾ വ്രതവാഗ്ദാനശുശ്രൂഷയിൽ പ്രകടമാണ്. ഈ വ്യവസ്ഥ "കർത്താവിനെ പൂർണഹൃദയത്തോടും പൂർണശക്തിയോടും പൂർണമനസ്സോടും സ്നേഹിക്കുന്നതിലും അവിടുത്തോട് ചേർന്നിരിക്കുന്നതിലും അവിടുത്തെ വഴികളിൽ വിശ്വസ്തയായിരിക്കുന്നതിലുമാണ്" (വ്രതവാഗ്ദാനം, 38). ക്രിസ്തുവിന്റെ നിയമത്തെപ്പറ്റി ഇങ്ങനെ പറയുന്നു;

"ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു നൽകുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾ പരസ്പരം സ്നേഹിക്കുമെങ്കിൽ അതുമൂലം നിങ്ങളെന്റെ ശിഷ്യരെന്ന് ലോകം അറിയും" (യോഹ 13,34-35).

വ്രതവാഗ്ദാനം ചെയ്ത കന്യകയ്ക്ക് എല്ലാ കല്പനകളും പൂർണതയിൽ പാലിക്കുന്നതിനുള്ള ഉത്തരവാദിത്തമുണ്ട്.





**ഉടമ്പടിസ്ഥാപനം**

ഒരു ഉത്തരവാദിത്തം സൃഷ്ടിക്കുന്ന സമ്മതപത്രമോ വ്യവസ്ഥയോ ആണ് ഉടമ്പടി. ശപഥത്തിന്റെയോ വാഗ്ദാനത്തിന്റെയോ രൂപത്തിൽ, വാക്കുകളായോ ലിഖിതരൂപത്തിലോ ആകാം ഉടമ്പടി. ഏകപക്ഷീയമായും ഉഭയസമ്മതത്തോടും ആകാം. വ്യവസ്ഥകൾ പാലിക്കാനുള്ള ഉത്തരവാദിത്വം ഉടമ്പടിയിലടങ്ങിയിട്ടുണ്ട്.

ഒരു ശപഥത്തിലൂടെ ഉറപ്പിച്ച ഇസ്രായേലുമായുള്ള ദൈവത്തിന്റെ ഉടമ്പടി അവിടുത്തെ നിസ്വാർഥവും സൃഷ്ടിപരവും രക്ഷാകരവുമായ സ്നേഹത്തിൽ പ്രകടമാകുന്നു. അതുപോലെ ക്രിസ്തു തന്റെ മണവാട്ടിയായ സഭയോടും ഓരോ ആത്മാവിനോടും തന്റെ അചഞ്ചലമായ വിശ്വസ്തതയും സ്നേഹവും വാഗ്ദാനം ചെയ്യുന്നു.

മാമ്മോദീസായിലാണ് ഈ വാഗ്ദാനം നൽകപ്പെടുകയും കന്യക അതു സ്വീകരിക്കുകയും ചെയ്യുന്നത്. കന്യകയ്ക്ക് കാർമികൻ നൽകുന്ന ആഹ്വാനം ഇതു വ്യക്തമാക്കുന്നു.

"നിങ്ങൾ ആരുടെ മുമ്പാകെയാണു നിൽക്കുന്നതെന്ന് സൂക്ഷിച്ചുകൊള്ളുക. മനുഷ്യഹൃദയങ്ങളെ പരിശോധിക്കുന്ന മിശിഹാ തമ്പുരാന്റെ മുമ്പാകെയല്ലാതെ നശ്വരനായ മനുഷ്യന്റെ മുമ്പാകെയല്ല നിൽക്കുന്നത്. പരിശുദ്ധരായ മാലാഖമാരുടെയും സകല സഹോദരീവൃന്ദത്തിന്റെയും വിശുദ്ധ മദ്ബഹായുടെയും മുമ്പാകെയാകുന്നു ഈ സമയത്ത് നിങ്ങൾ ഉടമ്പടികളും വാഗ്ദാനങ്ങളും ചെയ്യുന്നത്. ഈ സമൂഹത്തിൽ അന്ത്യം വരെ ജീവിക്കുന്നതിന് സന്നദ്ധരെന്ന് നിങ്ങൾ വാഗ്ദാനം ചെയ്യുന്നുവല്ലോ" (വ്രതവാഗ്ദാനം, 38).

ഉടമ്പടിസ്ഥാപനം, വ്രതവാഗ്ദാനം എന്നീ രണ്ട് തലങ്ങൾ ഇവിടെ പ്രസക്തമാണ്. ഉടമ്പടിയുടെ പശ്ചാത്തലത്തിലാണ് കരാറുണ്ടാക്കൽ നാം മനസ്സിലാക്കുന്നത്, സുവിശേഷോപദേശങ്ങൾ വാഗ്ദാനം ചെയ്യുന്നതാണ് വ്രതവാഗ്ദാനം എന്നതുകൊണ്ട് അർഥമാക്കുന്നത്. വ്രതവാഗ്ദാനം കന്യകയുടെ പ്രത്യുത്തരമാണെങ്കിലും ദൈവകൃപയുടെ സഹായത്താലുള്ളതാണ്.

കരാറിലേർപ്പെടുന്നത് ദൈവവുമായാണ് എന്നതിനാൽ അത് ഉടമ്പടിയാണ്. അതിന്റെ ഗൗരവം കന്യകയെ ബോധിപ്പിക്കും വിധമാണ് കാർമികന്റെ ഉദ്ബോധനം.

**ആന്തരികനിയമങ്ങളുടെയും വിശ്വസ്തതയുടെയും ആവശ്യകത**

പുതിയ നിയമം, ജറമിയായുടെ പുസ്തകത്തിൽ നാം കാണുന്ന പോലെ ഹൃദയങ്ങളിൽ രേഖപ്പെടുത്തപ്പെട്ടതാണ്, കല്പലകകളിലെഴുതിയ ബാഹ്യ നിയമങ്ങളല്ല, പുതിയ ഉടമ്പടിയെ നയിക്കേണ്ടത് ആന്തരിക നിയമാനുഷ്ടാനമായിരിക്കണം എന്നാണ് ഇതിനർത്ഥം. ആത്മാവിൽ നിയമമെഴുതിയത് പരിശുദ്ധാത്മാവാകയാൽ പരിശുദ്ധാത്മാവാണ് നിയമപാലനത്തിൽ അധ്യാപകനും വഴികാട്ടിയും.

വ്രതവാഗ്ദാനത്തിൽ "ക്രിസ്തുവിന്റെ നുകം" എന്നാണ് ക്രിസ്തുവിന്റെ ഉടമ്പടിയെ വിവക്ഷിക്കുന്നത്. സ്നേഹത്തിന്റെ പുതിയ ഉടമ്പടിയാണ് ക്രിസ്തുവിന്റെ ഉടമ്പടി. ഹൃദയ ഫലകങ്ങളിലതു ആലേഖനം ചെയ്യാൻ കന്യകയോടാവശ്യപ്പെടുന്നു. അവിശ്വസ്തയായ ഇസ്രായേലിന്റെ സ്ഥാനത്ത് വിശ്വസ്തയായിരിക്കാനുള്ള കടമയാണ് കന്യക ഏറ്റെടുക്കുന്നത്.

**വ്രതവാഗ്ദാനം - ഒരു പുതിയ പ്രതിഷ്ഠ**

ആരാധനാ പാരമ്പര്യപ്രകാരം മെത്രാൻ സൈത്തു പൂശുന്നത് പ്രതിഷ്ഠയുടെ ഒരു അടയാളമാണ്. ദൈവാരാധനയ്ക്കായി സ്ഥലം, വ്യക്തി ഇവ മാറ്റിവയ്ക്കപ്പെടുന്നു എന്നാണാ പ്രവൃത്തിയുടെ ഫലം. ഈ അർഥത്തില്ല വ്രതവാഗ്ദാനം പ്രതിഷ്ഠയാകുന്നത്. പ്രതിഷ്ഠാകർമ്മത്തെക്കുറിച്ചുള്ള സഭയുടെ ചിന്ത മനസിലാക്കുന്നത് ഇക്കാര്യം കൂടുതൽ ഗ്രഹിക്കാൻ സഹായകമാണ്.

ഒരു പ്രവൃത്തി പ്രതിഷ്ഠയാണോ എന്നറിയാൻ രണ്ട് കാര്യങ്ങൾ പരിശോധിക്കണം - ഒന്നാമതായി സഭയുടെ നിയോഗം, അതായത് സഭ ആ പ്രവർത്തിയെ പ്രതിഷ്ഠയായി കരുതുന്നുണ്ടോ എന്ന്. രണ്ടാമതായി ആ പ്രവർത്തിയിൽ പ്രതിഷ്ഠയുടെ ഘടകങ്ങൾ ഉണ്ടോ എന്ന്. ദൈവത്തിനായുള്ള സമ്പൂർണവും സ്ഥിരവുമായ സമർപ്പണമാണ് പ്രതിഷ്ഠയുടെ ഘടകം. "ഒരു പ്രവൃത്തി പ്രതിഷ്ഠയാണോ എന്നറിയുന്നതിന് സഭയുടെ നിയോഗവും ആ വസ്തുവിൽ പ്രതിഷ്ഠയുടെ ഘടകങ്ങളുടെ സാന്നിധ്യവും പരിശോധിച്ചാണ്."[41]

സുറിയാനി വ്രതവാഗ്ദാനത്തിൽ സന്യാസപ്രതിഷ്ഠയുടെ രണ്ട് തലങ്ങൾ നമുക്കു കാണാം. ഒന്നാമതായി സഭ തന്നെ പ്രതിഷ്ഠയുടെ പരിശുദ്ധാത്മാശാസ്ത്രവശം എടുത്തുകാട്ടുകയും വ്രതവാഗ്ദാനശുശ്രൂഷ ഒരു പ്രതിഷ്ഠയാണെന്നതിന് സാക്ഷ്യം നൽകുകയും ചെയ്യുന്നു.





രണ്ടാമതായി വ്രതവാഗ്ദാനത്തിന്റെ പ്രതീകാത്മക ശുശ്രൂഷാകർമങ്ങൾ പ്രതിഷ്ഠയിലൂടെയുള്ള നവജീവിതത്തെ സാക്ഷാത്ക്കരിക്കുന്നു. മാമ്മോദീസായിലെ പ്രതിഷ്ഠയിലധിഷ്ഠിതമാണ് വ്രതവാഗ്ദാനം എന്നും വ്യക്തമാക്കുന്നു.

**പരിശുദ്ധാത്മതലം**

ദൈവം വിളിച്ച് ദൗത്യം ഏല്പ്പിച്ചവർക്ക് പരിശുദ്ധാത്മ ദാനങ്ങൾ നൽകുന്നതായി പഴയനിയമത്തിലും പുതിയനിയമത്തിലും പരാമർശമുണ്ട്. ദൈവത്തിന്റെ ശക്തിയും, മഹത്വവും, അതായത് പരിശുദ്ധാത്മാവിനെ, നൽകിക്കൊണ്ട് അവിടുന്ന് തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ ദൗത്യം നിറവേറ്റാൻ പ്രാപ്തരാക്കുന്നു. വ്രതവാഗ്ദാനം ചെയ്ത വ്യക്തിയുടെയും മാമ്മോദിസാ സ്വീകരിച്ച വ്യക്തിയുടെയും ജീവിതം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതാണ്. വിളിയും ദൗത്യവും നിറവേറ്റാൻ സാധിക്കും വിധം സഭ ക്രൈസ്തവകന്യകകളെ നവമായ വിധത്തിൽ വ്രതവാഗ്ദാനത്തിലൂടെ പ്രതിഷ്ഠിക്കുന്നു.

വ്രതവാഗ്ദാനശുശ്രൂഷയിൽ പ്രതിഷ്ഠയുടെ ഈ തലം വളരെ വ്യക്തമാണ്. വിശുദ്ധീകരിക്കുക, അനുഗ്രഹിക്കുക, വസിക്കുക, മുതലായ പദങ്ങളുടെ ഉപയോഗം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു.

പഴയനിയമത്തിൽ പരിശുദ്ധാത്മാവാകുന്ന അഗ്നി ഇറങ്ങി ബലിവസ്തുവിന്റെ രൂപവും ഭാവവും മാറ്റി അതിനെ ദഹിപ്പിച്ച് ഇല്ലാതെയാക്കുന്നു. എന്നാൽ സന്യാസ പ്രതിഷ്ഠയിൽ പരിശുദ്ധാത്മാവ് പ്രതിഷ്ഠിക്കപ്പെടുന്ന വ്യക്തിയുടെ ബാഹ്യരൂപത്തെ മാറ്റുന്നില്ല, പകരം അവളെ തന്റെ അവകാശമാക്കി തന്റെ സംരക്ഷണയിലാക്കുകയും പുതുജീവൻ നല്കുകയും തന്റെ നിരവധിയായ വരങ്ങളും ദാനങ്ങളും കൊണ്ട് നിറയ്ക്കുകയും ചെയ്യുന്നു.

**വ്രതവാഗ്ദാനവും മാമ്മോദീസായും**

മാമ്മോദീസായിലെ പ്രമേയങ്ങൾ വിവിധതരത്തിൽ വ്രതവാഗ്ദാനശുശ്രൂഷയിൽ പ്രതിഫലിക്കുന്നു. മാമ്മോദീസായുടെ സ്വീകരണവും താപസജീവിതത്തിന്റെ തിരഞ്ഞെടുപ്പും ആദിമ സുറിയാനി സഭയിൽ ഒരുമിച്ചു പോയിരുന്നതിനാൽ മാമ്മോദീസായെ സന്യാസജീവിതത്തിന്റെ കവാടമായും സന്യാസജീവിതത്തെ മാമ്മോദീസായിലെ വാഗ്ദാനം കർശനമായി പാലിക്കുന്നതിനുള്ള ജീവിതമായും കണ്ടി

രിന്നു. ഈ ആശയം സഭാപിതാക്കന്മാർ ഊന്നി പറഞ്ഞിട്ടുമുണ്ട്. മാമ്മോദീസായുമായും രക്തസാക്ഷിത്വവുമായും സന്യാസത്തെ പിതാക്കന്മാർ സാധർമ്യപ്പെടുത്തിയിരിക്കുന്നു.

വത്തിക്കാൻ സുന്നഹദോസിലും അതിനുശേഷവും വ്രതവാഗ്ദാനത്തെ മാമ്മോദീസായിലെ വാഗ്ദാനത്തിൽ വേരൂന്നിയതും അതിന്റെ പൂർണമായ ആവിഷ്കരണമായും സഭ കാണുന്നു. അതേസമയം ക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങൾ പ്രത്യക്ഷമാക്കുന്ന മാമ്മോദീസായുടെ സവിശേഷ പ്രതിഷ്ഠയായും വ്രതവാഗ്ദാനത്തെ കണ്ടുവരുന്നു. വ്രതവാഗാദാനശുശ്രൂഷയ്ക്ക് മാമ്മോദീയോടുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും നമുക്കു കാണാം.

**മാമ്മോദീസായിലും വ്രതവാഗ്ദാനത്തിലുമുള്ള രക്തസാക്ഷിത്വമെന്ന സങ്കല്പം**

വാക്കാലോ പ്രവൃത്തിയാലോ ക്രിസ്തുവിനെ നിഷേധിക്കാൻ ഒരു ക്രൈസ്തവനോടാവശ്യപ്പെടുമ്പോൾ അങ്ങനെ ചെയ്യുന്നതിനു പകരം സ്വജീവൻ ക്രിസ്തുവിനായി സമർപ്പിക്കുന്നതിനെയാണ് രക്തസാക്ഷിത്വം എന്നതുകൊണ്ടർത്ഥമാക്കുന്നത്. ക്രിസ്തുവിനോടുള്ള വിശ്വസ്തതയായി, ആദിമസഭയിൽ ഇതു കരുതപ്പെട്ടുപോന്നു. ദൈവത്തെ എല്ലാറ്റിലുമുപരി സ്നേഹിക്കയാലും, സത്യവിശ്വാസം ഏറ്റു പറയുകയാലും, സഹനത്തിലൂടെ ക്രിസ്തുവിനോടുള്ള വിശ്വസ്തതയ്ക്കു സാക്ഷ്യം വഹിക്കുകയാലും, ക്രിസ്തുവിന്റെ മഹത്വപൂർണമായ മരണത്തിനും ഉത്ഥാനത്തിനും സാക്ഷ്യം നൽകുകയാലും രക്തസാക്ഷികൾ പാപമോചനത്തിന് അർഹരാകുകയും ദൈവരാജ്യം അവകാശമാക്കുകയും ചെയ്യുന്നു എന്ന് ഉറപ്പുണ്ട്. ക്രമേണ രക്തസാക്ഷിത്തത്തെ മാമ്മോദീസായുമായി തുല്യപ്പെടുത്തുകയും മാമ്മോദീസാ കർമത്തിലെ വിശ്വാസപ്രഖ്യാപനം, സാത്താനെ ഉപേക്ഷിക്കൽ, മാമ്മോദീസാക്കുശേഷമുള്ള അഭിഷേകം, മാമ്മോദീസാവെള്ളം മുങ്ങൽ, മാമ്മോദീസാവസ്ത്രം ധരിക്കൽ, കുരിശുകൊണ്ടുള്ള മുദ്രകുത്തൽ, കിരീടം ധരിപ്പിക്കൽ മുതലായവയെ ക്രിസ്തുവിന്റെ മരണം ഉയിർപ്പ് എന്നിവയോടു ചേർത്ത് വ്യാഖ്യാനിക്കുകയും ചെയ്തു.

വ്രതവാഗ്ദാനവും അതുപോലെ രക്തസാക്ഷിത്വമാണ് എന്ന ആശയം ശുശ്രൂഷാക്രമത്തിൽ നിന്നു വ്യക്തമാകുന്നു. വ്രതവാഗ്ദാനത്തിനുമുമ്പ് കാർമികൻ അർത്ഥിനികളോടു ചോദിക്കുന്നു,





"ദൈവത്തിനായി നിങ്ങളെ വ്യയം ചെയ്യുവാനും ദൈവത്തിന് സ്വയം യാഗം അർപ്പിക്കാനുമാണ് ഒരുങ്ങുന്നതെന്ന് നിങ്ങൾ അറിയുന്നുണ്ടോ?"

അർഥിനി മറുപടി നൽകുന്നു: "ഞാൻ അറിയുന്നുണ്ട്. അതിനായി ആഗ്രഹിച്ചും ഒരുങ്ങിയുമാണ് ഞാൻ വന്നിരിക്കുന്നത്" (വ്രതവാഗ്ദാനം, 41).

മറ്റൊരു ഭാഗത്ത് സഭ രക്തസാക്ഷിത്വത്തിനായി കന്യകയെ ആഹ്വാനം ചെയ്തുകൊണ്ടിപ്രകാരം പറയുന്നു: "നീതിക്കായി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, സ്വർഗരാജ്യം അവരുടേതാകുന്നു" (മത്തായി 5,10).

സന്യാസജീവിതം പോരാട്ടത്തിനുള്ള ജീവിതമാണെന്നും അതിനായി സദാ ഒരുങ്ങിയിരിക്കണമെന്നും വേറൊരു ഭാഗത്ത് സഭ ഉദ്ബോധിപ്പിക്കുന്നു. വിശ്വാസപ്രഖ്യാപനം, കുരിശുനൽകൽ, നെറ്റിയിൽ കുരിശുകൊണ്ടുള്ള മുദ്രകുത്തൽ, തോളിൽ വഹിക്കാനുള്ള കുരിശു നൽകൽ മുതലായ കർമങ്ങൾ കന്യക അനുദിനം ക്രിസ്തുവിനെ പ്രതി സ്നേഹത്തിലും പ്രത്യാശയിലും വിശ്വാസത്തിലും കൊലചെയ്യപ്പെടുന്ന കുഞ്ഞാടാണെന്ന് സൂചിപ്പിക്കുന്നു.

സന്യാസവ്രതങ്ങളിലൂടെ കന്യക ലോകശക്തികൾക്കെതിരായി ക്രിസ്തുവിനുവേണ്ടി നിൽക്കുന്ന രക്തസാക്ഷികളെപ്പോലെ ജീവിക്കാൻ സ്വയം തയ്യാറാകുന്നു. വ്രതവാഗ്ദാനശുശ്രൂഷയിൽ കിരീടം വാഴ്ത്തി നല്കുന്നതും സന്യാസ ജീവിതം രക്തസാക്ഷിത്വത്തിന്റെ ജീവിതമാണെന്നുള്ള ധ്വനി നൽകുന്നു. കന്യകയ്ക്ക് രക്ഷയുടെ കിരീടമായും വിജയത്തിന്റെ പരിചയുമായാണ് കിരീടം നൽകപ്പെടുന്നത്.

**ആത്മീയ രൂപീകരണം**

തമ്മിൽ വ്യത്യാസമുണ്ടെങ്കിലും മാമ്മോദീസായിലും സന്യാസത്തിലും അർഥികൾക്കു ആത്മീയ രൂപീകരണത്തിനായുള്ള പരിശീലനം നല്കപ്പെടുന്നു. മൂന്നു ഘട്ടങ്ങളായുള്ള, ഒരു നീണ്ട കാലയളവിലേക്കുള്ള മതബോധനപരിശീലനമാണ് മാമ്മോദീസാ സ്വീകരിക്കുവാൻ ഒരുങ്ങുന്നവർക്കു നൽകിയിരുന്നത്.

Catechuminate നു മുമ്പുള്ള ഘട്ടത്തിൽ അർഥികളെ സ്വീകരിക്കുകയും വിശ്വാസത്തിലും ധാർമികതയിലും പരിശീലനം നൽകുകയും മാമ്മോദീസാർഥികളുടെ ഗണത്തിലേക്ക് പേരു ചേർക്കുകയും ചെയ്യുന്നു. പഠിച്ചകാര്യങ്ങൾ സ്വാംശീകരിക്കുക എന്ന ലക്ഷ്യത്തോടെ ആവ

ശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന കാലഘട്ടമാണ് catechuminate കാലം. സ്വാംശീകരിച്ച സംഗതികൾ അവരുടെ ചിന്തയിലും മനസ്സിലും ജീവിതത്തിലും പ്രതിഫലിക്കണം. ആറാഴ്ച നീണ്ടുനിൽക്കുന്ന പ്രകാശിപ്പിക്കലിന്റെ കാലം ചോദ്യംചെയ്യലിലൂടെയും, പിശാചിനെ ഒഴിപ്പിക്കലിലൂടെയും ഉള്ള ശുദ്ധീകരണത്തിന്റെയും, ആത്മീയ ഒരുക്കത്തിന്റെയും കാലമാണ്. ഈ കാലയളവിൽ അർത്ഥികൾ അവരുടെ ആത്മാർത്ഥത തെളിയിക്കുകയും വിശ്വാസത്യാഗത്തിനുള്ള അപകടം ഒഴിവാക്കുകയും ക്രിസ്തീയരഹസ്യങ്ങൾ മലിനമാക്കുന്ന അപകടത്തിൽ നിന്ന് അകന്നു നിൽക്കുകയും ചെയ്യണം.

സന്യാസജീവിതം ആഗ്രഹിക്കുന്നവർക്കും പരിശീലനത്തിന്റെ ഒരു കാലഘട്ടം സുറിയാനി സഭയിൽ ഉണ്ടായിരുന്നു. ഈ പരിശീലനം ഗുരു-ശിഷ്യ ബന്ധത്തെ അടിസ്ഥാനമാക്കിയുള്ള അനൗപചാരിക പരിശീലനമായിരുന്നു. വി. ഗ്രന്ഥത്തെയും ആരാധനാക്രമത്തെയും അടിസ്ഥാനമാക്കിയുള്ള ഒരു സന്യാസ പരിശീലനമാണ് നൽകിയിരുന്നത്. വൂബസ് എഴുതുന്നു:

"ശിഷ്യന്മാർക്ക് വി. ഗ്രന്ഥം വായിക്കാനും മനസിലാക്കാനുമുള്ള അടിസ്ഥാനജ്ഞാനവും ആരാധനക്രമപരവും താപസപരവുമായ കാര്യങ്ങൾ പരിശീലിക്കാനുള്ള പരിചയവും നൽകുക എന്നത് സന്യാസഗുരുക്കന്മാരുടെ ഉത്തരവാദിത്വമാണ്".[42]

സുറിയാനി പാരമ്പര്യത്തിൽ ഈ പരിശീലനം അർഥിനി കാലം, ആയാതകാലം, നവശിഷ്യപരിശീലനകാലം എന്നിങ്ങനെ മൂന്നു ഘട്ടങ്ങളായാണ് നൽകപ്പെടുന്നത്. സന്യാസജീവിതത്തിന്റെ നിയമങ്ങൾ പഠിപ്പിക്കുക, ക്രിസ്തുവിനെ അവരിൽ രൂപപ്പെടുത്തുക, സന്യാസജീവിതത്തിനുള്ള അവരുടെ ആത്മാർഥതയും ആഗ്രഹവും സ്ഥിരതയും സുകൃതജീവിതത്തിനുള്ള താത്പര്യവും സമൂഹജീവിതത്തിനുള്ള യോഗ്യതയും ദൈവത്തേയും മറ്റുള്ളവരേയും ശുശ്രൂഷിക്കുന്നതിനുള്ള അഭിരുചി മുതലായവയും പരിശോധിച്ചറിയുക എന്നിവയാണ് ഈ പരിശീലനകാലഘട്ടത്തിന്റെ ഉദ്ദേശ്യം.

**മാമ്മോദീസാർഥികളുടെയും വ്രതസ്ഥരുടെയും പരിത്യാഗം**

കാർമികന്റെ ചോദ്യത്തിനുള്ള മറുപടിയായി സാത്താനേയും അവന്റെ സകല ആഡംഭരങ്ങളെയും അവന്റെ സകല പ്രവൃത്തികളെയും ഒരു പ്രഖ്യാപനത്തിലൂടെ പരിത്യജിക്കുന്നതാണ് മാമ്മോദീ





സായും വ്രതവാഗ്ദാനവും തമ്മിലുള്ള അടുത്ത സാമ്യം. സാത്താനെ ഉപേക്ഷിച്ചശേഷം ക്രിസ്തുവിനോടും അവന്റെ പഠനങ്ങളോടും തങ്ങളെ ചേർത്തു നിർത്തുന്നു അർഥികൾ.

അതുപോലെ വ്രതവാഗ്ദാനം ചെയ്യുന്നവർ കാർമികൻ ചോദ്യം ചെയ്യുമ്പോൾ ക്രിസ്തുവിന്റെ യഥാർഥ ശിഷ്യരാകുവാൻ ലോകത്തേയും സ്വേച്ഛയേയും ഉപേക്ഷിക്കാനുള്ള അവരുടെ തീരുമാനം പ്രഖ്യാപിക്കുന്നു. ശുശ്രൂഷയുടെ ക്രമത്തിൽ "തന്നെതന്നെ പരിത്യജിക്കാതെ ആർക്കും എന്റെ ശിഷ്യനാകുക സാധ്യമല്ല"(ലൂക്കാ 14,33) എന്ന യേശുവിന്റെ വചനം കന്യകയെ അനുസ്മരിപ്പിക്കുന്നു. "കുറുനരികൾക്കു മാളങ്ങളും ആകാശപ്പറവകൾക്കു കൂടുകളുമുണ്ട്; എന്നാൽ മനുഷ്യപുത്രനു തലചായ്ക്കാൻ ഇടമില്ല" (മത്താ 8,20) എന്നരുൾചെയ്ത യേശുവിന്റെ മാതൃകയാണ് അവൾക്കു നൽകപ്പെടുന്നത്. മലയിലെ പ്രസംഗം (മത്താ 5,3) ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാരെന്ന് ഓർമ്മിപ്പിക്കുന്നു. സമ്പൂർണ വിശ്വാസത്തിൽ ദൈവത്തിനു സ്വയം സമർപ്പിക്കാൻ കന്യകയെ സഭ ആഹ്വാനം ചെയ്യുന്നു (വ്രതവാഗ്ദാനം, 40).

സന്യാസപരിത്യാഗം യഥാർഥ മാനസാന്തരത്തിലേക്ക്, ക്രിസ്തുകേന്ദ്രീകൃതജീവിതത്തിലേക്കു നയിക്കുന്നു എന്ന് സുറിയാനി പിതാക്കന്മാർ അനുസ്മരിപ്പിച്ചിരുന്നു. അന്ത്യോക്യയിലെ ജോൺ മാമ്മോദീസായിലെയും വ്രതവാഗ്ദാനത്തിലേയും പരിത്യാഗത്തെ താരതമ്യം ചെയ്തു പറയുന്നു,

"മാമ്മോദീസായെ അനുകരിച്ചുകൊണ്ട്, സന്യാസജീവിതപ്രവേശവും അസാധാരണമായി ഭാരപ്പെടുത്തുന്നതും ഭീതിദവുമായ ഉപേക്ഷകളും തീരുമാനങ്ങളും നിറഞ്ഞതാണ്. രണ്ടാമത്തെ മാമ്മോദീസ എന്നും ആദ്യത്തേതിന്റെ നവീകരണമെന്നും പിതാക്കൻമാർ ഇതിനെവിളിക്കുന്നു. കാരണം മാമ്മോദീസായിൽ അർഥി സാത്താനെയും അവന്റെ എല്ലാ പ്രവൃത്തികളെയും അവന്റെ സേവനത്തേയും അവന്റെ എല്ലാ ആഡംഭരത്തേയും ഉപേക്ഷിക്കുകയും ഏകദൈവത്തിൽ വിശ്വസിക്കുന്നു എന്ന് ഏറ്റു പറയുകയും ചെയ്യുന്നു. ഞാൻ എന്റെ മാതാപിതാക്കളെയും സഹോദരരേയും ബന്ധുക്കളെയും സുഹൃത്തുക്കളെയും, സ്വന്തമായുള്ളവയേയും സമ്പത്തും വ്യർത്ഥസന്തോഷങ്ങളും ബഹുമാനങ്ങളും കർത്താവിന്റെ കല്പനപ്രകാരം എന്നെതന്നെയും ഉപേക്ഷിക്കുന്നു. സന്യാസജീവിതത്തിന്റെ പരീക്ഷകളെ ഞാൻ പ്രതീ

ക്ഷിക്കുകയും ദൈവരാജ്യത്തെപ്രതി കന്യത്വത്തിലും ബ്രഹ്മചര്യത്തിലും ദാരിദ്ര്യത്തിലും എന്നെത്തന്നെ കാത്തുസൂക്ഷിക്കുകയും അന്ത്യം വരെ സന്യാസാശ്രമത്തിൽ വസിച്ചുകൊണ്ട് താപസജീവിതം നയിക്കുകയും ചെയ്തുകൊള്ളാമെന്നും പ്രതിജ്ഞ ചെയ്യുന്നു"[43]

മാമ്മോദീസായിലും വ്രതവാഗ്ദാനത്തിലും ലോകത്തെ ഉപേക്ഷിക്കുന്നു എന്ന് പ്രഖ്യാപിക്കുന്നത് ലോകാരൂപിയെയും ദുരാശകളെയും നിരന്തരമായി പരിത്യജിക്കുന്നു എന്നർത്ഥത്തിലാണ്. ഈ പരിത്യാഗം എല്ലാ ലൗകിക ബന്ധനങ്ങളിൽ നിന്നുമുള്ള വിടുതലാണ്.

**മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പ്രതീകം**

മാമ്മോദീസായുടെ കാതലാണ് റോമ 6,3-ൽ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്ന മരണ-ഉത്ഥാന പ്രതീകം. മാമ്മോദീസ എന്ന കൂദാശ സ്വീകരിക്കുന്നയാളെ പാപത്തിന്റെയും മരണത്തിന്റെയും തിന്മയുടെ ശക്തികളുടെയും അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുകയും പുതുജീവന്റെ കൃപ പകർന്നു നൽകുകയും ചെയ്യുന്നു. മൃതരെപ്പോലെ, മാമ്മോദീസാ സ്വീകരിച്ചവർ പാപത്തിനും തിന്മക്കും മരിക്കുകയും ജീവനിലും നന്മയിലും വളരുകയും വേണം. മാമ്മോദീസായുടെ ഫലത്തെ വി. പൗലോസ് ശ്ലീഹാ ഇപ്രകാരം വിവരിക്കുന്നു

"യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ മാമ്മോദീസാ സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ? അങ്ങനെ അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്ത് സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതത്തിലേക്കു പ്രവേശിക്കുന്നു" (റോമ 6,3-4).

മാമ്മോദീസായിൽ പഴയമനുഷ്യൻ മരിക്കുകയും പുതിയ മനുഷ്യൻ ജനിക്കുകയും ചെയ്യുന്നു. പുതിയ ജനനം എന്നത് പരിശുദ്ധ ത്രിത്വത്തോടും സഭയോടും ഉള്ള നവീനമായ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്.

സന്യാസവ്രതവാഗ്ദാനം പൊതുവായി പറഞ്ഞാൽ ക്രിസ്തുവിന്റെ മരണോത്ഥാന രഹസ്യം ജീവിക്കുന്നതിനും പാപം നിറഞ്ഞ മനുഷ്യപ്രകൃതിയെ ജയിച്ച് ക്രിസ്തുവിന്റെ ഉത്ഥാന വിജയത്തിൽ പങ്കുചേരുന്നതിനുമുള്ള വിളിയാണ്. ജീൻ ബയറിന്റെ അഭിപ്രായത്തിൽ വ്രത





വാഗ്ദാനം ചെയ്യുന്നതും വ്രതങ്ങൾ ആഴമായി ജീവിക്കുന്നതും ദൈവതൃക്കരങ്ങളിലുള്ള സമ്പൂർണ സമർപ്പണത്തെയും വിമോചനത്തിന്റെ പുതുജീവനേയും അർത്ഥമാക്കുന്നു.[44]

മലങ്കര സഭയുടെ വ്രതവാഗ്ദാനശുശ്രൂഷയിലും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യങ്ങൾ അനാവരണം ചെയ്യപ്പെടുന്നു. മുടിച്ഛേദനകർമത്തോടു ചേർന്ന് നിയമാ 30, 15-19, കൊളോ 3,5-17 എന്നീ വി. ഗ്രന്ഥവായനകൾ ഉൾച്ചേർത്തിരിക്കുന്നതും പഴയമനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുന്നതിനെ സൂചിപ്പിക്കുന്നു. വ്രതവാഗ്ദാനത്തിലൂടെ സന്യാസാന്തസ് ലഭിക്കുന്നതും, സമൂഹത്തിലേക്കു സ്വീകരിക്കപ്പെടുന്നതും, സന്യാസിനിക്ക് ഒരു പുതിയ വ്യക്തിത്വം നൽകുന്നതിലൂടെ രൂപാന്തരീകരിക്കപ്പെട്ട ഒരു ജീവിതത്തിലേക്കുള്ള മാർഗം തുറന്നു നൽകുകയും ചെയ്യുന്നു.

**മാമ്മോദീസാ വസ്ത്രവും സന്യാസവസ്ത്രവും**

മാമ്മോദീസായിൽ പഴയ വസ്ത്രം മാറ്റി പുതിയ വസ്ത്രം ധരിക്കുന്നത് പഴയ മനുഷ്യനെ ഉപേക്ഷിച്ച് പുതിയ മനുഷ്യനെ ധരിക്കുന്നതിന്റെ പ്രതീകമായാണ് (ഗലാ 3,27). വെള്ളവസ്ത്രം മാമ്മോദീസാ സ്വീകരിക്കുന്നവരുടെ ഉത്ഥാനത്തിന്റെയും നിഷ്കളങ്കതയുടെയും ജീവിതം നയിക്കാനുള്ള സമർപ്പണത്തെ കാണിക്കുന്നു. മാമ്മോദീസായിലുള്ള ഈ വസ്ത്രം ധരിപ്പിക്കലാണ് സന്യാസവസ്ത്രധാരണത്തിന്റെയും അടിസ്ഥാനം.

**പാപമോചനം**

മാമ്മോദീസായെയും വ്രതവാഗ്ദാനത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന മറ്റൊരു ഘടകമാണ് പാപമോചനം. വെള്ളംകൊണ്ടുള്ള കഴുകൽ, പരിശുദ്ധാത്മ സ്വീകരണം വി.കുർബാനാനുഭവം എന്നിവ മാമ്മോദീസാ സ്വീകരിച്ചയാളിന്റെ പാപം മോചിക്കുന്നു. വ്രതവാഗ്ദാനശുശ്രൂഷയിലെ മുടിച്ഛേദനം പാപം മോചിക്കുന്നതിനെ പ്രതീകാത്മകമായി ചിത്രീകരിക്കുന്നു. സുറിയാനി ചിന്തയനുസരിച്ച് പാപം വിശുദ്ധിയിലേക്കുള്ള യാത്രയിൽ തടസ്സമാണ്. ദൈവസ്നേഹത്തിൽ നിന്നുള്ള മനുഷ്യന്റെ അകൽച്ചയും അതുമൂലം ദൈവത്തിനും മനുഷ്യനുമിടയിലുണ്ടായ വിടവായും മനുഷ്യ ഹൃദയത്തിന്റെ രോഗമായും മുറിവായും പ്രാർഥനകൾ പാപത്തെ അവതരിപ്പിക്കുന്നു. അതിനാൽ സഭ കന്യകയെ ഉദ്ബോധിപ്പിക്കുന്നു "ഭൗതികരായി ജീവിക്കുന്നെങ്കിൽ നിങ്ങൾ തീർച്ചയായും മരിക്കും. എന്നാൽ ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഹനിക്കുന്നെങ്കിൽ നിങ്ങൾ ജീവിക്കും" (റോമ 8,13).

ആത്മാവിന്റെ പ്രവണതകൾക്കനുസരിച്ച് ജീവിക്കാനായി പരിശുദ്ധത്രിത്വത്തിന്റെ നാമത്തിൽ ജഡസംബന്ധമായ സകല വ്യാപാരങ്ങളെയും ത്യജിക്കുന്നതിന്റെയും വ്രതബദ്ധജീവിതം നയിക്കുന്നതിന്റെയും അടയാളമായി കാർമികൻ കന്യകയുടെ മുടി ഛേദിക്കുന്നു (വ്രതവാഗ്ദാനം, 47).

**മാമ്മോദീസായും വ്രതവാഗ്ദാനവും - വ്യത്യാസങ്ങൾ**

വളരെയേറേ സാമ്യങ്ങൾ മാമ്മോദീസായും വ്രതവാഗ്ദാനവും തമ്മിലുണ്ടെങ്കിലും വ്രതവാഗ്ദാനം ചില കാര്യങ്ങളിൽ മാമ്മോദീസായെ വ്യത്യസ്തമാക്കുന്നു. മാമ്മോദീസ അതു സ്വീകരിക്കുന്ന വ്യക്തിയെ ക്രിസ്തുവുമായി യോജിപ്പിക്കുകയും അസ്തിത്വപരമായി അയാളെ ദൈവത്തിനായി പ്രതിഷ്ഠിക്കുകയും ദൗത്യത്തിനായി വേർതിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് മാമ്മോദീസാ സ്വീകരിച്ചയാൾ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾക്കനുസരിച്ചു ജീവിക്കുകയും ജീവിതാന്തസ്സിനടുത്ത വിശുദ്ധിയും ദൈവത്തോടും സഭയോടും അനുസരണം പാലിക്കുകയും ഭൗതികസമ്പത്തിനോട് യുക്തിസഹമായ വിരക്തി പുലർത്തുകയും ചെയ്യണം. എന്നാൽ മാമ്മോദീസ ഒരാളെ ബ്രഹ്മചര്യമോ കന്യാത്വമോ പാലിക്കാനോ സ്വന്തമായതെല്ലാം ഉപേക്ഷിക്കാനോ ഒരു അധികാരിക്കു വിധേയമായി അനുസരണം പാലിക്കാനോ ചുമതലപ്പെടുത്തുന്നില്ല.

സന്യാസവ്രതവാഗ്ദാനം ഒരു വിളിയും ദൗത്യവും വേർതിരിക്കലുമാണെങ്കിലും ആരാധനാക്രമത്തിലെ ആശീർവാദത്തിലൂടെ സഭയിൽ പ്രകടമാകുകയും ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്ന പരിശുദ്ധത്രിത്വത്തിന്റെ പ്രവൃത്തിയാണ്. വ്രതവാഗ്ദാനത്തിലൂടെ കന്യക ഇതിനു വ്യക്തിപരമായ പ്രത്യുത്തരം നൽകുന്നു. അതിൽതന്നെ അതിനൊരു പുതിയ പ്രതിഷ്ഠയുടെ ഘടനയുണ്ട്. മനുഷ്യവ്യക്തിയുടെ പ്രതിഷ്ഠയും ദൈവത്തിനായുള്ള സ്വയം സമർപ്പണവുമാണത്. മാമ്മോദീസായിലെ പ്രതിഷ്ഠയിൽ നിന്നു വ്യത്യസ്തമായി സന്യാസത്തിന്റെ കാതലായ ഈ പ്രതിഷ്ഠ, ഈ സ്വയം നൽകൽ, ഒരു വ്യക്തിയുടെ ബോധ്യത്തോടുകൂടിയ സ്വന്തം തിരഞ്ഞെടുപ്പാണ്. സ്നേഹവും വിളിയും ആയതിനാലും നിരന്തരമായ നവീകരണമുൾക്കൊള്ളുന്നതിനാലും ഇത് പുതിയതാണ്.

**സന്യാസവ്രതവാഗ്ദാനം - സഭയോടുള്ള ബന്ധത്തിൽ**

വ്രതവാഗ്ദാനം കന്യകയെ ക്രിസ്തുവിന്റെ മൗതികശരീരമായ സഭയോട് ഒന്നിപ്പിക്കുന്നു. എപ്രകാരമാണ് വ്രതബന്ധജീവിതം സഭയെ സാക്ഷിക്കുന്നതെന്നു കാണാം.





**സന്യാസകൂട്ടായ്മ - സഭാകൂട്ടായ്മയുടെ സാക്ഷ്യം**

കൂട്ടായ്മ എന്നതുകൊണ്ട് ഐക്യം, പങ്കുവയ്ക്കൽ എന്നൊക്കെയാണർഥം. കൂട്ടായ്മ എന്ന പദം വ്രതവാഗ്ദാന ശുശ്രൂഷാക്രമത്തിൽ കാണുന്നില്ല. എന്നാൽ 132-ാം സങ്കീർത്തനവും കൊളോ 3,5-17 വായിക്കുന്നത് കൂട്ടായ്മയുടെ നന്മയെ പ്രഖ്യാപിക്കാനും വ്രതബദ്ധജീവിതത്തിൽ ഈ കൂട്ടായ്മക്കു സാക്ഷ്യം നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അർഥിനിയെ ഉദ്ബോധിപ്പിക്കുന്നതിനും വേണ്ടിയാണ്. ദൈവഭവനം, അജഗണം, രാജകൊട്ടാരം, മാലാഖമാരുടെ ജീവിതം, പറുദീസ, മണവറ മുതലായ പദങ്ങൾ ഉപയോഗിച്ച് സഭയിലെ സന്യാസജീവിതത്തിന്റെ ദൗത്യം എന്തെന്ന് ശുശ്രൂഷകൾ വ്യക്തമാക്കുന്നു. അതേ സമയം സന്യസ്തരുടെ ബന്ധം രക്തബന്ധമല്ലെന്നും അത് പരിശുദ്ധത്രിത്വവുമായുള്ള കൂട്ടായ്മയിലാണെന്നും സഭ അനുസ്മരിപ്പിക്കുന്നു.

കന്യക വ്രതം ചെയ്യുന്നത് സഭയുടെ പ്രതിനിധിയുടെയും സമൂഹാംഗങ്ങളുടെയും മുമ്പാകെയാണെന്ന് ഉദ്ബോധിപ്പിക്കുന്നു. ക്രിസ്തുവുമായും അൾത്താരയുമായും മാലാഖ വൃന്ദവുമായും ഉള്ള വലിയ ഒരു കൂട്ടായ്മയാണിതെന്നും ശുശ്രൂഷകൾ വർണ്ണിക്കുന്നു. സഭയുടെ നാമത്തിലാണ് സമൂഹാധ്യക്ഷ സഭാശ്രേഷ്ഠന്റെ മുമ്പാകെ വ്രതവാഗ്ദാനം സ്വീകരിക്കുന്നത്.

വ്രതവാഗ്ദാനത്തിലൂടെ കന്യക ഉപവിക്കു തടസ്സമായിനിൽക്കുന്ന സകലതിൽ നിന്നും സ്വതന്ത്രയാക്കപ്പെടുകയും സഭയുടെയും സമൂഹത്തിന്റെയും കെട്ടുപണിയിൽ ഏർപ്പെടുകയും ചെയ്യുന്നു. കൂട്ടായ ജീവിത്തിലൂടെ സന്യസ്തർ സഭയുടെ സ്വഭാവംതന്നെയായ കൂട്ടായ്മയ്ക്ക് സാക്ഷ്യം നൽകുന്നു. ഈ കൂട്ടായ്മ പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിൽ ദൈവരഹസ്യത്തിനാകമാനമുള്ളതും ദൈവവും പ്രപഞ്ചവും തമ്മിലുള്ളതും മനുഷ്യകുലത്തിനകത്തുള്ളതുമായ കൂട്ടായ്മയുടെ പ്രതീകവും സാക്ഷ്യവുമാണ്. കന്യക ഈ കൂട്ടായ്മയുടെ ശുശ്രൂഷക്കായി സ്വയം സമർപ്പിക്കുന്നു. അങ്ങനെ വ്രതവാഗ്ദാനം ചെയ്ത ഓരോ കന്യകയും സമൂഹത്തിന്റെയും സഭയുടെയും ചെറുപതിപ്പുകളാണ്.

**സ്ന്യാസസമൂഹം - അർഥവും ഉപമകളും**

*communitas* എന്ന ലത്തീൻ വാക്കിന്റെ അർഥം കൂട്ടായ്മയുടെ സമൂഹം എന്നാണ്. പൊതുവായ താമസസ്ഥലവും നിയമങ്ങളും ഉള്ള സംഘടിതമായ ഒരു കൂട്ടം, പൊതുസ്വഭാവവും അവകാശങ്ങളുമുള്ള

കൂട്ടം എന്നൊക്കെയാണീ പദത്തിനർഥം. സാമൂഹികവും സംഘടനാപരവും സമ്പർക്കപരവും ധാർമികവും ദൈവശാസ്ത്രപരവും അസ്തിത്വപരവുമായ ഐക്യപ്പെടുത്തുന്ന പല ഘടകങ്ങളാൽ ബന്ധിതമായ ഒരു കൂട്ടം എന്ന് പൊതുവേ കൂട്ടായ്മയെ വിശേഷിപ്പിക്കാം. എന്നാൽ സന്യാസസമൂഹം സാമൂഹികമോ സാംസ്കാരികമോ ആയ സംഘടനകളെപ്പോലെ വിവിധ ലക്ഷ്യങ്ങളുള്ള കുറേപ്പേരുടെ കൂട്ടമല്ല; ഒരേ ഹൃദയവും ഒരേ ആത്മാവും (നടപടി 4,32) ഒരേ ലക്ഷ്യവുമുള്ള പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിനു സാക്ഷ്യം വഹിക്കാനായി വിളിക്കപ്പെട്ടവരുടെ ഒരു ഗണമാണ്. മാനുഷികമായി ഹൃദയങ്ങളിൽ നിലനിൽക്കുന്ന വിഭജനതാത്പര്യങ്ങളെ അതിജീവിക്കുന്ന കൃപാവരത്തിന്റെ അനുരഞ്ജനശക്തിക്കു സാക്ഷ്യം നല്കി സഭയിൽ ഐക്യത്തിന്റെ ദൗത്യം നിറവേറ്റാൻ വിളിക്കപ്പെട്ടവരാണ് സന്യസ്തർ.

സംഘടിതമായ സന്യാസസമൂഹങ്ങൾ ആദ്യകാലത്ത് സുറിയാനി പാരമ്പര്യത്തിൽ ഇല്ലായിരുന്നെങ്കിലും സന്യാസസമൂഹജീവിതത്തിന്റെ സ്വഭാവം ആരാധനാക്രമത്തിലെ വിവിധ ഉപമകളിലൂടെ വ്യക്തമാക്കുന്നുണ്ട്.

### ദയറ

സുറിയാനി ഭാഷയിൽ 'ദയറ' എന്ന പദത്തിന് ആടുകളുടെ വാസസ്ഥാനം എന്നാണർഥം. യഹൂദ സാഹിത്യത്തിലും മെസപ്പൊട്ടാമിയൻ സാഹിത്യത്തിലും ഈ പദം ഉപയോഗത്തിലുണ്ട്. എങ്കിലും ക്രിസ്തീയ പാരമ്പര്യത്തിൽ ഈ പദം ആടുകളും ഇടയനും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന വി.ഗ്രന്ഥ പാരമ്പര്യത്തിൽ നിന്നാണ് വന്നിട്ടുള്ളത്. പഴയനിയമത്തിൽ യഹോവ പോറ്റുകയും നയിക്കുകയും ചെയ്യുന്ന യഹോവയുടെ കൂട്ടത്തെയാണ് ഈ പദം കൊണ്ട് വിവക്ഷിക്കുന്നത്. പുതിയനിയമത്തിൽ യേശു വിളിച്ചുചേർത്ത (ലൂക്കാ 12,32) ശിഷ്യന്മാരുടെ ചെറുകൂട്ടമാണ് അജഗണം.

മാമ്മോദീസായിൽ സഭയിൽ പേരു ചേർക്കപ്പെടുന്നതിനെ ക്രിസ്തുവിന്റെ ആലയിൽ പ്രവേശിക്കുക എന്നു പറയുന്നു. സഭയിലെ പൂർണാംഗങ്ങളെയാണ് അജഗണം എന്നു പറയുന്നതെന്ന് വൂബസ് അഭിപ്രായപ്പെടുന്നു.

വ്രതവാഗ്ദാനശുശ്രൂഷയിൽ സന്യാസാശ്രമത്തെ സൂചിപ്പിക്കാനായി ആല എന്ന പദം ഏഴുപ്രാവശ്യം ഉപയോഗിക്കുന്നുണ്ട് (വ്രതവാഗ്ദാനം,





13, 17, 21, 22, 31, 46, 51). ദൈവത്തിന്റെ ആലയത്തെയും ദൈവരാജ്യത്തേയും ഇത് സൂചിപ്പിക്കുകയും ഇടയനായ ക്രിസ്തുവിന്റെ സാന്നിധ്യമുള്ളതിനാൽ ജീവദായകമെന്നു വിശേഷിപ്പിക്കുകയും ചെയ്യുന്നു. ഈ ആലയിൽ സന്യാസിനി പ്രവേശനവും അംഗത്വവും അന്വേഷിക്കുന്നു. "കർത്താവേ! ജീവന്റെ വഴിവിട്ട് മായകളുടെ പിന്നാലേ ഓടി നശിച്ചുപോയ പള്ളാട് ഞാനാകുന്നു. നല്ല ഇടയാ, നീ വന്ന് എന്നെ അന്വേഷിക്കണമെ" (വ്രതവാഗ്ദാനം, 13). എന്ന് കന്യക പ്രാർത്ഥിക്കുന്നു. കന്യക ദൈവത്തിന്റെ ആലയ്ക്ക് അവകാശിനിയാണെന്ന് കുരിശുകൊണ്ട് കന്യകയെ മുദ്രകുത്തികൊണ്ട് കാർമികൻ ചൊല്ലുന്നു. ക്രിസ്തുവാണ് തന്നെ ആലയിലേക്കു പ്രവേശിപ്പിക്കുന്നതെന്ന് കന്യക അറിയുന്നു.

മിശിഹാനാഥാ നിൻ അജഗണമതിലെന്നെ
ചേർത്തീടണമെ നീ എന്നായുഷ്കാലം (വ്രതവാഗ്ദാനം, 31).

എന്നവൾ പ്രാർഥിക്കുന്നു.

സമൂഹാംഗങ്ങൾ കൈകസൂരി നൽകി കന്യകയെ സ്വീകരിക്കുന്നത് കർത്താവിന്റെ ആലയിലേക്കു ചേർക്കുന്നതിന്റെ പ്രതീകമായാണ്. സുറിയാനി ചിന്തയനുസരിച്ച് ദൈവം വിളിച്ചാലല്ലാതെ ആർക്കും സന്യാസം സ്വീകരിക്കാനാവില്ല. മാമ്മോദീസാ സ്വീകരിക്കുന്നയാളെ മുദ്രകുത്തി ക്രിസ്തുവിന്റെ ആലയിലേക്കു പ്രവേശിപ്പിക്കുന്നതിനു തുല്യമാണ് വ്രതവാഗ്ദാനത്തിൽ കന്യകയെ മുദ്രകുത്തി സന്യാസസമൂഹത്തിലേക്കു സ്വീകരിക്കുന്നത്.

ആല എന്ന പദം സഭയെയും സന്യാസ സമൂഹത്തേയും സൂചിപ്പിക്കുന്നത് അജപാലനപരമായ അർഥത്തിലാണ്. ഇത് ക്രിസ്തുവിന് സഭയുടെമേലും സന്യാസസമൂഹത്തിന്റെ മേലുമുള്ള അധികാരത്തെ സൂചിപ്പിക്കുകയും സഭാമക്കൾക്കും സന്യസ്തർക്കും ഇടയനായ ക്രിസ്തുവിനെ അനുഗമിക്കാനും അവനുവേണ്ടി ജീവൻ ത്യജിക്കാനുമുള്ള സന്ദേശം നൽകുകയും സന്യാസ ജീവിതത്തിന്റെയും പ്രതിഷ്ഠയുടെയും സഭാത്മകത എടുത്തുകാട്ടുകയും ചെയ്യുന്നു. സഭയിലാണ്, സഭയ്ക്കുവേണ്ടിയാണ് സന്യാസം. സന്യാസമൂഹത്തിലൂടെയാണ് സന്യസ്തർ സഭാസമൂഹത്തിലെ തങ്ങളുടെ സ്വന്തമാകൽ അനുഭവിക്കുന്നത്.

### പറുദീസ

ക്രിസ്തീയ പാരമ്പര്യത്തിൽ പറുദീസ എന്നാൽ ദൈവത്തിന്റെ പൂന്തോട്ടം എന്നാണർഥം. ഉത്പത്തി പുസ്തക പ്രകാരം യഹോവ

ഏദനിലാണ് പറുദീസ സ്ഥാപിച്ചത് (ഉത്2,8). പുതിയനിയമത്തിൽ സ്വർഗം, ദൈവരാജ്യം എന്നൊക്കെയുള്ള അർഥത്തിലാണ് ഈ പദം ഉപയോഗിക്കുന്നത് (ലൂക്കാ 23,43 2കോറി12,4 വെളി 2,7).

പറുദീസാ എന്ന പദവും -അങ്ങയുടെ പൂന്തോട്ടം- എന്ന പ്രയോഗവും വ്രതവാഗ്ദാന ശുശ്രൂഷയിൽ പ്രത്യക്ഷമായി ഉപയോഗിച്ചിട്ടുണ്ട്. കന്യകയുടെ ജീവിതത്തിൽ അനുഭവിക്കേണ്ട സ്വർഗീയ മുന്നാസ്വദനത്തെയും ആദിമസ്ഥിതിയേയും യുഗാന്ത്യ ജീവിതത്തേയുമാണീ പദം സൂചിപ്പിക്കുന്നത്. പറുദീസായുടെ വിവരണവും ഇവിടെ നൽകുന്നുണ്ട്. അതൊരു വാസസ്ഥലമാണ്, വിശുദ്ധന്മാരുടെ വാസസ്ഥലം, നീതിമാന്മാരുടെ വാസസ്ഥലം, സന്യാസികളുടെ വാസസ്ഥലം. നിത്യമായ മണവറയുമാണ് പറുദീസ. വി. കുർബ്ബാനയുടെ സാന്നിധ്യം സന്യാസസമൂഹത്തിന് പറുദീസായുടെ അനുഭവം നൽകുന്നു.

കൂട്ടായ്മയുടെയും സാമൂഹികതയുടെയും തലമുണ്ട് പറുദീസ എന്ന സങ്കല്പത്തിന്. സമൂഹത്തിന്റെ പെരുന്നാൾ, സദ്യ, കൂടിവരവുകൾ, ആഘോഷങ്ങൾ പരസ്പരസഹായങ്ങൾ മുതലായ സാമൂഹികവശവും പറുദീസ എന്ന ആശയത്തിലടങ്ങിയിട്ടുണ്ട്.

**മണവറ**

സന്യാസസമൂഹത്തെ മണവറയായി ചിത്രീകരിക്കുന്നു. ഇത് സ്വർഗീയ വിശ്രമത്തെയും വിവാഹവിരുന്നിനെയും സൂചിപ്പിക്കുന്നു. സുറിയാനി പിതാക്കന്മാരുടെ രചനകളിൽ ഈ പദം പറുദീസാക്കു സമാനമായ അർഥത്തിലുപയോഗിക്കുന്നു. ഈ പദം ക്രിസ്തുവിനെയും മനുഷ്യഹൃദയത്തിന്റെ അന്തരാളത്തേയും ദൈവാലയത്തിന്റെ വിശുദ്ധസ്ഥലത്തെയും മനുഷ്യജീവിതത്തിന്റെ ആനന്ദകരമായ അവസ്ഥയെയും സൂചിപ്പിക്കുന്നു.

നിത്യമണവാളനായ ക്രിസ്തുവിനെ ശുശ്രൂഷിക്കുന്നതിനായി കന്യകയെ മണവറയിലേക്കു പ്രവേശിപ്പിക്കണമെന്ന് വ്രതവാഗ്ദാനശുശ്രൂഷയിൽ പ്രാർഥിക്കുന്നു. "ആത്മാവിൽ ഉണർവോടുകൂടി, സ്വർഗീയ മണവാളനായ മിശിഹാതമ്പുരാനേ, നിനക്ക് പരിപൂർണമായ ശുശ്രൂഷ ചെയ്യുവാൻ ഇവരെ സന്നദ്ധരാക്കി ശക്തിപ്പെടുത്തണമെ'' (വ്രതവാഗ്ദാനം, 48). ഈ അർഥത്തിൽ മണവറ വിവാഹവിരുന്നുമായി ബന്ധപ്പെട്ടിരിക്കുന്നു. യുഗാന്ത്യത്തിൽ മാത്രമല്ല ഇവിടെ, ഈ ഭൂമിയിലാണത് യാഥാർഥ്യമാകുന്നത്. വ്രതനവീകരണ പ്രാർഥനയിൽ





സന്യാസസമൂഹത്തെ അനുഗ്രഹീതർക്കായി ഒരുക്കപ്പെട്ടിരിക്കുന്ന "ദൈവരാജ്യത്തിന്റെ അകത്തെ അറ" എന്നു വിശേഷിപ്പിക്കുന്നു.[45]

സന്യാസിയുടെ വാസസ്ഥലത്തെയും (തൗനാ) മണവറയോടുപമിക്കുന്നു. തൗനാ എന്ന പദത്തിന് വാസസ്ഥലം, കെട്ടിടം എന്നൊക്കെയാണർഥം. ആത്മീയാർഥത്തിൽ തൗനായ്ക്ക് പ്രിയതമന്റെ കൂടെ ഉള്ളറയിലായിരിക്കുക, യോജിപ്പിലായിരിക്കുക എന്നൊക്കെ അർഥമുണ്ട്. ദൈവസാന്നിധ്യത്തിന്റെ ആനന്ദത്തിൽ സന്യാസികൾ വസിക്കുന്ന ഇടം എന്നാണ് സുറിയാനി ചിന്തയിൽ തൗനായ്ക്കർഥം.

ചുരുക്കത്തിൽ ആല, അജഗണം, പറുദീസ, മണവറ എന്നൊക്കെ പറഞ്ഞാൽ ഈ ഭൂമിയിൽ ദൈവവുമായും പരസ്പരവുമുള്ള യോജിപ്പും ഐക്യവും യാഥാർഥ്യവത്ക്കരിക്കപ്പെടുന്ന സ്ഥലം എന്നാണർഥം. യുഗാന്ത്യത്തിൽ അനശ്വരമായ, കടന്നു പോകാത്ത മണവറയും ആനന്ദത്തിന്റെ വിരുന്നും ആണ്. കന്യക പ്രതീക്ഷിക്കുന്നത്.

**പൊതുജീവിതത്തിന്റെ സാമൂഹിക ഘടകങ്ങൾ**

സമൂഹജീവിതത്തിനുപയോഗിച്ചിരിക്കുന്ന സാദൃശ്യങ്ങൾ കൂട്ടായ ജീവിതത്തിന്റെ വിവിധ തലങ്ങൾ വെളിവാക്കുന്നവയാണ്. മനുഷ്യൻ തന്റെ തിരശ്ചീനവും ലംബവുമായ ബന്ധങ്ങളുടെ അർഥം കണ്ടെത്തുന്നത് ദൈവത്തിലാണ്. സമൂഹത്തിൽ ഈ ഐക്യം ഊട്ടി ഉറപ്പിക്കുന്ന പല ഘടകങ്ങളുണ്ട്.

**യാമപ്രാർഥനകൾ**

ക്രിസ്തുവിൽ ഒന്നാക്കപ്പെട്ട സമൂഹത്തിന്റെ ഐക്യത്തിന്റെ പ്രകടനവും ഉറവിടവുമാണ് യാമപ്രാർഥന. വ്രതവാഗ്ദാനശുശ്രൂഷകൾ യാമപ്രാർഥനയോടെ ആരംഭിക്കുന്നത് കന്യകയെ അവളുടെ ജീവിതം സഭയോടൊത്തും സഭയിലും നിരന്തരമായ പ്രാർഥനയുടെ ജീവിതമാണെന്ന് അനുസ്മരിപ്പിക്കുന്നു.

5-ാം നൂറ്റാണ്ടു മുതലാണ് സന്യാസസമൂഹങ്ങളിൽ യാമപ്രാർഥനകൾക്ക് നിയതമായ രൂപമുണ്ടായത്. ഈജിപ്തിലെയും കപ്പദോച്ച്യയിലെയും പാരമ്പര്യങ്ങളുടെ സമന്വയമാണ് ഏഴു യാമങ്ങളിലെ പ്രാർഥനയായി സുറിയാനി പാരമ്പര്യത്തിൽ പ്രതിഫലിക്കുന്നത്.

ശ്ഹീമോ (shimo) എന്നാണ് സുറിയാനി പ്രാർഥനാക്രമത്തിന്റെ പേര്. 'സാധാരണ' എന്നർഥം വരുന്ന S'ham, Nes'ham എന്നീ സുറിയാനി ക്രിയാരൂപങ്ങളിൽ നിന്നാണ് ശ്ഹീമോ എന്ന പദത്തിന്റെ ഉത്ഭവം.

സങ്കീർത്തനങ്ങളും അപ്രേം, ബാലായി, സാറൂഗിലെ യാക്കോബ് മുതലായ സുറിയാനി പിതാക്കന്മാരുടെ പ്രാർഥനകളും ഉൾക്കൊള്ളുന്നതാണീ പുസ്തകം. ക്രിസ്തീയ വിശ്വാസത്തിന്റെയും രക്ഷയുടെയും രഹസ്യങ്ങളായ പരിശുദ്ധ ത്രിത്വം, മനുഷ്യാവതാരം, കുരിശും രക്ഷയും, രണ്ടാം വരവ്, ക്രിസ്തുവിന്റെ മണവാട്ടിയായ സഭ, ദൈവമാതാവായ മിറയം, പഴയനിയമത്തിലേയും പുതിയനിയമത്തിലേയും വിശുദ്ധർ മുതലായ ക്രിസ്തീയ വിഷയങ്ങളാണ് ഈ പ്രാർഥനകളുടെ ഉള്ളടക്കം. ദൈവസ്തുതികളാൽ ദിവസത്തിന്റെ എല്ലാ നിമിഷവും വിശുദ്ധീകരിക്കപ്പെടാനായി രക്ഷാകരസംഭവത്തിലെ ഓരോ രഹസ്യവുമായി ഓരോ യാമത്തിലേയും പ്രാർഥനകൾ യോജിപ്പിച്ചിരിക്കുന്നു. മുഴുവൻ പ്രാർഥനയും ഇപ്രകാരം ക്രമപ്പെടുത്തിയിരിക്കുന്നു-

റംശോ (സന്ധ്യാ പ്രാർഥന)-പ്രകാശത്തെപ്രതി ദൈവത്തിനു നന്ദി പറയാൻ

സൂത്താറാ-അപകടകരമായ ചിന്തകളിൽ നിന്നും സ്വപനങ്ങളിൽ നിന്നും ദൈവം സംരക്ഷിക്കുന്നതിനായി

ലിലിയോ (രാത്രിപ്രാർഥന)- ശാന്തതക്കുവേണ്ടി

സപ്രോ (പ്രഭാത പ്രാർഥന)- പ്രകാശത്തിനുവേണ്ടി

മൂന്നു ചെറിയ പ്രാർഥനകൾ

ഖുത്തോഓ (മൂന്നാം മണി) - ക്രിസ്തുവിന്റെ വിധിയെ ധ്യാനിക്കാൻ

എഡാനോ (ആറാം മണി) - ക്രിസ്തുവിന്റെ മരണത്തെ ധ്യാനിക്കാൻ

നോനേ (ഒൻപതാം മണി)-ക്രിസ്തുവിന്റെ മരണസമയത്തുണ്ടായ പ്രകൃതിക്ഷോഭത്തെ ഓർത്ത്

ഇവയെല്ലാം ക്രിസ്തു സൃഷ്ടികളുടെ കർത്താവാണെന്നു പ്രഖ്യാപിക്കുന്നു.

സ്വർഗീയ ജറുസലേമിലെ ആരാധനയിലാണ് കന്യക യാമപ്രാർഥനയിലൂടെ പങ്കുചേരുന്നത്. യാമപ്രാർഥനകൾ സന്യസ്തരെ ദൈവവുമായി മാത്രമല്ല സഭ മുഴുവനുമായി ബന്ധിപ്പിക്കുന്നു. ആരാധനയിലൂടെ സഭയോടും പ്രപഞ്ചത്തോടു മുഴുവനോടും സന്യാസി ഐക്യപ്പെടുന്നു.

**വി. കുർബാന**

ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത്തിന്റെ ഉടമ്പടിയായ വി. കുർബാനയുടെ പശ്ചാത്തലത്തിലാണ് വ്രതവാഗ്ദാനശുശ്രൂഷ നടത്തു





ന്നത്. കുർബാനയിലും കുർബാനയിലൂടെയുമാണ് അപ്പവും വീഞ്ഞും തിരുശരീരരക്തങ്ങളായി മാറുന്നതും മനുഷ്യനുമായി ഒന്നാകുന്നതും. കുർബാനയാകുന്ന ഉടമ്പടിയിലൂടെയാണ് മനുഷ്യനു ദൈവവുമായി ഒന്നാകുന്നതിനുള്ള അവകാശം ലഭിക്കുന്നത്. വി.കുർബാനയിലൂടെ കന്യക ക്രിസ്തുവുമായും സഭയുമായും സമൂഹവുമായും ഒന്നുചേരുന്നു. ഈഹീദായർ കൂദാശാപരമായ ജീവിതമാണു നയിച്ചിരുന്നത്. പിന്നീട് താപസജീവിതം ലോകത്തിൽ നിന്ന് അകന്നു നിൽക്കുന്ന ജീവിതമാണ് എന്ന ആശയമുണ്ടായപ്പോൾ കൂദാശകൾക്ക് വേണ്ടതായ പ്രാധാന്യം നൽകപ്പെടാതെ പോയി. ഈ കാലമൊഴിവാക്കിയാൽ എക്കാലവും സന്യാസജീവിതത്തിന്റെ കേന്ദ്രമായിരുന്നു വി. കുർബാന.

അനുദിനമുള്ള വി. കുർബാനാർപണം സമർപിതരുടെ ജീവിതശൈലിയാണ്. ദൈവത്തേയും സൃഷ്ടിമുഴുവനേയും സമർപിതർ കണ്ടുമുട്ടുന്നത് പരി. കുർബാനയിലാണ്. എല്ലാ സൃഷ്ടികളും ഭൂത വർത്തമാന ഭാവി കാലങ്ങളും സകലചരാചരങ്ങളും, ജീവിക്കുന്നവരും പരേതരുമായ എല്ലാ മനുഷ്യരും പരി.കുർബാനയിൽ അനുസ്മരിക്കപ്പെടുന്നു. അങ്ങനെ സൃഷ്ടി മുഴുവൻ ദൈവത്തിനു സമർപ്പിക്കപ്പെടുകയും ദൈവസംസർഗ്ഗത്തിലൂടെ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

**മധ്യസ്ഥതയും താപസജീവിതവും**

ദൈവത്തിനു മുമ്പിൽ ശക്തിയുള്ള മധ്യസ്ഥ്യം വഹിക്കുന്നവരാണ് സന്യസ്തർ. മാമ്മോദീസായിലൂടെ ദൈവസംസർഗം എല്ലാ ക്രൈസ്തവർക്കും സംലഭ്യമാണെങ്കിലും ആത്മപരിത്യാഗം, ലോകവസ്തുക്കളോടുള്ള വിരക്തി, നിരന്തരപ്രാർഥന എന്നിവയിലൂടെ സന്യാസി കൂടുതലായി ഈ പദവി പ്രാപിച്ചിരിക്കുന്നു. ജീവിതത്തിലും മരണത്തിലും അവർ ഈ പദവി അവകാശമാക്കുന്നു.

"അവരുടെ പ്രാർഥന ദൈവത്തെ അനുനിമിഷം പ്രീതിപ്പെടുത്തുന്നു. അവരുടെ അസ്ഥികളിൽ നിന്ന് സകലചരാചരങ്ങൾക്കുമുള്ള ജീവരസം ഒഴുകുന്നു"[46] എന്ന് വി. അപ്രേം എഴുതുന്നു.

സന്യാസവ്രതവാഗ്ദാനശുശ്രൂഷയിൽ പല മധ്യസ്ഥപ്രാർഥനകളുണ്ട്. മനുഷ്യവംശത്തിന്റെ യോജിപ്പിനുവേണ്ടി, അർഥി വിശുദ്ധിയിൽ പുരോഗമിക്കുന്നതിനായി, ആത്മീയ യുദ്ധത്തിൽ വിജയം വരിക്കുന്നതിനായി, സന്യാസജീവിതത്തിൽ സ്ഥിരതയുണ്ടാകുന്നതിനായി, ശാന്തിയും സമാധാനവും ലോകത്തിലും സഭയിലും വാഴുന്നതിനായി.

ഇങ്ങനെ ആത്മീയവും ഭൗമികവുമായ എല്ലാ ആവശ്യങ്ങൾക്കായും പ്രാർഥിക്കുന്നു.[47]

പ്രണാമം, കുമ്പിടീൽ, നിൽപ്പ്, മുതലായ താപസകൃത്യങ്ങളും, ആംഗ്യങ്ങളും പ്രാർഥനയോടൊപ്പമുണ്ട്. സന്യാസികളുടെ വിശുദ്ധിയുടെ ഭാഗമായിരുന്നു ആംഗ്യങ്ങളെന്ന് സുറിയാനി പണ്ഡിതനായ പെനാ അഭിപ്രായപ്പെടുന്നു. സുറിയാനി ചിന്തയിൽ സന്യാസി അനുദിനം ശുദ്ധീകരിക്കപ്പെടുന്ന ചൂളയാണ് താപസജീവിതം. ശരീരത്തിനു ശിക്ഷ നൽകുകയല്ല ശിക്ഷണം നൽകുകയാണ് സന്യാസനിഷ്ഠയുടെ ലക്ഷ്യം.

**മൗനം**

പ്രത്യക്ഷമായി വ്രതവാഗ്ദാനശുശ്രൂഷയിൽ മൗനത്തെക്കുറിച്ച് ഒന്നും പറയുന്നില്ലെങ്കിലും സഹോദരങ്ങൾ തമ്മിലുള്ള ഐക്യവും സമൂഹജീവിതത്തിന്റെ അർഥവും എടുത്തുകാട്ടുകയും ശാന്തമായി ജീവിക്കുന്നതിന് ആഹ്വാനം നൽകുകയും ചെയ്യുന്നു. "എളിമയും ശാന്തതയും പരിശീലിക്കണ" മെന്ന് കന്യകയെ ഓർമിപ്പിക്കുന്നു.[48] സന്യാസാശ്രമത്തിൽ മൗനം പാലിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെയാണിത് അർഥമാക്കുന്നത്.

മൗനം എന്നത് ശബ്ദമോ വാക്കോ ഇല്ലാത്ത അവസ്ഥയോ ശൂന്യതയോ അല്ല, ബാഹ്യവും ആന്തരികവുമായ മനുഷ്യനെ സ്പർശിക്കുന്ന ഗുണമാണത്. നിനവേയിലെ ഇസഹാക്കിന്റെ അഭിപ്രായത്തിൽ മൗനം ശാരീരിക ചിന്തകളിൽ നിന്ന് ഒഴിഞ്ഞിരിക്കലും ആത്മാവിനാനന്ദം നൽകുന്ന എല്ലാവസ്തുക്കളിൽനിന്നും സ്വാസ്ഥ്യം നല്കുന്ന അവസ്ഥയുമാണ്.

പരിപൂർണതയുടെ ജീവിതമായി മൗനജീവിതത്തെ വി.ഗ്രന്ഥം എടുത്തുകാട്ടുന്നു. വാക്കുകളുടെ ശരിയായ ഉപയോഗത്തിനും (പ്രഭാ 10,6-32) വാക്കുകളുടെ അസ്ഥിരത ഒഴിവാക്കുന്നതിനും (സുഭാ 5,9-15) പാപകരവും വ്യർഥവുമായ സംഭാഷണം ഒഴിവാക്കുന്നതിനും, ഒരുവന്റെ ആന്തരികതയ്ക്കു ശക്തി കൂട്ടുന്നതിനും (ഏശ 30,1-5) മൗനം ആവശ്യമാണ്. തന്നിഷ്ടങ്ങളും അഹംഭാവവും അതിജീവിക്കാനും പരസ്പരസ്നേഹത്തിൽ വളരാനും വചനം ഹൃദയത്തിൽ ധ്യാനിച്ച് ദൈവിക ജ്ഞാനത്തിലും ദൈവികജീവനിലും വളരാനും മൗനം സഹായിക്കുന്നു. സന്യാസത്തിൽ എക്കാലത്തും ബാഹ്യവും ആന്തരികവുമായ മൗനത്തിന് പ്രാധാന്യം നൽകപ്പെട്ടിരുന്നു.





ദൈവവചന വായനയും ധ്യാനവും സന്യാസജീവിതത്തിൽ ഏറ്റം പ്രാധാന്യമർഹിക്കുന്നവയാണ്. ലൗകികവ്യഗ്രതയെ മനസ്സിൽ നിന്ന കറ്റി പകരം ദൈവത്തിന്റെ കല്പനകളും തിരുഹിതവും ചിന്താവിഷയമാക്കാൻ കന്യകയോട് സഭ ആഹ്വാനം ചെയ്യുന്നു. വിശുദ്ധമായ ഹൃദയവും ജീവദായകമായ ജ്ഞാനവും തെളിഞ്ഞ ബോധവും ഉണ്ടാകാൻ ഇത് ആവശ്യമാണ്. തനിക്കു വായിച്ചു പഠിക്കാനും തദനുസാരം ജീവിക്കാനും ദൈവത്തിന്റെ പുസ്തകം തരണമേ എന്ന് കന്യക പ്രാർഥിക്കുന്നു. വചനം വായിക്കേണ്ടതിന്റെയും ധ്യാനിക്കേണ്ടതിന്റെയും ആവശ്യകതയാണ് ഇവിടെ തെളിയുന്നത്. വ്യക്തിപരമായോ കൂട്ടമായോ വി. ഗ്രന്ഥം വായിക്കുന്നത് മനസ് വിശുദ്ധീകരിക്കാനും ഹൃദയത്തെ പ്രകാശിപ്പിക്കാനും ദൈവസ്നേഹത്തിൽ നിന്ന് പ്രചോദനമുൾക്കൊള്ളാനും അങ്ങനെ ദൈവസ്നേഹത്തിലും ജ്ഞാനത്തിലും വളരാനും സന്യസ്തരെ സഹായിക്കുന്നു.

**സാഹോദര്യജീവിതം**

കൂട്ടായ സാഹോദര്യജീവിതമാണ് വ്രതവാഗ്ദാനം ചെയ്തവരെ യോജിപ്പിക്കുന്ന മറ്റൊരു ഘടകം. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ കൂട്ടിച്ചേർക്കപ്പെട്ടവരാണ് കന്യകകൾ. സഹനത്തിലൂടെയും ത്യാഗത്തിലൂടെയുമല്ലാതെ കൂട്ടായ ജീവിതം സാധ്യമല്ലെന്ന് വ്രതവാഗ്ദാനശുശ്രൂഷ ഓർമിപ്പിക്കുന്നു. അതുകൊണ്ട് വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് സഭ ഉദ്ബോധിപ്പിക്കുന്നു.

അതിനാൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വാത്സല്യഭാജനങ്ങളും പരിശുദ്ധരുമെന്ന നിലയിൽ നിങ്ങൾ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ. ഒരാൾക്കു മറ്റൊരാളോടു പരിഭവമുണ്ടായാൽ പരസ്പരം ക്ഷമിച്ച് സഹിഷ്ണുതയോടെ വർത്തിക്കുവിൻ. കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ക്ഷമിക്കണം. സർവ്വോപരി, എല്ലാറ്റിനെയും കൂട്ടിയിണക്കി പരിപൂർണ്ണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ. (കൊളോ 3,12-17)

"സഹോദരങ്ങൾ ഏകമനസ്സായി ഒരുമിച്ച് വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്" (സങ്കീ 133,1). ഈ സാഹോദര്യം ഗ്രീക്കുകാരെന്നോ യഹൂദനെന്നോ വ്യത്യാസമില്ലാത്ത ആദിമക്രൈസ്തവസമൂഹം പോലെ ഏകോദരസാഹോദര്യമുള്ള ഒരു സമൂഹമാക്കി

സന്യാസസമൂഹത്തെ മാറ്റുന്നു. ഈ സാഹോദര്യം ദൈവവുമായും പരസ്പരവും ഉള്ള യോജിപ്പും ഐക്യവും വളർത്തുകയും "ഇനിമേൽ ഞങ്ങൾ അന്യരോ പരദേശികളോ അല്ല" (എഫേ2,19) എന്ന അനുഭവം സന്യസ്തർക്കു നൽകുകയും ചെയ്യുന്നു.

**അധികാരവും ശുശ്രൂഷയും**

അധികാരം ദൈവത്തിൽ നിന്നുള്ളതാണെന്നും (വെളി 4,11) സേവനമാണതിന്റെ ലക്ഷ്യമെന്നുമറിയുന്ന (മർക്കോ 10,45) ഒരു വ്യക്തിയോ വ്യക്തികളുടെ കൂട്ടായ്മയോ പ്രയോഗിക്കുന്ന അധികാരമാണ് സന്യാസാധികാരം. ദൈവത്തെ ശുശ്രൂഷിക്കുന്ന പോലെ അധികാരമുള്ളവർ എളിയ ഹൃദയത്തോടും വിനയത്തോടും വിശുദ്ധിയോടും സഹോദരങ്ങളെ സേവിക്കണമെന്ന് മർത്തീരിയൂസ് നിർദ്ദേശിക്കുന്നു. ശുശ്രൂഷ സന്യാസ സമൂഹത്തിലും സഭയിലും ത്രിത്വത്തിന്റെ കൂട്ടായ്മക്കു സാക്ഷ്യം നൽകലാണ്.

വ്രതവാഗ്ദാനശുശ്രൂഷയിൽ ക്രിസ്തുവിനെ നല്ല ഇടയൻ, ദൈവികഭിഷഗ്വരൻ, സ്നേഹം ധൂർത്തടിക്കുന്ന പിതാവ് എന്നൊക്കെ വിശേഷിപ്പിക്കുന്നത് സുറിയാനി പാരമ്പര്യമനുസരിച്ച് അധികാരത്തിന്റെ ശുശ്രൂഷാതലം വ്യക്തമാക്കുന്നു. ആത്മീയ പിതൃ/ മാതൃ ഭാവത്തിന്റെ ആവിഷ്കാരമാണ് സുറിയാനി പാരമ്പര്യത്തിൽ അധികാരം. ഈ അർഥത്തിൽ പിതാവ്, മാതാവ് എന്നൊക്കെ അധികാരികൾ അഭിസംബോധനചെയ്യപ്പെടുന്നത് ഉചിതമാണ്.

വ്രതവാഗ്ദാന സമ്മതം ചോദിക്കുമ്പോൾ അദ്ധ്യക്ഷ അർഥിനിയെ സഹോദരി എന്നും സമ്മതം നല്കികൊണ്ട് കന്യക അധ്യക്ഷയെ മദർ എന്നുമാണ് അഭിസംബോധനചെയ്യുന്നത്. വി. അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതങ്ങൾ പാലിച്ചുകൊണ്ട് ബഥനീ സന്യാസിനീ സമൂഹത്തിൽ ജീവിച്ച് സന്യാസപരമായ നിഷ്ഠകൾക്കുള്ള ചുമതലകൾ വി. നിയമാനുസരണം നിർവഹിക്കുന്നതിന് കന്യക സമ്മതം നൽകുന്നു (വ്രത.42,43). മുഴുവൻ സമൂഹത്തിന്റെയും ആത്മീയോത്ക്കർഷത്തിനുതകുംവിധം ഓരോ അംഗത്തേയും സഹോദരതുല്യം സ്നേഹിച്ചുകൊണ്ട് സ്നേഹത്തിന്റെ പരിമളം സമൂഹത്തിൽ സംക്രമിപ്പിക്കുമെന്ന നിശ്ചയമാണ് കന്യക എടുക്കുന്നത്.

**സഭാധികാരത്തോടുള്ള കൂട്ടായ്മ**

സന്യാസവ്രതവാഗ്ദാനം സഭാത്മകമായ ഒരു പ്രവൃത്തിയാകയാലും





സഭ മുഴുവന്റെയും മുമ്പാകെ നടക്കുന്ന പ്രവൃത്തിയാകയാലും സഭയുമായുള്ള കൂട്ടായ്മയുടെ ഘടകങ്ങൾ എടുത്തുകാട്ടുക ഉചിതമാണ്. സഭയുടെ പ്രബോധനാധികാരത്തോടുള്ള വിധേയത്വം, സ്ഥലത്തെ മെത്രാനുമായുള്ള കൂട്ടായ്മ, വിശ്വാസികളുമായുള്ള കൂട്ടായ്മ മുതലായവയാണ് പ്രധാനഘടകങ്ങൾ.

**സഭയുടെ പ്രബോധനാധികാരത്തോടുള്ള അനുസരണം**

സഭയുമായുള്ള കൂട്ടായ്മയിലാണ് സന്യസ്തർ തങ്ങൾക്ക് സഭയുടെ പ്രബോധനാധികാരത്തോടുള്ള അനുസരണം പ്രധാനമായി പ്രകടമാക്കുന്നത്. സഭാപിതാക്കന്മാരുടെ പഠനത്തോടും ഏറ്റം പ്രത്യേകമായി റോമാ മാർപാപ്പയുടെ പഠിപ്പിക്കലിനോടും യോജിച്ചുപോകാൻ കന്യക കടപ്പെട്ടിരിക്കുന്നു. സമർപ്പണത്താൽ തന്നെ വ്യക്തിയും സമൂഹവും റോമിലെ മാർപാപ്പ, സഭയ്ക്കു നൽകുന്ന എല്ലാ പഠനങ്ങളോടും നിർദ്ദേശങ്ങളോടും വിശ്വസ്തമായ അനുസരണം പാലിക്കാൻ കടപ്പെട്ടിരിക്കുന്നു.

**പ്രാദേശിക സഭാധികാരികളോടുള്ള (local hierarchs) കൂട്ടായ്മ**

വിശുദ്ധ ഭരണം, തത്വം എന്നൊക്കെയാണ് ഹയരാർക്കി എന്നപദത്തിന്റെ അർഥം. ലോക്കൽ ഹയരാർക്ക് എന്നു പറയുമ്പോൾ സ്ഥലത്തെ മെത്രാൻ, വികാരി ജനറൽ എന്നിവരാണ്. സഭയുടെ എല്ലാ ഭരണാധികാരികളെയും അനുസരിക്കണമെന്ന് ആരാധനാക്രമം അനുശാസിക്കുന്നു. ക്രിസ്തു ശരീരത്തിന്റെ ശരിയായ കെട്ടുപണിക്ക് സമർപിതരും സ്ഥലത്തെ സഭാധികാരികളും തമ്മിലുള്ള ഐക്യവും കൂട്ടായ്മയും അവശ്യാവശ്യമാണ്. വ്രതവാഗ്ദാനശുശ്രൂഷയിൽ മെത്രാനും വൈദികരും ഡീക്കന്മാരും ശുശ്രൂഷകരും, വിശ്വാസികളും സംബന്ധിക്കുന്നതും സഭാത്മകതയെയാണ് വെളിവാക്കുന്നത്.

സന്യാസസമൂഹങ്ങൾ ആരംഭം മുതൽക്കേ മെത്രാന്മാരുടെ സംരക്ഷണയിലും നിയന്ത്രണത്തിലുമാണ് വളർന്നത്. മെത്രാന്മാരുമായുള്ള കൂട്ടായ്മ വൈദികരുമായുള്ള കൂട്ടായ്മയും കൂടിയാണ്. റാബുളയുടെ 15-ാം കാനൻ വൈദികരും ഡീക്കന്മാരും സന്യാസസമൂഹങ്ങൾക്കാവശ്യമായ സഹായം ചെയ്തു കൊടുക്കുകയും വിശ്വാസികളെ സന്യസ്തരുടെ ഭൗതികമായ ആവശ്യങ്ങളിൽ സഹായിക്കാൻ പ്രോത്സാഹിപ്പിക്കുകയും വേണമെന്ന് നിർദ്ദേശിക്കുന്നു.

സഭയുടെ ആനുകാലികരേഖകളും മെത്രാന്മാരോടുള്ള അനുഭാവം അജപാലകരോടും കാട്ടണമെന്ന് പഠിപ്പിക്കുന്നു. അജപാലകന്മാരെ

സന്യസ്തർ ബഹുമാനിക്കുകയും ആദരിക്കുകയും പ്രാർഥനയിലൂടെയും പരിഹാരപ്രവർത്തികളിലൂടെയും അവരുടെ അജപാലനശുശ്രൂഷയെ സഹായിക്കുകയും വേണം. വൈദികർ സന്യാസജീവിതത്തെക്കുറിച്ച് അറിവുള്ളവരാകുകയും ദൈവവിളി പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

**വിശ്വാസികളുമായുള്ള കൂട്ടായ്മ**

ഹയരാർക്കി എന്നു പറയുമ്പോൾ മാമ്മോദീസാ സ്വീകരിച്ച എല്ലാവരുമുൾപ്പെടുമെന്നതിനാൽ വിശ്വാസികളോടും കൂട്ടായ്മയിലായിരിക്കാൻ സന്യസ്തർക്കു കടമയുണ്ട്. വ്രതവാഗ്ദാനശുശ്രൂഷ സന്യസ്തർ വിശ്വാസികളുമായി കൂട്ടായ്മ പുലർത്തണം എന്ന് ഉപദേശിക്കുകയല്ല മറിച്ച് ക്രിസ്തുവിനെ മനുഷ്യസ്നേഹി എന്ന് വിശേഷിപ്പിക്കുകയും സന്യസ്തർക്ക് അനുകരിക്കാൻ മാതൃകയായി നൽകുകയുമാണ് ചെയ്യുന്നത്.

വിശ്വാസസമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളിലും സഹായിക്കേണ്ടവരാണ് സന്യസ്തർ. സന്യാസസമൂഹങ്ങളുടെ പ്രവർത്തനങ്ങളോട് സഹകരിക്കാൻ താത്പര്യം കാട്ടുന്ന വിശ്വാസികൾക്ക് അതിനുള്ള സാഹചര്യവും നൽകണം.

**സന്യാസസമർപ്പണവും മിഷനും**

സന്യാസജീവിത്തിൽനിന്ന് വേറിട്ടുനിൽക്കുന്ന ഒരു സംഗതിയല്ല പ്രേഷിതപ്രവർത്തനം. സമർപിതജീവിതത്തിന്റെ പൂർണതയ്ക്കാവശ്യമായ ഒരു ഘടകമാണത്. വിളിക്കപ്പെട്ടപ്പോൾതന്നെ കന്യക ദൈവത്താൽ ഒരു പ്രത്യേക ദൗത്യത്തിനായി അയക്കപ്പെടുകയാണ്. പുതിയനിയമത്തിലും പഴയനിയമത്തിലും ഇതിന് ഉദാഹരണങ്ങൾ കാണുന്നു. മോശയുടെയും ജറമിയായുടെയും ഏശയ്യായുടെയും വിളിയിൽ വിളിയും പ്രതിഷ്ഠയും ദൗത്യമേൽപിക്കലും തമ്മിലുള്ള മനോഹരമായ സമന്വയം കാണാവുന്നതാണ്. ഈ മൂന്നു തലങ്ങളുടെയും പരിപൂർണത യേശുവിന്റെ വിളിയിലും പ്രതിഷ്ഠയിലും ദൗത്യത്തിലുമാണ് സംഭവിക്കുന്നത്.

സുറിയാനി സഭയിൽ പ്രതിഷ്ഠയും ദൗത്യവും തമ്മിൽ ഒരു ബന്ധം അടിസ്ഥാനപരമായിതന്നെയുണ്ട്. സഭയിൽ ഒരു പ്രത്യേക ദൗത്യത്തിനായി ഒരാളെ അഭിഷേകം ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. ദൈവികവും സഭാത്മകവുമായ ദൗത്യത്തിന് സന്യാസപ്രതിഷ്ഠ അവ





ശ്യഘടകമാണ്. പ്രാഥമികമായി മാമ്മോദീസായിലൂടെയും പിന്നീട് വ്രതവാഗ്ദാനത്തിലൂടെ അതിന്റെ ഉപരിപൂർണതയിലേക്കും ദൈവത്താൽ വിളിക്കപ്പെടുന്ന സമർപിത അടിസ്ഥാനപരമായി പ്രേഷിതയാണ്. സഭയിലും ലോകത്തിലും രക്ഷാകരപദ്ധതിയിൽ പങ്കുചേർന്നുകൊണ്ട് ദൈവരാജ്യം പ്രഖ്യാപിക്കുകയും ദൈവരാജ്യത്തിനു സാക്ഷ്യം നൽകുകയും ചെയ്യുന്ന ദൈവത്തിന്റെ പ്രവാചികയാണു സമർപിത.

ജോൺ പോൾ രണ്ടാമന്റെ വാക്കുകളിൽ "പ്രതിഷ്ഠിതരായവർ പ്രതിഷ്ഠയാൽ തന്നെ പ്രേഷിതരാണ്. ഈ പ്രേഷിതത്വത്തിന് തങ്ങളുടെ സന്യാസസമൂഹങ്ങളുടെ ആദർശമനുസരിച്ച് അവർ സാക്ഷ്യം വഹിക്കുന്നു".[49]

പ്രേഷിതത്വത്തിന്റെ രണ്ടു തലങ്ങളാണ് വ്രതവാഗ്ദാനശുശ്രൂഷയിൽ എടുത്തുകാട്ടപ്പെടുന്നത്. പ്രേഷിതപ്രവർത്തനത്തിന്റെ അസ്തിത്വപരമായ തലം സാക്ഷ്യമായും പ്രവർത്തനപരമായ തലം വിവിധ ശുശ്രൂഷകളായുമാണ് അവതരിപ്പിക്കപ്പെടുന്നത്.

അയയ്ക്കപ്പെടുക എന്നർഥം വരുന്ന *mittere* എന്ന ലത്തീൻ ക്രിയാരൂപത്തിൽ നിന്നാണ് മിഷൻ എന്ന ഇംഗ്ലീഷ് പദത്തിന്റെ ഉത്ഭവം. ഹീബ്രുഭാഷയിൽ ഇതിനുതുല്യമായ പദം *šlah* എന്നും ഗ്രീക്കിൽ *apostellein* എന്നുമാണ്. ഭാഷാപരമായി രണ്ടു പദങ്ങൾക്കും വ്യത്യാസമുണ്ടെങ്കിലും യഥാർഥത്തിൽ ഒരേകാര്യമാണ് സൂചിപ്പിക്കുന്നത്. മാമ്മോദീസായിലാരംഭിക്കുന്ന എല്ലാ പ്രതിഷ്ഠയുടെയും അന്തരാത്മാവാണ് പ്രേഷിതത്വം അഥവാ മിഷൻ. ഈ പ്രേഷിതത്വം പ്രകടമാക്കുന്നതിനുള്ള വിവിധ മാർഗങ്ങളാണ് വിവിധ ശുശ്രൂഷാരംഗങ്ങൾ . അക്കാരണത്താൽ ഒരാൾ ഒരു പ്രത്യേക ശുശ്രൂഷ ഏറ്റെടുക്കാതിരിക്കുമ്പോഴും അയാളുടെ പ്രേഷിതത്വം നിലനിൽക്കുന്നു. അതായത് ഒരു പ്രത്യേക ശുശ്രൂഷാ മണ്ഡലമില്ലാത്തപ്പോഴും പ്രതിഷ്ഠിതനായ ഒരാൾ പ്രേഷിതൻ തന്നെയാണ്. ഒരു പ്രത്യേക ശുശ്രൂഷാമണ്ഡലമില്ലെന്ന കാരണത്താൽ ഒരു പ്രതിഷ്ഠിതൻ പ്രേഷിതനല്ലാതാകുന്നില്ല.

മിനിസ്ട്രി, ശുശ്രൂഷ എന്നാൽ ദൈവത്തിന്റെ ദാസർ ഈ ഭൂമിയിൽ ചെയ്യുന്ന കർമങ്ങൾ എന്നർഥം (നടപടി 11,29 12,25 1കോറി 16,15). സുവിശേഷങ്ങളും മിനിസ്ട്രിയെ കാണുന്നതിപ്രകാരമാണ് (ലൂക്കാ 1,9 1,23 യോഹ 16,2). വി.പൗലോസ് ശ്ലീഹാ മോശയെ ആദ്യ ഉടമ്പടിയുടെ ശുശ്രൂഷകൻ (2 കോറി 3,1-11) എന്നു വിളിക്കുന്നു. അഫ്രാഹാത്തിന്റെ കൃതികളിലും *Liber Gradum* എന്ന കൃതിയിലും ഈ ആശയം കാണു

ന്നു. വ്രതവാഗ്ദാനശുശ്രൂഷയും സന്യാസിനിയെ ദൈവത്തിന്റെ ദാസി യായും അവളുടെ ദൗത്യത്തെ ദൈവസേവനമായും ചിത്രീകരിക്കുന്നു. മിഷനും മിനിസ്ട്രിയും തമ്മിലുള്ള സമാനതയും വ്യത്യാസവും അറി യണമെങ്കിൽ ശുശ്രൂഷാജീവിതത്തിന്റെ ഉദാഹരണങ്ങൾ പഠിക്കുകയും വ്രതവാഗ്ദാനശുശ്രൂഷയിൽ അവ എപ്രകാരം സമന്വയിക്കപ്പെട്ടിരി ക്കുന്നു എന്നു മനസിലാക്കുകയും ചെയ്യണം.

**പിതാവായ ദൈവം- പ്രേഷിതൻ (മിഷണറി)**

വ്രതവാഗ്ദാനശുശ്രൂഷ പിതാവായ ദൈവത്തെ അയയ്ക്കുന്നവ നായി ചിത്രീകരിക്കുന്നു. അയക്കുന്നവൻ പ്രേഷിതപ്രവർത്തനത്തിന്റെ ഉറവിടമാണ്, സ്രോതസാണ്. മനുഷ്യനുൾപ്പെടെയുള്ള സകല സൃഷ്ടി കളുടെയും രക്ഷകനും ഗുണകാംക്ഷിയുമാകയാൽ ആരും നശിച്ചുപോ കാതെ എല്ലാവരും രക്ഷിക്കപ്പെടണമെന്നും യഥാർത്ഥ ജ്ഞാനത്തിലെ ത്തണമെന്നും (1 തിമോ 2,4) ഉള്ളത് അവിടുത്തെ ആഗ്രഹവും ഇച്ഛ യുമാണ്. അതിനുവേണ്ടിയാണ് സ്വർഗത്തിൽ മാലാഖമാർ ആരാധി ക്കുന്ന ഏകജാതനെ ഭൂമിയിലേയ്ക്കയക്കാൻ പിതാവ് തിരുമനസ്സായ ത്.[50] എല്ലാവർക്കും ജീവൻ സമൃദ്ധിയായി ഉണ്ടാകാനായി തന്റെ പരി ശുദ്ധാത്മാവിനെ എല്ലാവർക്കും നല്കിയിരിക്കുകയും ചെയ്യുന്നു. അതി നാൽ പ്രേഷിതപ്രവർത്തനത്തിന്റെ ഉറവിടം പരിശുദ്ധ ത്രിത്വവും അതിന്റെ ലക്ഷ്യം സമൃദ്ധമായ ജീവനുമാണ്.

**ക്രിസ്തുവും അപ്പസ്തോലന്മാരും**

ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട് പിതാവിനാൽ ദൈവവച നമായി അയക്കപ്പെട്ട ക്രിസ്തു പിതാവിന്റെ പ്രേഷിതനാണ്, മിഷണ റിയാണ് (യോഹ 17,18-19). അതുപോലെ ക്രിസ്തുവിനാൽ അയക്ക പ്പെട്ട അപ്പസ്തോലന്മാരും പ്രേഷിതരാണ്. വ്രതവാഗ്ദാനത്തിൽ “സ മാധാന സുവിശേഷത്തിന്റെ ഒരുക്കം ഇവളുടെ പാദങ്ങൾക്ക് ചെരു പ്പായി നൽകണമെ” എന്ന് കന്യകയ്ക്കുവേണ്ടി പ്രാർഥിക്കുന്നു” (വ്രതവാഗ്ദാനം, 4). കന്യകയുടെ പ്രേഷിതസ്വഭാവം കൂടുതൽ വ്യക്ത മാക്കുന്നതിനായി ക്രിസ്തുവിന്റെ മിഷനെക്കുറിച്ചും മിനിസ്ട്രിയെകു റിച്ചും കൂടുതൽ മനസിലാക്കേണ്ടതുണ്ട്.

**ക്രിസ്തു പിതാവിനാൽ അയക്കപ്പെട്ടവൻ**

ക്രിസ്തു പിതാവിനാൽ അയക്കപ്പെട്ടവനായാണ് ബൈബിൾ അവ തരിപ്പിക്കുന്നത് (ഹെബ്രാ 3,1). അഭിഷേകം ചെയ്ത് അയ്ക്കപ്പെട്ടവ





നാണ് ക്രിസ്തു (യോഹ 17,18-18). കരുണതന്നെയായ പിതാവിനെ വെളിപ്പെടുത്തുകയും മനുഷ്യകുലത്തെ പിതാവിലേക്ക് നയിക്കുകയും ചെയ്യുക എന്നതാണ് ക്രിസ്തുവിന്റെ ദൗത്യം. പുത്രനാണ് പിതാവിനെ പൂർണമായും വെളിപ്പെടുത്തിയത് (യോഹ 1,18 മത്താ 11,27).

വ്രതവാഗ്ദാനശുശ്രൂഷയിൽ വെളിവാകുന്ന ക്രിസ്തുവിന്റെ ദൗത്യ ത്തിന് രണ്ടു തലങ്ങളുണ്ട്- 1.അസ്തിത്വപരമായി ദൈവത്തെ വെളി പ്പെടുത്തുക, 2.രക്ഷാകരപ്രവൃത്തികളിലൂടെ ദൈവസ്നേഹത്തിനു സാക്ഷ്യം വഹിക്കുക (യോഹ 14, 10-11). ദൈവത്തിനു സാക്ഷ്യം നൽകുക എന്നാൽ ദൈവരാജ്യത്തിനു സാക്ഷ്യം നൽകുക എന്നാ ണർഥം. ദൈവരാജ്യമെന്നാൽ ഒരു ആശയമോ ആദർശമോ അല്ല, ഒരു വ്യക്തിയാണ്, നസ്രേത്തിലെ യേശു എന്ന വ്യക്തി. അവനിലാണ് അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ വെളിപ്പെടുത്തൽ. ശുശ്രൂഷ ചെയ്തുകൊണ്ടും അനേകർക്കുവേണ്ടി സ്വജീവൻ പാപപരിഹാരബ ലിയായി നൽകിക്കൊണ്ടും അവൻ ദൈവരാജ്യം വെളിപ്പെടുത്തി (മർക്കോസ് 10,45). വി. ഗ്രന്ഥവായനകളിലൂടെ ഈ ദൈവരാജ്യം അവ കാശമാക്കുന്നതിനുള്ള രഹസ്യങ്ങൾ സന്യാസാർഥിനികൾക്ക് വ്യക്ത മാക്കിക്കൊടുക്കുന്നു (മത്താ 7,13-14, 24-27 6,19-21).

ക്രിസ്തുവിന്റെ പിതാവിൽ നിന്നുള്ള ആഗമനം, പിതാവിലുള്ള ജീവി തം, പിതാവിലേക്കുള്ള തിരിച്ചുപോക്ക് എന്നിവ ക്രിസ്തു പിതാവിനോ ടുകൂടിയാണെന്നതിനു സാക്ഷ്യം വഹിക്കുന്നു. യേശു ദരിദ്രനും അനു സരണയുള്ളവനും ബ്രഹ്മചാരിയുമായിരുന്നു. അനുസരണത്തിലൂടെ അവൻ പിതാവിന്റെ വചനമായി. ദൈവമഹത്വം വെടിഞ്ഞുകൊണ്ട് എത്ര അനാസക്തനാണ് താനെന്ന് അവിടുന്നു വ്യക്തമാക്കി. എല്ലാ വരേയും ദൈവമക്കളാക്കികൊണ്ട് അവിടുന്ന് താൻ എത്ര പരി ശുദ്ധനുമാണെന്നതിനു സാക്ഷ്യം നൽകി. ക്രിസ്തുവിന്റെ അസ്തി ത്വംതന്നെയാണ് അവിടുന്ന് പിതാവിന്റെ പ്രേഷിതനാണെന്നതിന്റെ സാക്ഷ്യം.

അപ്പസ്തോലന്മാർ ക്രിസ്തുവിനാൽ വിളിച്ച് വേർതിരിക്കപ്പെട്ട് അയ ക്കപ്പെട്ടവരാകയാൽ അവരെ പ്രേഷിതരെന്നു വിളിക്കുന്നു (മത്താ 28,18 -20). ക്രിസ്തുവിനെ സാക്ഷിക്കുക എന്ന അവരുടെ ദൗത്യം പരിത്യാ ഗത്തിലൂടെയും സുവിശേഷാനുസരണമുള്ള ജീവിതം വഴി ക്രിസ്തു വിനെ അനുഗമിക്കുന്നതിലൂടെയുമാണ് സഫലമാകുന്നത്. അവർ ക്രിസ്തുവിനെ തിരഞ്ഞെടുത്തിരിക്കുന്നു എന്നതിനു തുല്യമായി മറ്റൊരു ദൗത്യമില്ല.

**ക്രിസ്തു- ദൈവിക കർഷകൻ**

പല വിശേഷണങ്ങൾ ക്രിസ്തുവിനുപയോഗിക്കുന്നുണ്ടെങ്കിലും ദൈവിക കർഷകൻ എന്ന പ്രയോഗം വ്രതവാഗ്ദാനശുശ്രൂഷയിൽ ക്രിസതുറിന്റെ പ്രേഷിതപ്രവർത്തനവുമായി, മിഷനുമായി, ബന്ധപ്പെട്ട് സവിശേഷമായി കാണുന്ന ഒന്നാണ്. ഗീതത്തിന്റെ രൂപത്തിൽ അവതരിപ്പിക്കുന്ന മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയിലാണീ പരാമർശം കാണുന്നത് (വ്രതവാഗ്ദാനം, 31). ഈ ഉപമയിൽ ക്രിസ്തു തന്റെ മുന്തിരിത്തോട്ടത്തിൽ ജോലിക്ക് ആളുകളെ വിളിക്കുന്ന കർഷകനാണ്. വിളിച്ചുകൊണ്ടുവന്നവർക്കെല്ലാം ജോലിയുടെ അവസാനം കൂലി നൽകുന്നു. കർഷകൻ എന്ന നാമം പഴയനിയമത്തിലും പുതിയ നിയമത്തിലും നാം കാണുന്നു. യഹോവയെ കർഷകൻ എന്നു വിളിക്കുന്നു. കിളയ്ക്കുക, ഉഴുക എന്നൊക്കെയാണ് *akr* എന്ന സുറിയാനി പദത്തിന്റെ അർത്ഥം. കർഷകൻ എന്ന വിശേഷണം ക്രിസ്തുവിനേയും അപ്പസ്തോലന്മാരെയും സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. ഏശയ്യായും പുതിയ നിയമത്തിൽ മത്തായിയും മുന്തിരിവള്ളി വെട്ടിയൊരുക്കുന്ന കർഷകനെ അവതരിപ്പിക്കുന്നു (ഏശയ്യാ 5,1-3 മത്താ 20,17). ക്രിസ്തു മുന്തിരിവള്ളിയെ പരിചരിക്കുക മാത്രമല്ല അതിനുവേണ്ടി സ്വജീവൻ ബലികഴിക്കുകയും ചെയ്തു.

ക്രിസ്തുവിന്റെ പ്രേഷിതപ്രവർത്തനത്തിന്റെ പ്രതീകമാണ് മുന്തിരിവള്ളിയുടെ പരിചരണം. ദൈവരാജ്യമാകുന്ന മുന്തിരിത്തോട്ടത്തിന്റെ അവകാശി ക്രിസ്തുവാണ്. ക്രിസ്തു തന്നെ അവിടെ പരിചരിക്കുകയും ജോലിക്കാരെ വിളിച്ചുകൊണ്ടുവന്ന് തന്റെ ജോലിയിൽ പങ്കുകാരാക്കുകയും അവസാനം അവർക്കു കൂലി നൽകുകയും ചെയ്യുന്നു. കൂട്ടുവേലയുടെ ഫലമായി നല്ല ഫലം ലഭിക്കണമെന്ന് ക്രിസ്തു ആഗ്രഹിക്കുകയും അവസാനം വരെ അതിനായി കാത്തിരിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിനെപ്പോലെ അപ്പസ്തോലന്മാരും കർഷകരാണ്. മനുഷ്യഹൃദയമാകുന്ന ദൈവത്തിന്റെ സ്വന്തം വയലിൽ വിത്തുവിതയ്ക്കാനും വെള്ളമൊഴിക്കാനും വിളിക്കപ്പെട്ടവരാണവർ. പൗലോസ്ശ്ലീഹാ തന്നെയും മറ്റ് അപ്പസ്തോലന്മാരെയും ദൈവത്തിന്റെ കൂട്ടുവേലക്കാരായി കാണുന്നു (1 കോറി 3,9).

ബുധനാഴ്ചയിലെ യാമപ്രാർഥനയിലും അപ്പസ്തോലന്മാരെ മനുഷ്യഹൃദയമാകുന്ന പാഴ്നിലം ഉഴുതുനിരപ്പാക്കി പാപമുള്ളു പിഴുതു





മാറ്റി വിശ്വാസവും ദൈവജ്ഞാനവും വിതക്കുന്ന കർഷകരായി വർണിക്കുന്നു.

ജഗദീശാ-ത്മജ ശ്ലീഹന്മാരും
ശിഷ്യരുമവർതൻ പാണികളിൽ
ക്രൂശനിശം-പേറിയിരുന്നല്ലോ
വിഗ്രഹവന്ദനയാലയ്യോ
പാഴായ് പോയൊരു പാരവരും
ഉഴുതു നിരപ്പാക്കി നന്നായ്
ഭക്തിവിഹീനതയവർ നീക്കി
നല്ലൊരു വിശ്വാസം വിതറി
അതു നിലനിൽക്കുന്നെന്നേക്കും (ശ്ഹീമോ, മെന്ഓലം, 128)

**പാശ്ചാത്യ സുറിയാനി സഭയിലെ വ്രതവാഗ്ദാന ശുശ്രൂഷയിൽ സന്യാസിനികളുടെ പ്രേഷിതത്വം**

വാക്കുകളേക്കാളും പ്രവർത്തികളെക്കാളും ആധികാരികമായ ജീവിതത്തിനു മൂല്യം കല്പിക്കുന്ന ഒരു ലോകത്തിൽ സന്യാസജീവിതത്തിലൂടെയുള്ള സാക്ഷ്യം വളരെ പ്രധാനപ്പെട്ടതാണ്.

മുമ്പു നാം കണ്ടതുപോലെ സുറിയാനി പാരമ്പര്യത്തിൽ സന്യാസജീവിതം ഉടമ്പടിയുടെ ജീവിതമാണ്. ആദ്യകാലത്ത് കന്യകകൾ മറ്റുള്ളവരിൽ നിന്ന് അകന്നല്ല കഴിഞ്ഞിരുന്നത്. കന്യത്വത്തിന്റെയും വിരക്തിയുടെയും തലങ്ങളിൽ അവർ മറ്റുള്ളവരാൽ ആദരിക്കപ്പെട്ടിരുന്നു, തിരഞ്ഞെടുക്കപ്പെട്ടവർ എന്ന് വിളിക്കപ്പെട്ടിരുന്നു. സുറിയാനി സമൂഹത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർ സഭയ്ക്കുള്ളിലെ സഭയായി, പ്രകാശിതസഭയായി, മറ്റു ക്രിസ്ത്യാനികൾക്കൊപ്പം ജീവിച്ചു. പിന്നീട് ഈ ലോകത്തിലുള്ള വാസം, ദൈവവുമായുള്ള യോജിപ്പിനു തടസ്സമാണെന്നു കണ്ടതിനാൽ സന്യസ്തർ വിദൂരങ്ങളിലേക്കു മാറിപ്പോയി ജീവിക്കാൻ തുടങ്ങി. ബന്ധുജനത്തെ ഉപേക്ഷിച്ച്, അനുതാപത്തിലും പരിത്യാഗത്തിലും ദാരിദ്ര്യത്തിലും എളിമയിലും അവർ ജീവിച്ചു. അവരെ കണ്ടുമുട്ടിയവർക്കെല്ലാം അവർ നല്ല പ്രചോദനം നൽകി. നിരവധിയായ സുകൃതങ്ങൾ അവരിൽ തിളങ്ങിനിന്നു. പാഷണ്ഡതയിലകപ്പെട്ടവർക്ക് സന്യസ്തർ രക്ഷകരും വിശ്വാസസംരക്ഷകരുമായിരുന്നു. അഭയത്തിനായി നാനാദിക്കുകളിൽ നിന്നു ജനം അവരെത്തേടിയെത്തി. ഓരോ സന്യാസിയും വിശ്വാസികൾക്ക് നല്ല മാതൃക നൽകാനും മറ്റുള്ളവർക്കു മുന്നിൽ കുറ്റമറ്റവരായിരിക്കാനും പരിശ്രമിച്ചിരുന്നു.

സാക്ഷ്യത്തെക്കുറിച്ച് വ്രതവാഗ്ദാനശുശ്രൂഷയിൽ പ്രത്യക്ഷമായ പരാമർശങ്ങൾ കാണുന്നില്ല. എന്നാൽ ലോകത്തെ ത്യജിച്ച് പരിത്യാഗത്തിലും പ്രായശ്ചിത്തത്തിലും കഴിയേണ്ടവരും ഉപവാസം, പ്രാർഥന, ദാനധർമം മുതലായവയിലൂടെ സുകൃതജീവിതം നയിക്കേണ്ടവരുമാണ് സന്യസ്തർ എന്ന സൂചനകൾ കാണുന്നുണ്ട്. ദൈവൈക്യത്തിനായി ദാഹിക്കുന്നവരും വിശുദ്ധിക്കായി വിളിക്കപ്പെട്ടവരുമാണ് അവർ. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിരിക്കാനും (മത്താ 5,13-16) ദൈവമഹത്വത്തിനു സാക്ഷികളായിരിക്കാനും ആരാധനാക്രമം സമർപിതരെ ആഹ്വാനം ചെയ്യുന്നു. ക്രിസ്തുവിന്റെ വിശ്വസ്തസാക്ഷിയാകാനാണ് കന്യകയെ പ്രതിഷ്ഠിക്കുന്നതെന്ന് വ്രതവാഗ്ദാനശുശ്രൂഷയിലെ പ്രാർഥനകൾ വ്യക്തമാക്കുന്നു.

ബാഹ്യപ്രവർത്തനങ്ങളിലെന്നതിനേക്കാൾ സമർപിതർ ക്രിസ്തുവിനെ സാക്ഷിക്കുന്നവരാകണം. ക്രിസ്തു എന്ന സാക്ഷിയെ (പിതാവിനു സാക്ഷ്യം നല്കിയ ക്രിസ്തുവിനെ) ലോകത്തിനു ദൃശ്യമാക്കിക്കൊടുക്കുക എന്നതിലാണ് സമർപിതർ ശ്രദ്ധിക്കേണ്ടതെന്ന് പറഞ്ഞുകൊണ്ട് ജോൺ പോൾ രണ്ടാമൻ മാർപാപ്പ സമർപിതർക്കു മുന്നിലൊരു വെല്ലുവിളിയുയർത്തുന്നു. മാമ്മോദീസായിലൂടെയാണ് അടിസ്ഥാനപരമായി സമർപിതർ ക്രിസതുവിന്റെ ത്രിവിധ ദൗത്യങ്ങളിൽ -രാജകീയ, പൗരോഹിത്യ, പ്രവാചക ദൗത്യങ്ങളിൽ-പങ്കുചേരുന്നത്.

**പൗരോഹിത്യ സാക്ഷ്യം**

പരിശുദ്ധാത്മാവിനാൽ അഭിഷിക്തരായി മാമ്മോദീസാ സ്വീകരിച്ച എല്ലാവരും ക്രിസ്തുവിന്റെ പൗരോഹിത്യധർമത്തിൽ പങ്കുചേരുന്നു. കൊഹനോ എന്ന പദത്തിന് സമ്പത്തുള്ളയാൾ സമ്പത്ത് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നയാൾ എന്നൊക്കെയാണർഥം. പ്രതിഷ്ഠ, പ്രഘോഷണം, ബലിയർപണം മുതലായ അർഥവുമുണ്ട്.

വ്രതവാഗ്ദാനശുശ്രൂഷ വ്രതസ്ഥരുടെ പൗരോഹിത്യധർമം പല വിധത്തിൽ വ്യക്തമാക്കുന്നു. ദൈവഭവനത്തിൽ വസിക്കുന്ന, വിശുദ്ധിയിലും സ്ഥിരസ്നേഹത്തിലും ദൈവത്തെ ശുശ്രൂഷിക്കുന്ന, ദൈവത്തിന്റെ അത്ഭുതപ്രവർത്തികളിലൂടെ അവിടുന്നിലേക്കാകർഷിക്കപ്പെടുന്ന, കുരിശുമെടുത്ത് ക്രിസ്തുവിനെ അനുഗമിക്കുകയും (മത്താ 16,24) അവിടുത്തെ കാസാ പാനം ചെയ്യുകയും ചെയ്യുന്ന (മത്താ 20,22, 26,27) വ്രതസ്ഥരെ അവതരിപ്പിക്കുന്നത്, അവരുടെ പൗരോഹിത്യ ധർമത്തിന്റെ സൂചനയായിട്ടത്രെ.





വ്രതവാഗ്ദാനസമർപണത്തിലൂടെ കന്യക വ്യക്തിപരമായും ക്രിസ്തുവിന്റെ പൗരോഹിത്യധർമത്തിനു സാക്ഷ്യം വഹിക്കുന്നു. അനുസരണത്തിലൂടെ പരിശുദ്ധാത്മാവിൽ (റോം 12,1) ക്രിസ്തുവിലൂടെ പിതാവിന് അവർ തങ്ങളെതന്നെ ദൈവപ്രീതിക്കുതകുന്ന ബലിയായി അർപിക്കുന്നു. ബ്രഹ്മചര്യത്തിലൂടെ അവിഭക്തഹൃദയത്തോടെ (1കോറി 7,32-34) ശരീരങ്ങളെ പരിശുദ്ധാത്മാവിന്റെ ആലയമായി സമർപ്പിക്കുന്നു. ദാരിദ്ര്യത്തിലൂടെ അവർ മനുഷ്യസാധാരണമായ സമ്പത്തുപേക്ഷിച്ച് ദൈവത്തെ മാത്രം സമ്പത്തായി കരുതി ശുശ്രൂഷിക്കുന്നു (മത്താ 6,24).

സന്യാസി/നിക്ക് ക്രിസ്തുവുമായുള്ള പൗരോഹിത്യബന്ധം അസ്തിത്വപരവും തുടർച്ചയുള്ളതുമാണ്. അസ്തിതത്വപരമെന്നതുകൊണ്ട് അവരുടെ പൗരോഹിത്യം ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ അധിഷ്ഠിതമായതാണ് എന്നാണർഥം. "ക്രിസ്തു ബലിയും ബലിയർപ്പകനും ബലികൾ സ്വീകരിക്കുന്നവനുമായിരിക്കുന്നതുപോലെ സന്യാസി/നി ഒരാൾ തന്നെയായിരിക്കെ പുരോഹിതനും ബലിവസ്തുവും ബലിയർപ്പകനും എല്ലാമാകുന്നു എന്നത് വിസ്മയനീയമാണ്" എന്ന് വി. അപ്രേം പറയുന്നു.[51] സന്യാസി/ നിയുടെ പൗരോഹിത്യം തുടരുന്ന ഒന്നാണ്. ദൈവത്തിനും മറ്റുള്ളവർക്കുമായി ചെയ്യുന്ന ജോലിയിലും അനുദിന ജീവിതത്തിന്റെ സുഖത്തിലും ദുഖത്തിലും സ്തുതിയിലും ആരാധനയിലും ബലിയിലും ഫലവത്തായി പ്രകടമാകേണ്ടതുമാണ്.

**പ്രവാചകസാക്ഷ്യം**

സുറിയാനി പാരമ്പര്യത്തിൽ താപസജീവിതം പ്രവാചകജീവിത്തിലാണ് ആരംഭിച്ചത്. ദൈവത്താൽ വിളിക്കപ്പെട്ട് വെളിപാടിന്റെ സിദ്ധി നൽകപ്പെട്ടയാളാണ് പ്രവാചകൻ. ദൈവത്തെ മുഴുഹൃദയത്തോടെ സ്നേഹിക്കുകയും അവിടുത്തെ വാക്കുകളിൽ പൂർണമായി പറ്റിച്ചേർന്നിരിക്കുകയും ചേയ്യുന്നവനാണ് പ്രവാചകൻ. പ്രവാചകന്മാർ ദൈവത്തിന്റെ സ്നേഹിതരാണെന്നും അവിടുത്തെ ഹൃദയരഹസ്യങ്ങൾ പങ്കിട്ടവരാണെന്നും സാറൂഗിലെ യാക്കോബ് പറയുന്നു.[52]

കന്യകയുടെ സമർപ്പണവുമായി ബന്ധിച്ച് ബൈബിളിലെ പ്രവാചകന്മാരെ അവതരിപ്പിച്ചുകൊണ്ട് വ്രതവാഗ്ദാനശുശ്രൂഷ സമർപിതജീവിതത്തിന്റെ പ്രവാചകധർമം എടുത്തുകാട്ടുന്നു. അബ്രഹാമിനെ വിശ്വാസത്തിന്റെ തീർഥാടകനായും (ഉത് 12,1-10) ഏശയ്യായെ ദൈവത്തിന്റെ വിശുദ്ധിയുടെയും ആർജ്ജവത്വത്തിന്റെയും പ്രതിരൂപമായും

(ഏശ 6,1-7) ശമുവേലിനെ ദൈവത്തിന്റെ സമാഗമകൂടാരത്തിൽ ശുശ്രൂഷചെയ്തു പാർക്കുന്നവനായും (1 സാമു 3,1-) അവതരിപ്പിക്കുന്നു. പ്രവാചികമാരെ ഉൾപ്പെടുത്താത്ത കുറവ് മറിയത്തെ അവളുടെ പ്രവചനഗീതമായ സ്തോത്രഗീതത്തോടുകൂടി അവതരിപ്പിച്ചുകൊണ്ട് നികത്തിയിരിക്കുന്നു (വ്രത.26-27). പ്രവാചകന്മാരെ എടുത്തുകാട്ടിക്കൊണ്ട് പ്രവാചകതുല്യമായ ആർജ്ജവത്തോടും വിശുദ്ധിയോടും വിവേകത്തോടും അചഞ്ചലവിശ്വാസത്തോടും പ്രത്യാശയോടും ഉപവിയോടും കൂടി ജീവിക്കാൻ കടപ്പെടുത്തുകയാണ് വ്രതവാഗദാനശുശ്രൂഷയിൽ.

വ്രതവാഗ്ദാനശുശ്രൂഷയിൽ കന്യകയുടെ മേൽ ആത്മീയജ്ഞാനവും ധൈര്യവും നീതിക്കുവേണ്ടിയുള്ള ദാഹവും അയയ്ക്കാനായി പ്രാർഥിക്കുന്നു. അങ്ങനെ അവൾ ദൈവത്തിന്റെ കരുണയും കൃപയും പ്രഖ്യാപിക്കാൻ കഴിവുള്ളവളാകുന്നു. മാമ്മോദീസായിൽ ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ വരങ്ങളും ദാനങ്ങളും സന്യാസജീവിതത്തിൽ സജീവമായ വിധം പുതുതാക്കപ്പെടുന്നു. പിതാവിൽ നിന്നു കേട്ടതെല്ലാം സ്നേഹിതരെന്നു വിളിച്ച് സ്വശിഷ്യർക്കു വെളിപ്പെടുത്തിയ (യോഹ 15,15) ക്രിസ്തുവിനെ ലോകത്തിനു ദൃശ്യമാക്കിക്കൊടുക്കുന്നതിനുള്ള ദൗത്യമാണ് വ്രതവാഗ്ദാനത്തിൽ ലഭിക്കുന്ന പ്രവാചക ദൗത്യം.

പ്രവർത്തന തലത്തിൽ മാത്രമല്ല അസ്തിത്വ തലത്തിലും പ്രവാചക ദൗത്യം ജീവിക്കണം. ഈ ജീവിതം മൂന്നു വെല്ലുവിളികൾക്കുള്ള ഉത്തരമാണ്- ധാർമിക നിയമങ്ങളോടും സത്യത്തോടും ബന്ധമില്ലാത്ത സ്വാതന്ത്ര്യം, മാനുഷികവികാരങ്ങളെ വിഗ്രഹവത്ക്കരിക്കുന്ന ലൈംഗികത, സ്വാർഥതനിറഞ്ഞ ഭൗതികത മുതലായവയാണ് മൂന്നു വെല്ലുവിളികൾ. അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ വ്രതങ്ങളുടെ പാലനത്തിലൂടെ സന്യസ്തർ, ദൈവമാണ് സകലത്തിന്റെയും അവകാശി എന്നതിനു സാക്ഷ്യം നൽകുന്നു.

### രാജകീയസാക്ഷ്യം

ശക്തിയുടെയും അധികാരത്തിന്റെയും ധ്വനിയുള്ള രാജത്വം ദൈവത്തിന്റേതാണ് (യോഹ 19,11). സൃഷ്ടിയുടെ ആരംഭത്തിൽതന്നെ (സങ്കീ8,6) ഈ രാജത്വത്തിൽ മനുഷ്യനും ദൈവം പങ്കു നൽകി. ഭൂമിയുടെ മേൽ ആധിപത്യവും ലോകത്തിനുമേൽ അധികാരവും അവനു നല്കപ്പെട്ടു (ഉത് 1,27-28). എന്നാൽ പാപം വഴി മനുഷ്യൻ ഈ അവ





കാശം ദുരുപയോഗിച്ചു. പ്രപഞ്ചത്തിന്റെ അധിപനാകുന്നതിനു പകരം മനുഷ്യൻ അതിന്റെ അടിമയായി. തന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും വഴി ക്രിസ്തു ഈ അടിമത്തത്തിൽ നിന്ന് മനുഷ്യനെ വീണ്ടെടുത്ത് അവനു രാജത്വം പുനസ്ഥാപിച്ചു നൽകി. മാമ്മോദീസായിലാണ് ഈ പുനർദാനം നടക്കുന്നത്. സാധാരണ അർഥത്തിൽ രാജത്വമെന്നാൽ ഭരണവും അധികാരവിനിയോഗവുമാണ്. എന്നാൽ സുറിയാനി ചിന്തയനുസരിച്ച് രാജത്വത്തിന് കൂടുതൽ ആഴമായ അർഥതലങ്ങളുണ്ട്.

കന്യകകൾ തങ്ങളുടെ വ്രതവാഗ്ദാനം വഴിയായി ക്രിസ്തുവിന്റെ കർതൃത്വത്തിന് കീഴിലാണെന്ന് വ്രതവാഗ്ദാനശുശ്രൂഷയിലെ പ്രാർഥനകൾ വ്യക്തമാക്കുന്നു. അവർക്ക് കർത്താവും ഗുരുവും അധ്യാപകനുമായി ക്രിസ്തുവുണ്ട്. അവർ ദൈവത്തിന്റെ മക്കളും ക്രിസ്തുവിന്റെ മണവാട്ടികളുമായതിനാൽ ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയുമാണ് ആദ്യം അന്വേഷിക്കേണ്ടത് (മത്താ 6,63). കന്യകയുടെ ദൈവരാജ്യാന്വേഷണം സ്വീകരണശുശ്രൂഷയിൽ പ്രകടമാകുന്നുണ്ട്. "ദിവ്യജ്ഞാനമാകുന്ന സന്യാസം, പുണ്യപൂർണതയാകുന്ന നീതി, ഇവ ആർ ആഗ്രഹിക്കുന്നുവോ അവൾ ദൈവത്തിന് ഏറ്റവും പ്രിയയും വാത്സല്യഭാജനവുമാകുന്നു" (വ്രതവാഗ്ദാനം, 17). എന്ന് അന്വേഷിയായ കന്യകയോട് കാർമികൻ പറയുന്നു. തന്റെ തിരഞ്ഞെടുപ്പിലൂടെ കന്യക രാജാവിന്റെ രാജ്ഞിയാകുന്നു, രാജകൊട്ടാരത്തിൽ രാജാവിനോടൊപ്പം വസിക്കുകയും രാജകന്യകകളാൽ പരിചരിക്കപ്പെടുകയും ചെയ്യുന്നു എന്നും കാർമികൻ അറിയിക്കുന്നു. ദൈവരാജ്യമെന്നാൽ ക്രിസ്തുവും സഭയുമാകയാൽ ദൈവരാജ്യം അന്വേഷിക്കുക എന്നാൽ ക്രിസ്തുവിനേയും സഭയേയും അന്വേഷിക്കുകയാണ്.

ആരാധനാക്രമം രാജത്വത്തിന്റെ സ്വഭാവം എടുത്തുകാട്ടുന്നു. മഹത്വപൂർണമാണെങ്കിലും അത് യുദ്ധമാവശ്യപ്പെടുന്ന ഒന്നാണ്. രാജ്യങ്ങൾ കീഴടക്കാനുള്ള രാജത്വമല്ല, സ്വന്തം വികാരങ്ങളും ആഗ്രഹങ്ങളും അഭിലാഷങ്ങളും കീഴടക്കിക്കൊണ്ട് സ്നേഹത്തിലും സമാധാനത്തിലും സ്വാതന്ത്ര്യത്തിലും നീതിയിലും സാഹോദര്യത്തിലും ദൈവരാജ്യത്തിനു സാക്ഷ്യം വഹിക്കുന്നതിലാണ്. വ്രതവാഗ്ദാനത്തിലൂടെ കന്യക വിശ്വാസസമൂഹത്തിനു മമ്പിൽ ദൈവരാജ്യം ഐഹികമല്ല എന്നതിനു സാക്ഷ്യം നൽകുന്നു (യോഹ18,36). ഈ ദൈവരാജ്യം അവകാശമാക്കാൻ ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കണം (മത്താ7,13-14), സ്വന്ത

മായിട്ടുള്ളവയും തന്നെത്തന്നെയും പരിത്യജിക്കണം (മത്താ 14,44) പാപത്തിന് മരിച്ച് പുതിയ സൃഷ്ടിയാകണം (യോഹ 3,3) ജാഗ്രത പുലർത്തുകയും വേണം (മത്താ25,1-13). വ്രതവാഗ്ദാനശുശ്രൂഷയിലെ കിരീടധാരണം, കുരിശുനൽകൽ, പുതിയ വസ്ത്രധാരണം മുതലായവ കന്യക ക്രിസ്തുവിന്റെ രാജത്വത്തിൽ പങ്കുകാരിയാകുന്നു എന്നതിന്റെ പ്രതീകങ്ങളാണ്.

### പാശ്ചാത്യസുറിയാനി സഭകളിൽ വ്രതസ്ഥരുടെ പ്രേഷിത പ്രവർത്തനം

തന്റെ വ്രതവാഗ്ദാനത്തിലൂടെ ഓരോ സമർപ്പിതയും മറ്റുള്ളവർക്കുള്ള ദാനമാണ്. വ്രതവാഗ്ദാനത്തിലൂടെ ദൈവത്തോട് അടുക്കാനായി സ്വാതന്ത്ര്യം നേടുന്ന കന്യക പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സഭയ്ക്കും സഭാമക്കൾക്കുമായുള്ള സേവനമാക്കി മാറ്റണം. ഈ ആദർശത്തിന് ഏറ്റം ഉത്തമ മാതൃകകളാണ് സുറിയാനി സഭയിലെ സമർപ്പിതർ. ക്രിസ്തീയസമൂഹത്തിന്റെ എല്ലാ പ്രേഷിതരംഗത്തും സജീവമായി പ്രവർത്തിക്കാനുള്ളവരാണ് വ്രതസ്ഥരായ കന്യകകൾ. സ്വന്തം സന്യാസസമൂഹങ്ങളിൽ മാത്രം ഒതുങ്ങിനിന്നാൽ പോര. സമൂഹത്തിന്റെ എല്ലാ മേഖലകളിലും അവരുടെ ശുശ്രൂഷ ലഭ്യമാകണം. ദൈവരാജ്യത്തിന്റെ സദ്വാർത്ത ജനത്തെ അറിയിക്കുക, രോഗികളെ സൗഖ്യമാക്കുക, പാപികളെ നല്ല മാർഗത്തിലേക്കാനയിക്കുക, കുട്ടികളെ അനുഗ്രഹിക്കുക എല്ലാവർക്കും നന്മ ചെയ്യുക, പുത്രനെ അയച്ച പിതാവിന്റെ ഹിതം നിറവേറ്റുക മുതലായ ക്രിസ്തുവിന്റെ പ്രവർത്തികൾ ചെയ്യുക എന്നതാണവരുടെ ദൗത്യം (തിരുസഭ, 46). സഭ ആവശ്യപ്പെടുന്നതുപോലെ ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനങ്ങൾ സേവനങ്ങളായി മാറണം. സുവിശേഷത്തോട് വിശ്വസ്തത പുലർത്തുന്നതും ക്രിസ്തുവുമായുള്ള ഐക്യത്തിൽ നിറവേറ്റപ്പെടുന്നതും കാലത്തിന്റെ ആവശ്യങ്ങൾ വിവേചിച്ചറിഞ്ഞുകൊണ്ടുള്ളതുമായിരിക്കണം പ്രേഷിതപ്രവർത്തനങ്ങൾ. മനുഷ്യാവതാരം ചെയ്ത വചനത്തെ മനുഷ്യനു മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിക്കുക എന്നതാണ് പ്രതിഷ്ഠിതരുടെ കടമ.

ഏതുവിധമുള്ള പ്രേഷിതപ്രവർത്തികളാണ് സമർപ്പിതർ ചെയ്യേണ്ടതെന്ന് വ്രതവാഗ്ദാനശുശ്രൂഷാക്രമം വ്യക്തമാക്കുന്നില്ല. എന്നാൽ ചില പ്രതീകങ്ങളിലൂടെ ദൈവനാമത്തിനു ശുശ്രൂഷചെയ്തുകൊണ്ട് ദൈവമഹത്വത്തിനായി പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.





### വ്രതവാഗ്ദാനശുശ്രൂഷയിലെ പ്രേഷിതപ്രവർത്തനത്തിന്റെ ബിംബങ്ങൾ

വിവിധ ബിംബങ്ങളിലൂടെയാണ് വ്രതവാഗ്ദാനശുശ്രൂഷയിൽ സന്യസ്തരുടെ പ്രേഷിതപ്രവർത്തനത്തെക്കുറിച്ച് സൂചിപ്പിക്കുന്നത്.

### തീർഥാടനം

തീർഥാടനം എന്ന ആശയം ചില പ്രമേയങ്ങളിലൂടെയും ചില വാക്കുകളിലൂടെയുമാണ് വ്യക്തമാകുന്നത്. വ്രതവാഗ്ദാനശുശ്രൂഷ സമർപ്പിതജീവിതത്തെ ദൈവരാജ്യത്തിലേക്കുള്ള ഒരു തീർഥാടനമായി അവതരിപ്പിക്കുന്നു. ഇതുകൂടാതെ ഈ ജീവിതത്തെ നീതിയുടെ മാർഗമായും ജീവന്റെ മാർഗമായും ക്രിസ്തു തുറന്നു തന്ന മാർഗമായും സ്നേഹത്തിന്റെയും സത്യത്തിന്റെയും വിശുദ്ധിയുടെയും മാർഗമായും അവതരിപ്പിക്കുന്നു (വ്രതവാഗ്ദാനം, 12-18). കൂടാതെ അബ്രഹാമിന്റെ യാത്ര, ദൈവത്തിന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ടുള്ള യാത്ര, പിതാവിന്റെ ഭവനത്തിലേക്കുള്ള മടക്കയാത്ര, ജാഗ്രതക്കുള്ള ആഹ്വാനം മുതലായ ആശയങ്ങളും ദൈവത്തോടടുപ്പിക്കണമെ എന്ന കന്യകയുടെ പ്രാർഥനയും ഉൾച്ചേർത്തിരിക്കുന്നു (വ്രതവാഗ്ദാനം, 17-18,48) ഈ ആശയം ശുശ്രൂഷാക്രമത്തിലെ പല പ്രതീകാത്മക പ്രവൃത്തികളിലൂടെയും പ്രദക്ഷിണങ്ങളിലൂടെയും വ്യക്തമാക്കിയിരിക്കുന്നു. ക്രിസ്തുവാണ് മാർഗം തെളിക്കുന്നവനും മാർഗത്തിലൂടെ നയിക്കുന്നവനും. വ്രതവാഗ്ദാനത്തിലൂടെ ക്രിസ്തുവിനെ അനുഗമിക്കാൻ തീരുമാനിക്കുന്ന കന്യക കുരിശെടുത്ത് അവിടുത്തെ പിഞ്ചെല്ലണം. ഇപ്രകാരം ക്രിസ്തുവിനെ അനുഗമിക്കുന്നതിനുള്ള ആത്മീയാനുഗ്രഹങ്ങളും പരിധിയില്ലാത്ത കരുണയും അവൾക്കു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

തീർഥാടനം എന്ന സങ്കല്പം കന്യകയെ സ്നേഹത്തിന്റെ പാതയിലൂടെ സഞ്ചരിക്കാൻ കടപ്പെടുത്തുന്നു. സ്നേഹത്തിന്റെ മാർഗം വിശപ്പും ദാഹവും അനുഭവിക്കുന്നവരോടും പാവങ്ങളോടും അയൽക്കാരോടും ഉള്ള സ്നേഹത്തിൽ പ്രകടമാകുന്ന യഥാർഥ ദൈവാരാധനയായ ജീവന്റെ മാർഗമെന്ന് വ്രതവാഗ്ദാനശുശ്രൂഷയിൽ പരാമർശിക്കപ്പെടുന്നു (വ്രതവാഗ്ദാനം, 1, 18-22, 38-39). ദൈവരാജ്യത്തിലേക്കു തീർഥാടനം ചെയ്യുന്ന സഹയാത്രികരെ സഹായിക്കാനും കടപ്പെട്ടവളാണ് കന്യക. ദൈവരാജ്യത്തിന്റെ പ്രവാചിക എന്ന നിലയിൽ യാത്രാമധ്യേയുള്ള തടസ്സങ്ങൾ നീക്കാനും അവൾ ബാധ്യസ്ഥയാണ്. മാർഗദീപമാകാനും നാഴികക്കല്ലാകാനും വിളിക്കപ്പെട്ടവളാണ് വ്രതവാഗ്ദാനം ചെയ്ത കന്യക.

തീർഥാടനം എന്ന ബിംബം ദൈവരാജ്യത്തിലേക്കുള്ള തീർഥാടക എന്ന നിലയിൽ കന്യകയുടെ പ്രേഷിതദൗത്യത്തിന്റെ വിവിധ തലങ്ങളിലേക്കു വെളിച്ചം വീശുന്നു. സഭയേയും, ലൗകികതയും ചൂഷണവും ദുഷിച്ച രാഷ്ട്രീയവും അഹംഭാവവും കൊണ്ട് മുറിപ്പെട്ടിരിക്കുന്ന സമൂഹത്തേയും ശുശ്രൂഷിക്കാനുള്ള ദൗത്യമതു വ്യക്തമാക്കുന്നു. അങ്ങനെ മനുഷ്യനെ അന്വേഷിച്ച് തീർഥാടനം നടത്തുന്ന ദൈവത്തോടു ചേർന്നു നിന്നുകൊണ്ട് എല്ലാവർക്കും, പ്രത്യേകിച്ച് ബലഹീനരും അവഗണിക്കപ്പെട്ടവരുമായ സഹയാത്രികർക്കും സർഗാത്മകമായ പരിഗണനയും കരുതലും നൽകിക്കൊണ്ട് ദൈവത്തോടു ചേർന്നു ചരിക്കാനുള്ള ജീവിതമാണ് വ്രതബദ്ധജീവിതം.

**അധ്യാപനം**

അധ്യാപനം സുറിയാനി പാരമ്പര്യപ്രകാരം പ്രധാനപ്പെട്ട ഒരു ശുശ്രൂഷയാണ്. വി. അപ്രേം, അഫ്രാഹാത്ത്, റാബുള തുടങ്ങിയ ആദ്യകാല സന്യാസികളെല്ലാം ദൈവജ്ഞാനത്തിന്റെ കേദാരങ്ങളായിരുന്നു. തങ്ങളുപേക്ഷിച്ച ലോകത്തിന്റെ ഭാഗമായല്ല ഇവർ പഠനത്തേയും അറിവിനെയും കണ്ടിരുന്നത്. ജോൺ ക്രിസോസ്തോമിനെപ്പോലെ ദൈവത്തെയും പ്രപഞ്ചത്തെയും തത്വശാസ്ത്രത്തേയും കുറിച്ച് അറിവുനേടേണ്ട ആവശ്യം സന്യാസികൾക്കില്ലായെന്നും ദൈവത്തെ സ്നേഹിക്കാനും പ്രകൃതിയോടു സംഭാഷിക്കാനും മാത്രമുള്ള അറിവ് അവർക്കു മതിയെന്നും അവർ ചിന്തിച്ചിരുന്നില്ല. മറിച്ച് തങ്ങളുടെ രാജ്യത്തിനു മാത്രമല്ല ലോകം മുഴുവനും ദൈവികജ്ഞാനം പകർന്നു നല്കിയവരാണവർ. നല്ല അധ്യാപകരായിരുന്നുകൊണ്ട് അന്ധകാരവും അജ്ഞതയും നീക്കുന്നവരായിരുന്നു അവർ. സാറൂഗിലെ യാക്കോബ് ഉടമ്പടിമക്കളെ വിശ്വാസികളുടെ അധ്യാപകരെന്നു വിശേഷിപ്പിക്കുന്നതും ശ്രദ്ധേയമാണ്.

വ്രതവാഗ്ദാനശുശ്രൂഷയിൽ പലപ്രാവശ്യം ദൈവികജ്ഞാനത്തെക്കുറിച്ചുള്ള പരാമർശമുണ്ട്. സന്യാസത്തെതന്നെ ദൈവജ്ഞാനമെന്നു വിശേഷിപ്പിക്കുന്നുമുണ്ട് (വ്രതവാഗ്ദാനം, 17). ബ്രഹ്മചര്യത്തിനുള്ള അവരുടെ തീരുമാനം കാരണമാകാം കന്യകകളെ ജ്ഞാനികളെന്നും വിശേഷിപ്പിക്കുന്നു. ദൈവജ്ഞാനം എന്നത് ലോകത്തിൽ കാണുന്ന ബൗദ്ധികമായ അറിവല്ല, ദൈവത്തിന്റെ ദാനമാണത് (ജ്ഞാനം 8,21). ക്രിസ്തുവിൽ മാത്രം ദൃഷ്ടിയുറപ്പിക്കുമ്പോൾ ലഭ്യമാകുന്ന ജ്ഞാനമാണത്, അസ്തിത്വപരമായ ജ്ഞാനമാണത്, പഠനത്തിലൂടെയോ വിചി





ന്തനത്തിലൂടെയോ നേടുന്നതല്ല. അതുകൊണ്ട് ദൈവജ്ഞാനം തന്നെയായ ക്രിസ്തുവാണ് ഈ ജ്ഞാനത്തിന്റെ സ്രോതസ്സ് (1 കോറി 1,20).

ബുദ്ധിയുള്ള കന്യകമാരെപ്പോലെ ജ്ഞാനം നേടാൻ വ്രതവാഗ്ദാനശുശ്രൂഷയിൽ കന്യകയെ ഉദ്ബോധിപ്പിക്കുന്നു. കന്യകകൾക്കു വായിച്ചു പഠിക്കാൻ വി. ഗ്രന്ഥം നൽകണമേയെന്നും അവർ ആത്മീയ ജ്ഞാനത്താൽ നിറയാൻ അവരുടെ കണ്ണുകളെ പ്രകാശിപ്പിക്കണമെയെന്നും ക്രിസ്തുവിനോട് പ്രാർഥിക്കുന്നു (വ്രതവാഗ്ദാനം, 31).

ദൈവജ്ഞാനത്തെ മറ്റെല്ലാറ്റിനേയുംകാൾ അമൂല്യമായ നിധിയായും വ്രതവാഗ്ദാനശുശ്രൂഷ എടുത്തുകാട്ടുന്നു. ഈ ജ്ഞാനം നേടുന്നതിനായി ഹൃദയത്തെ വിശുദ്ധമായി കാത്തുസൂക്ഷിക്കാനും പാപവികാരങ്ങളിൽ നിന്ന് സ്വതന്ത്രരായിരിക്കാനും ദൈവവചനവും കല്പനകളും ധ്യാനിച്ച് ദൈവത്തിന്റെ മാർഗങ്ങൾ അറിയാനും ആഹ്വാനം ചെയ്യുന്നു. ഈ ജ്ഞാനം ജീവനും ആനന്ദവും സുരക്ഷിതത്വവും കൃപയും മഹത്വവും എല്ലാ പുണ്യങ്ങളും സമ്പാദിക്കാൻ കഴിവും നൽകുന്നു.

സമർപിതരുടെ അധ്യാപനം ഇടവകകളിലെ മതബോധനരംഗത്തോ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുന്നതിലോ മാത്രം ഒതുങ്ങാതെ ലോകത്തിനു മുഴുവൻ ദൈവജ്ഞാനം പകർന്നു കൊടുക്കുന്നതിലേക്കു വളരണമെന്ന് സുവിശേഷവത്ക്കരണം എന്ന ചാക്രികലേഖനം ഉദ്ബോധിപ്പിക്കുന്നു. ദൈവരാജ്യം പ്രസംഗിച്ചു നടന്ന ക്രിസ്തുവിന്റെ മാതൃകയനുസരിച്ച് ക്രിസ്തീയ ഭവനങ്ങളിലും കൂട്ടായ്മകളിലും സ്ഥാപനങ്ങളിലും എല്ലായിടത്തും ക്രിസ്തുവിന്റെ നാമത്തിൽ ഈ അധ്യാപനം ചെന്നെത്തണം.[53]

**പ്രവചനം**

വ്രതവാഗ്ദാനശുശ്രൂഷയിൽ കന്യകകളുടെ പ്രവാചകദൗത്യത്തിന് വലിയ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. പ്രവാചകന്മാരുടെ വിളിയും ദൗത്യവും അവതരിപ്പിച്ചുകൊണ്ട് കന്യകയെ വെല്ലുവിളിക്കുന്നു. ഈ പ്രവാചകദൗത്യം തുടർന്നും ജീവിതത്തിൽ പ്രകടമാക്കാനുള്ള വെല്ലുവിളിയാണ് നൽകുന്നത്. പ്രവാചകന്മാരേയും അവരുടെ ദൗത്യനിർവഹണത്തെയും അവതരിപ്പിച്ചുകൊണ്ടാണ് കന്യകയ്ക്കു മുമ്പിൽ വെല്ലുവിളി ഉയർത്തുന്നത്. ഈ പ്രവാചകദൗത്യം ഏറ്റെടുക്കാൻ തയ്യാറാണോ? നീതിക്കു സാക്ഷ്യം വഹിക്കുകയാണ് കന്യകയുടെ പ്രവാചക ദൗത്യം.

നീതി എന്ന പദത്തിന് അനേകം അർഥങ്ങളുണ്ട്. ചൂഷണം, അടിച്ച മർത്തൽ, അടിമത്തം മുതലായ ഏതെങ്കിലും തരത്തിലുള്ള ബന്ധനം അനുഭവിക്കുന്നവരെ മോചിപ്പിക്കുക എന്നതാണ് വേദപുസ്തകത്തിൽ നീതി (ഏശ 45,22 46,12 51,1 54,17 59,9). അനർഹരെങ്കിലും ദൈവ കരുണയ്ക്കു വിഷയമായവർക്ക് ദൈവം നല്കുന്ന സൗഭാഗ്യമെന്നും നീതിയ്ക്ക് അർഥമുണ്ട്.

നീതി എന്ന പ്രവാചകപുണ്യവും നീതിയുടെ പ്രവർത്തികളും ദൈവ രാജ്യപ്രാപ്തിക്കാവശ്യമാണെന്ന് സുറിയാനി പിതാക്കന്മാർ പഠിപ്പിക്കുന്നു. സിറിയായിലെ സന്യാസികൾ ജനങ്ങൾക്കിടയിൽ സമത്വത്തിനായി പ്രവർത്തിക്കുന്നവരും ഭരണാധിപന്മാരോട് അടിച്ചമർത്തപ്പെട്ടവരും ചൂഷണവിധേയരുമായവർക്കുവേണ്ടി വാദിക്കുന്നവരുമായിരുന്നു. അവർ മർദ്ദിതർക്കും അവഗണിക്കപ്പെട്ടവർക്കും സംരക്ഷകരും വിമോചകരുമായിരുന്നു എന്ന് തിയോഡോറെറ്റും ക്രിസോസ്തോമും സാക്ഷിക്കുന്നു.[54]

വ്രതവാഗ്ദാനം ചെയ്ത കന്യകകളെ 'നീതീകരിക്ക'പ്പെട്ടവരെന്ന് ശുശ്രൂഷയിൽ വിശേഷിപ്പിക്കുന്നു. പാപങ്ങളിൽ നിന്ന് വിടുതൽ നൽകി ദൈവിക കൂട്ടായ്മയിലേക്ക് അവരെ ഉൾച്ചേർത്തിരിക്കുകയാണ്, തന്റെ കൃപയാൽ ദൈവം. "അനുതാപികളെ കൈക്കൊള്ളുന്നവനും, ഭോഷത്വങ്ങൾക്കു മാപ്പു നൽകുന്നവനും, പാപികളെ നീതീകരിക്കുന്നവനും, തന്റെ അടുക്കലേക്കു തിരിച്ചു വരുന്നവരുടെ തെറ്റുകളെ പരിഹരിക്കുന്നവനുമായ കർത്താവേ, സന്യാസജീവിതമായ ആനന്ദകരമായ നിന്റെ നുകം വഹിക്കുന്നതിന് ഒരുങ്ങി വന്നിട്ടുള്ള നിന്റെ ഈ ദാസികളെ നിന്റെ കൃപയാൽ കൈക്കൊണ്ട് പുണ്യപ്പെടുത്തണമെ" (വ്രതവാഗ്ദാനം, 29). പൗലോസ്ശ്ലീഹായുടെ ഭാഷയിൽ ഈ നീതിമത്കരണം ദൈവത്തിന്റെ കൃപയാണ്. അതു സ്വീകരിക്കുന്നവർക്ക് ദൈവത്തിന്റെ രക്ഷാകരപദ്ധതിയോട് വിശ്വസ്തത അനിവാര്യവുമാണ് (റോമ 10, 3). അതിനാൽ, ചാക്രികലേഖനങ്ങൾ ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നതുപോലെ പാവപ്പെട്ടവർക്കും അടിച്ചമർത്തപ്പെട്ടവർക്കും ബന്ധിതർക്കും പീഡിതർക്കും മോചനമേകുന്ന നീതിയുടെ പ്രവർത്തികൾ ചെയ്യാൻ പ്രവാചകദൗത്യം വ്രതസ്ഥരെ കടപ്പെടുത്തുന്നു. സമാധാനത്തിന്റെയും നീതിയുടെയും പ്രവാചകരാണ് സമർപ്പിതർ.





**കർഷകവൃത്തി**

പ്രേഷിതപ്രവൃത്തിയെ കർഷകവൃത്തിയോടുപമിക്കുന്ന രീതി സുറിയാനി സഭയുടെ സവിശേഷതയാണ്. ക്രിസ്തുവിനോടു ചേർന്ന് ദൈവരാജ്യം വികസിപ്പിക്കാൻ അദ്ധ്വാനിക്കുന്ന വേലക്കാരായി സന്യാസികൾ സ്വയം കാണുന്നു. ശാരീരികമായും ആത്മീയമായും ചെയ്യുന്ന എല്ലാ പ്രവർത്തികളും ദൈവത്തിന്റെ വയലിൽ ചെയ്യുന്ന വേലയായി അവർ കണ്ടിരുന്നു. മനുഷ്യപ്രയത്നത്തെ ദൈവസ്തുതിയായും ദൈവജ്ഞാനത്തിന്റെ വികാസത്തിനായുള്ള അദ്ധ്വാനമായും സോളമന്റെ ഗീതങ്ങൾ അവതരിപ്പിക്കുന്നു.

കന്യകകളെ തന്റെ മുന്തിരി വയലിൽ ജോലിക്കായി ക്രിസ്തു വിളിച്ച ജോലിക്കാരോടാണ് വ്രതവാഗ്ദാന ശുശ്രൂഷ സാമ്യപ്പെടുത്തുന്നത് (വ്രതവാഗ്ദാനം, 31). "നല്ല വേലയും അനുഗ്രഹിക്കപ്പെട്ട പന്ഥാവുമായാണ്" (വ്രതവാഗ്ദാനം, 41). ഈ വേലയെ കാണുന്നത്.

കൃഷി എന്ന ആശയത്തോടു ചേർന്നു പോകുന്നതാണ് മനുഷ്യഹൃദയങ്ങളിൽ വിത്തുവിതയ്ക്കുക എന്ന ആശയവും. അതുകൊണ്ട് വ്രതസ്ഥരായ കന്യകകളെ സംബന്ധിച്ച് കർഷകവൃത്തി എന്നത് വചനപ്രഘോഷണമാണ് അർഥമാക്കുന്നതെന്ന് മനസിലാക്കാം. പൗരോഹിത്യം സ്വീകരിച്ചവരിൽ നിന്ന് വ്യത്യസ്തമായ ഒരു രീതിയിലാണ് വ്രതസ്ഥരായ കന്യകകൾ വചനം പ്രഘോഷിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. വിത്തിനു മഴ നല്കുകയും അതു മുളപ്പിച്ച് വളർത്തുകയും അവസാനം സന്തോഷത്തോടെ കൊയ്യാനും കൂലിവാങ്ങാനും കന്യകയ്ക്കിടയാക്കുകയും ചെയ്യുന്ന ദൈവത്തിലാണ് കന്യകയുടെ ആശ്രയം.

**പ്രേഷിതപ്രവർത്തനത്തിന്റെ ലക്ഷ്യങ്ങൾ**

കന്യകയുടെ പ്രേഷിതപ്രവർത്തനത്തിന്റെ ലക്ഷ്യങ്ങൾ വ്രതവാഗ്ദാനശുശ്രൂഷയിലെ പ്രാർഥനകളിൽ വളരെ വ്യക്തമാണ്.

**സമ്യക്സ്നേഹപ്രാപ്തി**

നിയമത്തിന്റെ പൂർത്തീകരണമായ (റോമ 13,10) പരിപൂർണ സ്നേഹം ആർജ്ജിക്കുകയാണ് സമർപ്പിത ജീവിതത്തിന്റെ ലക്ഷ്യം. മാനുഷികമൂല്യങ്ങളിലാണ് ഉപവിയുടെ അടിത്തറ എന്നതിനാൽ പ്രേഷിതപ്രവർത്തനത്തിന്റെ പ്രേരണാശക്തിയതാണ്.

ഒരു വസ്തുവിന്റെ സ്വഭാവത്തിൽ ഏതെല്ലാം കാര്യങ്ങൾ പ്രതീ

ക്ഷിക്കപ്പെടുന്നുവോ അവയെല്ലാം ആ വസ്തുവിലുള്ളപ്പോഴാണ് അത് പൂർണതയിലെത്തി എന്ന് പറയാവുന്നത് എന്ന് വി. തോമസ് അക്വീനാസ് പഠിപ്പിക്കുന്നു.[55] ഉപവിയെ സംബന്ധിച്ച് ദൈവത്തെ സ്നേഹിക്കുക അയൽക്കാരെ സ്നേഹിക്കുക എന്നിങ്ങനെ രണ്ട് തലങ്ങളാണുള്ളത്. പൂർണഹൃദയത്തോടും പൂർണ മനസ്സോടും ദൈവത്തെ സ്നേഹിക്കുക, തന്നെപ്പോലെതന്നെ തന്റെ അയൽക്കാരെ സ്നേഹിക്കുക എന്നിവയിലാണ് ഉപവിയുടെ പൂർണത ഉൾക്കൊണ്ടിരിക്കുന്നത്. ദൈവത്തെ സ്നേഹിക്കുന്ന ഒരാൾക്ക് അയൽക്കാരെ സ്നേഹിക്കാതിരിക്കാൻ കഴിയില്ല. കാരണം ദൈവസ്നേഹത്തിന്റെ പങ്കുവയ്ക്കലാണ് പരസ്നേഹം (മത്താ 10,45). ദൈവസ്നേഹ സമ്പാദനമാണ് സന്യാസത്തിന്റെ ലക്ഷ്യമെന്ന് വി. അപ്രേം അഭിപ്രായപ്പെടുന്നു. ഒരു സന്യാസിക്ക് ദൈവത്തിന്റെ സന്നിധിയിലേക്കു പറന്നുയരാനുള്ള രണ്ട് ചിറകുകളാണ് ദൈവസ്നേഹവും പരസ്നേഹവും.[56]

വ്രതവാഗ്ദാനം ചെയ്യുന്ന കന്യക ദൈവസ്നേഹവും പരസ്നേഹവും നേടുന്നതിനായുള്ള തന്റെ സമർപ്പണം പ്രകടമാക്കുന്നു (വ്രത 44). ഇതു നേടുന്നതിനായി അവൾ തന്റെ ശരീരവും മനസ്സും ആത്മാവും സമർപിക്കുകയും അവയെ ലോകവസ്തുക്കളോടുള്ള ചായ്വിൽനിന്ന് അകറ്റി ഏകാഗ്രമായി ദൈവത്തിലേക്കു തിരിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുന്നു. 'മുഴുഹൃദയത്തോടെ' എന്നാൽ, അവൾ ചെയ്യുന്നത് എല്ലാം ദൈവത്തിനായിട്ടാണെന്നർഥം. 'പൂർണ മനസ്സോടെ' എന്നതുകൊണ്ടർഥമാക്കുന്നത് അവളുടെ ബുദ്ധിയുടെയും അതിന്റെ സകല വ്യാപാരങ്ങളുടെയും സമർപ്പണമാണ്. 'പൂർണാത്മാവോടും' എന്നാൽ എല്ലാ വികാരങ്ങളും ആഗ്രഹങ്ങളും എന്നും 'മുഴു ശക്തിയോടെ' എന്നാൽ വാക്കും പ്രവർത്തിയും എല്ലാം ദൈവസ്നേഹത്താൽ നിറഞ്ഞതെന്നുമാണർഥം. ദൈവത്തെ സ്നേഹിക്കുന്നവന് സഹോദരരെ സ്നേഹിക്കാതിരിക്കാൻ (1 യോഹ 4,20) സാധ്യമല്ല.

**സഭയെ പണിതുയർത്തൽ**

പ്രചോദനത്തിലുടെയും പ്രേഷിതപ്രവർത്തനത്തിലൂടെയും സഭയെ ശുശ്രൂഷിക്കുന്നതിനായുള്ള വിളിയാണ് സമർപിതജീവിതമെന്ന് വ്രതവാഗ്ദാനശുശ്രൂഷയിലെ പ്രാർഥനകൾ വ്യക്തമാക്കുന്നു. സഭയെ പണിതുയർത്തൽ എന്നാൽ ക്രിസ്തുശരീരത്തിന്റെ പണിതുയർത്തലാണ്. വ്രതവാഗ്ദാനത്തിലൂടെ കന്യക ദൈവത്തോടൊപ്പം സഭയുടെ





കെട്ടുപണിയിൽ പങ്കുചേരുന്നു. അപ്പസ്തോലന്മാരുടെ ദൗത്യത്തോടടുത്തതാണീ ദൗത്യം. സന്യാസിനികളുടെ ശവസംസ്കാര ശുശ്രൂഷയിൽ സന്യാസിനിയെ പൂർണ സ്നേഹത്താൽ സഭയിലേക്കു ചേർക്കപ്പെട്ടവളും പരിശുദ്ധാത്മവരദാനങ്ങളാകുന്ന മുത്തുകളാൽ സഭയെ അലംകൃതയാക്കിയവളുമായി ചിത്രീകരിക്കുന്നു.[57]

വിശുദ്ധമായ ജീവിതത്തിലൂടെയും കൂട്ടായ്മക്കു സാക്ഷ്യം നൽകിക്കൊണ്ട് പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കുചേരുക വഴിയും പ്രതിഷ്ഠിതർ സഭയെ പണിയുന്നു.

**ലോകരക്ഷ**

നാശകരമായ ഒരവസ്ഥയിൽ നിന്നുള്ള മോചനമായിട്ടാണ് രക്ഷയെ സാധാരണ മനസിലാക്കുന്നത്. അപായത്തിന്റെ സ്വഭാവമനുസരിച്ച് രക്ഷ സംരക്ഷണമായോ മോചനമായോ വിടുതലായോ സൗഖ്യമായോ ആരോഗ്യമായോ വിജയമായോ ജീവനും സമാധാനവുമായോ സാക്ഷാത്ക്കരിക്കപ്പെടുന്നു.

ആരും നശിച്ചുപോകാതെ സകലരേയും രക്ഷിക്കുക എന്നത് ദൈവികപദ്ധതിയാണെന്ന് വി. ഗ്രന്ഥം പറയുന്നു. വി. യോഹന്നാന്റെ അഭിപ്രായത്തിൽ വചനം ജീവനും ശാന്തിയും നൽകിക്കൊണ്ട് എല്ലാവരേയും പ്രകാശിപ്പിക്കുന്ന യഥാർഥ വെളിച്ചമാണ്. ഈ വചനം ക്രിസ്തുവിൽ മാംസം ധരിച്ച് ദൈവികജീവൻ സകലർക്കും നൽകുന്നു. സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനേയും ക്രിസ്തുവിനോട് യോജിപ്പിച്ചുകൊണ്ടും (എഫേ 1,10) അവനിലൂടെ എല്ലാവരേയും അനുരഞ്ജിപ്പിച്ചുകൊണ്ടും (കൊളോ 1,20) എല്ലാവരേയും രക്ഷിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്ന് വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു (1 തിമോ 2,4). വ്രതവാഗ്ദാനത്തിന്റെ ശുശ്രൂഷയിൽ ഈ ചിന്തകൾ പല വിധത്തിൽ പ്രതിധ്വനിക്കുന്നുണ്ട്.

രക്ഷാകരപദ്ധതിയുടെ നാനാവശങ്ങൾ സൃഷ്ടി മുതൽ രണ്ടാം വരവുവരെയുള്ള രഹസ്യങ്ങൾ, വ്രതവാഗ്ദാനശുശ്രൂഷയിലൂടെ വെളിവാകുന്നു. ആരാധനാക്രമത്തിലുടനീളം ക്രിസ്തുവിനെ രക്ഷകനായി അവതരിപ്പിക്കുന്നു. നഷ്ടപ്പെട്ട ആടിനെ കണ്ടെത്തലായും (ലൂക്കാ 15,4-7), നഷ്ടപ്പെട്ട നാണയം കണ്ടെത്തലായും (ലൂക്കാ 15,8-10) ധൂർത്തപുത്രനെ പിതാവിന്റെ ഭവനത്തിലേക്കാനയിക്കലായും (ലൂക്കാ15,11-32)

ഒക്കെ യേശുവിന്റെ രക്ഷാകരപ്രവൃത്തികളെ അവതരിപ്പിച്ചിരിക്കുന്നു. വാതിലായും, രാവും പകലും പാപിയുടെ തിരിച്ചുവരവിനു കാത്തിരിക്കുന്ന വാതിൽ കാവൽക്കാരനായും ക്രിസ്തുവിനെ ചിത്രീകരിക്കുന്നു. സമർപ്പിതയായ കന്യകയെ ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ടവളായി ചിത്രീകരിച്ചിരിക്കുന്നു.

ക്രിസ്തു രക്ഷകനാണ് എന്ന സത്യം ശുശ്രൂഷകളിലുടനീളം അവതരിപ്പിക്കപ്പെടുന്നു. ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ ഫലമാണ് പാപമോചനം. ഈ പാപമോചനം സമർപിതയ്ക്കും ലഭിക്കുന്നു. അതുകൊണ്ട് പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹകൂട്ടായ്മയിലായിരുന്നുകൊണ്ടും സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ പങ്കുചേർന്നുകൊണ്ട് പാവങ്ങളുടെയും ബലഹീനരുടെയും പീഡിതരുടെയും അധഃസ്ഥിതരുടെയും രക്ഷക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടും സ്ഥിരമായ ഒരു മാനസാന്തരത്തിന്റെ അനുഭവത്തിൽ ജീവിക്കേണ്ടവളാണ് സമർപിതയായ കന്യക.

രക്ഷ സാക്ഷാത്കരിക്കാനുള്ള മാർഗം കൂദാശകളുടെ പരികർമവും വചനശുശ്രൂഷയുമാണ്. ഈ ദൗത്യം പ്രത്യേകമായി ഭരമേൽപിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരിലാണ്. എന്നാൽ സമർപിതർക്ക് രക്ഷാകരപദ്ധതിയിൽ പങ്കില്ല എന്നല്ല ഇതിനർഥം. ക്രിസ്തുവിനോടുള്ള ബന്ധം സമർപിതർക്ക് മനുഷ്യരാശിയുമായുമുണ്ട്. വനാന്തരത്തിൽ ഏകാന്തവാസിയായി കഴിയുന്നയാളിൽ നിന്നും ഈ സ്നേഹം ദൈവം ആവശ്യപ്പെടുന്നു. മനുഷ്യരാശിയുടെ രക്ഷക്കായുള്ള ആഗ്രഹം സമർപ്പിതർക്കുണ്ടായിരിക്കണം എന്നാണിതിനർഥം. സമർപിതജീവിതം അത് നയിക്കുന്ന വ്യക്തിയുടെ രക്ഷയ്ക്കുമാത്രം വേണ്ടിയുള്ളതല്ല, മനുഷ്യവംശത്തിന്റെ മുഴുവൻ രക്ഷയ്ക്കുവേണ്ടിയുള്ളതാണ്.

**യുഗാന്ത്യജീവിതത്തിന്റെ സാക്ഷ്യം**

മരണം, ഉത്ഥാനം, വിധി മുതലായ അന്തിമ കാര്യങ്ങളെയാണ് യുഗാന്ത്യമെന്നതുകൊണ്ട് അർഥമാക്കുന്നത്. സഭ യുഗാന്ത്യോന്മുഖമാണ്. പ്രത്യാശയിൽ കഴിയുന്ന മണവാട്ടിയാണ് സഭ. തന്റെ മണവാളൻ വരുമ്പോൾ അവനുമായി ഒന്നായി തീരാമെന്ന പ്രതീക്ഷയിലാണവൾ ഈ ഭൂമിയിൽ വസിക്കുന്നത്. വി. യോഹന്നാൻ സഭയുടെ ഈ പ്രത്യാശ മനോഹരമായ ഒരു ചെറു പ്രാർഥനയിൽ വ്യക്തമാക്കുന്നു "കർത്താവേ വന്നാലും" (വെളി 22,17) "ക്രിസ്തുനാഥാ വരിക" (വെളി 22,20).





സഭ നാഥനെ കാത്തിരിക്കുന്നപോലെ കന്യകയും പൂർണഹൃദയവും ശ്രദ്ധയും അവിടുന്നിലർപ്പിച്ച് ബുദ്ധിയുള്ള കന്യകമാരെപ്പോലെ (മത്താ 25,1-10) അവിടുത്തേക്കായി കാത്തിരിക്കുന്നു. യാക്കോബിന്റെ ബോവൂസോയിലൂടെ സഭ ഈ ഉപമ അനുസ്മരിക്കുന്നു.

"മെയ്യിൽ പ്രഭ പൂരിതമായൊരു നിക്ഷേപത്തെ
സൂക്ഷിച്ച വിശുദ്ധർ ജ്ഞാനികളാം കന്യകമാർ പോൽ"[35]

ബുദ്ധിയുള്ള കന്യകമാരെ ഉയർത്തികാട്ടുക മാത്രമല്ല സഭ ഇവിടെ ചെയ്യുന്നത്, കന്യകയുടെ ദൈവരാജ്യത്തെപ്രതിയുള്ള കന്യാത്വത്തിന്റെ ശ്രേഷ്ഠത വ്യക്തമാക്കുകകൂടിയാണ്.

കന്യാത്വത്തിന്റെ യുഗാന്ത്യോന്മുഖതയും പ്രേഷിതദൗത്യവും പുതിയ ഒരാശയമല്ല. കന്യകമാരും ബ്രഹ്മചര്യം പാലിക്കുന്നവരും യുഗാന്ത്യത്തിൽ ക്രിസ്തുവുമായി ഒന്നായിതീരുമെന്നും അവിടുത്തോടൊപ്പം മണവറയിലേക്കു പ്രവേശിക്കുമെന്നും സോളമന്റെ ഗീതം പറയുന്നുണ്ട്. സമർപ്പിതജീവിതത്തെ യുഗാന്ത്യോന്മുഖവീക്ഷണത്തിൽ കണ്ടുകൊണ്ട് സുറിയാനി സഭ അതിന്റെ അർഥം സമ്പൂർണമായി ഗ്രഹിക്കുന്നു.

ഭൂമിയിലെ മാലാഖമാരുടെ ജീവിതം, തുറമുഖപ്രാപ്തി, പറുദീസായിലേക്കുള്ള പ്രവേശനം മുതലായ ചില പ്രമേയങ്ങളിലൂടെയും വാതിലിൽ മുട്ടുക മുതലായ പ്രതീകാത്മപ്രവൃത്തികളിലൂടെയും കന്യകയെ അവൾ ക്രിസ്തുവിന്റെ സ്വന്തമാണെന്നും തനിക്കു സ്വന്തമായവരെ കൂട്ടിക്കൊണ്ടുപോകാൻ അവൻ വരുമെന്നും വ്രതവാഗ്ദാനശുശ്രൂഷ ഓർമ്മിപ്പിക്കുന്നു. കലപ്പയിൽ കൈവച്ചിട്ട് തിരിഞ്ഞുനോക്കരുതെന്നും (വ്രത 35,37,52) ഈ ലോകമായകളിൽ മനസ് പതിക്കരുതെന്നും സഭ കന്യകയെ അനുസ്മരിപ്പിക്കുന്നു.

ദൈവജനത്തിന് ഇവിടെ നിലനിൽക്കുന്ന നഗരമില്ല; വരാനിരിക്കുന്ന നഗരത്തെയാണവർ നോക്കിപാർക്കുന്നത് എന്നുള്ള സാക്ഷ്യം ജനത്തിനു സാക്ഷ്യം നല്കുന്നവരാണ് സമർപിതർ.

## അധ്യായം അഞ്ച്

# സന്യാസിനികളുടെ വ്രതവാഗ്ദാനം
## (മലങ്കര ക്രമം)

ഇന്ന് കത്തോലിക്കാ സഭയിൽ പ്രചാരത്തിലുള്ളതുപോലെ മലങ്കര സഭയിലെ ആദ്യ സന്യാസിനികൾ താല്ക്കാലികമായോ നിത്യമായോ അല്ല വ്രതവാഗ്ദാനം ചെയ്തിരുന്നത്. അവരുടെ സമർപ്പണം ഒരു പ്രതിഷ്ഠയായിരുന്നു. അനുസരണത്തിനും ബ്രഹ്മചര്യത്തിനും ദാരിദ്ര്യത്തിനും വേണ്ട പ്രാധാന്യം നൽകിയിരുന്നെങ്കിലും സന്യാസികളുടെയോ സന്യാസിനികളുടെയോ സന്യാസജീവിത സ്വീകരണ ശുശ്രൂഷയിൽ ഈ വ്രതവാഗ്ദാന പ്രഖ്യാപനം ദൈവദാസനായ മാർ ഈവാനിയോസ് തിരുമേനി ഉൾപ്പെടുത്തിയിരുന്നില്ല. നീണ്ടകാലത്തെ സന്യാസ പരിശീലനം പൂർത്തിയാക്കിയ ശേഷം ജീവിതം പൂർണ്ണമായും ദൈവത്തിനു സമർപ്പിക്കുകയാണ് ബഥനിയിലെ ആദ്യ അംഗങ്ങൾ ചെയ്തത്.

1925 സെപ്റ്റംബർ 21 ന് ബഥനി സന്യാസിനി സമൂഹത്തിലെ ആദ്യ മൂന്ന് അംഗങ്ങൾ (മദർ ശൈന, ഹൂബ, ദനഹ) എന്നിവർ ഹോമയാഗമായി തങ്ങളെത്തന്നെ സമർപ്പിച്ചത് അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതത്രയം പ്രഖ്യാപിക്കാതെയായിരുന്നു. അവരുടെ സമർപ്പണം സമ്പൂർണ്ണ പ്രതിഷ്ഠയായിരുന്നു സന്യാസ പ്രതിഷ്ഠ എന്നും ഭാരതീയ പാരമ്പര്യപ്രകാരം ദേവപ്രതിഷ്ഠ എന്നും ഈ പ്രതിഷ്ഠ അറിയപ്പെട്ടിരുന്നു. ഭാരത സന്യാസത്തിൽ സന്യാസ ദീക്ഷ സ്വീകരിക്കുന്നവർ സന്യാസജീവിതത്തിൽ ഉറച്ചു നിന്നുകൊള്ളാമെന്ന് ഒരു വാഗ്ദാനം എഴുതി ഒപ്പിട്ടു നൽകുന്ന പതിവുണ്ടായിരുന്നു. സഭയിൽ റമ്പാൻ പട്ടാഭിഷേകത്തിനു മുമ്പും ഇപ്രകാരം ഒരു വാഗ്ദാനം എഴുതി കുരിശടയാളത്തിൽ ഒപ്പിട്ട് അദ്ധ്യക്ഷനെ ഏൽപ്പിക്കുമായിരുന്നു. 1928 വരെ ബഥനിയിൽ ഈ രീതിയാണ് തുടർന്നത്.

1929 നു ശേഷമാണ് വ്രതത്രയം പ്രഖ്യാപിക്കുന്ന രീതി നിലവിൽ വന്നത്. സന്യാസിയെ യാഗപശുവിനോടാണ് മാർ ഈവാനിയോസ്





പിതാവ് താരതമ്യം ചെയ്തത്. സന്യാസിയാകുന്ന യാഗപശുവിന്റെ കഴുത്തു മുറിക്കുന്ന കത്തിയാണ് മൂന്നു വ്രതങ്ങൾ. (ഗിരിദീപം, 128 - 131) അങ്ങനെ കത്തോലിക്കാ വിശ്വാസവും സുറിയാനി പാരമ്പര്യവും ഭാരതീയ സ്പർശവും ഒക്കെയുള്ള ഒരു വ്രതവാഗ്ദാന ക്രമമാണ് മാർഈവാനിയോസ് പിതാവ് രൂപപ്പെടുത്തിയെടുത്തത്.

### സ്വീകരണശുശ്രൂഷ

1925 -ൽ ബഥനിയിലെ ആദ്യ അംഗങ്ങളുടെ വ്രതവാഗ്ദാനത്തോടുകൂടിയാണ് വ്രതവാഗ്ദാനത്തിനു മുമ്പുള്ള സ്വീകരണ ശുശ്രൂഷ ആരംഭിച്ചത്. ജീവൽതുറമുഖപ്രാപ്തി ശുശ്രൂഷയുടെ സ്വാധീനത്തിലായിരിക്കാം ഇതിന്റെ ഉത്ഭവം. മറ്റു സ്രോതസുകൾ ഒന്നും കാണുന്നില്ല. അനുതാപമാണീ ശുശ്രൂഷയുടെ പ്രധാന പ്രമേയം. അനുതപിച്ച് ദൈവത്തിലേക്ക് തിരിയുന്ന അർഥിനികളെയും സമൂഹത്തെയുമാണ് ഈ ശുശ്രൂഷയിലെ പ്രാർഥനകളും കർമങ്ങളും ചിത്രീകരിക്കുന്നത്.



പ്രതിഷ്ഠയുടെ തലേ ദിവസം ഉച്ചയ്ക്കോ ഒൻപതുമണിക്കോ സന്ധ്യക്കോ ഉള്ള നമസ്കാരത്തോടുകൂടി ഈ ശുശ്രൂഷ നടത്തുന്നു. പള്ളിയുടെ പടിഞ്ഞാറേ വാതിൽക്കൽ - വാതിൽ അടച്ചിട്ടിരിക്കെ- നവശിഷ്യകൾ കിഴക്കോട് ദർശനമായി നിൽക്കുന്നു. മേൽപട്ടക്കാരൻ വാതിലിനപ്പുറത്ത് പള്ളിക്കകത്ത് പടിഞ്ഞാറോട്ട് ദർശനമായി നിൽക്കുന്നു. മറ്റുള്ളവർ പുറത്തു നിൽക്കുന്നു.

സ്വീകരണ ശുശ്രൂഷക്ക് രണ്ടു ഭാഗങ്ങളാണുള്ളത്. കൗമായും അർഥിനികളുടെ അപേക്ഷയും കോലോയും മാർ ബാലായിയുടെ ബോവൂസോയും ചേർന്നതാണ് ഒന്നാം ഭാഗം.

അന്ത്യോക്യൻ പാരമ്പര്യമനുസരിച്ച് കുരിശുവരച്ചുകൊണ്ട് ത്രിത്വൈകനാമത്തിൽ എല്ലാ പ്രാർഥനകളും ആരംഭിക്കുന്നു. ശുശ്രൂഷയുടെ അടിസ്ഥാനം പരിശുദ്ധ ത്രിത്വമാണെന്നാണ് ഇതിന്റെ അർഥം.

ത്രിത്വസ്തുതിയും ത്രൈശുദ്ധ കീർത്തനവും കർതൃപ്രാർത്ഥനയും കൃപ നിറഞ്ഞ മറിയമെ എന്ന പ്രാർത്ഥനയും ചേർന്നതാണ് കൗമ്മാ പ്രാർത്ഥന. കൗമ്മ സമൂഹത്തിന്റെ അധികാരിയോ (മദർ ജനറൽ) മദർ ജനറൽ പ്രത്യേകം നിയോഗിച്ച വ്യക്തിയോ തുടങ്ങുന്നു. കൗമ്മ ഒഴികെയുള്ള പ്രാർത്ഥനകൾ അർത്ഥിനികളാണ് തുടങ്ങുന്നത്. ഒന്നാം ഭാഗത്ത് കാർമികൻ പ്രാർത്ഥനകളൊന്നും തുടങ്ങുന്നില്ല.

"കരുണാപൂർണനായ കർത്താവേ", എന്നു തുടങ്ങുന്ന പ്രാരംഭ പ്രാർത്ഥനയിൽ സന്യാസാർത്ഥിനികൾ ദൈവത്തോടു കരുണ യാചിക്കുന്നു. സുവിശേഷത്തിലെ പാപിനിയായ സ്ത്രീയെപ്പോലെ കരുണയ്ക്കായി കാത്തുകൊണ്ട് ദൈവാലയത്തിന്റെ വാതിൽക്കൽ കാത്തുനിൽക്കുകയാണ് താനെന്നും ജീവജലത്തിനായി ദാഹിച്ചു താൻ വന്നിരിക്കുകയാണെന്നും ദൈവത്തോട് അർത്ഥിനി പറയുന്നു. ധനവാന്റെ ഉപമയും, ലാസറും, സമറായ സ്ത്രീയും അനുസ്മരിക്കപ്പെടുന്നുണ്ട് ഈ പ്രാർത്ഥനയിൽ. ശുദ്ധീകരിക്കുന്നതിനും ദാഹം ശമിപ്പിക്കുന്നതിനുമുള്ളതാണ് ജീവജലം.



അനുതാപത്തോടെ, ദൈവകാരുണ്യം പ്രതീക്ഷിച്ചുകൊണ്ട് സമൂഹത്തോടൊപ്പം കാത്തു നിൽക്കുകയാണ് അർത്ഥിനികൾ. സമൂഹത്തിനു മുമ്പിൽ അർത്ഥിനി തന്റെ കുറവുകൾ ഏറ്റു പറയുന്നു. "നിന്റെ കതകിലല്ലാതെ ഞങ്ങൾ എവിടെ പോയ് മുട്ടും?" എന്ന് ചോദിക്കുന്നു. പാപിനിയായ സ്ത്രീക്കു തുറന്നു കൊടുത്ത വാതിൽ എനിക്കും തുറന്നു തരണമെ എന്നു പ്രാർത്ഥിച്ചു കൊണ്ട് അർത്ഥിനി ദൈവകാരുണ്യം പ്രതീക്ഷിച്ചു നിൽക്കുന്നു.

കോലോയിൽ അർത്ഥിനി അനുതാപപൂർവം തന്നെത്തന്നെ കാണാതെപോയ ആടായും (ഏശ 53,6) ധൂർത്ത പുത്രനായും (ലൂക്കാ 15, 11-32) പാപിനിയായ സ്ത്രീയായും (ലൂക്കാ 7, 36-50) ഒക്കെ വിശേഷിപ്പിക്കുന്നു. സുവിശേഷത്തിലെ ഈ കഥാപാത്രങ്ങളെപ്പോലെ, അവരോടു ചേർന്നുകൊണ്ട് ദൈവത്തിന്റെ കരുണയ്ക്കായി കാത്തു നിൽക്കുകയാണ് അർത്ഥിനിയും എന്നാണ്





ഇതിനർത്ഥം. തന്റെ പാപങ്ങളോർത്ത് അനുതപിക്കുകയും അവയെ ഉപേക്ഷിക്കുകയും ചെയ്യുന്നവർ ദൈവകൃപ കണ്ടെത്തും (സുഭാ 28,13).

മാർ ബാലായിയുടെ അപേക്ഷ പാപികളെ സ്വീകരിക്കുന്ന ദൈവകാരുണ്യത്തെ പുകഴ്ത്തുന്നു. തുടർന്ന് രണ്ട് പ്രാവശ്യം വാതിലിൽ മുട്ടുന്നു. എന്നാൽ വാതിൽ തുറക്കപ്പെടുന്നില്ല.

ശുശ്രൂഷയുടെ രണ്ടാം ഭാഗത്ത് ഒരു പ്രാരംഭപ്രാർത്ഥന, കോലോ, എക്ബോ, കാർമികനും അർത്ഥിനിയും തമ്മിലുള്ള ചോദ്യോത്തരം, അർത്ഥിനിയുടെ സ്വീകരണം എന്നിവയാണുള്ളത്. ദൈവാലയത്തിൽ പ്രവേശിച്ച ശേഷം പ്രുമിയോൻ, സെദറാ, യാക്കോബിന്റെ ബോവൂസോ, സന്യാസനാമം നൽകൽ, സന്യാസവസ്ത്രം (ഭാഗികമായി) നൽകൽ, മുദ്രകുത്തൽ തുടങ്ങിയ ശുശ്രൂഷകളാണ്. കുക്കിലിയോനും ഹുത്തോമ്മോയും ചൊല്ലി ശുശ്രൂഷ അവസാനിപ്പിക്കുന്നു.

രണ്ടാം ശുശ്രൂഷയുടെ ആദ്യഭാഗത്ത് അർത്ഥിനി അനുതാപത്തിന്റെ കണ്ണുനീർ അർപ്പിച്ച് ദൈവത്തോട് യാചിക്കുന്നു. "കൃപ നിറഞ്ഞ മഹാസമുദ്രമേ...... എന്നെ അകത്തു പ്രവേശിപ്പിക്കേണമേ". (വ്രതവാഗ്ദാനം, 15)

അനുതാപമാണ് പാപിക്കു വാതിൽ തുറന്നു കൊടുക്കുന്നത്. അനുതാപപൂർവ്വം മൂന്നാം പ്രാവശ്യം വാതിലിൽ മുട്ടുന്ന അർത്ഥിനിക്ക് കാർമികൻ വാതിൽ തുറന്നു കൊടുക്കുന്നു. സന്യാസജീവിതത്തിന്റെ ശ്രേഷ്ഠത വിവരിച്ചുകൊണ്ട് കാർമികൻ അർത്ഥിനിയെ അകത്തു പ്രവേശിപ്പിക്കുന്നു. "ദിവ്യജ്ഞാനമാകുന്ന സന്യാസം, പുണ്യപൂർണതയാകുന്ന നീതി, ഇവ ആർ ആഗ്രഹിക്കുന്നുവോ അവൾ ദൈവത്തിന് ഏറ്റവും പ്രിയയും വാത്സല്യഭാജനവുമാകുന്നു. അവൾ രാജകൊട്ടാരത്തിൽ ജീവിക്കുന്നു. രാജമക്കൾ അവളെ വളർത്തുന്നു. ലോകത്തിന് ഒട്ടും സമ്പാദിക്കാൻ കഴിയാത്ത നിക്ഷേപങ്ങൾക്ക് അവൾ അവകാശിനിയായി തീരുകയും ചെയ്യുന്നു (വ്രതവാഗ്ദാനം, 17). ക്രിസ്തുവാകുന്ന വാതിലിലൂടെ അർത്ഥിനി ദൈവരാജ്യത്തിലേക്കു പ്രവേശിക്കുന്നതിനെയാണ് ദൈവാലയ കവാടത്തിലൂടെ അർത്ഥിനി അകത്തു പ്രവേശിപ്പിക്കപ്പെടുന്നത് സൂചിപ്പിക്കുന്നത്.

ദൈവാലയത്തിനുള്ളിലെ പ്രാർത്ഥനകൾക്ക് കാർമികൻ നേതൃത്വം നൽകുന്നു. ദൈവത്തിൽ നിന്ന് പാപമോചനവും കരുണയും അർത്ഥിനി സ്വീകരിക്കുന്നു എന്ന് തുടർന്നു വരുന്ന പ്രാർത്ഥനകൾ സൂചിപ്പിക്കുന്നു.

കുറിയേലായിസോൻ ചൊല്ലി കർത്താവിന്റെ കരുണ യാചിക്കുന്നു.

പ്രുമിയോൻ സെദറയാണ് തുടർന്നു വരുന്നത്. സെദറയുടെ ആദ്യ ഭാഗം ദൈവശാസ്ത്രാധിഷ്ഠിതമായ ദർശനങ്ങളും രണ്ടാം ഭാഗം അപേക്ഷകളുമാണ്. സെദറയിൽ ക്രിസ്തുവിനെ അഭിസംബോധന ചെയ്താണ് പ്രാർഥിക്കുന്നത്. ഈ ശുശ്രൂഷയിലെ പ്രുമിയോൻ സെദറയിൽ ക്രിസ്തുവിനെ പാപം മോചിക്കുന്നവനും രക്ഷകനും സ്വർഗീയ മണവാളനുമായി ചിത്രീകരിച്ചിരിക്കുന്നു. രണ്ടാം ഭാഗത്ത് അർഥിനിയെ വിശുദ്ധീകരിക്കുന്നതിനായി കാർമികൻ പ്രാർഥിക്കുന്നു.

സെദറയിലെ ദൈവസ്തുതികളും അർഥിനിക്കുവേണ്ടിയുള്ള അപേക്ഷകളും ക്രിസ്തുവും ക്രിസ്തുവിന്റെ കന്യകയായ വധുവിനെ (സഭയെ) പ്രതിനിധീകരിക്കുന്ന അർഥിനിയും തമ്മിലുള്ള പരസ്പര ബന്ധം പ്രകടമാക്കുന്നു..

തുടർന്ന് വേദപുസ്തക വായനയിലൂടെ ശിഷ്യത്വത്തെകുറിച്ച് ഉദ്ബോധനം നൽകുന്നു.

സാധാരണ വചന ശുശ്രൂഷകളുടെ വായനയിൽ നിന്നു വ്യത്യസ്തമായി മത്തായി എഴുതിയ സുവിശേഷത്തിലെ മുന്ന് അദ്ധ്യായങ്ങളിൽ നിന്ന് ശിഷ്യത്വത്തെക്കുറിച്ചുള്ള വചനങ്ങൾ ഒരുമിച്ചുചേർത്തുള്ള വായനയാണുള്ളത് (മത്താ 7, 13-14; 24-27; 6, 19-21; 5, 48) ഈ വിശുദ്ധ ഗ്രന്ഥ ഭാഗങ്ങൾ ആദിമ ക്രൈസ്തവ സമൂഹത്തിലെ താപസജീവിതത്തിന് അടിസ്ഥാനമായവയാണ്. ഭാരതത്തിലെ ആദ്യകാല സഭയിലും മത്തായി എഴുതിയ സുവിശേഷത്തിന്റെ സുറിയാനി പരിഭാഷ ഉപയോഗത്തിലുണ്ടായിരുന്നു. വചനവുമായുള്ള കണ്ടുമുട്ടൽ യഥാർഥ ശിഷ്യത്വത്തിലേക്കു നയിക്കുന്നു. ശുശ്രൂഷയ്ക്കിടയ്ക്ക് ദൈവവചനം വായിക്കുന്നത് ഈ കണ്ടുമുട്ടലുണ്ടാകുവാനും അത് അർഥിനികളെ യഥാർഥ ശിഷ്യത്വത്തിലേക്കു നയിക്കുന്നതിനും വേണ്ടിയാണ്.

അതിനുശേഷം കാർമികൻ തന്റെ കുരിശ് അർഥിനിയുടെ നെറ്റിയിൽ സ്പർശിച്ച് അവർക്കു പുതിയ പേരു നൽകുന്നു. അർഥിനിയുടെ നെറ്റിയിൽ കുരിശു കൊണ്ട് മുദ്ര കുത്തി പരി. ത്രിത്വത്തിന്റെ നാമത്തിലാണ് പേര് നൽകുന്നത്.

(ഇന്ന) സന്യാസിനീ സമൂഹമാകുന്ന ദൈവത്തിന്റെ പരിശുദ്ധ ആലയിൽ അവകാശിനിയായി തീരുവാൻ പിതാവിന്റെയും പുത്രന്റെയും ജീവനുള്ള പരിശുദ്ധാ റൂഹായുടെയും നാമത്തിൽ (ഇന്നാർ) മുദ്രകുത്തപ്പെടുന്നു (വ്രതവാഗ്ദാനം, 22).







അർഥിനിക്കു നൽകേണ്ട പുതിയ നാമം സമൂഹം തീരുമാനിച്ച് സമൂഹാദ്ധ്യക്ഷ കാർമികനെ മുൻകൂട്ടി അറിയിച്ചിരിക്കും.

പേരു നൽകൽ അർഥിനിയുടെ മേൽ ദൈവത്തിനുള്ള അധികാരത്തെ സൂചിപ്പിക്കുന്നു. അർഥിനിക്ക് പുതിയ ജീവനും ദൗത്യവും നൽകുന്നതിനെയും ഇതു സൂചിപ്പിക്കുന്നു. താൻ വിളിച്ചു വേർതിരിക്കുന്നവർക്ക്



ദൈവം പുതിയ നാമം നൽകുന്നു എന്ന് വി. ഗ്രന്ഥത്തിൽ കാണുന്നു (ഉത് 2:19), (17:5) (35:10).

അതിനു ശേഷം സന്യാസവസ്ത്രത്തിന്റെ ഒരു ഭാഗം വാഴ്ത്തി നൽകുന്നു. ബോവൂസായും കുക്കിലിയോനും ചൊല്ലി ശുശ്രൂഷ അവസാനിപ്പിക്കുന്നു.

**വ്രതവാഗ്ദാനം**

വ്രതവാഗ്ദാന ശുശ്രൂഷ വി. കുർബാനയുടെ പശ്ചാത്തലത്തിലാണ് നടത്തുന്നത്. സന്യാസസമൂഹാംഗങ്ങളുടെയും വിശ്വാസിഗണത്തിന്റെയും പള്ളിയ്ക്കത്തേക്കുള്ള പ്രദക്ഷിണത്തോടു കൂടിയാണ് ഇതാരംഭിക്കുന്നത്. വ്രതവാഗ്ദാന ദിവസം പ്രഭാതത്തിൽ അർഥിനികൾ ദൈവാലയത്തിൽ എത്തിച്ചേരുന്നു. പ്രാർഥനാ നിമഗ്നരായി ഹൈക്കലായുടെ ഏറ്റവും മുന്നിൽ അർഥിനികൾ നിൽക്കുന്നു. അവർ പ്രദക്ഷ

ണത്തിൽ സംബന്ധിക്കുന്നില്ല. സന്യാസിനികളും വിശ്വാസസമൂഹവും കാർമികനോടൊപ്പം ദൈവാലയത്തിലേക്കു പ്രവേശിക്കുന്നു. കാർമികൻ എത്തുമ്പോൾ വിശ്വാസസമൂഹവും സന്യാസിനികളും കത്തുന്ന മെഴുകുതിരികളേന്തി സ്വീകരിക്കുന്നു. കാർമികനെ സ്വീകരിക്കുന്നതിനുള്ള ഗീതം ഗായകസംഘം ആലപിക്കുമ്പോൾ പ്രദക്ഷിണം പള്ളിയ്ക്കകത്തു പ്രവേശിക്കുന്നു.

**പ്രദക്ഷിണം**

വി. ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രദക്ഷിണം ഒരു തീർഥാടനമാണ്. ദൈവസാന്നിധ്യത്തിലേക്കുള്ള ഒരു ഇടമുറിയാത്ത തീർഥാടനം. വാഗ്ദത്തനാട്ടിലേക്കുള്ള ഇസ്രായേലിന്റെ യാത്രയും നെഗെബിലേക്കുള്ള അബ്രഹാമിന്റെ യാത്രയും (ഉത് 12:1-10) വാഗ്ദാനപേടകം ചുമന്നുകൊണ്ടുള്ള ദാവീദിന്റെ പ്രദക്ഷിണവും (2 സാമു 6: 1-29) ഈ പ്രദക്ഷിണത്തിന്റെ മുന്നോടികളാണ്.



യുഗാന്ത്യത്തിൽ മണവാളനായ ക്രിസ്തുവിനോടൊപ്പം മണവാട്ടികൾ സ്വർഗീയ മണവറയിൽ പ്രവേശിക്കുന്നതിന്റെ മുന്നാസ്വാദനം കൂടിയാണ് ഇത്.

സന്യാസജീവിതത്തിന്റെ യുഗാന്ത്യോന്മുഖ പ്രയാണത്തെ സൂചിപ്പിക്കുന്ന പ്രയാണമാണീ പ്രദക്ഷിണം.

സാധാരണ പ്രദക്ഷിണങ്ങളിൽ കുരിശാണ് ഏറ്റം മുന്നിൽ പോകുന്നത്. ഇവിടെ പ്രദക്ഷിണത്തിൽ സംബന്ധിക്കുന്നവർ കത്തിച്ച മെഴുകുതിരികൾ ഏന്തുന്നു. കുരിശുവഹിച്ചുകൊണ്ട് പോകുന്നില്ല. വിവാഹാഘോഷത്തിന്റെ പ്രതീകമാണീ പ്രദക്ഷിണം എന്നു സൂചിപ്പിച്ചുകൊണ്ട് കത്തിച്ച മെഴുകുതിരികളേന്തിയാണ് പ്രദക്ഷിണം നടത്തുന്നത്. ക്രിസ്തുവിന്റെ പ്രതീകമാണ് കാർമികത്വം വഹിക്കുന്ന മെത്രാൻ, സന്യാസിനികൾ മണവറയിലേക്കു പ്രവേശിക്കുന്ന കന്യകകളും. മണവറയിൽ കുഞ്ഞാടിന്റെ വിവാഹഘോഷമാണ്, വിരുന്നൊരുക്കുന്നത് കുഞ്ഞാടിന്റെ ശരീരവും രക്തവും കൊണ്ടാണ്.





പ്രദക്ഷിണശേഷം കാർമികൻ പ്രഭാതപ്രാർഥന ആരംഭിക്കുന്നു. തുടർന്ന് വി.കുർബാനയാണ്. വി. കുർബാനയിൽ വിശ്വാസപ്രമാണം ചൊല്ലിയ ശേഷം അർഥിനികളെ ഹൈക്കലായിൽ നിന്നും കെസ്ത്രൂമയിലേക്കു കയറ്റി നിർത്തുന്നു. ഒരു പ്രാർഥന ചൊല്ലി കാർമികൻ അവരെ സ്വീകരിക്കുന്നു. വിശ്വാസസ്വീകരണം വഴി ലഭിച്ച പ്രചോദനത്തിനുള്ള മറുപടി എന്ന നിലയിലാണ് അർഥിനികൾ മദ്ബഹായിലേയ്ക്ക് അടുത്തു വരുന്നത്. വിശ്വാസം അവരെ ദൈവത്തിലേക്ക് അടുപ്പിക്കുന്നു.

വിശ്വാസ പ്രഖ്യാപനശേഷം കാർമികൻ അർഥിനികൾക്കായി പ്രാർഥിക്കുന്നു. അതിനുശേഷം വിശ്വാസപ്രഖ്യാപനം ചെയ്ത അർഥിനികൾ സമൂഹത്തിന്റെ അധികാരി (മദർ ജനറൽ/പ്രതിനിധി) ത്രോണോസിനു അഭിമുഖമായി നിർത്തുന്നു. അർഥിനികളെ ദൈവത്തിനു സമർപ്പിക്കുന്ന കർമ്മമാണിത്.

വിശ്വാസ പ്രഖ്യാപനം നടത്തിക്കൊണ്ട് അർഥിനികൾ സന്തോഷപൂർവ്വം വി.കുർബാനയിൽ വി. ഗ്രന്ഥ വായനയിലൂടെയും വചനപ്രഘോഷണത്തിലൂടെയും ദൈവിക വെളിപാട് സ്വീകരിക്കുന്നു. വിശ്വാസത്തിലൂടെ മാത്രമേ ദൈവത്തെ സമീപിക്കാനാകൂ എന്നാണ് വിശ്വാസപ്രഖ്യാപന ശേഷം അർഥിനികളെ ത്രോണോസിന് അഭിമുഖമായി നിർത്തുന്നതിന്റെ അർഥം.

ഹൈക്കലായിൽ നിന്ന് കെസ്രതൂമോയിലേക്കുള്ള മാറ്റി നിർത്തൽ ലോകത്തിൽ നിന്ന് വേർതിരിക്കപ്പെടുന്നതിന്റെയും ദൈവത്തിലേക്കു സമീപിക്കുന്നതിന്റെയും സൂചനയാണ്.

അർഥിനികൾ വേർതിരിക്കപ്പെട്ടവരും ദൈവത്തിന്റെ വിശുദ്ധിക്കു സമീപസ്ഥരുമാണെന്ന് തുടർന്നുവരുന്ന പ്രാർഥന സൂചിപ്പിക്കുന്നു. (വി



ശുദ്ധിയേയും വിശുദ്ധരേയും........എന്ന പ്രാർഥന) അർഥിനികൾ വിശുദ്ധിയിൽ ജീവിക്കാനാവശ്യമായ കൃപയും കാർമികൻ ഈ പ്രാർഥനയിലൂടെ യാചിക്കുന്നു.

ദൈവസാന്നിദ്ധ്യത്തിൽ ജീവിക്കുന്നതാണ് വിശുദ്ധി എന്നു അർഥിനിയെ ഓർമിപ്പിക്കുന്നതാണീ പ്രാർഥന. (തുടർന്ന് നിത്യവ്രതത്തിന് അണഞ്ഞിരിക്കുന്ന തത്ക്കാല വ്രതസ്ഥരുടെ കൈയിൽ നിന്ന് കുരിശ് വാങ്ങി ത്രോണോസിൻമേൽ വയ്ക്കുന്നു).

അതിനുശേഷം വി. കുർബാന തുടരുന്നു. കുക്കിലിയോനു ശേഷം ശുശ്രൂഷ ആരംഭിക്കുന്നു.

ശുശ്രൂഷയുടെ ചുരുക്കം പ്രതിപാദിക്കുന്ന പ്രാരംഭപ്രാർഥന അന്ത്യോക്യൻ പാരമ്പര്യത്തിന്റെ സവിശേഷതയാണ്. ഈ പ്രാർഥന മാലാഖമാർക്കടുത്ത ജീവിതവും നീതിയുടെ പ്രവൃത്തികളും തമ്മിൽ സംയോജിപ്പിച്ചു കാണുന്നു (സർവശക്തിയുള്ള........ ഭൂമിയിൽ മാലാഖമാരെപ്പോലെ നീതിയുടെ പ്രവൃത്തിയും ചെയ്ത്.....(വ്രതവാഗ്ദാനം, 24)) താപസജീവിതവും നീതിയുടെ പ്രവൃത്തികളും പരസ്പരപൂരകങ്ങളാണ് എന്നത് പുരാതന സുറിയാനി ചിന്തയാണ്. സുറിയാനി താപസഗേഹങ്ങൾ പ്രാർഥനയുടെയും ഉപവി പ്രവൃത്തികളുടെയും സങ്കേതങ്ങളായിരുന്നു. വ്രതവാഗ്ദാനം ചെയ്യുന്ന കന്യകകൾ തങ്ങളുടെ ജീവിതത്തെ നീതിയുടെ പ്രവൃത്തികൾ കൊണ്ട് അലങ്കരിക്കണമെന്ന ഉദ്ബോധനമാണീ പ്രാർഥനയിൽ കാണുന്നത്. വിശുദ്ധ ഗ്രന്ഥത്തിന്റെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ വിശുദ്ധ ജീവിതമെന്നാൽ വിശുദ്ധി തന്നെയായ ദൈവത്തിന്റെ സാന്നിധ്യത്തിലുള്ള ജീവിതമാണെന്ന് അർഥിനികളെ അനുസ്മരിപ്പിക്കുന്നു.

51-ാം സങ്കീർത്തനം അനുതാപത്തിന്റെയും പാപമോചനത്തിന്റെയും വികാരങ്ങൾ ഉണർത്തുന്നു. പാപമോചനം മാത്രമല്ല ജീവിതത്തിന്റെ സമഗ്രമാറ്റമാണ് അർഥിനികൾ പ്രാപിക്കുന്നത്. 51 -ാം സങ്കീർത്തനം അർഥിനിക്ക് ദൈവകൃപയാൽ ലഭിക്കുന്ന നവജീവനെ സൂചിപ്പിക്കുന്നു.

63-ാം സങ്കീർത്തനം ദൈവത്തോടുള്ള സ്നേഹം പ്രകടമാക്കുന്നു. ദൈവത്തിനായുള്ള ആത്മാവിന്റെ ദാഹം, ദൈവാലയത്തിൽ ശുശ്രൂഷ ചെയ്യാനുള്ള അഭിലാഷം എന്നിവ പ്രകടിപ്പിക്കുന്നു. സന്യാസത്തിലൂടെ ദൈവവുമായുള്ള ഐക്യത്തിനായി വാഞ്ചിക്കുന്നതിനും, ജീവൻ





നൽകുന്ന ദൈവവുമായി ബന്ധത്തിലായിരിക്കാനും അർഥിനിക്കു നൽകുന്ന ആത്മീയ ഉപദേശമാണ് ഈ സങ്കീർത്തനം.

132-ാം സങ്കീർത്തനം സമൂഹ ജീവിതത്തിന്റെ ശ്രേഷ്ഠത വാഴ്ത്തുന്നു. തൈലം, മഞ്ഞ് മുതലായ സങ്കേതങ്ങളിലൂടെ വിശ്വാസത്തിന്റെയും ആത്മീയ ദാനങ്ങളുടെയും കൃപാവരത്തെ സൂചിപ്പിക്കുന്നു. തൈലം ശിരസിലും താടിയിലും ഒഴുകുന്നപോലെ യഥാർഥ വിശ്വാസത്തിലും സ്നേഹത്തിലുമുള്ള ഐക്യം വിശുദ്ധരായ വ്യക്തികളെ ഒന്നിപ്പിക്കുന്നു. ദൈവകൃപ എല്ലാ അംഗങ്ങളിലും ഒഴുകി എത്തുന്നു.

ദൈവത്തോടും സമൂഹത്തോടും സമർപ്പണം നടത്തുന്നതിനാൽ അർഥിനിക്കു നൽകുന്ന ഉചിതമായ പ്രബോധനമാണ് ഈ സങ്കീർത്തനം. സ്നേഹവും ഐക്യവും പ്രോത്സാഹിപ്പിക്കാനുള്ള കടമയെയാണ് അർഥിനിയെ ഈ സങ്കീർത്തനം അനുസ്മരിപ്പിക്കുന്നത്.

ധൂപാർപ്പണം ദൈവത്തെ ബഹുമാനിക്കുന്നതിനുള്ള പ്രതീകാത്മക പ്രവൃത്തിയാണ്. യഹൂദപാരമ്പര്യത്തിൽ നിന്ന് സ്വീകരിച്ചതും സുറിയാനി ആരാധനാപാരമ്പര്യത്തിന്റെ അവിഭാജ്യ ഘടകവുമാണ് ധൂപാർപ്പണം. മനുഷ്യരുടെ വിശുദ്ധീകരണം, പവിത്രീകരണം സംരക്ഷണം മുതലായവയുടെയും പ്രതീകമാണിത്.

സന്യാസമാകുന്ന നുകം വഹിക്കാനുള്ള അനുഗ്രഹമാണ് പ്രുമിയോനിൽ യാചിക്കുന്നത്. ക്രിസ്തുവിന്റെ രക്ഷാകര പ്രവൃത്തിയെ സൂചിപ്പിച്ചുകൊണ്ടും സന്യാസജീവിതത്തിന്റെ ഉള്ളടക്കം പ്രകീർത്തിച്ചുകൊണ്ടുമുള്ളതാണ് സെദറാ.

തുടർന്നു വരുന്ന കോലോ ദൈവവും മനുഷ്യനും തമ്മിലുള്ള സംഭാഷണത്തിന്റെ രൂപത്തിലുള്ള ഗീതമാണ്.

ലോകത്തിന്റെ ഗതിവിഗതികളിൽ മടുപ്പുതോന്നിയ മനുഷ്യൻ ദൈവത്തിന്റെ ആലയത്തിൽ ശുശ്രൂഷചെയ്യാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നു. അതിനായി ദൈവകൃപയും കരുണയും യാചിക്കുന്നു. ലോകത്തെ ഇളകി മറിയുന്ന കടലിനോടുപമിച്ചിരിക്കുന്നു. പാപത്തിന്റെ വികലതയും ലോകത്തിന്റെ മലിനതയും ഇവിടെ വ്യക്തമാക്കുന്നു. സന്യാസം ലോകത്തിൽ നിന്ന് തിരിഞ്ഞ് ദൈവത്തിലേക്കുള്ള യാത്രയാണെന്ന ആശയവും വ്യക്തമാക്കുന്നു.

ധൂപം അർപ്പിച്ചുകൊണ്ടുള്ള പ്രുമിയോൻ സെദറാ, കോലോ, എത്രോ മുതലായ പ്രാർഥനകൾ അവ ധൂപം പോലെ ദൈവസന്നിധി

യിലെത്തി അർഥിനികളുടെയും വിശ്വാസ സമൂഹത്തിന്റെമേലും കൃപ വർഷിക്കുന്നു എന്നു കാട്ടുന്നു. പരിശുദ്ധാത്മാവിന്റെ സ്പർശത്താൽ യാഗമായി അർപ്പിക്കപ്പെടുന്ന കന്യകകളെയും ധൂപം സൂചിപ്പിക്കുന്നു. പരിശുദ്ധാത്മാവ് അഗ്നിയാണ്. ഈ അഗ്നി അർഥിനിയെ സ്പർശിച്ച് ധൂപമാക്കി മാറ്റിയിരിക്കുന്നു.

വി.ഗ്രന്ഥ വായനകൊണ്ട് സമ്പുഷ്ടമാണ് വ്രതവാഗ്ദാന ശുശ്രൂഷ. പഴയനിയമത്തിൽ നിന്ന് നാലും പുതിയ നിയമത്തിൽ നിന്ന് മൂന്നും ഇങ്ങനെ ഏഴു വായനകളാണുള്ളത്. മദ്ബഹയുടെ വടക്കുവശത്ത് നിന്നുകൊണ്ടുള്ള വായന (നടപടി) സുവിശേഷം ആദ്യം യഹൂദരോട് പ്രസംഗിക്കപ്പെട്ടതിനെ സൂചിപ്പിക്കുന്നു. തെക്കുവശത്തു നിന്നുകൊണ്ട് വി.പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ വായിക്കുന്നത് ജനതകളോട് സുവിശേഷം പ്രഘോഷിക്കപ്പെട്ടതിനെ സൂചിപ്പിക്കുന്നു. ലോകത്തോട് മുഴുവൻ, സകല സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കപ്പെട്ടതിന്റെ പ്രതീകമായിട്ടാണ്. മദ്ബഹായുടെ നടുവിൽ നിന്ന് പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്ന് സുവിശേഷം വായിക്കുന്നത്.[58]

ഉത് 12:1 - 10 അബ്രഹാമിന്റെ യാത്ര വിവരിക്കുന്നു. അബ്രഹാമിന്റെ യാത്ര നെഗെബിലേക്കാണ്. നെഗബ് ജറുസലെമാണ്, ദൈവം വസിക്കുന്ന സ്ഥലമാണ്. സന്യാസം ദൈവത്തിലേക്കുള്ള യാത്രയാണെന്ന് ഈ വായന അർഥിനികളെ പഠിപ്പിക്കുന്നു. ചാർച്ചക്കാരിൽ നിന്നും നിന്നകന്ന് ദൈവത്തെ അനുയാത്ര ചെയ്യാനുള്ള വിളിയാണിവിടെ അർഥിനികൾ ശ്രവിക്കുന്നത്.

സംഖ്യ 6: 1 - 8 വായിക്കുന്നത് അർഥിനികളെ വ്രതവാഗ്ദാന പൂർണത ബ്രഹ്മചര്യം, അനുസരണം, ദാരിദ്ര്യം എന്നീ സുവിശേഷോപദേശങ്ങളിലാണ് എന്ന് ഗ്രഹിപ്പിക്കുന്നു. ദൈവത്തെ ഹൃദയവിശുദ്ധിയിൽ സ്വന്തമാക്കുന്നതിലും ദൈവത്തെ സമ്പത്താക്കുന്നതിലും ഇച്ഛയെ ദൈവഹിതത്തിനു വിധേയപ്പെടുത്തുന്നതിലുമാണ് യഥാർഥ വ്രതമെന്ന് സൂചിപ്പിക്കുന്നു ഈ വായന.

നിയമാവർത്തനം 30: 15 - 19. സന്യാസ ജീവിതം അനശ്വരജീവൻ തിരഞ്ഞെടുക്കുന്നതാണ് എന്ന് സൂചിപ്പിക്കുന്നു. ജീവനും മരണവും മുന്നിലുള്ളപ്പോൾ കന്യക ബോധപൂർവ്വം ജീവൻ തിരഞ്ഞെടുക്കുന്നു. ജീവനെ തിരഞ്ഞെടുക്കുക എന്നാൽ ദൈവത്തെ തിരഞ്ഞെടുക്കുക എന്നാണ് അർത്ഥം.





ഏശയ്യ 19: 1- 25 ദൈവത്തിലേക്കുള്ള തിരിച്ചു വരവിന്റെ ആഹ്വാനമാണീ ഭാഗം നൽകുന്നത്. തെറ്റിലുൾപ്പെട്ടാലും കന്യകയെ ദൈവം ശിക്ഷണം നൽകി തിരികെ കൊണ്ടുവരും.

1 പത്രോ 1: 13 - 21 കൊളോ 3: 5 - 17 മത്താ 25: 1 - 13 എന്നിവയാണ് പുതിയ നിയമത്തിൽ നിന്നുള്ള വായനകൾ.

ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവളാണ് കന്യക. ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരുന്നവളാണ് കന്യക. പുതുജനനത്തിനുള്ള ആഹ്വാനമാണ് കൊളോ 3:5-17 നൽകുന്നത്.

ആത്മീയ ഉണർവിനുള്ള ആഹ്വാനം നൽകുന്ന വായനയാണ് മത്താ 25 - ൽ നിന്നുള്ളത്. ക്രിസ്തുവിന്റെ രണ്ടാം വരവിനായി ഉറക്കമുണർന്ന് എപ്പോഴും ഒരുക്കമായുള്ളവരായി കാണപ്പെടുന്ന കന്യകകൾ മനുഷ്യവംശമാണ്. ജാഗ്രതയുള്ളവർക്കേ മണവറയിൽ പ്രവേശനം ലഭിക്കുകയുള്ളൂ. സത്പ്രവൃത്തികളാൽ അലങ്കരിക്കപ്പെടാതിരുന്നതിനാലാണ് ബുദ്ധിയില്ലാത്ത കന്യകകൾക്കു മണവറ നഷ്ടമായതെന്ന് സാറൂഗിലെ യാക്കോബ് പറയുന്നു. അവരും കന്യത്വം പാലിച്ചിരുന്നു. എന്നാൽ സത്പ്രവൃത്തികളാൽ ഒരുക്കമുള്ളവരായിരുന്നില്ല. മണവറ നേടാനുള്ള ഉപാധിയായി സത്പ്രവൃത്തികളാൽ ഒരുക്കമുള്ളവരായിരുന്നില്ല.[60] മണവറ നേടാനുള്ള ഉപാധിയായി സത്പ്രവൃത്തികളെ വി. അപ്രേമും കാണുന്നു. എണ്ണ സത്പ്രവൃത്തികളുടെ പ്രതീകമാണ്. സത്പ്രവൃത്തികളില്ലാത്ത കന്യത്വം ഉപയോഗശൂന്യമാണ്. മണവാളനെ സ്വീകരിക്കാൻ സ്നേഹവും ശുശ്രൂഷയും സത്പ്രവൃത്തികളും വഴി ജാഗ്രതയുള്ളവരായിരിക്കാൻ കന്യകകളെ ഈ വായന ആഹ്വാനം ചെയ്യുന്നു.

വചന ശുശ്രൂഷക്കു ശേഷം കാർമികൻ പടിഞ്ഞാറോട്ടു തിരിഞ്ഞിരുന്ന് അർഥിനികൾക്ക് ഉപദേശം നൽകുന്നു. അർഥിനികൾ ഈ സമയം മുട്ടിന്മേൽ നിൽക്കുന്നു. ഒരു ആത്മീയോപദേശവും സത്യവിശ്വാസത്തിലുറച്ചു നിൽക്കാനുള്ള ആഹ്വാനവും അർഥിനികൾക്കുവേണ്ടിയുള്ള അപേക്ഷകളുമടങ്ങുന്നതാണീ ഭാഗം. സഭാധ്യക്ഷന്മാരോടുള്ള വിധേയത്വവും അനുസരണയും പ്രകടമാകുന്ന കർമമാണിത്.

സമർപ്പണത്തിന്റെ അവിഭാജ്യത വ്യക്തമാക്കുന്ന ഉപദേശമാണ് ലൂക്കാ 9:62 ആസ്പദമാക്കി കാർമികൻ നല്കുന്നത്. ജീവിതത്തിൽ നേരിടേണ്ടി വരുന്ന പരീക്ഷകൾക്കും പരീക്ഷണങ്ങൾക്കും എതിരേ



ജാഗ്രതപുലർത്തേണ്ടതിന്റെയും ദൃഢതയോടെ മുന്നേറണ്ടതിന്റെയും ആവശ്യകത അർഥിനികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നു.

കാത്തോലിക്കാ സഭയുടെ പ്രബോധനത്തോടും പിതാക്കന്മാരുടെ വിശ്വാസത്തോടും മാർപാപ്പമാരുടെ പ്രബോധനത്തോടും സഭാധികാരികളോടും കൂറും വിധേയത്വം പുലർത്താനുള്ള ആഹ്വാനവും നൽകുന്നു.

മുകളിൽ ശ്രവിച്ച ആഹ്വാനങ്ങൾ അനുസരിച്ചു ജീവിക്കാനാവശ്യമായ കൃപയും യാചിക്കുന്നു. തുടർന്ന് കാർമികൻ അർഥിനികളെ ചോദ്യം ചെയ്യുന്നു ആദിമസഭയുടെ മാമോദീസാക്രമത്തിൽ നിന്നാണ് ഈ ചോദ്യം ചെയ്യൽ രൂപപ്പെട്ടത്. സഭയിലേക്കു സ്വീകരിക്കപ്പെടുന്നതിനു മുമ്പ് ചോദ്യം ചോദിക്കലിലൂടെ അർഥികളുടെ വിശ്വാസം ഉറപ്പുവരുത്തിയിരുന്നു. സഭയിലേക്കുള്ള പ്രവേശനം പോലെതന്നെ സന്യാസജീവിതത്തിലേക്കുള്ള പ്രവേശനവും എളുപ്പത്തിൽ നേടാവുന്ന ഒന്നല്ല. അർഥിനികളുടെ നിയോഗശുദ്ധിയും വിശ്വാസവും ഉറപ്പാക്കേണ്ടതുണ്ട്.

ആദ്യം കാർമികൻ അർഥിനികളുടെ ആത്മീയോദ്ദേശ്യമറിയാനായി ചോദ്യം ചെയ്യുന്നു. പിന്നീട് അർഥിനികളുടെ സമ്മതം അറിയുന്നതിനായി സമൂഹാദ്ധ്യക്ഷ ജനറൾ/പ്രതിനിധി ചോദ്യം ചെയ്യുന്നു.

വി. ബസേലിയോസിന്റെ കാലം മുതൽ നിലവിലിരിക്കുന്നതാണ് ഈ ചോദ്യം ചെയ്യൽ. താൻ ചെയ്യാൻ പോകു ന്ന ഉടമ്പടിയുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സമ്മതം അർഥിനി ലോകസമക്ഷം ഉറക്കെ പ്രഖ്യാപിക്കുന്നു. മാമ്മോദീസായിലും വൈദിക പട്ടാഭിഷേകത്തിലും ഈ കർമ്മമുണ്ട്. ദൈവത്തിന്റെ പ്രതിനിധിയായി നിന്നുകൊണ്ട് സമൂഹ്യാദ്ധ്യക്ഷ അർഥിനിയോട് ചോദിക്കുന്നു: "പ്രിയ സഹോദരി, ഇപ്പോൾ മുതൽ (ഒരു വർഷത്തേയ്ക്ക്, രണ്ടു വർഷത്തേക്ക്, ആയുഷ്പര്യന്തം) വിശുദ്ധ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം







എന്നീ വ്രതങ്ങൾ പാലിച്ചു കൊണ്ട് ബഥനീ സന്യാസിനീ സമൂഹത്തിൽ ജീവിച്ച് സന്യാസപരമായ നിഷ്ഠകൾക്കുള്ള ചുമതലകൾ വി. നിയമാനുസരണം നിർവഹിക്കുന്നതിന് നിനക്ക് ഒരുക്കമുണ്ടോ?"(വ്രതവാഗ്ദാനം, 42)

ചോദ്യങ്ങൾ സന്യാസത്തെയും ശിഷ്യത്വത്തെയും സംബന്ധിച്ചുള്ളവയാണ്. വി.ഗ്രന്ഥത്തിൽ പിതാക്കന്മാരുടെ പഠനങ്ങളിൽ നിന്നും ഉള്ള ഉദ്ധരണികൾ ചേർത്താണ് ചോദ്യങ്ങൾ. അർഥിനികളുടെ ലക്ഷ്യവും സമ്മതവും അറിയാൻ വേണ്ടിയാണ് ചോദ്യങ്ങൾ ചോദിക്കുന്നത്.

ഉത്തരങ്ങളിൽ "ദൈവകൃപയാൽ" എന്ന് ആവർത്തിക്കുന്നു. സ്വന്തം കഴിവിലാശ്രയിച്ചല്ല, ദൈവത്തിന്റെ സഹായത്താലാണ് അർഥിനി ഈ ജീവിതത്തിലേക്കു വരുന്നതെന്നാണിതിന്റെ അർഥം.

സമൂഹാദ്ധ്യക്ഷയോ പ്രതിനിധിയോ അർഥിനികളുടെ മനോഭാവം വ്യക്തമാക്കുന്നതിനും വ്രതവാഗ്ദാനത്തിനുള്ള സമ്മതം ചോദിക്കുന്നതിനുമായി ചോദ്യം ചെയ്യുന്നു. ചോദ്യവും ഉത്തരവും സന്യാസജീവിതം അർഥിനികളുടെ ബോധപൂർവമായ തിരഞ്ഞെടുപ്പാണെന്ന് വ്യക്തമാക്കുന്നു.

**വ്രതവാഗ്ദാനം**

അർഥിനി സമൂഹമധ്യേ തന്റെ സമർപണം ഉറക്കെ പ്രഖ്യാപിക്കുന്ന സന്ദർഭമാണിത്. വിശ്വാസ സമൂഹത്തിന്റെയും സമൂഹാദ്ധ്യക്ഷതയുടെയും സമൂഹാംഗങ്ങളുടെയും കാർമികന്റെയും സാന്നിധ്യത്തിലാണ് ജീവിതകാലം മുഴുവൻ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം ഇവ പാലിച്ചുകൊണ്ട് ദൈവത്തിനും സമൂഹത്തിനു സേവനം ചെയ്തു ജീവിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നത്.

വ്യക്തിയുടെ സമ്പൂർണ്ണ സമർപ്പണമാണിവിടെ നടക്കുന്നത്. വ്രത

വാഗ്ദാനത്തോടുകൂടി കന്യക പൂർണമായും ക്രിസ്തുവിന്റേതും ക്രിസ്തു കന്യകയുടെതുമാകുന്നു. കന്യകയ്ക്ക് ക്രിസ്തുവിന്റെ മണവാട്ടി എന്ന സ്ഥാനം ലഭിക്കുന്നു.

എഴുതിവച്ച വ്രതവാഗ്ദാനവാചകം അർഥിനി ഉറക്കെ വായിക്കുന്നു. എഴുതിയ വ്രതവാഗ്ദാന ഫോർമുലയാണ് മലങ്കര സഭ ഉപയോഗിക്കുന്നത്. പഴയ നിയമത്തിലെ ഉടമ്പടി സ്ഥാപനത്തിലും ഉടമ്പടി വ്യവസ്ഥകൾ എഴുതി വച്ചിരുന്നു (പുറ 25,16 40,20). വി. ബസേലിയോസിന്റെ കാലത്ത് വ്രതങ്ങൾ എഴുതി വായിക്കുകയല്ലായിരുന്നു, എന്നാൽ വി. ബനഡിക്ടിന്റെ കാലം മുതൽ എഴുതിവച്ച ഫോർമുല ഉപയോഗിച്ചിരുന്നതായി രേഖകളുണ്ട്. ഈ രേഖകൾ സന്യാസഭവനങ്ങളിൽ സൂക്ഷിച്ചിരുന്നു. വ്രതം ചെയ്ത ആൾ അതിനു വിപരീതമായി ജീവിക്കുന്നെങ്കിൽ അയാളെ തിരുത്താനുള്ള ഒരു അടിസ്ഥാന രേഖയായി ഇതുപയോഗിച്ചിരുന്നു.



മലങ്കര സഭയിലെ വിവിധ സന്യാസസമൂഹങ്ങൾ ഒരു ഫോർമുലയാണ് ഉപയോഗിക്കുന്നത്. സമൂഹസ്ഥാപക സിദ്ധിയിലുള്ള വ്യത്യാസമനുസരിച്ചുള്ള വ്യത്യാസം മാത്രമേയുള്ളൂ. ഉദാ:

ബഥനി സന്യാസിനി സമൂഹം ഉപയോഗിക്കുന്ന ഫോർമുല

......ആയ ഞാൻ / ദൈവമഹത്വത്തിനായി /എന്നെത്തന്നെ സമ്പൂർണമായി ക്രിസ്തുവിന് പ്രതിഷ്ഠിക്കുന്നതിനും /എന്റെ ജീവിതത്തിൽ അവിടുത്തെ ഏറ്റം അടുത്ത് അനുഗമിക്കുന്നതിനുമുള്ള ദൃഢമായ നിശ്ചയത്താൽ പ്രേരിതയായി/ മിശിഹാനുകരണ സന്യാസിനീ സമൂഹത്തിന്റെ മദർ ജനറലിന്റെ മുമ്പാകെ /ഈ സമൂഹനിയമപ്രകാരമുള്ള അനുസരണം, /ബ്രഹ്മചര്യം, /ദാരിദ്ര്യം എന്നീ സാമാന്യ വ്രതങ്ങൾ (ഒരു വർഷത്തേക്ക് /രണ്ടുവർഷത്തേക്ക് /ആയുഷ്പര്യന്തം) സർവശക്തനായ ദൈവമേ /അങ്ങയോടു വാഗ്ദാനം ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ കൃപാവരത്താലും /വാഴ്ത്തപ്പെട്ട കന്യകമറിയാമിന്റെ





സഹായത്താലും /ദൈവത്തിനും തിരുസഭക്കും സേവനം ചെയ്തുകൊണ്ട് സ്നേഹത്തിന്റെ പൂർണതയിൽ എത്തിച്ചേരുന്നതിന് /ഞാൻ എന്നെത്തന്നെ/ ഈ സമൂഹത്തിന് പൂർണമായി സമർപ്പിച്ചുകൊള്ളുന്നു എന്നും,

മേരീമക്കൾ സന്യാസസമൂഹത്തിന്റെ വ്രതവാഗ്ദാന ഫോർമുല

.....ആയ ഞാൻ സർവശക്തനായ ദൈവത്തോടും പരിശുദ്ധ കന്യകമറിയത്തോടും വിശുദ്ധ ഫ്രാൻസിസ് അസീസിയോടും ഞങ്ങളുടെ സുപ്പീരിയർ ജനറലായ അങ്ങയോടും ഞങ്ങളുടെ രൂപതാധ്യക്ഷന്റെ സാന്നിധ്യത്തിൽ മേരീമക്കളുടെ സന്യാസസഭാ നിയമമനുസരിച്ച് അനുസരണം ബ്രഹ്മചര്യം ദാരിദ്ര്യം എന്നീ വ്രതങ്ങൾ ഒരു വർഷത്തേക്ക്/ ആയുഷ്പര്യന്തം പാലിച്ചുകൊള്ളാമെന്ന് പ്രതിജ്ഞയും വാഗ്ദാനവും ചെയ്തുകൊള്ളുന്നു എന്നുമാണ്.

കാർമികന്റെയും സമൂഹാധ്യക്ഷയുടെയും രണ്ടു സാക്ഷികളുടെയും വിശ്വാസ സമൂഹത്തിന്റെയും സാന്നിധ്യത്തിൽ അർഥിനി അതിൽ കുരിശടയാളം വരച്ച് ഒപ്പിടുന്നു. കുമ്പിട്ട ശേഷം കുരിശടയാളം പൂർത്തിയാക്കുന്നു. സാധാരണ രേഖകളിൽ ഒപ്പിടുന്നതുപോലെ പേരെഴുതിയല്ല പിന്നെയോ കുരിശടയാളം വരച്ചാണ് ഒപ്പിടുന്നത്. ക്രിസ്തു കുരിശിൽ സ്വയം ബലിയായി നൽകിയതുപോലെ കന്യകയും വ്രതവാഗ്ദാനത്തിലൂടെ തന്നെതന്നെ സ്വയബലിയായി അർപ്പിക്കുന്നു എന്നതാണിതിന്റെ അർഥം.

വ്രതവാഗ്ദാനശേഷം കാർമികൻ പ്രാർഥനകളിലൂടെ കന്യകകളെ ദൈവത്തിനും തിരുസഭയ്ക്കുമായി സമർപ്പിക്കുന്നു.

ദൈവം തന്റെ മഹത്വത്തിനുപകരണമായി കന്യകയെ തിരഞ്ഞെടുത്തു എന്നും, കന്യക തന്റെ ജീവിതത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്താൻ കടപ്പെട്ടിരിക്കുന്നു എന്നുമാണ് കാർമികന്റെ പ്രാർഥന സൂചിപ്പിക്കുന്നത്.

പ്രാർഥനക്കു ശേഷം കാർമികൻ വ്രതസ്ഥരെ പരി. ത്രിത്വത്തിന്റെ തിരുനാമത്തിൽ മുദ്രകുത്തുന്നു.

**മുദ്ര**

മൂന്നുപ്രാവശ്യം നെറ്റിയിൽ കുരിശു വരച്ചുകൊണ്ടാണ് കാർമികൻ കന്യകയെ മുദ്രകുത്തുന്നത്. ക്രിസ്തുവിന്റെ കുരിശുമരണത്തിൽ



വ്രതസ്ഥ പങ്കുചേരുന്നു എന്നും പരി. ത്രിത്വത്തെക്കുറിച്ചുള്ള ജ്ഞാനത്തിൽ വളരുന്നു എന്നും ഇത് അർഥമാക്കുന്നു. അനശ്വരമായ ജീവിതത്തിനുള്ള അവകാശം കന്യകയ്ക്കു ലഭിക്കുന്നു എന്നും മുദ്രകുത്തൽ സൂചിപ്പിക്കുന്നു. കുരിശിലൂടെയാണ് അനശ്വരജീവൻ സ്വന്തമാക്കുന്നതെന്നാണ് കുരിശുവരച്ച് മുദ്രകുത്തുന്നതിന്റെ അർഥം. മുദ്രകുത്തലിലൂടെ കന്യക ദൈവത്തിന്റേതായി മാറ്റി നിർത്തപ്പെടുന്നു. മുദ്രകുത്തപ്പെടുന്ന വസ്തുവോ വ്യക്തിയോ, ആരുടെ നാമത്തിൽ മുദ്രകുത്തപ്പെടുന്നോ ആ ആളിന്റെ സ്വന്തമാകുന്നു. മാമ്മോദീസായിലെ മുദ്രകുത്തലിനു സമാനമാണ് വ്രതവാഗ്ദാനത്തിലെ ഈ മുദ്രകുത്തൽ. ദൈവത്തിന്റെ മാത്രം സ്വന്തമായി നിത്യജീവനായി വ്രതസ്ഥ മുദ്ര കുത്തപ്പെടുന്നു എന്ന് അർഥം.

**മുടിഛേദനം**

വ്രതവാഗ്ദാനശുശ്രൂഷയിലെ ഒരു പ്രധാന കർമ്മമാണിത്. മുടിഛേദനത്തിനു മുമ്പുള്ള കന്യകയുടെ വിശ്വാസപ്രഖ്യാപനവും മുടിഛേദന കർമവും ഉൾക്കൊള്ളുന്നതാണീ ശുശ്രൂഷ.

പടിഞ്ഞാറോട്ട് ദർശനമായി ഉപവിഷ്ടനാകുന്ന കാർമികനു മുന്നിൽ മുട്ടിന്മേൽ നിന്നുകൊണ്ട് കത്രിക കൈയിലെടുത്ത് കന്യക വിശ്വാസ പ്രഖ്യാപനം നടത്തുന്നു. "ദൈവത്തിലേക്ക് അടുത്തുവരാൻ ഞാനാഗ്രഹിക്കുന്നു. എന്റെ ശരണമായ കർത്താവേ, നിന്റെ നാമം എനിക്കു നല്ലതാകുന്നു. നിന്റെ വിസ്മയ കാര്യങ്ങളെല്ലാം ഞാനറിയിക്കും" (വ്രതവാഗ്ദാനം, 37) 73-ാം സങ്കീർത്തനത്തിന്റെ ഒരു ഭാഗമാണിത്. ദൈവത്തിനുവേണ്ടിയുള്ള കന്യകയുടെ ദാഹവും പാപാവസ്ഥയെ തിരിച്ചറിഞ്ഞ് ദൈവത്തിലേക്കുള്ള തിരിച്ചു വരവും ഇത് സൂചിപ്പിക്കുന്നു.

ദൈവത്തിലേക്കുള്ള അടുത്തു വരവ് ഒരു വ്യക്തിയെ പ്രഘോഷണത്തിലേക്കു നയിക്കുന്നു. "നിന്റെ വിസ്മയ കാര്യങ്ങൾ അറിയിക്കും"







എന്നത് പ്രഘോഷണമാണ് അർഥമാക്കുന്നത്. വിശ്വാസവും സ്നേഹവുമാണ് ഒരു വ്യക്തിയെ ദൈവത്തിങ്കലേക്ക് അടുത്തു വരാൻ പ്രേരിപ്പിക്കുന്നത്. പ്രഘോഷണം ദൈവത്തിലുള്ള വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രകടനമാണ്. സന്യാസ ജീവിതം സാക്ഷ്യത്തിന്റെ ജീവിതമാണെന്ന യാഥാർഥ്യമാണ് കന്യക ഏറ്റു പറയുന്നത്.

മാമ്മോദീസായിലും ശെമ്മാശന്മാരുടെയും പുരോഹിതന്മാരുടെയും അഭിഷേകത്തിലും നിന്നാണ് മുടിഛേദനം വ്രതവാഗ്ദാന ശുശ്രൂഷയിലും സ്വീകരിച്ചിരിക്കുന്നത്.

വ്രതവാഗ്ദാന ശുശ്രൂഷയിൽ കുരിശാകൃതിയിലാണ് മുടി വെട്ടുന്നത്. ജഡസംബന്ധമായ എല്ലാ വ്യാപാരങ്ങളെയും ത്യജിക്കുന്നതിന്റെയും സന്യാസപരമായ വിശുദ്ധ നിഷ്ഠാ ജീവിതം പ്രാപിക്കുന്നതിന്റെയും അടയാളമാണ് മുടിഛേദനം.[51]

മുടിഛേദനശേഷം കാർമികൻ കന്യകകൾക്കുവേണ്ടി പ്രാർഥിക്കുന്നു. ഈ പ്രാർഥനയിൽ യേശുവിനെ സത്യമുള്ള ശ്രേഷ്ഠനും നീതിയുടെ മല്പാനും സ്വദാസികളുടെ ശരണവും ആരാധകരുടെ പ്രത്യാശയും ആയ ഞങ്ങളുടെ കർത്താവേശുമിശിഹാ എന്നഭിസംബോധന ചെയ്യുന്നു.

**സന്യാസവസ്ത്രങ്ങൾ**

മുടിഛേദനത്തിനുശേഷം കാർമികൻ സന്യാസ വസ്ത്രങ്ങൾ ആശീർവദിച്ച് നൽകുന്നു. പാപശേഷം മനുഷ്യനുണ്ടായ ലജ്ജയെ ആവരണം ചെയ്യുന്നതിനായി വസ്ത്രം ധരിപ്പിച്ചു എന്ന വേദപുസ്തകാധിഷ്ഠിത ചിന്തയാണതിന്റെ ആധാരം (ഉത്3, 7, 21)

രക്ഷാകര ചരിത്രത്തെ മുഴുവൻ വസ്ത്രം ധരിപ്പിക്കലായാണ് സുറിയാനി പാരമ്പര്യം കാണുന്നത്.

ദൈവം ആദത്തിനും ഹവ്വയ്ക്കും മഹത്വവസ്ത്രം നൽകുന്നതിനു

സമമാണ് സന്യാസ വസ്ത്രം നൽകൽ. ദൈവത്തിലേക്കടുത്തു വരുന്നതിന്റെയും ദൈവവുമായുള്ള ഗാഢബന്ധത്തിന്റെയും പ്രതീകമാണ് സന്യാസവസ്ത്രം ധരിക്കൽ. മാമ്മോദീസായിലും ഈ മഹത്വത്തിന്റെ വസ്ത്രം നൽകപ്പെടുന്നു. ക്രിസ്തുവിന്റെ ജീവിതത്തിലും മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരുമ്പോഴാണ് മഹത്വത്തിന്റെ വസ്ത്രം ലഭിക്കുന്നത്.

സന്യാസവസ്ത്രത്തിന് യുഗാന്ത്യോന്മുഖമായ പ്രധാന്യവുമുണ്ട്. മത്തായി 22:12 -ൽ പറയുന്ന വിവാഹവസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു സന്യാസവസ്ത്രം. തിരഞ്ഞെടുക്കപ്പെട്ടവരുടെ വസ്ത്രമാണത്. മനുഷ്യന്റെ പറുദീസയിലേക്കുള്ള തിരിച്ചു പോക്കിനെയും സൂചിപ്പിക്കുന്നു മഹത്വത്തിന്റെ വസ്ത്രം.

സന്യാസവസ്ത്രം ആശീർവദിക്കുന്നതും നൽകുന്നതും പഴയ വസ്ത്രം മാറ്റി പുതിയ വസ്ത്രം ധരിക്കുന്നതുമായ കർമങ്ങളാണ് ഇതിലുൾപ്പെടുന്നത്.

പുതുതായി സന്യാസം സ്വീകരിച്ചവർക്ക് സന്യാസാശ്രമത്തിലെ ശ്രേഷ്ഠൻ (സുപ്പീരിയർ) ആയിരുന്നു സന്യാസവസ്ത്രങ്ങൾ നൽകിയിരുന്നത്. ഈ പാരമ്പര്യം വ്യത്യസ്തമായൊരു രീതിയിൽ ഇന്നും തുടരുന്നു. (സമൂഹാദ്ധ്യക്ഷ കാർമ്മികന്റെ കൈയ്യിൽ വസ്ത്രം നൽകുകയും, കാർമ്മികൻ അത് ആശീർവദിച്ച് അർത്ഥിനിക്ക് നൽ കുകയും ചെയ്യുന്നു.)



നിലയങ്കി - സന്തോഷത്തിന്റെയും രക്ഷയുടെയും പ്രതീകമാണ് നിലയങ്കി. പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുന്നതിന്റെ പ്രതീകമായി ധരിക്കുന്നു. ദാരിദ്ര്യത്തിന്റെയും അടയാളമാണ് നിലയങ്കി.

അരക്കെട്ട് (എസാറ) - പുണ്യജീവിതത്തിനുള്ള നിഷ്ഠയും പൂർണ





തയുടെ വിശ്വാസജീവിതവും സൂചിപ്പിക്കുന്നു. ഇതു ധരിക്കുന്നത് ജഡമോഹങ്ങൾക്കെതിരായും ഹൃദയത്തിന്റെ അവിഭാജ്യതയെയും ആത്മാവിലുള്ള ജാഗ്രതയെയും സൂചിപ്പിച്ചുകൊണ്ടുമാണ്.

ഒപ്പീസാ - സുകൃത നടപടികളാൽ ദൈവത്തെ പ്രീതിപ്പെടുത്തുന്ന

സന്യാസവസ്ത്രം രക്ഷയുടെയും സുകൃതത്തിന്റെയും പ്രതീകമാണിത്.

കുബ് ഊനോ - എളിമയുടെയും സുകൃത നടപടികളുടെയും വസ്ത്രം. രക്ഷയുടെ കിരീടവും വിജയ പരിചയുമാണത്.

ദീദാ - അച്ചടക്കം, ശാന്തത, ഹൃദയവിശുദ്ധി, ഏകാഗ്രത എന്നിവയുടെ വസ്ത്രം. ദൈവത്തെ മാത്രം ഏകാഗ്രമായി ധ്യാനിക്കുന്നതിന്റെയും ദൈവകല്പന ജാഗ്രതയോടെ പാലിക്കുന്നതിന്റെയും പ്രതീകം.

കുരിശ് - അനുസരണത്തിന്റെ പ്രതീകവും അന്ധകാര ശക്തികൾക്കെതിരെ പോരാടുന്നതിനുമുള്ള ആയുധമാണ്. എല്ലാറ്റിലും ദൈവത്തിനും ദൈവത്തിന്റെ തിരുഹിതം നിറവേറ്റുന്നതിനുള്ള സന്നദ്ധതയെ കുരിശ് സൂചിപ്പിക്കുന്നു.

സന്യാസ ജീവിതം ബലിയുടെ ജീവിതമാണെന്ന് വസ്ത്രം മാറൽ അർത്ഥമാക്കുന്നു.

പള്ളിക്കു പുറത്ത് പ്രത്യേകം സജ്ജമാക്കിയിരിക്കുന്ന സ്ഥലത്തു വച്ച് സമൂഹത്തിലെ മറ്റംഗങ്ങൾ അർത്ഥിനികളെ വസ്ത്രം ധരിക്കാൻ സഹായിക്കുന്നു. ഓരോ വസ്ത്രവും പ്രത്യേക പ്രാർത്ഥനചൊല്ലിക്കൊണ്ടാണ് ധരിക്കുന്നത്.

പുതിയ ജീവിതത്തിന്റെ പ്രതീകമായ സന്യാസവസ്ത്രം ധരിച്ച് അർത്ഥിനികൾ പള്ളിയിലേക്കു വരുന്നു.



## കുരിശു നല്കൽ

കറുത്ത ചരടിൽ കോർത്ത കറുത്ത മരക്കുരിശ് അർഥിനികളെ അണിയിക്കുന്നു. കാർമികൻ തന്നെയാണിത് അണിയിക്കുന്നത്. വിവാഹശുശ്രൂഷയിലെ മിന്നുകെട്ടിൽ നിന്നു വന്നതാണീ കർമം. കന്യകയെ സംരക്ഷിക്കുകയും നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ദൈവപുത്രന്റെ സ്ലീബായാണ് ഈ കുരിശ്. അന്ധകാരശക്തികളോടു പൊരുതുന്നതിനുള്ള ആയുധവും അനുസരണത്തിന്റെ അടയാളവുമാണിത്. ക്രിസ്തുവിന്റെ തന്നെ പ്രതീകമാണ് കുരിശ്. സ്ലീബാ എന്ന വാക്കിന് ക്രൂശിക്കപ്പെട്ടവൻ എന്നും അർഥമുണ്ട്.



മഹത്വത്തിന്റെ അടയാളമായ ഉത്ഥാനസ്ലീബായാണ് നല്കപ്പെടുന്നത്. കന്യക ഉത്ഥാനജീവിതത്തിന്റെ ആനന്ദാനുഭവത്തിൽ ജീവിക്കേണ്ടവളും ഉത്ഥാനജീവിതത്തിനു സാക്ഷ്യം നല്കേണ്ടവളുമാണെന്നും ഇതു വ്യക്തമാക്കുന്നു.

ഭാരതീയ സങ്കല്പമനുസരിച്ച് എല്ലാറ്റിനെയും കൂട്ടിയിണക്കുന്ന ആത്മാവിന്റെ പ്രതീകമാണ് നൂല്. നൂലിൽ കോർത്ത കുരിശ് ക്രിസ്തുവിനെ കേന്ദ്രമാക്കി പ്രപഞ്ചത്തോടു ബന്ധപ്പെട്ട കന്യകയുടെ ജീവിതത്തെ കാണിക്കുന്നു. ക്രിസ്തു കേന്ദ്രമായി, ക്രിസ്തു മുഖേന സകലതിനോടും ബന്ധപ്പെട്ടതാണ് കന്യകയുടെ ജീവിതം മുഴുവൻ.

## വ്രതവാഗ്ദാനശേഷമുള്ള ശുശ്രൂഷകൾ

പുതിയ അംഗങ്ങളെ സമൂഹത്തിലേക്കു സ്വീകരിക്കുന്ന കർമ്മങ്ങളാണ് തുടർന്നു വരുന്നത്. പുതുതായി വ്രതവാഗ്ദാനം ചെയ്തവർക്ക് സമൂഹവുമായി ദൈവശാസ്ത്രപരമായും ആത്മീയമായും നിയമപരമായും ബന്ധമുണ്ടാകുന്നു. സമൂഹത്തിൽ അംഗത്വവും അവകാശാധികാരവും ഉത്തരവാദിത്വവും ലഭിക്കുന്നു.





കൃതജ്ഞതാ പ്രകാശനം, കുരിശും കത്തിച്ച മെഴുകുതിരിയും നൽകൽ സമാധാനാശംസ (കൈകസൂരി) സന്ന്യാസഭവനത്തിന്റെ ഉള്ളിലേക്കുള്ള പ്രദക്ഷിണം എന്നിവ ഉൾപ്പെട്ടതാണ് ശുശ്രൂഷയുടെ ഈ ഭാഗം.

കന്യകയെ സമൂഹത്തിലേക്ക് ഉൾച്ചേർക്കുന്നത് ദൈവത്തിന്റെ പ്രവൃത്തിയാണ്. അതുകൊണ്ട് നവവ്രതസ്ഥർ കാർമികൻ ചൊല്ലിക്കൊടുക്കുന്ന പ്രാർഥന ഏറ്റു ചൊല്ലിക്കൊണ്ട് ദൈവത്തിനു കൃതജ്ഞത അർപ്പിക്കുന്നു. "ദൈവമായ കർത്താവേ നിന്റെ പറുദീസായിൽ ചേർത്തുകൊള്ളുവാൻ എന്നെ കൈക്കൊണ്ടതിനായി നിനക്ക് സ്തോത്രം" (വ്രതവാഗ്ദാനം, 55) എന്ന പ്രാർഥന ഏറ്റുചൊല്ലിക്കൊണ്ട് കിഴക്കുദിക്കിലേക്കു കുമ്പിടുന്നു. "എന്നെ കൈക്കൊണ്ടതിനായുള്ള എന്റെ കൃതജ്ഞത അങ്ങ് സ്വീകരിക്കണമെ" എന്നു ചൊല്ലിക്കൊണ്ട് മറ്റു മൂന്നു ദിക്കുകളിലേക്കും നോക്കി കുമ്പിടുന്നു. ദൈവത്തിനും നാലു ദിക്കുകളിലുമുള്ള ജനത്തിനും നന്ദി അർപ്പിക്കുകയാണ് ഈ കർമത്തിലൂടെ വ്രതസ്ഥരായ കന്യകകൾ. സന്ന്യാസത്തിനുള്ള സിദ്ധി നല്കുന്നതും സന്ന്യാസസമൂഹത്തിലേക്കു വിളിച്ചു ചേർക്കുന്നതും ദൈവമാണ്. ആദ്യത്തെ പ്രാർഥനയിലെ പറുദീസ എന്നത് സന്ന്യാസ സമൂഹത്തെയാണ് സൂചിപ്പിക്കുന്നത്. സന്ന്യാസഭവനം ദൈവത്തിന്റെ ആലയമാണ്, ദൈവം വസിക്കുന്ന പറുദീസായാണ്.



കൃതജ്ഞാർപ്പണശേഷം വ്രതവാഗ്ദാനത്തിനു മൂന്നു ദിവസം മുമ്പ് ത്രോണോസിൽ പ്രതിഷ്ഠിച്ചുവച്ചിരുന്ന ഒരു തടിക്കുരിശ് വ്രതസ്ഥർക്കു കാർമികൻ നല്കുന്നു.

ശിഷ്യത്വത്തിലേക്കു പദമൂന്നുന്ന വ്രതസ്ഥർക്ക് "എന്നെ അനുഗമിക്കാനാഗ്രഹിക്കുന്നവർ സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" എന്ന ക്രിസ്തുവിന്റെ ആഹ്വാനം നല്കിക്കൊണ്ടാണ് കുരിശു



നല്കുന്നത്. വ്രതവാഗ്ദാനശുശ്രൂഷയിൽ പല സ്ഥലത്തും കുരിശിനെക്കുറിച്ചുള്ള പരാമർശമുണ്ട്. സന്യാസജീവിതത്തെ "ആനന്ദകരമായ നുകം" (വ്രതവാഗ്ദാനം, 51) എന്നു വിശേഷിപ്പിക്കുന്നു. ചോദ്യോത്തര വേളയിൽ "ജീവിതകാലം മുഴുവൻ ക്രിസ്തുവിന്റെ നുകം വഹിക്കാൻ നീ തയ്യാറാണോ?" എന്ന് കാർമികൻ അർഥിനിയോടു ചോദിക്കുന്നുണ്ട്. സന്യാസനാമം നൽകുമ്പോഴും, മുടിമുറിക്കുമ്പോഴും, മുദ്രകുത്തുമ്പോഴും അർഥിനിയുടെ നെറ്റിയിൽ കുരിശടയാളം വരയ്ക്കുന്നുണ്ട്. സന്യാസജീവിതം ക്രിസ്തുവിന്റെ കുരിശിനോട് അവഗാഢം ബന്ധപ്പെട്ടതാണെന്നാണ് ഇവയെല്ലാം അർഥമാക്കുന്നത്.

കുരിശ് സഹനത്തിന്റെ മാത്രം പ്രതീകമല്ല. ഉത്ഥാനത്തിന്റെയും ആനന്ദത്തിന്റെയും മഹത്വത്തിന്റെയും കൂടി പ്രതീകമാണത്. അഭയം നല്കുന്ന ആയുധവുമാണ് ക്രിസ്തുവിന്റെ കുരിശ്. കുരിശു സ്വീകരിക്കുക എന്നാൽ ക്രിസ്തുവിനെ അനുഗമിക്കുക എന്നാണർഥം.

മുദ്രകുത്തുന്ന കർമമാണ് തുടർന്നു വരുന്നത്.

കാർമികന്റെ സ്ലീബാകൊണ്ടാണ് വ്രതസ്ഥയെ മുദ്രകുത്തുന്നത്. വ്രതസ്ഥയെ സമൂഹത്തിലേക്ക് ഉൾച്ചേർക്കുന്നതിനു വേണ്ടിയുള്ളതാണീ മുദ്രകുത്തൽ. കർത്താവ് തന്റെ അജഗണത്തെ മുദ്രകുത്തി ആലയിലേക്കു പ്രവേശിപ്പിക്കുന്നതുപോലെയാണിത്. മാമ്മോദീസായിലെ മുദ്രകുത്തലിനും ഇതുതന്നെയാണർഥം. മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയെ മുദ്രകുത്തി ക്രിസ്തു തന്റെ സ്വന്തമാക്കുന്നു.

മുദ്രകുത്തിയതിനുശേഷം വ്രതസ്ഥയ്ക്ക് കത്തിച്ച മെഴുകുതിരി നല്കുന്നു.

ഈ കർമവും മാമ്മോദീസാ ശുശ്രൂഷയിൽ നിന്നുള്ളതാണ്. ദൈവത്തിന്റെ ശുശ്രൂഷയിൽ ജാഗ്രതയോടെയിരിക്കാൻ കത്തിച്ച മെഴുകുതിരി കന്യകയെ അനുസ്മരിപ്പിക്കുന്നു. ബുദ്ധിയുള്ള കന്യകമാരെപ്പോലെ,







ഒരുക്കമുള്ള ദാസന്മാരെപ്പോലെ (ലൂക്കാ 12, 35-40) കന്യക സദാ ജാഗരൂകയായിരിക്കണം.

തുടർന്ന് ദൈവികസംരക്ഷണം വ്രതസ്ഥർക്കു നല്കണമെന്ന് കാർമികൻ പ്രാർഥിക്കുന്നു. സന്യാസജീവിതത്തിലേക്കുള്ള പ്രവേശനം ക്രിസ്തുവിന്റെ മണവറയിലേക്കുള്ള പ്രവേശനത്തിന്റെ മുന്നാസ്വാദനമാണ്. അതിനു സ്ഥിരതയും ദൈവികസംരക്ഷണയും ഉണ്ടായേ മതിയാകൂ. പ്രലോഭനങ്ങളിൽ നിന്നും പരീക്ഷകളിൽ നിന്നും കന്യകയെ കാത്തു പരിരക്ഷിച്ചു കൊള്ളണമെന്ന് പ്രാർഥിക്കുകയാണ് കാർമികൻ ഈ പ്രാർഥനയിൽ. ക്രിസ്തുവിൽ മാത്രം ജീവിക്കാനും ക്രിസ്തുവിൽ മാത്രം ദൃഷ്ടി പതിപ്പിക്കാനും കന്യകയെ ഈ പ്രാർഥനയിലൂടെ കാർമികൻ ആഹ്വാനം ചെയ്യുന്നു. ക്രിസ്തുവിൽ ഏകാഗ്രമായ ഒരു ജീവിതമാണ് അവൾ നയിക്കേണ്ടത്.

സർപ്പിതജീവിതത്തിന്റെ സംഘർഷങ്ങളും ഈ പ്രാർഥനവ്യക്തമാക്കുന്നു. പിന്നിലേക്കു തിരിഞ്ഞു നോക്കാതെ പ്രലോഭനങ്ങളെയും പ്രശ്നങ്ങളെയും തരണം ചെയ്ത് യാത്ര ചെയ്യാനുള്ള കൃപ യാചിച്ചു കൊണ്ടുകൂടിയുള്ളതാണ് ഈ പ്രാർഥന.

വി. കുർബാനസ്വീകരണവും സമൂഹത്തിലേക്കുൾച്ചേർക്കുന്ന കർമമാണ്.

സ്വർഗീയരും ഭൗമികരുമായ സകലരുമായുള്ള കൂട്ടായ്മയിലേക്കുള്ള പ്രവേശനമാണ് വി. കുർബാനസ്വീകരണം. മാമ്മോദീസായ്ക്കു ശേഷം മാമ്മോദീസാ സ്വീകരിച്ചവർക്കു വി. കുർബാന നല്കാറുണ്ട്. മാമ്മോദീസാ വഴി ക്രിസ്തുവുമായും സഭയുമായും കൂട്ടായ്മയിലേക്കു പ്രവേശിക്കുന്നു എന്നാണ് ഇത് അർത്ഥമാക്കുന്നത്.

വ്രതവാഗ്ദാനശേഷം വി. കുർബാന സ്വീകരിക്കുന്നതിന് പ്രത്യേക അർഥം പ്സ്യൂഡോ ഡയനീഷ്യസ് എവാഗ്രിയൂസ് മുതലായവർ നല്കുന്നുണ്ട്. വ്രതവാഗ്ദാനം ചെയ്ത കന്യകയുടെ ക്രിസ്തുവുമായുള്ള ഒന്നാകലാണ് വി. കുർബാന സ്വീകരണം.

വി. കുർബാന വിവാഹ വിരുന്നു കൂടിയാണ്. കുഞ്ഞാടിന്റെ വിവാഹവിരുന്ന് (വെളി 19,9). ധൂർത്ത പുത്രനെപ്പോലെ പിതാവിന്റെ ഭവനത്തിലേക്കു മടങ്ങി വരുന്നവർക്കായി പിതാവ് ഒരുക്കുന്ന വിരുന്നാണ് വി. കുർബാന. വി. കുർബാന സ്വീകരണം ക്രിസ്തുവിനോടും സഭയോടും ഉള്ള കൂട്ടായ്മ ബന്ധത്തെ വെളിപ്പെടുത്തുന്നു.

വി. കുർബാനസ്വീകരണത്തിൽ ക്രിസ്തു തന്നെ വ്രതവാഗ്ദാനം ചെയ്ത കന്യകയുടെ അടുത്തു വന്ന് അവളെ സ്വന്തമായി സ്വീകരിക്കുന്നു. വി. കുർബാനസ്വീകരണത്തിലൂടെ കന്യക ക്രിസ്തുവിന്റേതാകുന്നു, ക്രിസ്തുവുമായുള്ള കൂട്ടായ്മയിലൂടെ സ്വർഗീയ ഗണങ്ങളുമായും കൂട്ടായ്മയിലാകുന്നു.

വി. കുർബാനപൂർത്തിയായ ശേഷം പുതുതായി വ്രതവാഗ്ദാനം ചെയ്തവർ ഹൈക്കലായിൽ വരിയായി നിൽക്കുന്നു. സമൂഹാംഗങ്ങൾ മൂപ്പുമുറപ്രകാരം ഓരോരുത്തരായി വന്ന് അവർക്കു കൈകസൂരി നല്കുന്നു.



പുതിയ അംഗങ്ങളെ സമൂഹത്തിലേക്കു സ്വീകരിക്കുന്ന കർമ്മമാണിത്. മാമ്മോദീസാ സ്വീകരിക്കുന്നയാൾക്ക് സഭാംഗങ്ങൾ സമാധാന ചുംബനം നല്കി സഭയിലേക്കു സ്വീകരിച്ചിരുന്ന പതിവിൽ നിന്ന് രൂപം കൊണ്ടതാണീ കർമം. വ്രതസ്ഥരെ അഭിനന്ദിക്കുകയും സ്നേഹപൂർവം സമൂഹത്തിലേക്കു സ്വീകരിക്കുകയും ചെയ്യുന്നു.

വ്രതവാഗ്ദാനശുശ്രൂഷയുടെ ഉപസംഹാരമായി മൂന്നു കർമങ്ങൾ കൂടിയുണ്ട്- വിടവാങ്ങൽ, പ്രദക്ഷിണം, സമൂഹാദ്ധ്യക്ഷ/ പ്രതിനിധിയുടെ അനുഗ്രഹവും സമാപനപ്രാർഥനയും.

കാർമികൻ കുരിശുമുത്തിച്ച് വിശ്വാസ സമൂഹത്തെ പിരിച്ചു വിടുന്നു. കാർമികന്റെ ആശീർവാദം സ്വീകരിച്ച് കുരിശു മുത്തി പിരിഞ്ഞു പോകുന്നത് സ്വർഗരാജ്യത്തിൽ നിത്യമായി ഒരുമിച്ച് കൂടാമെന്ന വിശ്വാസത്തോടും പ്രത്യാശയോടും കൂടിയാണ്.





ഇതിനു ശേഷം നവവ്രതസ്ഥരെ സമൂഹാംഗങ്ങൾ സന്യാസഭവനത്തിന്റെ ഉള്ളറയിലേക്കു ആനയിക്കുന്നു.



കുരിശും കത്തിച്ച മെഴുകു തിരികളുമായി നവവ്രതസ്ഥർ മുന്നിലും സമൂഹാംഗങ്ങൾ വ്രതവാഗ്ദാനമുറപ്രകാരം ഇളയവർ തുടങ്ങി മുതിർന്നവർ എന്ന ക്രമത്തിൽ പള്ളിയിൽ നിന്നിറങ്ങി "പറുദൈസാ തന്നെ വിശുദ്ധർ പാർപ്പിടം" എന്ന ഗീതം ആലപിച്ചുകൊണ്ട് സമാപനപ്രാർഥനയ്ക്കായി പ്രത്യേകം ഒരുക്കിയ സ്ഥലത്തേക്കു പ്രദക്ഷിണമായി പോകുന്നു. കന്യകമാർ ക്രിസ്തുവിനോടൊപ്പം മണവറയിലേക്കു പ്രവേശിക്കുന്നതിന്റെ പ്രതീകമാണിത്.

പ്രത്യേകം തയ്യാറാക്കിയ സ്ഥലത്ത് പ്രദക്ഷിണം എത്തുമ്പോൾ സമൂഹാദ്ധ്യക്ഷ / പ്രതിനിധി സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർഥനതുടങ്ങുന്നു. സമൂഹാംഗങ്ങൾ ഏറ്റുചൊല്ലുന്നു.

അതിനുശേഷം നവവ്രതസ്ഥർ സമൂഹാദ്ധ്യക്ഷയുടെ / പ്രതിനിധിയുടെ അരികിലെത്തി അനുഗ്രഹം വാങ്ങുന്നു. മേലദ്ധ്യക്ഷ / പ്രതിനിധി അവർക്കു കൈകസൂരി നല്കുന്നു.

ഈ പ്രാർഥന സമൂഹാംഗങ്ങൾ മാത്രം സംബന്ധിക്കുന്ന ഒന്നാണ്. സുപീരിയർ ജനറൽ/ പ്രതിനിധി സമൂഹത്തിന്റെ പ്രതിനിധിയായി നവവ്രതസ്ഥരെ സ്വീകരിക്കുകയും പിതാവായ ദൈവത്തിന്റെ സംരക്ഷണയിൽ ഏല്പ്പിക്കുകയും ചെയ്യുന്നു. കർതൃ പ്രാർഥനചൊല്ലി ഈ ശുശ്രൂഷ അവസാനിപ്പിക്കുന്നതിന്റെ അർഥമിതാണ്.

ഈ ശുശ്രൂഷകളിലൂടെ ക്രിസ്തു വ്രതസ്ഥയുമായി ഒരു ഉടമ്പടി സ്ഥാപിക്കുകയും അവളെ തന്റെ മണവാട്ടിയായി സ്വീകരിക്കുകയും ചെയ്തു എന്നു സഭ വെളിപ്പെടുത്തുന്നു. സഭയാകുന്ന മണവാട്ടിയോട് ഉടമ്പടി ചെയ്ത് അവളെ സ്വന്തമാക്കിയതു പോലെതന്നെയാണ് ക്രിസ്തു വ്രതസ്ഥയായ കന്യകയെയും സ്വന്തമാക്കിയത്. ഈ ഉടമ്പടിയോട് കന്യക തന്റെ താപസ ജീവിതത്തിലൂടെ പ്രത്യുത്തരിക്കുന്നു.

സഭയിൽ വ്രതസ്ഥയായ കന്യക ഈ ഉടമ്പടി ബന്ധത്തിന് സാക്ഷ്യം വഹിക്കുന്നു, പ്രാർഥനയിലൂടെയും പ്രവൃത്തികളിലൂടെയും.

**ഉപസംഹാരം**

മലങ്കര കത്തോലിക്കാസഭയിലെ വ്രതവാഗ്ദാനശുശ്രൂഷയുടെ സ്രോതസ്സുകളും അർഥവും തേടി യാത്ര ചെയ്യുകയായിരുന്നു നാം കഴിഞ്ഞ പേജുകളിൽ. മലങ്കരയിലെ വ്രതവാഗ്ദാനശുശ്രൂഷയ്ക്ക് ദീർഘമായൊരു ചരിത്രമുണ്ട്. ആ ചരിത്രത്തിന്റെ ആദ്യഘട്ടങ്ങളെ ത്തേടിച്ചെന്നാൽ നാം ചെന്നു നിൽക്കുന്നത് പൗരസ്ത്യസന്യാസത്തിന്റെ പൂർവപിതാവായ വി. പക്കോമിയോസിലും കപ്പദോച്യൻ പിതാവായ മാർ ബസേലിയോസിലുമാണ്. സന്യാസത്തിന്റെ ആദ്ധ്യാത്മിക മൂല്യവും നിയമബദ്ധസ്വഭാവവും ഈ പിതാക്കന്മാരിൽ നിന്നു മനസ്സിലാക്കാം. അഫ്രഹാത്ത്, എഫ്രേം, മോശേ ബർകേഫാ, സാറൂഗിലെ യാക്കോബ് തുടങ്ങിയ പിതാക്കന്മാർ സന്യാസത്തിന്റെ ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവുമായ വശങ്ങൾ വ്യക്തമാക്കിത്തന്നു. പിന്നീട് കാലഘട്ടങ്ങളിലൂടെ വളർന്നുവന്ന സന്യാസജീവിതം ഇന്നത്തെ രൂപം പ്രാപിച്ചപ്പോഴേക്കും അതിന് നിയതമായ നിയമാവലിയും ജീവിതക്രമവും സഭാത്മകതയും കൈവന്നു.

സന്യാസത്തിന്റെ ദൈവശാസ്ത്രം വ്രതവാഗ്ദാനശുശ്രൂഷയ്ക്കുപയോഗിക്കുന്ന പ്രാർഥനകളെ വ്യാഖ്യാനിച്ചുകൊണ്ടാണ് വികസിപ്പിച്ചെടുത്തത്. ആ ദൈവശാസ്ത്ര വീക്ഷണത്തിൽ പ്രധാനമായും നാല് ആശയങ്ങളാണ് കണ്ടത്. 1) സന്യാസം സഭയുടെ തനിമയുടെ ദൃഷ്ടാന്തമാണ്. സഭ ആദർശപരമായി എന്താണോ അതിന്റെ യഥാർഥ പതിപ്പാണ് സന്യാസം. 2) സഭ ക്രിസ്തുവിനു വിവാഹനിശ്ചയം ചെയ്യപ്പെട്ട പരിശുദ്ധയായ കന്യകയാണ്. ഈ സഭാത്മക കന്യത്വം സന്യാസിനിയുടെ കന്യത്വത്തിൽ യഥാർഥമായി ജീവിക്കുന്നു. 3) സഭ ക്രിസ്തുവാകുന്ന വരന് സ്വയം സമർപിച്ച് വരനെമാത്രം അവകാശമാക്കിയിരിക്കുന്ന വധുവാണ്. സന്യാസിനി ദാരിദ്ര്യവ്രതം യഥാർഥമായും ജീവിച്ചുകൊണ്ട് ദൈവം മാത്രമാണ് തന്റെ സമ്പത്തെന്ന് വ്യക്തമാക്കുന്നു. 4) സഭ ക്രിസ്തുവാകുന്ന മണവാളന് വിധേയയാണ്. അനുസരണവ്രതം അഭ്യസിച്ചുകൊണ്ട് ക്രിസ്തുവിനോടുള്ള സഭയുടെ വിധേയത്വം സന്യാസിനി വ്യക്തിതലത്തിൽ ജീവിക്കുന്നു.

സഭാത്മകത സന്യാസത്തിൽ യഥാർഥമാകുന്നത് സഭയെപ്പോലെ കന്യക, ക്രിസ്തുവിന്റെ മണവാട്ടിയായതുകൊണ്ടാണ്. ഈ വിളിയും





ദൗത്യവും സന്യാസത്തെ നിർവചിക്കുകയും നിറവേറ്റുകയും ചെയ്യുന്നു. കന്യകയുടെ ജീവിതം അവൾക്കുവേണ്ടി മാത്രമല്ല, സഭയ്ക്കുമുഴുവനും വേണ്ടിയാണ്, സകല മനുഷ്യകുലത്തിനും വേണ്ടിയാണ്. കാരണം കന്യാത്വജീവിതം സാക്ഷ്യജീവിതമാണ്. സാക്ഷ്യത്തിനുമുണ്ട് രണ്ടു വശങ്ങൾ - ജീവിതം കൊണ്ടുള്ള സാക്ഷ്യവും, പ്രവൃത്തികൾ കൊണ്ടുള്ള സാക്ഷ്യവും. ജീവിതസാക്ഷ്യമാണ് മുഖ്യം. അതിന്റെ വിശദീകരണമാണ് പ്രവൃത്തികൾകൊണ്ടുള്ള സാക്ഷ്യം. സാക്ഷ്യം വഹിക്കുന്നതിനാൽ കന്യക വചനപ്രഘോഷകയാണ്. മെത്രാന്റെയും പുരോഹിതന്റെയും ഔദ്യോഗിക വചനപ്രഘോഷണം പോലെയല്ല ഇത്. കന്യകാലയത്തിന്റെ ആവൃതിക്കുള്ളിലും, വ്രതബദ്ധ ജീവിതത്തിലും ആ ജീവിതം ഏറ്റെടുക്കുന്ന ശുശ്രൂഷാപരമായ ഇടങ്ങളിലുമാണ് പ്രഥമവും പ്രധാനവുമായി കന്യക അനുദിന വചനപ്രഘോഷകയാകുന്നത്. ഇത് ഏറെ ശക്തവും മാറ്റങ്ങളുളവാക്കാനാകുന്നതുമാണ്. അങ്ങനെ ജീവിതവും കർമ്മസാക്ഷ്യവും വഴി കന്യക സഭയെ പണിതുയർത്തുന്നു. അതാണ് സന്യാസം. അതിന്റെ വിവിധ രംഗങ്ങളാണ് വ്രതവാഗ്ദാനശുശ്രൂഷയിലൂടെയും ഈ പുസ്തകത്തിലൂടെയും നാം അനാവരണം ചെയ്യുന്നത്.

# End Notes

1. APHRAHATES, *Demonstrationes*, v, vi, xvi
2. EPHREM, "Letter to Publius", K. McVEY, ET., Sec. 15-16. See also PAIKKATT, Life Glory and Salvation, 315.
3. PSEUDO DIONYSIUS, *Ecclesiastical Hierarchy*, 6 : 1, 2, 3
4. ACHARYA, *The Ritual*, 129-136.
5. EPISTULAES. 199 (PG 32) 935.
6. EPHREM, *HFide*, 62:2
7. EPHREM, *HFide*, 5: 6-7.
8. EPHREM, *HNat* III, 15: 1.
9. *Takso D' Suporo*, 329
10. CCC : 1088
11. *Ode*, 25: 8 in CHARLES WORTH, *The Odes*, 102.
12. EPHREM, *Harm* 46: 1-2, in MURRAY, *A Marriage for all Eternity*, 65.
13. Cf. BEDJAN, *Acta Martyrum et Sanctorum*, 2: 236-37 (70-71).
14. *Profession of Vows*, 11.
15. *Takso D' tulboso*, 316-17; ACHARYA, *The Ritual*, 41-42; 79-81.
16. CLIMACUS, *Scala Paradisi*, 7 in LUIBEHEID, *The ladder of Divine Ascent*, 137.
17. ABOUZAYD, *Ihidayutha*, 241.
18. *Profession of Vows*, 10.
19. *Profession of Vows*, 17.
20. Cf. EPHREM, *Harm* 46: 27-29 in MURREY "A Marriage of all Eternity", 66.
21. *Takso D' tulbosho*, 310-311; ACHARYA, *The Ritual of the Clothing*, 38.
22. *Takso D' Supro*, 3554; *The Ritual of te Tonsure*, 10.
23. JOHN CHYSOSTOM, *A Comparison between a King and a Monk*, 70-71.
24. *Takso D' Supro*, 340.
25. ABDISO, *The Book of Marganitha*, 64-65.
26. PODIPARA, "Customs", 225.
27. Cf. EPHREM, *H Arm* 46: 1-80 in MURREY, "A Marriage for all Eternity", 65-67.
28. EPHREM, *HNat*, 112.
29. EPHREM, *HVirg* 25:10-11; see also YOUSIF, " La Vierge Marie et le disciple, Bien-aime, 307, 309
30. Cf. EPHREM, *HVirg* 2:15.
31. WENSINCK, *Mystic Treatise*, 261,262. See also BROCK, *The Syriac Fathers*, (intro.), xxvii-xxviii.



32. *Profession of Vows*, 8.
33. EPHREM, *HFide*, 14:19
34. *Takso D suporo*, 328
35. BROCK, *St. Ephrem the Syrian*, 27.
36. *Order of Service*, 24.
37. ACHARYA, *Prayer with the Harp*, Vol.I, 126.
38. ACHARYA, *Prayer with the Harp*, Vol. 2, 180.
39. Ode, 33: 5-7; CHARLESWORTH, *The Odes*, 120.
40. ACHARYA, *Prayer with the Harp*, Vol.2, 229.
41. SCDW, "Circa Ordinem Consecrationis", 109
42. VOOBUS, *History of Asceticism*, II, 407.
43. COTELIER, *Ecclesiae Graecae*, I, 165.
44. Cf. BEYER, "Premier bilan", 75-76.
45. BETH, *MS*, 1, 118
46. EPHREM, *Serm* IV, no.2.
47. ACHARYA, *The Ritual*, 31-32
48. *Profession of Vows*, 12
49. JOHN PAUL II, *VC*, no. 72.
50. *Profession of Vows*, 8
51. EPHREM, *Prose Refutation*, 189 in RUSSEL, "Chrystology of Ephrem", 112-113.
52 JACOB OF SERUGH, "Concerning the Veil on Mose's Face", Hom. 79; 55 in BROCK, "Jacob of Serugh", 73.
53. PAUL VI, *EN*, no. 44.
54. THEODORET, *Historia Religiosa*, XIII, 7
55. Cf. THOMAS AQUINAS, *Summa Theologica*, II-II, qn. 23; arts. 1-2.
56. EPHREM, *Commentaire de l' Evangile*, XVI, 23.
57. BROCK, *Burial Service for Nuns*, 35. See the same theme in Shimo (Subho) 214.
58. PANICKER, *The Holy Qurbono*, 40.
59. CHEMPAKASSERY, *The Pentateuch : An Introduction*, 122.
60. JACOB OF SERUGH, "A Homily on Ten Virgins" in P.BEDGAN, *Homiliae*, Selectate, 375-401.

# BIBLIOGRAPHY


EPHREM, *Commentaire de l'Evangile* = L. LELOIR, FT., *Commentaire de l'Evangile concordant ou Diatessaron*, SC 121, Paris, 1966.

EPHREM, "Commentary on Genesis" = K. McVEY, ET., "Commentary on Genesis" in *Ephrem the Syrian: Selected Prose Works*, Washington, 1994, 59-213.

EPHREM, "Letter to Publius" = K. McVEY, ET., "Letter to Publius", in *Ephrem the Syrian: Selected Prose Works*, Washington, 1994. 335-355.

EPHREM, *Opera Omnia*, = J. S. ASSEMANI, Ed., Ephrem Syri Opera Omnia quae Extant Graecae, Vols. I-III, Romae, 1732-46.

EUSEBIUS, *Ecclesiastical History* = EUSEBIUS, *Ecclesiastical History*, NPNF, Vol. 1, Michigan, 1979.

IRENEUS, *Adversus Haereses* = IRENEUS, *Adversus Haereses*, Vols. 1-4, Freiburg, 1997.

ISAAC OF NINEVEH, *On Ascetical Life* = M. HANSBURY, *St. Isaac of Nineveh on Ascetical Life*, ET of Bedjan's edition of the Syr. Text *De Perfectione Religiosa*, New York, 1989.

ISHO' DAD, *Commentaire* = C.VAN DEN EYNDE, Ed., *Commentaire d' Isodad de Merv sur l'Ancien Testament*, I. Genèse, CSCO 156 (Syr.75-76) Louvain, 1955.

ISHO' DAD, *Commentaire* = C.VAN DENEYNDE, Ed., *Commentaire d' Isodad de Merv sur l'Ancien Testament*, VI. Psaumes, CSCO 433-434 (Syr. 185-186) Louvain, 1981.

JACOB OF SERUGH, *Epistulae* = G. OLINDER, Ed., *Epistulae*, Paris, 1937.

JACOB OF SERUGH, "Homily on the Ten Virgins" = P. BEDJAN, Ed., *Homiliae Selectae* II, no.50, Paris, 1906, 375-401. ET by The Holy Transfiguration Monastery in *The True Wine* Vol. 4 (1992) 39-62.

JACOB OF SERUGH, "Concerning the Veil" = P. BEDJAN, Ed., *Homilae Selectae* III - IV, 283-305, Paris, 1906, ET by S. BROCK, Sob/ ECR 3 (1981) 70-84.

JOHN CHRYSOSTOM, *La virginité* = H. MUSURILLO, FT., *La virginité*, SC 125, Paris, 1966.

JOHN CHRYSOSTOM, *Huit catéchèses* = A. WENGER, FT., *Huit catéchèses baptismales* SC 50, Paris, 1957.

JOHN CHRYSOSTOM, *A Comparison* = D. G. HUNTER, ET., *A Comparison between a King and a Monk and Against the Opponents of the Monastic Life: Two Treatises*, Ontario, 1988.





MOSES BARKEPHA, "Homilia" = J. M. VOSTE, LT., "Homilia Moysis Bar Kepho", in *Pontificale Iuxta Ritum Ecclesiae Syrorum Occidentalium id est Antiochiae*, pars III, 332-342, ET by F. ACHARYA, *The Ritual of the Clothing of the Monks*, Kottayam, 1999, 129-137.

MOSES BARKEPHA, *Two Commentaries* = R. H. CONNOLLY & H. W CORINGTON Ed., & trans., The Exposition of Moses Bar Kepha that is the Explanation of the Mysteries of the Oblation, in *Two commentaries of the Jacobite Liturgy*, London, 1933.

PSUEDO-CLEMENS, *Virginitate* = J. T. BEELEN, Ed., *Epistolae Binae de Virginitate*, Louvain, 1856.

PSEUDO-DIONYSIUS, *The Ecclesiastical Hierarchy* = T. L. CAMPBELL, Ed., & Trans., *The Ecclesiastical Hierarchy*, New York, 1981.

Ritual of Vows = *The Ritual of Vows for the Maronite Nuns*, Beitchebab, 1988.

*Rituel de la profession monastique*.= D. GUILLAUME, Trans., *Rituel de la profession monastique*, Roma, 1981.

*Takso D' tulbosho D' dairoye* = *Takso D' tulbosho D' dairoye* (The Ritual of the Clothing of the Monks) in the *Book of Priestly Rituals*, Vol. II, Lebanon, 1952. See ACHARYA

*Takso D'suporo* = *Takso D' suporo D'dairoyutho*, (The Ritual of the Tonsure of Nuns) in the *Book of Priestly Rituals*, Vol. II, Lebanon, 1952.

*The Ritual of the Tonsure* = S. BROCK, ET., *The Ritual of the Tonsure of Nuns*, (Un published), Hampshire, 2002.

ABDISHO, *The Book of Marganitha* = ABDISHO BAR BRIKHA, *The Book of Marganitha* (The Pearl) *On the Truth of Christianity*, Ernakulam, 1965.

ABOUZAYD, *Ihidayutha* = S. ABOUZAYD, *Ihidayutha : A Study of Singleness in the Syrian Orient*, Oxford, 1993.

ABOUZAYD, "Virginity in Aphrahat" = S. ABOUZAYD, "Virginity in Aphrahat", OCA 236 (1990) 123-133.

ACHARYA, *Prayer with the Harp* = F. ACHARYA, *Prayer with the Harp of the Spirit The Crown of the Year*, Vols. 1-4, Kottayam, 1980, 1982, 1985, 1986.

*Acharangal* = *Acharangal*, in Malayalam (Customs of the Sisters of the Imitation of Christ), Trivandrum, 1981.

AERTH, *Liturgy and Ethos* = C. AERATH, *Liturgy and Ethos : A Study based on the Malankara Liturgy of Marriage*, Rome, 1995.

AYTOUN, *The Mysteries of Baptism* = K. A. AYTOUN, *The Mysteries of Baptism by Moses Bar Kepha compared with the Odes of Solomon*, in J. VELLIAN, Ed., SCS 6, Kottayam, 1973.

BARBIER, "Nazirites" = A. L. BARBIER, "Nazirites", NCE 10 (1966) 287-288.

BATIFFOL & LABOURT, "Les Odes de Solomon" = P. BATIFFOL & M. J. LABOURT, "Les Odes de Solomon" RB 4 (1910) 483-500, 8 (1911) 5-59, 161-197.

BEAUCHAMP, "Prophet" = P. BEAUCHAMP, "Prophet", DBT, Melbourne, 1967, 414 -419.

BECK, "Ephrem le Syrien" = E. BECK, "Ephrem le Syrien", DSp 4 (1961) 788-822.

BECK, "Ascétisme et monachisme = E. BECK, "Ascétisme et monachisme chez Saint Éphrem", OS 3 (1958) 273-298.

BEDJAN, *Acta Martyrum et Sanctorum* = P. BEDJAN, Ed., *Acta Martyrum et Sanctorum* I-VII, Paris, 1890-1897.

BLUM, *Mysticism* = G. G. BLUM, *Mysticism in the Syrian Tradition*, SCC 7, Kottayam, 1990.

BROCK, *Syriac Studies* = S. BROCK, *Syriac Studies: A Classified Bibliography* (1960-1990) Kaslik, 1996.

BROCK, *Burial Service* = S. BROCK, ET., *Burial Service for Nuns*, Kottayam, 1992.

BROCK, *St. Ephrem the Syrian* = S. BROCK, ET., *St. Ephrem the Syrian: Hymns on Paradise*, New York, 1990.

BROCK, "Deaconesses" = S. BROCK, "Deaconesses in Syriac Tradition", in P. VAZHEEPARAMPIL, Ed., Woman in Prism and Focus, Rome, 1996, 205-217.

BROCK, "The Thrice Holy Hymn" = S. BROCK, "Thrice Holy Hymn in the Liturgy", Sob/ECR 7: 2 (1985) 24-32.

BROCK, *Spirituality* = S. BROCK, *Spirituality in the Syriac Tradition*, Kottayam, 1989.

BROCK, *Syriac Perspectives* = S. BROCK, *Syriac Perspectives on Late Antiquity*, Variorum reprints, London, 1983.

BROCK, *The Holy Spirit* = S. BROCK, *The Holy Spirit in the Syrian Baptismal Tradition*, Kottayam, 1979.

BROCK, *The Luminous Eye* = S. BROCK, *The Luminous Eye: The Spiritual World Vision of St. Ephrem*, Michigan, 1992.

BROCK & HARVEY, *Holy Women* = S. BROCK & S. A. HARVEY, *Holy Women of the Syrian Orient*, London, 1987.

BROCK, *The Syriac Fathers* = S. BROCK, ET., *The Syriac Fathers On Prayer and Spiritual Life, Michigan*, 1987.

CCEO = *Codex Canonum Ecclesiarum Orientalium* Promulgated by JOHN PAUL II, AAS 82 (1990) 1033-1363. For the English Version, Canon Law Society of America, *Code of Canons of the Eastern Churches*, Washington, 1992.

CHEMPAKASSERY, "Church the Sheepfold" = P. CHEMPAKASSERY, "Church the Sheepfold of God in Malankara Liturgy", CO 23 (2002) 36-45.

CHEMPAKASSERY, *A Commentary*, = P. CHEMPAKASSERY, *A Commentary on Genesis* 12: 1-9 (Unpublished notes) Trivandrum, 2001.



CHEMPAKASSERY, "Bibilum Pichachum" = P. CHEMPAKASSERY, "Bibilum Pichachum", Chraistava Kahalam 62 (2003) 5-8.

CLIMACUS, *Scala Paradisi* = C. LUIBHEID & N. RUSSEL, ET., *The Ladder of Divine Ascent*, New York, 1982.

GWYNN, "Demonstrations" = J. GWYNN, Trans., "Selections translated into English from the Hymns and Homilies of Ephrem the Syrian and Demonstrations of Aphrahat the Persian Sage", NPNF, Vol. 13, Michigan, 1983, 345-412.

HAMBEY, "The Symbol" = E. R. HAMBEY, "The Symbol of the Coming to the Harbour", OCA 197 (1972) 401-411.

HARVEY, "Women in The Syrian Tradition" = S. A. HARVEY, "Women in The Syrian Tradition", in P. VAZHEEPARAMPIL, Ed., *Women in Prism and Focus*, Roma, 1995, 69-80.

HARVEY, "Women" = S. A. HARVEY, "Women in Syriac Christian Tradition" JCSSS 3 (2003) 44 -55.

HELENA, *Bethany* = S. HELENA, *Bethany: The History of the Congregation of the Sisters of the Imitation of Christ*, Kottayam, 2003.

*Holy Rule* = *The Holy Rule of the Order of the Imitation of Christ*, Kottayam, 2000.

HRSIC = *The Holy Rule of the Sisters of the Imitation of Christ*, Thiruvalla, 1931, 1941, Kottayam, 1995.

JNANADAS, *Sanyasa Darsanam* = P. JNANADAS, *Mar Ivaniosinte Sanyasa Darsanam*, in Malayalam, Kottayam, 2001.

JOHN PAUL II, VC = JOHN PAUL II, "Vita Consecrata", Post Synodal Apostolic Exhortation, (25 March 1996) AAS 88 (1996) 377-486.

*Koodasakal* = *Koodasakal*, in Malayalam (Sacraments in the Malankara Catholic Church), Trivandrum, 1997.

KOONAMMAKKAL, "Divine Names" = T. K. KOONAMMAKKAL, "Divine Names and Theological language", SP 25 (1993) 318-321.

KOONAMMAKKAL, = "Early Christian" = T. K. KOONAMMAKKAL "Early Christian Monastic Origin", CO 13 (1992) 139-162.

MALONE, *The Monk and the Martyr* = E. MALONE, *The Monk and the Martyr: The Monk the Successor of the Martyr*, Washington 1950.

MAR IVANIOS, *Pastoral Letter* = MAR IVANIOS, *Pastoral Letter*, Trivandrum, 1931.

MAR IVANIOS, *Girideepam* = MAR IVANIOS, *Girideepam*, in Malayalam (Light on the Mount) Thiruvalla, 1929.

MAR IVANIOS, *Malankara Sanyasa* = MAR IVANIOS, *Malankara Sanyasa Jeevitha Sahai* (Monastic Life in the Malankara Church) Thiruvalla, 1926, reprint, 1980.

MATRIMORT, *Diaconesses* = A. G. MATRIMOT, *Diaconesses*, Roma, 1982.

McKENZIE, "Clothing" = J. L. McKENZIE, "Clothing", DB, 143- 145.

McKENZIE, "Negeb" = J. L. Mc KENZIE, "Negeb", DB, 610-611.

McVEY, "Images of Joy" = McVEY, "Images of Joy in Ephrem's Hymns on Paradise: Returning to the Womb and the Breast", JCSSS 3 (2003) 59-72.

McVEY, *Ephrem the Syrian* = K. McVEY, ET., *Ephrem the Syrian Hymns: Hymns on the Nativity 1-28*, pp. 63-217: Hymns against Julia 1-4, pp. 221-257; Hymns on Virginity 1-52, pp 261-468, New York, 1989.

McVEY, *Selected Prose Works* = K. McVEY, *Selected Prose Works: St. Ephrem the Syrian*, Washington, 1994.

MESSNER, "Community" = J. MESSNER, "Community", NCE 4 (1967) 80-81.

MEYER, "Is Religious Life" = E. MEYER, "Is Religious Life a Sacrament"?, Review for Religious 33 (1974) 1100-1120.

MITCHELL, "Four Fathers on Baptism" = L. L. MITCHELL, "Four Fathers on Baptism: St John Chrysostom, St. Ephraem, Theodore of Mopsuestia, Narsai", in J. VELLIAN, Ed., Studies on Syrian Baptismal Rites, SCS VI, Kottayam, 1973, 37-56.

MURRAY, *Symbols* = R. MURRAY, *Symbols of Church and Kingdom: A Study in Early Syriac Tradition*, Cambridge, 1975.

MURRAY, "A Marriage For All Eternity" = R. MURRAY, "A Marriage for all Eternity: The Consecration of a Syrian Bride of Christ", Sob/ECR 11: 1, 2 (1989) 65-68.

MURRAY, "Exhortation" = R. MURRAY, "Exhortation to Candidates for Ascetical Vows at Baptism in the Ancient Syrian Church", NTS 21 (1975) 59-80.

NEDUNGATT, "The Covenanters" = G. NEDUNGATT, "The Covenanters of the Early Syriac Speaking Church", OCP 39 (1973) 191-215, 419-44.

*Order of Services* = *Order of Services: Baptism, Matrimony, Prayer of the Sick, House Dedication and Funeral*, Thiruvalla, 1988.

PAIKKATT, "Mar Aprem", = M. PAIKATT, "Mar Aprem: Jeevanum Rakshayum" in J. KALLARANGATT, Ed., *Pourasthya Daivasasthra Darsanangal*, Kottayam, 1997, 630-646.

PALATTY, *Discipleship* = P. PALATTY, *Discipleship and the New Covenant*, Bangalore, 1999.

PAUL VI, EN = PAUL VI, "Evangeli Nuntiandi", Apostolic Exhortation, (8 December 1975) AAS 68 (1976) 5-76.

PAUL VI, ET = PAUL VI, "Evangelica Testificatio", Apostolic Exhortation, (29 June 1971) AAS 63 (1971) 497-526.

PODIPARA, "Customs" = P. PODIPARA, "The Socio-ecclesiastical Customs of the Syrian Christians of India", ECQ 7 (1947) 222-236.



PODIPARA, *The Thomas Christians*, = P. PODIPARA, *The Thomas Christians*, Bombay, 1970.

*Rite of Religious Profession* = *Rite of Religious Profession*, Bangalore, 1980.

THAIKOOTTATHIL, *Sheemoyile Utharanikal* = S. THAIKOOTTATHIL, *Sheemoyile Utharanikal*, in Malayalam (Quotations from the Šhimo) Trivandrum, 1987.

THECKANATH, *Bride of Christ* = J. THECKANATH, *The Church Bride of Christ*, UDD, Rome, 1987.

THOMAS AQUINAS, *Summa Theologica* = THOMAS AQUINAS, *Summa Theologica*, Editorialis Marietti, Vols. 6, Rome, 1939.

VALAVANOLICKAL, "The Exegesis of Aphrahat" = K. VALAVANOLICKAL "The Exegesis of Aphrahat and Ephrem with special reference to the Gospel Parables", The Harp 13 (2000) 99-108.

VALAVANOLICKAL, *Aphrahat Demonstrations* = K. VALAVANOLICKAL, *Aphrahat Demonstrations*, Changanassery, 1999.

VALUPARAMPIL, *The Way* = K. VALUPARAMPIL, *The Way: A Theological Study of The Way in the Acts of the Apostles with Special Reference to the Margavasi Concept of the Mar Thomma Syrian Chrystians of India in the Indian Context*, UPDD, Kottayam, 1994.

VARICKAPLAMTHADATHIL, *Religious Community* = VARICKAPLAMTHADATHIL, *Religious Community as Koinonia*, Roma, 1998.

VELLIAN, "The Church as Bride" = J. VELLIAN, "The Church as Bride in the East Syrian Liturgy", StL 11 (1976) 59-64.

VÖÖBUS, *Celibacy, A Requirement for Admission* = A. VÖÖBUS, *Celibacy, A Requirement for Admission to Baptism in the Early Syrian Church*, Stockholm, 1954.

VÖÖBUS, *History* = A. VÖÖBUS, *History of Asceticism in the Syrian Orient*, Vols.1-3, CSCO 184/197/ 500; Sub. 14/ 17/ 81, Louvain, 1958, 1960, 1988.